# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃശ്ശൂർ കോർപ്പറേഷൻ

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680001

ഇ-മെയിൽ: corptsr.ksad@kerala.gov.in

ഫോൺ : 0487-2443619

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ടി.എസ്.സി)4/830/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680001
തീയ്യതി: 15/01/2022
ഇ-മെയിൽ:
corptsr.ksad@kerala.gov.in
ഫോൺ: 0487-2443619

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
തൃശ്ശൂർ കോർപ്പറേഷൻ

സർ,

വിഷയം : തൃശ്ശൂർ കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂർ കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-16,1-50,1-54,1-55,1-58,1-59,1-62,1-64,1-65,1-76 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.നഗരകാര്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4.റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ്,കൊച്ചി(ഉപരിപത്രം സഹിതം)

5.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ(ടി.എസ്.സി)4/830/2021 തീയ്യതി: 15/01/2022

## തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 120 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുനിൽദത്ത്.എം.ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-11-2020 | 30-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2020 | 30-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റഫി ജോൺ, ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
ശ്രീമതി.സബിത.എസ്, ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
ശ്രീമതി.മീര നായർ ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.രമാദേവി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
13.01.2021 ന് ജോയിൻ ചെയ്തു.
(14.01.2021 മുതൽ 11.04.2021വരെ ലീവ്) 12.04.2021ന് വിടുതൽ
ശ്രീമതി. ഹണി. കെ.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(22.02.2021 മുതൽ )
ശ്രീമതി.പ്രവിദ.പി.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
(23.11.2020 മുതൽ 9.08.2021 വരെ)
ശ്രീമതി.ചൈതന്യ പുരുഷോത്തോമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിവ്യ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ആലസ്സൻകുട്ടി.യു. സീനിയർ ഗ്രേഡ് ഓഡിറ്റർ
(11.01.2021 മുതൽ 21.06.2021 വരെ)
ശ്രീമതി.ശബ്നാദാസ്. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
(23.11.2020 മുതൽ 19.02.2021 വരെ)
ശ്രീമതി.സോന.കെ. സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കാർത്തിക. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
(21.06.2021 മുതൽ )
ശ്രീമതി. മാലിനി. വി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജിഷ കെ.ടി, ഓഡിറ്റർ
(13.08.2021 മുതൽ )
ശ്രീമതി.നിഷ.കെ.കെ, ഓഡിറ്റർ
ശ്രീമതി. നിലൂഫർ ബി.ഐ,ഓഡിറ്റർ
(21.06.2021 മുതൽ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അജിത വിജയൻ | മേയർ | 01-04-2019 | 28-01-2020 |
| ശ്രീ.റാഫി ജോസ്. പി (മേയർ ഇൻ ചാർജ്) | മേയർ | 29-01-2020 | 19-02-2020 |
| ശ്രീമതി. അജിത ജയരാജ് | മേയർ | 20-02-2020 | 31-03-2020 |
| ശ്രീമതി. അനൂജ.എ.എസ്. | സെക്രട്ടറി | 01-04-2019 | 16-09-2019 |
| പി.രാധാകൃഷ്ണൻ | സെക്രട്ടറി | 17-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷൈനി ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |
| ഡോ. ചാന്ദ്നി.കെ.ബി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.കെ.കെ. ബിന്ദു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ധന്യ വിൻസെന്റ് | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2019 | 31-03-2020 |
| സുധീർ.എ.ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-07-2019 |
| സുഗുണൻ.സി.വി. | പട്ടികജാതി വികസന ഓഫീസർ | 01-08-2019 | 03-09-2019 |
| പ്രബിത.വി. | പട്ടികജാതി വികസന ഓഫീസർ | 04-09-2019 | 31-03-2020 |
| മാധവൻ.കെ.സി. | ഹെൽത്ത് ഓഫീസർ, കോർപ്പറേഷൻ | 01-04-2019 | 31-03-2020 |
| ഡോ. ശ്രീദേവി | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |
| ജയരാജൻ.വി.സി. | പ്രിൻസിപ്പൽ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ | 01-04-2019 | 31-10-2019 |
| ഭരതരാജൻ.കെ.എസ് | പ്രിൻസിപ്പൽ, ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ | 01-11-2019 | 31-03-2020 |
| ഡോ. സുധീഷ് | സീനിയർ വെറ്ററിനറി സർജൻ (വിൽവട്ടം) | 01-04-2019 | 31-03-2020 |
| ഡോ. ജ്യോതിലക്ഷ്മി | സീനിയർ വെറ്ററിനറി സർജൻ (ഒല്ലൂർ) | 01-04-2019 | 31-03-2020 |
| നവ്യ രാമചന്ദ്രൻ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| പി.എസ്.ബാബുരാജ് | കോർപ്പറേഷൻ എഞ്ചിനീയർ | 01-04-2019 | 08-07-2019 |
| ഷൈബി ജോർജ് | കോർപ്പറേഷൻ എഞ്ചിനീയർ | 09-07-2019 | 25-07-2019 |
| ഐഡ ഫ്രാൻസിസ് | കോർപ്പറേഷൻ എഞ്ചിനീയർ | 26-07-2019 | 30-11-2019 |
| സിറിൽ വിമൽ മെന്റസ് | കോർപ്പറേഷൻ എഞ്ചിനീയർ | 01-12-2019 | 13-01-2020 |

| | | | |
|---|---|---|---|
| സന്ദീപ്.കെ.ജി | കോർപ്പറേഷൻ എഞ്ചിനീയർ | 14-01-2020 | 31-03-2020 |
| ശ്രീലത.പി. ആർ | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1 | 01-04-2019 | 30-07-2019 |
| ഷൈബി ജോർജ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1 | 31-07-2019 | 18-08-2019 |
| സിറിൽ വിമൽ മെന്റസ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1 | 19-08-2019 | 31-03-2020 |
| ഷൈബി ജോർജ്ജ് | കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ - 2 | 01-04-2019 | 31-03-2020 |
| ശരണ്യ.സി.ജി. | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2019 | 31-03-2020 |
| മഞ്ജു.പി.ജി | സി.ഡി.പി.ഒ- അർബൻ 2 | 01-04-2019 | 29-06-2019 |
| സുധ.സി | സി.ഡി.പി.ഒ- അർബൻ 2 | 30-06-2019 | 03-08-2019 |
| ഷീബ.എൽ നാലപ്പാട്ട് | സി.ഡി.പി.ഒ- അർബൻ 2 | 04-08-2019 | 12-12-2019 |
| രേഖ കെ | സി.ഡി.പി.ഒ- അർബൻ 2 | 13-12-2019 | 31-03-2020 |
| ഉഷ.പി.എസ് | സൂപ്രണ്ട്,മഹിളാമന്ദിരം | 01-04-2019 | 31-03-2020 |
| ബിനു.പി.ബി | മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 01-04-2019 | 31-03-2020 |
| ഡോ.നവ്യ.ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 06-06-2019 |
| ജോമോൾ.സി ബേബി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 07-06-2019 | 24-06-2019 |
| ദീപ.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 25-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. അശ്വിൻ.സി.പി. | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ഒല്ലൂർ) | 01-04-2019 | 31-10-2019 |
| ഡോ.മുഹമ്മദ് യൂസഫ് | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ഒല്ലൂർ) | 01-11-2019 | 03-03-2020 |
| ഡോ.ബിജു ജി പിള്ള | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (ഒല്ലൂർ) | 04-03-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rephy John (Audit Officer (HG), On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-5 |
| 6 | അയങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Jisha K.T (Auditor, On 16-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 13-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: P.Karthika (Senior Grade Auditor, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-11 |
| 12 | വിൽവട്ടം മേഖലാ കാര്യാലയത്തിലെ വരവ് കൃത്യമായി കോർപ്പറേഷനിലേക്ക് അടവാക്കുന്നില്ല.<br>Written By: Niloofer B.I. (Auditor, On 11-01-2022)<br>Last Updated By: Chythanya Purushothaman (Asst. Audit Officer, On 13-01-2022) | 1-12 |
| 13 | ചെക്ക് റിസീവിഡ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: P.Karthika (Senior Grade Auditor, On 16-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 13-01-2022) | 1-13 |
| 14 | വസ്തുനികുതി ഡിമാന്റ് സംവിധാനം - കൃത്യമല്ല.<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-14 |
| 15 | വസ്തുനികുതി പരിഷ്കരണം - നഗരസഭയ്ക്ക് പൂർത്തീകരിക്കാനായിട്ടില്ല - തനതുവരുമാനം നഷ്ടമാക്കി<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sona K Sathyan (Auditor, On 13-01-2022) | 1-15 |
| 16 | കുടുംബശ്രീ കമ്പ്യൂട്ടർ സെന്റർ, സെക്ഷൻ റൈറ്റേഴ്സ് എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിയെങ്കിലും നികുതിപരിഷ്കരണം പൂർത്തിയായില്ല | 1-15 എ |

| | | |
|---|---|---|
| | Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | |
| 17 | പുതിയ കെട്ടിടങ്ങളുടെ ഡാറ്റാ വെരിഫിക്കേഷൻ, അപ്രൂവൽ നടപടി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-15 ബി |
| 18 | പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചില്ല - നഗരസഭയുടെ തനതുവരുമാനത്തിൽ കോടികൾ നഷ്ടം.<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-15സി |
| 19 | നികുതി ചുമത്തലിന് മുൻകാല പ്രാബല്യം- ചട്ടങ്ങൾക്ക് വിരുദ്ധം<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-16 |
| 20 | വസ്തുനികുതി ഒഴിവാക്കിയതുമൂലം ഓരോ വർഷവും വാർഷിക നികുതിയിനത്തിൽ 7,81,996 രൂപ നഗരസഭ നഷ്ടമാക്കി<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sona K Sathyan (Auditor, On 13-01-2022) | 1-17 |
| 21 | വിനിയോഗക്രമത്തിന് വ്യത്യസ്തമായി വസ്തുനികുതി നിർണ്ണയം<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-18 |
| 22 | കുർക്കഞ്ചേരി സോണൽ ഓഫീസ് - വസ്തുനികുതി ഒക്യുപൻസി നൽകിയതിൽ കാലതാമസം<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-19 |
| 23 | അനധികൃത കെട്ടിടനിർമ്മാണങ്ങളുടെ വസ്തുനികുതി പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-20 |
| 24 | റഗുലറൈസ് ചെയ്യാൻ ലഭ്യമായ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾക്ക് നോട്ടീസ് നൽകിയത് -തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-21 |
| 25 | അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിൽമേൽനിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Chythanya Purushothaman (Asst. Audit Officer, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-22 |
| 26 | യഥാസമയം വസ്തുനികുതി ഈടാക്കിയിട്ടില്ല നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Sona K Sathyan (Auditor, On 16-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 13-01-2022) | 1-23 |
| 27 | വിൽവട്ടം മേഖലാകാര്യാലയത്തിൽ യു.എ. രജിസ്റ്റർ നിയമപ്രകാരം എല്ലാ വിവരവും ചേർത്ത് എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Chythanya Purushothaman (Asst. Audit Officer, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-24 |
| 28 | മൊബൈൽ ടവർ നിർമ്മാണം -ക്രമവത്കരണം നടത്തിയിട്ടില്ല.<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 13-01-2022) | 1-25 |
| 29 | പെർമിറ്റ് ഫീസ് അക്കൗണ്ടിൽ യഥാസമയം വരവ് വച്ചില്ല വാർഷികകണക്ക് പ്രകാരം പെർമിറ്റ് ഫീസിനത്തിൽ 1,19,23,830 രൂപ കുറവ്<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-26 |

| | | |
|---|---|---|
| 30 | പെർമിറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-27 |
| 31 | നിർമ്മാണാനുമതിയില്ലാതെ ഹോസ്പിറ്റൽ കെട്ടിടത്തിൽ അധികമായി ആറ് നിലകൾ കൂടി പണിതീർത്തു.<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-28 |
| 32 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Chythanya Purushothaman (Asst. Audit Officer, On 15-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-29 |
| 33 | ഒക്യുപൻസി ലഭിച്ച് നികുതി നിർണ്ണയിച്ച കെട്ടിടത്തിന്മേൽ അനധികൃത നിർമ്മാണം<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-30 |
| 34 | ബത് ലഹേം കോൺവെന്റ് സ്കൂൾ കെട്ടിടം-അപ്രൂവ്ഡ് പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയത് ക്രമവത്കരിച്ചിട്ടില്ല.<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 13-01-2022) | 1-31 |
| 35 | ജില്ലാ സഹകരണബാങ്ക് അനധികൃത നിർമ്മാണം –റവന്യൂ റിക്കവറി – തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Chythanya Purushothaman (Asst. Audit Officer, On 13-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 14-01-2022) | 1-32 |
| 36 | വിൽവട്ടം സോണൽ ഓഫീസിൽ പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Chythanya Purushothaman (Asst. Audit Officer, On 16-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 13-01-2022) | 1-33 |
| 37 | നോട്ടീസ് നൽകിയ /നിരസിച്ച പെർമിറ്റ് അപേക്ഷകളിൽ തുടർ നടപടികൾ ഇല്ല - അപാകതകൾ<br>Written By: Chythanya Purushothaman (Asst. Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-34 |
| 38 | പെർമിറ്റുകൾ യഥാസമയം പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്യുന്നില്ല.<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-35 |
| 39 | തൊഴിൽ നികുതി - രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.<br>Written By: Nisha K.K (Auditor, On 13-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 13-01-2022) | 1-36 |
| 40 | സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കുന്നില്ല<br>Written By: Nisha K.K (Auditor, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-37 |
| 41 | വിൽവട്ടം സോണൽ ഓഫീസ്-തൊഴിൽ നികുതി ഒടുക്കിയതിലെ അപാകതകൾ<br>Written By: Nisha K.K (Auditor, On 15-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-38 |
| 42 | കൂർക്കഞ്ചേരി സോണൽ- തൊഴിൽ നികുതി ചട്ടങ്ങളിലെ പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Nisha K.K (Auditor, On 13-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-39 |
| 43 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.<br>Written By: Nisha K.K (Auditor, On 13-12-2021) | 1-40 |

| | | |
|---|---|---|
| | Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | |
| 44 | കുർക്കഞ്ചേരി മേഖല- സ്ഥാപന തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണത്തിലുള്ള അന്തരം<br>Written By: Nisha K.K (Auditor, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-41 |
| 45 | ഒല്ലൂക്കര മേഖല - 2019-20 വർഷത്തെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരം.<br>Written By: Nisha K.K (Auditor, On 15-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-42 |
| 46 | 2019-20 വർഷം ഒല്ലൂക്കര മേഖല- തൊഴിൽ നികുതി അടവാക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ<br>Written By: Nisha K.K (Auditor, On 15-12-2021)<br>Last Updated By: Meera Nair (Audit Officer, On 14-01-2022) | 1-43 |
| 47 | 2019-20 ഒല്ലൂക്കര മേഖല - സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കാത്തത്<br>Written By: Nisha K.K (Auditor, On 15-12-2021)<br>Last Updated By: Meera Nair (Audit Officer, On 14-01-2022) | 1-44 |
| 48 | IFTE & OS ലൈസൻസ് - നിർദ്ദേശങ്ങൾ<br>Written By: Divya.S (Senior Grade Auditor, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-45 |
| 49 | ഒല്ലൂക്കര മേഖല ഓഫീസ് -ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: Divya.S (Senior Grade Auditor, On 10-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 14-01-2022) | 1-46 |
| 50 | കുർക്കഞ്ചേരി മേഖലാ കാര്യാലയം-ഡി & ഒ ലൈസൻസ് അപാകതകൾ<br>Written By: Divya.S (Senior Grade Auditor, On 15-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 14-01-2022) | 1-47 |
| 51 | കുർക്കഞ്ചേരി മേഖലാ കാര്യാലയം-പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ്-വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Divya.S (Senior Grade Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-48 |
| 52 | കടമുറികൾ അനധികൃതമായി കീഴ് വാടകയ്ക്ക് നൽകുന്നത് കർശനമായി തടയേണ്ടതാണ്.<br>Written By: P.Karthika (Senior Grade Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-49 |
| 53 | കോർപ്പറേഷൻ ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച – നഗരസഭയ്ക്ക് നഷ്ടം<br>Written By: P.Karthika (Senior Grade Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-49(എ) |
| 54 | ബൈലോ തയ്യാറാക്കുന്നതിലെ കാലതാമസം - പരസ്യലൈസൻസ് ഫീ നഷ്ടമാക്കി<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 14-01-2022) | 1-50 |
| 55 | എഞ്ചിനീയറിംഗ് വിഭാഗത്തിൽ 2019-20വർഷം നടത്തിയ ലേലം സംബന്ധിച്ച് താഴെ കൊടുത്തിട്ടുള്ള ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കായിട്ടില്ല.<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-51 |
| 56 | നിയന്ത്രണാധികാര വിനിയോഗത്തിന്റെ അഭാവം | 1-52 |

| | | |
|---|---|---|
| | Written By: Divya.S (Senior Grade Auditor, On 13-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | |
| 57 | നഗരസഭയിൽ സേവനം അനുഷ്ഠിച്ച് വരുന്ന താഴെപ്പറയുന്ന ജീവനക്കാർ നാളിതുവരെ പ്രോബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല.<br>Written By: Meera Nair (Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-53 |
| 58 | തൃശ്ശൂർ കോർപ്പറേഷൻ റഗുലർ ജീവനക്കാരുടെ പെൻഷൻ അലോട്ട്മെന്റ് തുക നഗരകാര്യഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച് കിട്ടാൻ ഊർജിതശ്രമം നടത്തേണ്ടതാണ് .<br>Written By: Divya.S (Senior Grade Auditor, On 13-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 14-01-2022) | 1-54 |
| 59 | സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം വാങ്ങൽ-നടപടിയിലെ അപാകതകൾ.<br>Written By: Sabitha S (Audit Officer, On 13-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-55 |
| 60 | വയോമിത്രം പദ്ധതിയ്ക്ക് കോർപ്പറേഷൻ വിഹിതം അടവാക്കൽ<br>Written By: Sabitha S (Audit Officer, On 13-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-56 |
| 61 | ക്യാൻ തൃശ്ശൂർ - ക്യാൻസർ നിർമ്മാർജന പദ്ധതി - തുക നല്കൽ<br>Written By: Sabitha S (Audit Officer, On 13-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-57 |
| 62 | സമഗ്ര നെൽകൃഷി വികസനം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-58 |
| 63 | മട്ടുപ്പാവിലെ കൃഷി - ഗുണഭോക്തൃ വിഹിതം - ചെലവ് സ്റ്റേറ്റ്മെന്റിൽ ഇല്ല<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-59 |
| 64 | സമഗ്രപച്ചക്കറി കൃഷി പദ്ധതി - മോണിറ്ററിംഗിന് വിധേയമാകുന്നില്ല<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-60 |
| 65 | സേവനങ്ങൾ പ്രദാനം ചെയ്യൽ- സത്വരനടപടികൾ ക്ഷണിക്കുന്നു.<br>Written By: Rephy John (Audit Officer (HG), On 15-12-2021)<br>Last Updated By: Sabitha S (Audit Officer, On 13-01-2022) | 1-61 |
| 66 | എ.ബി.സി പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 13-01-2022) | 1-62 |
| 67 | വനിതകൾക്ക് ആട് വളർത്തൽ പദ്ധതി - അപാകതകൾ<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-63 |
| 68 | കന്നുകുട്ടി പരിപാലനം - ഗുണഭോക്താക്കൾ തീറ്റ കൈപ്പറ്റിയില്ല<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-64 |
| 69 | വനിതകൾക്ക് മുട്ടക്കോഴി വിതരണം- പദ്ധതി ചെലവ് തുക നഗരസഭയുടെ ചെലവ് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യസ്തം.<br>Written By: Sona K Sathyan (Auditor, On 14-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 14-01-2022) | 1-65 |
| 70 | പ്രോജക്ട് നടത്തിപ്പിന്റെ വിശദാംശങ്ങൾ ഇല്ല.<br>Written By: Honey.K.S (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-66 |
| 71 | പദ്ധതി നടത്തിപ്പിലെയും ആസൂത്രണത്തിലെയും അപാകതകൾ<br>Written By: Honey.K.S (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 13-01-2022) | 1-67 |
| 72 | പ്രോജക്ടുകൾ ഹാജരാക്കിയിട്ടില്ല<br>Written By: Honey.K.S (Asst. Audit Officer, On 14-12-2021) | 1-68 |

| | | |
|---|---|---|
| | Last Updated By: Sabitha S (Audit Officer, On 13-01-2022) | |
| 73 | പ്രൊക്യൂർമെന്റ് മാനവൽ നിയമങ്ങൾ പാലിച്ചിട്ടില്ല<br>Written By: Honey.K.S (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-69 |
| 74 | സർക്കാർസ്കൂളുകളുടെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ--സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Honey.K.S (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 13-01-2022) | 1-70 |
| 75 | സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് /സർക്കാർ ഉത്തരവ് പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമായ വിവരം ഇല്ല<br>Written By: Honey.K.S (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-71 |
| 76 | സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Honey.K.S (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 13-01-2022) | 1-72 |
| 77 | റൂഫ് എയ്റോബിക് ബിൻ മൂവബിൾ ടൈപ്പ് (ഇല,പൂവ്,കായ എന്നിവയുടെ സംസ്കരണത്തിന്) നഗരങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ.<br>Written By: Sabitha S (Audit Officer, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-73 |
| 78 | അജൈവമാലിന്യം ശേഖരിക്കുന്നതിനായി സംഭരണബാഗുകൾ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sabitha S (Audit Officer, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-74 |
| 79 | പറവട്ടാനി യു സി എച്ച് എസ് സി, കാച്ചേരി, ഗോസായിക്കുന്ന് യു പി എച്ച് എസ് സി അഗതി മന്ദിരം എന്നിവിടങ്ങളിലേയ്ക്കു മരുന്നും ഉപകരണങ്ങളും വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sabitha S (Audit Officer, On 13-12-2021)<br>Last Updated By: Sona K Sathyan (Auditor, On 14-01-2022) | 1-75 |
| 80 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Malini V.M (Auditor, On 15-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-76 |
| 81 | പെയിൻ & പാലിയേറ്റീവ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Malini V.M (Auditor, On 14-12-2021)<br>Last Updated By: Sona K Sathyan (Auditor, On 14-01-2022) | 1-77 |
| 82 | അനുപൂരക പോഷകാഹാര പരിപാടി -രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ<br>Written By: Chythanya Purushothaman (Asst. Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-78 |
| 83 | പട്ടികജാതി വികസന ഓഫീസറുടെ പ്രൊജക്ടുകൾ<br>Written By: P.Karthika (Senior Grade Auditor, On 13-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 1-79 |
| 84 | അമൃത് പദ്ധതി -കാലാവധി തീരാറായിട്ടും പ്രവൃത്തിയിൽ പുരോഗതിയില്ല<br>Written By: P.Karthika (Senior Grade Auditor, On 13-12-2021)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 1-80 |
| 85 | എല്ലാ പദ്ധതികൾക്കും മുൻകൂർ അനുമതി - ക്രമവിരുദ്ധം.<br>Written By: Meera Nair (Audit Officer, On 15-12-2021)<br>Last Updated By: Chythanya Purushothaman (Asst. Audit Officer, On 14-01-2022) | 1-81 |
| 86 | 2019-20 വർഷം നടപ്പാക്കാത്ത പദ്ധതികൾ<br>Written By: Meera Nair (Audit Officer, On 15-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 15-01-2022) | 1-82 |

| | | |
|---|---|---|
| 87 | നഗരഗതാഗതം-ഓടകളുടെ താഴ്ഭാഗം കോൺക്രീറ്റ് ചെയ്യേണ്ടതില്ല.<br>Written By: Meera Nair (Audit Officer, On 14-12-2021)<br>Last Updated By: Sabitha S (Audit Officer, On 13-01-2022) | 1-83 |
| 88 | നിയമ വ്യവസ്ഥകളുടെ പാലനം - നടപടികൾ യഥാസമയം സ്വീകരിയ്ക്കേണ്ടതാണ്<br>Written By: Rephy John (Audit Officer (HG), On 15-12-2021)<br>Last Updated By: Chythanya Purushothaman (Asst. Audit Officer, On 14-01-2022) | 1-84 |
| | **ഭാഗം 2** | |
| 1 | ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Chythanya Purushothaman (Asst. Audit Officer, On 11-01-2022)<br>Last Updated By: Sabitha S (Audit Officer, On 14-01-2022) | 2-1 |
| 2 | ഒല്ലൂക്കര മേഖല തൊഴിൽ നികുതിയിനത്തിൽ നഷ്ടം.<br>Written By: Meera Nair (Audit Officer, On 09-01-2022)<br>Last Updated By: Sabitha S (Audit Officer, On 14-01-2022) | 2-2 |
| 3 | ചട്ടം3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Malini V.M (Auditor, On 12-01-2022)<br>Last Updated By: Honey.K.S (Asst. Audit Officer, On 15-01-2022) | 2-3 |
| 4 | തൊഴിൽ നികുതി അടവാക്കിയില്ല- വരുമാന നഷ്ടം<br>Written By: Meera Nair (Audit Officer, On 13-01-2022)<br>Last Updated By: P.Karthika (Senior Grade Auditor, On 15-01-2022) | 2-4 |
| | **ഭാഗം 3** | |
| 1 | പെയിൻ & പാലിയേറ്റീവ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Malini V.M (Auditor, On 11-01-2022)<br>Last Updated By: Sona K Sathyan (Auditor, On 14-01-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതകിന്റെ വിവരം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 14-01-2022) | 4-1. |
| 2 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 16-12-2021) | 4-2. |
| 3 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 14-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 16-12-2021) | 4-4. |
| 5 | വായ്പാ തിരിച്ചടവ്<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 15-01-2022) | 4-5. |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Honey.K.S (Asst. Audit Officer, On 15-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 14-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ സ്ഥിതി<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 4-9. |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 4-10. |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sabitha S (Audit Officer, On 16-12-2021)<br>Last Updated By: Sabitha S (Audit Officer, On 15-01-2022) | 4-11 |

| | |
|---|---|
| അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ജെന്റർ ഓഡിറ്റ് - അവലോകനം. |
| 4 | അങ്കണവാടികൾ - അവലോകനം |
| 5 | പട്ടികജാതി വികസനം -അവലോകനം |
| 6 | കുട്ടികൾ, ഭിന്നശേഷിയുള്ളവർ തുടങ്ങിയവർക്കായുള്ള പ്രൊജക്റ്റ് - അവലോകനം |
| 7 | പ്രധാൻ മന്ത്രി ആവാസ് യോജന- അവലോകനം |
| 8 | പൊതുമരാമത്ത് - പ്രത്യേക പഠനം. |
| 9 | 2019-20 ഒല്ലൂക്കര മേഖല - സ്ഥാപനങ്ങളുടെ തൊഴിൽനികുതി അടവാക്കാത്തത് (ഖണ്ഡിക 1-44 കാണുക) |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

### ആമുഖം

പദ്ധതി – പദ്ധതിയേതര നിർദ്ദേശങ്ങളുടെ ക്രോഡീകരണമാണ് ബജറ്റ് പ്രക്രിയയിൽ പ്രധാനമായും ഉൾപ്പെടുന്നത്. വരും വർഷം ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ധനവിഭവം ഏതൊക്കെ സ്രോതസ്സിൽനിന്നും എത്രമാത്രം സമാഹരിക്കുമെന്നും അവ എങ്ങനെ വിനിയോഗിക്കുമെന്നും വർഷാരംഭത്തിനുമുൻപേ പ്രഖ്യാപിക്കുന്ന സാമ്പത്തിക രൂപരേഖയാണ് ബജറ്റ്. വരും വർഷത്തെ വരവ് - ചെലവുകളുടെ യാന്ത്രികമായ ഒരു തട്ടിക്കൂട്ടലല്ല, മറിച്ച് ഒരു വികസന സ്വപ്ന സാക്ഷാത്കാരമാകണം ഒരു തദ്ദേശഭരണസ്ഥാപനത്തെ സംബന്ധിച്ച് ബജറ്റ്. ബജറ്റ് തയ്യാറാക്കലും അവതരിപ്പിക്കലും എന്ന പ്രക്രിയ ഫലവത്താകുന്നത് അതിൽ ഉൾപ്പെടുത്തിയ ചെലവ് നിയന്ത്രിച്ച് ലക്ഷ്യങ്ങൾ നേടുന്നുവെന്ന് ഉറപ്പു വരുത്തുമ്പോഴാണ്.

താഴെ പറയുന്ന നിയമങ്ങളും ചട്ടങ്ങളും മാന്വലുകളും അടിസ്ഥാനമാക്കിയിട്ടുണ്ട്.

1. 1994-ലെ കേരള മുനിസിപ്പൽ ആക്റ്റ് വകുപ്പ് 285 മുതൽ 293 വരെ

2. 2007-ലെ കേരള മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 63

3. നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ ഖ.നം.33.1

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 285 പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾ പ്രകാരമോ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായോ സെക്രട്ടറി ഓരോ വർഷവും ജനുവരി 15-ാം തീയ്യതിക്കകം അടുത്ത വർഷത്തെ വരവു-ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. നികുതി വ്യത്യാസപ്പെടുത്തുകയോ വായ്പകൾ എടുക്കുകയോ ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ തനിക്ക് തോന്നുന്നതാകയാൽ അത് സംബന്ധിച്ച് തന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി സമർപ്പിക്കേണ്ടതാണ്.

*2019-20 ബജറ്റ് ഫയൽ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ :*

തൃശ്ശൂർ കോർപ്പറേഷന്റെ 2019-20 വർഷത്തെ ബജറ്റ് 25.02.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 23.03.2020 ലെ 1ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

| | വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ഒറിജിനൽ ബജറ്റ് | 710,56,90,916.00 | 6762099943.00 | 343590973.00 |
| പുതുക്കിയ ബജറ്റ് | 3323337339.00 | 2955032567.00 | 368304772.00 |
| വാർഷികകണക്ക് പ്രകാരം | 2531115172.67 | 1980660458.00 | 550454714.67 |

. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട് വിവിധ

സെക്ഷനുകളിൽ നിന്ന് വിവരങ്ങൾ ആവശ്യപ്പെട്ട് 03.12.2018 - തീയ്യതിയായി കത്ത് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത കത്ത് വിവിധ സെക്ഷൻ ക്ലർക്കുമാർ കൈപ്പറ്റിയിരിക്കുന്നത് ഒരു മാസത്തിനുശേഷം 14.01.2019 -നാണ്.

- കൈമാറ്റം ചെയ്ത് ലഭിച്ച സ്ഥാപനങ്ങളുടെ മേധാവികളോട് വിവരങ്ങൾ ലഭ്യമാക്കാൻ 03.12.2018, 23.12.2018 എന്നീ തീയ്യതികളിലെ കത്തുകൾ മുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകണമെന്ന് നിയമം അനുശാസിക്കുന്ന തീയ്യതിക്കു (ജനുവരി15) ശേഷമാണ് വിവരങ്ങൾ ലഭ്യമാക്കിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു;

| സ്ഥാപനം | നിർദ്ദേശങ്ങൾ സമർപ്പിച്ച തീയ്യതി |
|---|---|
| സൂപ്രണ്ട്,ജനറൽ ആശുപത്രി, തൃശ്ശൂർ | 21.01.2019 |
| ഫിഷറീസ് ഇൻസ്പെക്ടർ | 18.01.2019 |
| സൂപ്രണ്ട്, മഹിളാ മന്ദിരം | 19.01.2019 |
| ഹെൽത്ത് സൂപ്പർവൈസർ | 18.01.2019 |
| റവന്യൂ ഓഫീസർ | 18.01.2019 |

- ആകെയുള്ള 21 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 10 പേർ മാത്രമാണ് ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ സമർപ്പിച്ചിട്ടുള്ളത്.
- 1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 286 പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് അവയുടെ ഒരു നിർദ്ദേശം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഈ നിയമവ്യവസ്ഥ ഒരു സ്റ്റാന്റിങ്ങ് കമ്മിറ്റിയും പാലിച്ചു കണ്ടുന്നില്ല.
- പല സ്റ്റാന്റിങ്ങ് കമ്മിറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ശുപാർശകൾ സമർപ്പിക്കാത്തതിനാൽ യഥാർത്ഥത്തിൽ ആവശ്യകതയുള്ള മേഖലകളിൽ തുക വകയിരുത്താതിരിക്കുന്ന സാഹചര്യം നിലവിലുണ്ട്.
  - ബജറ്റ് രൂപീകരണത്തിന് അർഹിക്കുന്ന ഗൗരവം നൽകുന്നില്ലെന്നതിന് ഉദാഹരണമായി ഏതാനും വിവരങ്ങൾ താഴെ കൊടുക്കുന്നു;

| വരവിനം | 2019-20 ബജറ്റ് തയ്യാറാക്കുന്നതിലേക്കായി ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | 2017-18 വർഷത്തെ യഥാർത്ഥ തുക | 2019-20 ബജറ്റ് പ്രകാരം വരവ് | 2019-20 പരിഷ്ക്കരിച്ച ബജറ്റ് പ്രകാരം വരവ് | 2019-20 വാർഷിക കണക്ക് പ്രകാരം വരവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | സമർപ്പിച്ച തുക | | | | |
| D & O License Fee | 78,78,000 | 87,58,962 | 1,00,00,000 | 1,20,00,000 | 37,28,265 |
| വസ്തു നികുതി | 27,09,10,063 | 18,00,00,000 | 20,00,00,000 | 22,00,00,000 | 22,93,62,506 |
| തൊഴിൽ നികുതി | 12,81,12,546 | 9,01,77,562 | 13,45,00,000 | 14,50,00,000 | 11,82,83,955 |
| വാടക | 14,35,46,236 | 8,40,95,228 | 8,87,14,400 | 10,20,62,000 | 54,11,131 |

ബജറ്റ് തയ്യാറാക്കുന്നതിനായി, D & O License Fee ഇനത്തിൽ 2019-20 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരവായി ഹെൽത്ത് സൂപ്പർവൈസർ നൽകിയ തുക, 2017-18 വർഷത്തിൽ ഈ ഇനത്തിൽ യഥാർത്ഥത്തിൽ ലഭിച്ച തുകയേക്കാൾ കുറവാണ്. വസ്തു നികുതി, തൊഴിൽ നികുതി, വാടക എന്നീ ഇനങ്ങളിലെ പ്രതീക്ഷിത വരവായി റവന്യൂ ഓഫീസർ നൽകിയ തുകകൾ യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്തതാണ്. വാടക ഇനത്തിൽ 2019-20സാമ്പത്തിക വർഷത്തിലെ പ്രതീക്ഷിത വരവായി റവന്യൂ ഓഫീസർ നൽകിയ തുക 2017-18 ലെ യഥാർത്ഥ വരവിനേക്കാൾ 170% വർദ്ധനവുള്ള തുകയാണ്.

- ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിലേക്കുള്ള ബജറ്റ് അജണ്ട 05.01.2019-ന് സെക്രട്ടറി ഒപ്പുവെച്ചു. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 18.01.2019-ലെ തീരുമാനം നം.07 പ്രകാരം 2019-20 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പൊതു ചർച്ചക്കായി മാറ്റി വെക്കുന്നതിന് തീരുമാനിച്ചു. തുടർന്ന് 08.02.2019 – ലെ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ യോഗതീരുമാനം നം.25/2 അനുസരിച്ച് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് കൗൺസിൽ പരിഗണനക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
- കൗൺസിൽ മീറ്റിങ്ങിനുള്ള അജണ്ട കുറിപ്പിൽ, കോർപ്പറേഷന്റെ 2017-18 വർഷത്തെ യഥാർത്ഥ വരവ്-ചെലവുകൾ, 2018-19 വർഷത്തെ പുതുക്കിയ ബജറ്റ്, 2019-20 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് എന്നിവ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിശദമായി ചർച്ച നടത്തിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി എന്തെങ്കിലും ചർച്ച ബജറ്റുമായി ബന്ധപ്പെട്ട് നടത്തിയതായി കണ്ടില്ല.
- 1994 – ലെ കേരള മുനിസിപ്പലിറ്റി ആക്ടിലെ വകുപ്പ് 287 പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തയ്യാറാക്കുന്ന ബജറ്റ് എസ്റ്റിമേറ്റ്, അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം കഴിയുന്നതിന് മുൻപ് കൗൺസിലിന്റെ ഒരു പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ആക്ടിലെ ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ട്.
- ആക്ടിലെ വകുപ്പ് 289-ൽ വർഷാരംഭത്തിനു മുൻപായി കൗൺസിൽ പാസാക്കിയ ബജറ്റിന്റെ പകർപ്പ് സർക്കാരിനും അവർ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കും ഓഡിറ്റർമാർക്കും അയച്ചുകൊടുക്കേണ്ടതുമാണെന്നും നിഷ്കർഷിക്കുന്നുണ്ട്. ഈ നിയമ നിഷ്കർഷ പാലിച്ചു കാണുന്നില്ല.

- National Municipal Accounts Manual, അദ്ധ്യായം 33, ഖണ്ഡിക 33.3, 2007 – ലെ കേരളാ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 63 എന്നിവ പ്രകാരം സംസ്ഥാനങ്ങളും നഗരപാലികാ സ്ഥാപനങ്ങളും ബജറ്റ് രൂപീകരണത്തിനായി പ്രത്യേക മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള മാനദണ്ഡങ്ങളോ മാർഗ്ഗനിർദ്ദേശങ്ങളോ നിലവിലില്ല. മുനിസിപ്പലിറ്റി ആക്റ്റിലെ വകുപ്പ് 285-ൽ നിഷ്കർഷിക്കുന്ന നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കുകയോ നഗരസഭകൾക്കായി ബജറ്റ് മാന്വൽ തയ്യാറാക്കുകയോ ചെയ്യേണ്ടതുണ്ട്.
- ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ള വരവ് – ചെലവുകൾക്ക് അനുസൃതമായാണോ യഥാർത്ഥത്തിൽ വരവ് – ചെലവ് നിർവ്വഹിക്കുന്നത് എന്ന് ശാസ്ത്രീയമായി പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ഓരോ ചെലവും നിർവ്വഹിക്കുമ്പോൾ ബജറ്റുമായി പൊരുത്തപ്പെടുത്തിയതിനുശേഷം ചെലവുകൾ നിർവ്വഹിക്കുന്നതിൽ പ്രായോഗിക പ്രശ്നങ്ങൾ നിലവിലുണ്ട്.
- വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവത്തിൽ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രതിമാസ/വാർഷിക ബജറ്റ് അവലോകനം നടത്തുന്നില്ല.
- 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് പരിശോധിച്ചതിൽ നിന്നും പുതിയ ധനാഗമ മാർഗ്ഗങ്ങളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ലെന്ന് കാണുന്നു.
- 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 284 – ൽ ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബജറ്റിൽ, മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ 2% ദാരിദ്ര്യലഘൂകരണഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ബജറ്റ് പരിശോധിച്ചതിൽ നിന്നും കേവലം 18 ലക്ഷം രൂപ മാത്രമാണ് 2502001 എന്ന ബജറ്റ്ഹെഡിൽ ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്നത്. വാർഷിക കണക്ക് പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ ചെലവ് പോലും വന്നതായി കാണുന്നില്ല. എന്നാൽ 2021-22 ബജറ്റിൽ നൽകിയിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ യഥാർത്ഥ കണക്ക് പ്രകാരം 18,26,325 രൂപ ഈ ഇനത്തിൽ ചെലവ് കാണിച്ചിട്ടുണ്ട്.

സാമ്പത്തിക നിയന്ത്രണം നടപ്പിലാക്കുന്നതിന് ഏറ്റവും ഫലപ്രദമായ ഉപകരണങ്ങളിലൊന്നായ ബജറ്റിന്റെ പ്രാധാന്യം മനസിലാക്കി അത് കാര്യക്ഷമമായും വേണ്ടത്ര തയ്യാറെടുപ്പുകളോടെയും കൃത്യമായ നടപടിക്രമങ്ങളിലൂടെയും രൂപീകരിക്കുന്നതിന് ജീവനക്കാരെയും തെരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവരെയും സജ്ജരാക്കാൻ ആവശ്യമായ നടപടികൾ തൃശ്ശൂർ കോർപ്പറേഷന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | കൗൺസിൽ തീരുമാനം |
|---|---|---|
| 31.07.2020 | 29.07.2020 | 15.07.2020ലെ 52. -ാം നമ്പർ കൗൺസിൽ തീരുമാനം |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 731885440.67 |
| വരവ് | ₹ 1799229732 |
| ആകെ | ₹ 2531115172.67 |
| ചെലവ് | ₹ 1980660458 |
| നീക്കിയിപ്പ് | ₹ 550454714.67 |

2018-19 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് 732693160/- രൂപയും, 2019-20 വാർഷിക കണക്കുപ്രകാരം മുന്നിരിപ്പ് 731885440.67 രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ട് ഇനം | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | വിനിയോഗ ശതമാനം |
|---|---|---|---|---|
| 1. | വികസന ഫണ്ട്-പൊതുവിഭാഗം | ₹292026000 | ₹194222482 | 66% |
| 2. | വികസന ഫണ്ട് – എസ്.സി.പി. | ₹ 104165000 | ₹ 58456381 | 56% |
| 3. | വികസന ഫണ്ട് – ടി.എസ്.പി | ₹ 2447000 | ഇല്ല | .... |
| 4. | DF CFC United Basic Grant | ₹ 403518000 | ₹ 89084616 | 22 % |
| 5. | DF Tied Grant | ₹ 88861221 | ₹ 245913 | 0.28% |
| 6. | മെയിന്റനൻസ് ഫണ്ട് ( റോഡ്) | ₹ 138344000 | ₹ 32879681 | 23% |
| 7 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ₹ 76123000 | ₹38319784 | 50% |

## 1-5 പദ്ധതി അവലോകനം

1-5-1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയത് , ഭാഗികമായി നടപ്പാക്കിയത് , നടപ്പാക്കാത്തത് എന്നിവ സംബന്ധിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 834 | 133 | 544 | 157 | 15.94% |

അംഗീകാരം ലഭിച്ചതിൽ 16 ശതമാനത്തോളം പ്രൊജക്ടുകൾ മാത്രമേ പൂർണ്ണമായി നടപ്പിലാക്കിയുള്ളൂ എന്നത് സവിശേഷശ്രദ്ധയർഹിക്കുന്നുണ്ട്. അംഗീകാരം ലഭിച്ച പ്രൊജക്ടുകളെല്ലാം നടപ്പാക്കുവാനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്. ഭാഗികമായി നടപ്പാക്കിയത് സ്പിൽ ഓവറായി തുടർ വർഷങ്ങളിൽ നടപ്പാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. ആകെ അടങ്കലിന്റെ 18% ചെലവ് ചെയ്തിട്ടുള്ളൂ. (ആകെ അടങ്കൽ 2499547713/-, ചെലവ് 455627869/- രൂപയുമാണ്).

1-5-2. മേഖലാ വിഭജനം

ഉല്പാദന,പശ്ചാത്തല,സേവന മേഖലകളിലേയ്ക്കായി വകയിരുത്തിയ തുകയുടെയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയുടെയും വിവരം താഴെ ചേർക്കുന്നു

| മേഖലാവിഭജനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| ഉല്പാദനം | ₹ 6,39,81,495 | ₹ 1,25,61,767 | 19.6% |
| പശ്ചാത്തലം | ₹155,78,98,536 | ₹ 8,03,84,653 | 5.2% |
| സേവനം | ₹ 87,81,17,682 | ₹36,26,81,449 | 41.3% |

1-5-3. നിർബന്ധമായി വകയിരുത്തേണ്ട വിഭാഗങ്ങൾക്ക് വകയിരുത്തിയ തുകയുടെ വിവരം

| വിഭാഗം | വകയിരുത്തിയ തുക (₹) | ചെലവഴിച്ച തുക (₹) | ശതമാനം |
|---|---|---|---|
| വനിതാ ഘടകപദ്ധതി | 6,08,37,158 | 75,39,343 | 12.40% |
| കുട്ടികൾ | 1,92,60,504 | 82,99,132 | 43.10% |
| വൃദ്ധർ | 2,05,63,698 | 18,40,328 | 8.9% |
| ഭിന്നശേഷി യുള്ളവർ | 70,31,743 | Nil | 0 % |
| പാലിയേറ്റീവ് കെയർ രോഗികൾ | 6,04,701 | 4,08,926 | 67.60% |
| യുവജന വികസന പരിപാടി | 50,000 | Nil | 0 % |

വനിതകൾ, കുട്ടികൾ, തുടങ്ങി പ്രത്യേകശ്രദ്ധയർഹിക്കുന്ന വിഭാഗങ്ങൾക്കായുള്ള വകയിരുത്തലുകൾ വളരെ കുറഞ്ഞ ശതമാനം മാത്രമെ ചെലവഴിച്ചിട്ടുള്ളൂ എന്നതും ഭിന്നശേഷിയുള്ളവർക്കും യുവജനവികസനത്തിനും തുക ചെലവഴിച്ചിട്ടില്ല എന്നതും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-5-4. നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവുവിവരം

| നിർവഹണ ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ | പ്രൊജക്ടുകളുടെ എണ്ണം | പദ്ധതികൾക്ക് വകയിരുത്തിയ തുക | ചെലവഴിച്ച തുക ( പൂർത്തിയാകാത്ത പ്രൊജക്ടുകളടക്കം) | ചെലവ് ശതമാനം |
|---|---|---|---|---|
| ഡെ.ഡയറക്ടർ അഗ്രികൾച്ചർ | 6 | ₹ 4,29,89,186 | ₹ 73,17,375 | 17 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | ₹ 5,00,000 | 0 | 0 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 6 | ₹ 90,04,701 | ₹ 77,08,876 | 85.6 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 1 | ₹ 3,00,000 | ₹ 3,00,000 | 100 |
| സെക്രട്ടറി,കോർപ്പറേഷൻ | 27 | ₹ 33,05,99,920 | ₹20,53,11,174 | 62.1 |
| മെഡിക്കൽ ഓഫീസർ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 3 | ₹ 67,50,000 | ₹ 3743769 | 55.5 |
| പ്രൊജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 12 | ₹ 9,27,58,513 | ₹ 5,69,25,040 | 61.4 |
| പട്ടികജാതി വികസന ഓഫീസർ | 11 | ₹ 2,79,35,799 | ₹ 1,08,34,992 | 38.82 |
| ഹെൽത്ത് ഓഫീസർ,കോർപ്പറേഷൻ | 19 | ₹ 2,26,91,732 | ₹ 78,34,162 | 34.45 |
| മെഡിക്കൽ ഓഫീസർ,ഗവണ്മെന്റ് ഹോസ്പിറ്റൽ | 6 | ₹1,10,54,708 | ₹ 65,62,212 | 59.4 |
| പ്രിൻസിപ്പൽ,ഗവ.ഹയർ സെക്കന്ററി സ്കൂൾ | 25 | ₹ 2,55,60,965 | ₹ 73,81,951 | 28.9 |

| | | | | |
|---|---|---|---|---|
| സീനിയർ വെറ്റിനറി സർജൻ | 5 | ₹ 68,00,000 | ₹ 24,66,892 | 36.3 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | ₹ 6,25,806 | ₹ 1,01,223 | 16 |
| കോർപ്പറേഷൻ എഞ്ചിനീയർ | 11 | ₹ 86,07,999 | ₹ 35,50,020 | 41.2 |
| ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ഓഫീസർ | 25 | ₹ 5,40,30,972 | ₹3,44,46,345 | 63.8 |
| സൂപ്രണ്ട്, സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും കൈമാറികിട്ടിയ ക്ഷേമസ്ഥാപനം | 1 | ₹ 35,000 | ₹32,972 | 94.2 |
| മെമ്പർ സെക്രട്ടറി, കുടുംബശ്രീ | 1 | ₹5,46,743 | 0 | 0 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ(ത.സ്വ.ഭ.വ) | 671 | ₹185,87,55,669 | ₹10,11,10,866 | 5.4 |

1-5-5. പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ , വർക്കിംഗ് ഗ്രൂപ്പ് ആസൂത്രണ സമിതി എന്നിവയുടെ ഫലപ്രദമായ ഇടപെടലുകളില്ല .

മുനിസിപ്പാലിറ്റികൾ കോർപ്പറേഷനുകൾ എന്നീ നഗരസഭാ സ്ഥാപനങ്ങളിൽ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി രൂപീകരിക്കുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പിന്റെ 9.1.17ലെ ജി.ഓ.(എം.എസ്) നം. 11/17.ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പതിമൂന്നാം പഞ്ചവത്സരപദ്ധതിയും ഓരോവർഷത്തേയും വാർഷികപദ്ധതിയും തയ്യാറാക്കുന്നതിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങളാണ് ഓരോ നഗരസഭാ ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുക, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കുക എന്നിവ. നഗരസഭകളിലെ പദ്ധതി ആസൂത്രണം നിർവഹണം വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക, എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാനദൗത്യം. മറ്റൊരു ചുമതല ആസൂത്രണ നിർവഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ നഗരസഭാ കൗൺസിലിനെ സഹായിക്കുക എന്നതാണ് .ഇപ്രകാരമുള്ള ഇടപെടൽ ഓഡിറ്റ് വർഷം ആസൂത്രണ സമിതിയുടെഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ടോ എന്നത് പരിശോധിക്കാനായി ആസൂത്രണ സമിതിയുടെ മിനിറ്റ്സ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആസൂത്രണ സമിതിയെ സജീവമാക്കി പദ്ധതി ആസൂത്രണം നിർവഹണം വിലയിരുത്തൽ എന്നിവ കൂടുതൽ മെച്ചപ്പെട്ടതാക്കാം എന്നത് അതീവ ഗൗരവമുള്ളതാണെന്ന വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നു.

ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടലുണ്ടാകുന്നതിലേക്ക് സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടൽ

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും സമന്വയിപ്പിച്ച് അവസ്ഥാ വിശകലനം നടത്തുക അവസ്ഥാ വിശകലനം അവലംബമാക്കി ഓരോ വികസന മേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്)യഥാസമയം തയ്യാറാക്കി നഗരസഭയ്ക്ക് സമർപ്പിക്കുക എന്നിവയൊക്കെ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകളിൽ പ്പെട്ടവയാണ്. എന്നാൽ മേൽപ്പറഞ്ഞ രീതിയിലുള്ള ക്രിയാത്മകമായ ഇടപെടൽവർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളിൽ നിർദ്ദേശിക്കപ്പെടുന്ന ഭൂരിഭാഗം പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല. കൂടാതെ പ്രോജക്ടുകളുടെ വിലയിരുത്തലുകളും ഫലപ്രദമായി നടത്തുന്നില്ല.

മേൽപ്പറഞ്ഞ ഉത്തരവിലെ അനുബന്ധം 3 പ്രകാരം വാർഡ് സഭാ യോഗങ്ങളുടേയും വികസന സെമിനാറിന്റെയും മുന്നോടിയായി വികസന രേഖ തയ്യാറാക്കേണ്ടതാണ്. അതിനായി ഒൻപതാം പദ്ധതിയിലെ വികസന റിപ്പോർട്ട് ഒരു അടിസ്ഥാനരേഖയായി അവലംബിക്കാവുന്നതാണ്. അതു പോലെ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള അവസ്ഥാരേഖയിലെ (സ്റ്റാറ്റസ് റിപ്പോർട്ട്) സ്ഥിതി വിവര കണക്കുകളും നടപ്പാക്കിയ പ്രോജക്ടുകളെ സംബന്ധിച്ച നിഗമനങ്ങളും വികസനരേഖയിൽ പ്രതിഫലിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ഒരു വികസനരേഖ ഹാജരാക്കിയിട്ടില്ല.ഹാജരാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ ആവശ്യമായ രേഖപ്പെടുത്തലോ ബന്ധപ്പെട്ട വ്യക്തികളുടെ സാക്ഷ്യപ്പെടുത്തലോ ഇല്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ഇടപെടൽ

നഗരസഭാ തല ആസൂത്രണസമിതി വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതു വരെയുള്ള ആസൂത്രണനടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനു വേണ്ടിയുള്ള മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്തുക, ആവശ്യമായ യോഗങ്ങൾ യഥാസമയം വിളിച്ചു ചേർക്കുക വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കുകഎന്നിവ വികസന സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്കും വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകേണ്ടതും വികസനസ്റ്റാൻഡിംഗ് കമ്മറ്റിയാണ്. വികസനസ്റ്റാൻഡിംഗ് കമ്മറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും ഇത്തരത്തിലുള്ള ഇടപെടലുകൾ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്ന് കാണുന്നു.

ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കേണ്ടതും കിട്ടേണ്ടതായ നികുതികളുടേയും ഫീസുകളുടേയും വാടകകളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവം നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയാണ്. കൂടാതെ സർക്കാരിൽ നിന്നും വിതരണം ചെയ്യുന്ന ഗ്രാന്റുകളും അവയുടെ ശരിയായ ഉപയോഗവും ശ്രദ്ധാപൂർവം നിരീക്ഷിക്കേണ്ടതുമാണ്. അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും മാസംതോറുമുള്ള തുക ആവശ്യപ്പെടലും തുക പിരിച്ചെടുക്കലും നീക്കിയിരിപ്പ് തുക , സെക്രട്ടറി സമർപ്പിക്കുന്ന പ്രകാരമുള്ള തൊട്ടുമുമ്പുള്ള മാസത്തെ വരവു ചെലവുകളുടെ സംക്ഷേപം

പരിശോധിക്കേണ്ടതുമാണ്. കൂടാതെ അടങ്കൽ തുക ബജറ്റിൽ വകയിരുത്തിയതാണോ എന്നതും പരിശോധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും ഇപ്രകാരമുള്ള ഇടപെടൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ലെന്നും കാണുന്നു.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| സാമ്പത്തിക വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2019-20 | ₹42,43,470 | ₹50,94,680 | ₹93,38,150 | ₹67,87,115 | ₹ 25,51,035 |

2018-19 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നീക്കിയിരിപ്പ് 4227559.40 രൂപയും, 2019-20 വാർഷിക കണക്കുപ്രകാരം മുന്നിരിപ്പ് 4243470 രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1315 | ₹ 11328600 |
| വാർദ്ധക്യകാല പെൻഷൻ | 16852 | ₹14,68,26,300 |
| വികലാംഗ പെൻഷൻ | 2083 | ₹ 1,75,74,700 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1200 | ₹ 1,08,91,200 |
| വിധവാ പെൻഷൻ | 7422 | ₹ 6,87,49,800 |
| തൊഴിൽ രഹിത വേതനം | 6 | ₹ 218310 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഓരോ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുന്നു. അപാകതകൾ ബോദ്ധ്യപ്പെടുന്ന വേളയിൽ തന്നെ ഓഡിറ്റ് എൻക്വയറികൾ നൽകി ആയത് ക്രമപ്പെടുത്തുന്നുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമല്ല. ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന വിഷയങ്ങളിൽ ഭരണസമിതിയുടെ സവിശേഷശ്രദ്ധ ഉണ്ടാവേണ്ടതാണ്.

1) 2019-20 ഓഡിറ്റിനോട് അനുബന്ധിച്ച് 120 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണത്തിന് യഥാസമയം മറുപടി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച്ച വരുത്തിയിട്ടുണ്ട്. ഇത് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം11(4) ന്റെ ലംഘനമാണ്. നിയമപരമായ ബാദ്ധ്യത നിറവേറ്റുവാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ നിയന്ത്രണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

2) കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 51(2) പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ഓരോ മേഖലയിലും വേണ്ട വകയിരുത്തലുകൾ വാർഡ് സഭാതലം മുതലുള്ള നിർദ്ദേശങ്ങൾ സ്വാംശീകരിച്ച് തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം

ചെയ്തതായി കാണുന്നില്ല.

3) വാർഷികകണക്കിൽ ധാരാളം അപാകതകളുണ്ട്. വരവിനങ്ങളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിക്കാതെയാണ് അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.വാർഷിക കണക്കിനൊപ്പം ഹാജരാക്കിയ ഡി.സി.ബി സ്റ്റേറ്റുമെന്റിലെ ഡിമാന്റ് തുകകൾ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിലെ ഡിമാന്റിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ഓരോ മാസത്തേയും അക്കൗണ്ട്സ് തൊട്ടടുത്തമാസം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നില്ല.

4) വസ്തുനികുതി, തൊഴിൽനികുതി, വാടക, കെട്ടിടനിർമ്മാണ പെർമിറ്റ് തുടങ്ങിയ വരവിനങ്ങളുടെയൊന്നും ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. നഗരസഭയിൽ നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ മാത്രമാണ് ആധികാരിക രേഖയായി നഗരസഭയിൽ പരിപാലിച്ച് വരുന്നത്. ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ ഓരോ സെക്ഷൻ ക്ലർക്കുമാരുടേയും ഹാന്റ്ബുക്കിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ആയത് ആധികാരികമാക്കുന്നുമില്ല. ഡിമാന്റ്, കളക്ഷൻ രജിസ്റ്ററിന്റെ അഭാവത്തിൽ തയ്യാറാക്കുന്ന ഡി.സി.ബി സ്റ്റേറ്റ്മെന്റിന് കൃത്യതയുണ്ടാകുന്നില്ല. വസ്തുനികുതി സോഫ്റ്റ് വെയറായ സഞ്ചയയിൽ കെട്ടിടങ്ങളുടെ പൂർണ്ണവിവരം രേഖപ്പെടുത്താത്തതിനാൽ സഞ്ചയ ഡി.സി.ബി വിവരവും ലഭ്യമല്ല.
വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കി പൂർണ്ണമായിട്ടില്ല.

5) തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ നഗരസഭയ്ക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ഉറപ്പുവരുത്തിയിട്ടില്ല. തൊഴിൽനികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്ഥാപന/ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കുന്നില്ല. ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 ൽ ലൈസൻസ് നൽകിയ പല സ്ഥാപനങ്ങളെയും 2019-20 ലെ സ്ഥാപന തൊഴിൽനികുതി രജിസ്റ്ററിലോ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിലോ ഉൾപ്പെടുത്തി കാണുന്നില്ല.

6) ഡി & ഒ ലൈസൻസ് അപേക്ഷകളിലൊന്നും തന്നെ പ്രതീക്ഷിക്കുന്ന വാർഷിക വിറ്റു വരവ് / മുതൽ മുടക്ക് രേഖപ്പെടുത്തിയിട്ടില്ല. ഡി & ഒ ലൈസൻസ് അപേക്ഷകളിലൊന്നും തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ നിശ്ചിത മാതൃകയിലുള്ള പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ട കാര്യങ്ങൾ പരിശോധിച്ച് ഉൾക്കൊള്ളിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7) സാമൂഹ്യ സുരക്ഷാപെൻഷനുകളിൽ ലഭിച്ച അപേക്ഷകളും തുടർനടപടികളും രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

8) പ്രൊജക്റ്റ് ആസൂത്രണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മേൽനോട്ടം ഫലപ്രദമല്ല. പൊതുമരാമത്ത് പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളതോ ഇല്ലാത്തതോ എന്ന പരിഗണനയില്ലാതെ മിക്കവാറും എല്ലാ പ്രവൃത്തികളും, സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭ്യമാക്കാതെ മേയറുടെ മുൻകൂർ അനുമതി മാത്രം അടിസ്ഥാനമാക്കി പൂർത്തിയാക്കുകയും പിന്നീട് കൗൺസിൽ യോഗം കൂടി മുൻകൂർ അനുമതി സാധൂകരിക്കുകയുമാണ് ചെയ്യുന്നത്. 2019-20 സാമ്പത്തിക വർഷം കോർപ്പറേഷൻ എഞ്ചിനീയർ 11പദ്ധതികളും കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 691പദ്ധതികളും നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിരുന്നെങ്കിലും150 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്.

9) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ പാലിച്ച്

സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല. വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽതന്നെ നടത്തുന്നില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം. തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.09.2021 മുതൽ ഓഡിറ്റ് നടന്നു വരുന്നു | 2019-20 2020-21 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.01.2021 മുതൽ 12.03.2021 വരെ | 2019-20 | 05.08.2021 ലെ Audit-I/AMG-I/(HQ)III/I/8A-60,2020-21/5 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിക്കുന്നതിന് ആവശ്യമായ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1) Notes To Accounts

2) Ratios

3) പാസ് ബുക്കുകൾ I) Own Fund - ട്രഷറി അക്കൗണ്ട് നം. 1337/2

Ii) TDA അക്കൗണ്ട് നം. 799011700000267-

District Treasury

4) ലോൺ രജിസ്റ്റർ, ഡെപ്പാസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അസറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ.

5) പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ

6) കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ്.

7) ഫൈനൽ ബിൽ നൽകുന്നമുറയ്ക്ക് Capital In Working Progress എന്ന ശീർഷകത്തിലെ തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വെയ്ക്കുന്ന വർക്ക് ഷീറ്റ്.

8) ഗ്രാന്റ് ആയി ലഭിച്ച തുകകളിൽ Revenue Contribution ആക്കി രേഖപ്പെടുത്തിയതിന്റെയും Capital Contribution ആക്കി രേഖപ്പെടുത്തിയ തിന്റെയും വർക്ക് ഷീറ്റ്.

9) I-16 ഷെഡ്യൂളിലെ Provisions & Write Off എന്നതിലെ തുകകൾ കണക്കാക്കിയതിനുള്ള വർക്ക് ഷീറ്റ്.

10) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ Depreciation I-17(a) ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല.

11) വരവിനങ്ങളുടെ ഡി.സി.ബി. പരിശോധിക്കുന്നതിനായി പൂർത്തിയാക്കിയ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കേണ്ടതാണ്.

12) സാമൂഹ്യക്ഷേമ സുരക്ഷാ പെൻഷനുകളുടെ ചെലവ് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

13)വാർഷിക കണക്കുകളിൽ ശ്രദ്ധയിൽപ്പെട്ട താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1) തൃശ്ശൂർ വികസന അതോറിറ്റി 31.03.2017ൽ കോർപ്പറേഷനിൽ ലയിപ്പിച്ചെങ്കിലും TDAയുടെ താഴെപ്പറയുന്ന അക്കൗണ്ടുകൾ നിലനിർത്തിയിട്ടുണ്ട്.

| | അക്കൗണ്ട് നം. | | 31.03.2020ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | TDA SBT 67251658987 | – | 11,50,057 |
| 2. | TDA Account – Union Bank Of India | – | 17004353 |
| 3. | TDA Account – District Co-operative Bank | – | 21,06,257 |
| 4. | TDA Account 7990.........267 – District Treasury | – | 35,43,422 |
| 5 | TDA – New PF Account – District Treasury | – | 63,19,561 |

2) നിർത്തലാക്കിയ പ്രൊജക്ടുകൾക്കുവേണ്ടിയുള്ള താഴെപ്പറയുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| | അക്കൗണ്ട് നം. | | 31.03.2020ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1. | EMS Project TDCB | – | 19,40,139 |
| 2. | RAM (016....376 PNB) | – | 41,03,556 |
| 3. | NOAP (SBT Account No57069788454 | – | 1,22,354 |
| 4. | NSDP (Account No. 57991, Canara Bank) | – | 10,88,206 |
| 5. | VAMBAY (Account No. | – | 9,90,451 |

| | | | |
|---|---|---|---|
| | 55852) | | |
| 6. | SBT (IHSDP) | - | 1,54,17,999 |

3) SJSRY (Account No. 38293 Canara Bank) എന്ന അക്കൗണ്ടിലെ നീക്കിയിരിപ്പായി 17,28,344/- രൂപ കാണിച്ചിട്ടുണ്ട്. കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ട് കോർപ്പറേഷന്റെ അക്കൗണ്ടിൽ ചേർത്തിരിക്കുന്നു. SJSRYയുടെ രണ്ട് അക്കൗണ്ടുകളായ 0720101067754, 0720101067752 എന്നീ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ടായിരുന്ന 307886/-, 546170/- എന്നീ തുകകൾ കുടുംബശ്രീ ഡയറക്ടറുടെ 16.06.2019ലെ 6131/എഫ്/2015കെ.എസ്.എച്ച്.ഒ.നമ്പർ കത്തുപ്രകാരം 19.2.20ൽ NULM സ്റ്റേറ്റ് അക്കൗണ്ടിലേയ്ക്ക് അടവാക്കിയിട്ടുള്ളതാണ്.

4) തനതുഫണ്ടിനായി താഴെപ്പറയുന്ന അക്കൗണ്ടുകൾ ഉണ്ട്.

| | | | |
|---|---|---|---|
| 1 | SBT Own Fund 57069788272 | - | 19,11,47,316.93 |
| 2 | South Indian Bank 21697 | - | 2,56,00,290 |
| 3 | Canara Bak – Own Fund (0720101070534) | - | 6,90,083 |
| 4 | SIB – Public Contribution | - | 2,00,000 |
| 5 | Catholic Syrian Bank (0185-01314997-190001) | - | 6,67,537 |
| 6 | TSB (Own Fund) | - | 7,85,106 |
| 7 | Treasury Own Fund (Account No.1337/2) | - | 2,15,48,828 |
| 8 | Bank Of India (8550........220) | - | 75,70,578 |
| 9 | Disaster Management SBT (Account No. 67117883861) | - | 37,33,410 |

മേൽപ്പറഞ്ഞവയിൽ Canara Bank, SIB Public Contribution, Catholic Syrian Bank, Treasury Own Fund (Account No. 1337/2), Bank Of India എന്നീ അക്കൗണ്ടുകളിൽ കാര്യമായ ട്രാൻസാക്ഷനുകൾ നടന്നു കാണുന്നില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 58725/എഫ്.എം.3/ 2008/ത.സ്വ.ഭ.വ. തീയതി:26.05.2011 നമ്പർ പ്രകാരം തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിനുപുറമേ ഒരു ദേശസാൽകൃത/ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

| | |
|---|---|
| | തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ എന്നിവയ്ക്കായി 2019-20ൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. 21.09.2019ന് ജി1-1969519 ഉത്തരവ് പ്രകാരം നഗരകാര്യ ഡയറക്ടർ ഇ-പേയ്മെന്റ് ഗേറ്റ്വേയുള്ള ബാങ്ക് അക്കൗണ്ട് നമ്പറും പ്രസ്തുത അക്കൗണ്ട് നമ്പറിന്റെ മർച്ചന്റ് കീ, ഇന്റഗ്രേഷൻ കിറ്റ് എന്നിവയും അടിയന്തിരമായി ബാങ്കിൽ നിന്നും ലഭ്യമാക്കി അയയ്ക്കണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പുതുതായി മറ്റൊരു ബാങ്കിൽ അക്കൗണ്ട് തുടങ്ങാൻ പ്രസ്തുത കത്തിൽ നിർദ്ദേശിച്ചതായി കാണുന്നില്ല. തൊഴിൽ നികുതിയ്ക്കായി സൗത്ത് ഇന്ത്യൻ ബാങ്കിൽ 21697 എന്ന അക്കൗണ്ടും Disaster Management SBT (Account No. 67117883861) എന്ന നിലവിലുണ്ടായിരുന്ന അക്കൗണ്ട് ഡി & ഒ ലൈസൻസ് ഫീ പിരിയ്ക്കാനായും തുടങ്ങിയിട്ടുണ്ട്. |
| 5) | സ്വച്ഛ് ഭാരത് മിഷനു വേണ്ടി രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിരി ക്കുന്നു.<br>ICICI (01800.......4923) SBM - 1074500<br>ICICI (018...........1231) SBM – 4806831 |
| 6) | IDBI അയ്യങ്കാളി (0269....77880) എന്ന അക്കൗണ്ടിലെ പാസ് ബുക്ക് ബാലൻസ് 34,35,037.4 ആണ്. എന്നാൽ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ് ബുക്ക് ബാലൻസ് 25,51,035 ആണ് കാണിച്ചിട്ടുള്ളത് |
| 7) | B-3 ഷെഡ്യൂളിൽ Capital Contribution - Others എന്ന ശീർഷകത്തിൽ 1,09,48,20,714 രൂപ കഴിഞ്ഞ വർഷത്തെ അതേ നീക്കിയിരിപ്പ് തന്നെ കാണിച്ചിരിക്കുന്നു. ഗ്രാന്റ് ആയി ലഭിച്ച തുകകളിൽ തൻവർഷം Capital Expenditure ആയ തുകകൾ Capital Contribution ആക്കി മാറ്റിയിട്ടില്ല. |
| 8) | B-4 ഷെഡ്യൂളിൽ Development Fund (General), SCP, Finance Commission Grant, Maintenance Fund (Roads, Non-Road) എന്നിവയിൽ നീക്കിയിരിപ്പ് വന്നിട്ടുണ്ട്. ചെലവായ തുക തന്നെ വരവായി അക്കൗണ്ട് ചെയ്യുന്ന സാഹചര്യത്തിൽ ഇപ്രകാരം നീക്കിയിരിപ്പ് വന്നത് വിശദീകരിക്കേണ്ടതാണ്. |
| 9) | Loans Under IDSMT എന്ന ശീർഷകത്തിൽ 15,750 രൂപ തീർപ്പായതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും B-5 ഷെഡ്യൂളിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. |
| 10) | അക്കൗണ്ട്സിൽ താഴെപ്പറയുന്ന ഇനങ്ങളിൽ നെഗറ്റീവ് തുകകൾ വന്നിട്ടുണ്ട്.<br>431300100 - Receivable For User Charges (3179)<br>350200214 - Recoveries Payable –<br>KCWWF Municipal Fund (0.41) |

14. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ടാത്ത വരവിനങ്ങൾ

ഇനങ്ങൾ Receipt & Payment Accounts, Income & Expenditure Accounts എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| Items | Income & Expenditure | Receipt & Payment |
|---|---|---|
| Profession Tax (Employees) | 99057947 | 98167047 |
| Rent Form Agricultural Trees | 181500 | 171500 |
| Rent From Staff Quarters | 664386 | 609825 |
| Penalties | 77172 | 73052 |
| Fines | 5651351 | 5525816 |
| Fines Imposed By Municipal & Other Laws | 103740 | 20570 |
| Advertisement Fees | 196300 | 15100 |
| Electricity Charges | 9250 | 5305 |
| Other User Charges | 1927359 | 1926379 |
| Sale Of Scrap | 1172201 | 1171901 |
| General Purpose Fund | 144477507 | 126301383 |

15. B-15 ഷെഡ്യൂളിലെ State Government Cesses/Levies In Property Taxes -

Control Account, (431910100) State Government Cesses/Levies In Water Taxes Control Account (431920100) എന്നിവയിൽ പോസിറ്റീവ് തുകകൾ വന്നിരിക്കുന്നു.

16. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം കണക്കാക്കുന്ന താഴെപ്പറയുന്ന വരവിനങ്ങളുടെ വരവ് ആസ്തി ഹെഡ്ഡിൽ ക്രെഡിറ്റ് ചെയ്യുന്നതിന് പകരം ഇൻകം ഹെഡ്ഡിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| | Head Of Account | Amount |
|---|---|---|
| വസ്തുനികുതി | 110010100 | 38259 |
| തൊഴിൽനികുതി (ട്രേഡേഴ്സ്) | 110100100 | 5000 |

17. വാർഷിക കണക്കിനൊപ്പം ഹാജരാക്കിയ ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ ഡിമാന്റ് തുകകൾ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ഡിമാന്റിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഉദാ :

| Sl. No. | Item | D C B സ്റ്റേറ്റ്മെന്റ് പ്രകാരം | Income & Expenditure പ്രകാരം |
|---|---|---|---|
| 1. | Profession Tax | 98167047 | 99057947 |

| | | | |
|---|---|---|---|
| | (Employees) | | |
| 2. | Other Rents | 802865 | 1810 |
| 3. | Penalties | 73052 | 77172 |
| 4. | Fines | 5525816 | 5651351 |
| 5. | Other Fees | 4945167 | 4919141 |
| 6. | Public Sanitation Charges | 2694887 | 5295668 |
| 7. | Bus Stand Fees | 2902500 | 5805001 |
| 8. | Slaughter House Fee | 825395 | 1650788 |
| 9. | Lorry, Taxi And Other Vehicle Stand Fee | 1498658 | 2455385 |
| 10. | Receipts From Hospitals & Dispensaries | 68099 | 54385 |
| 11. | Other User Charges | 1926379 | 1927359 |
| 12. | Miscellaneous Sales | 5962339 | 2338574 |

18. വാർഷിക കണക്ക് പ്രകാരമുള്ള വായ്പാവിവരവും വായ്പാരജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വായ്പാരജിസ്റ്റർ പ്രകാരം 50729165 രൂപ വായ്പാഇനത്തിൽ ബാക്കിയുണ്ട്. എന്നാൽ വാർഷികകണക്ക് പ്രകാരം 58587479 രൂപയാണ് ബാക്കിയുള്ളത്. കൂടുതൽ വിവരങ്ങൾ ഖണ്ഡിക 4-5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

19. വരവിനങ്ങൾ അതാത് വരവ് ഹെഡുകളിൽ കൃത്യമായി പോസ്റ്റ് ചെയ്യുന്നില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 3(2),4(a),5(3),(4) ,6(2)(c),6(5) എന്നിവ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-26 ൽ ചേർത്തിട്ടുണ്ട്.

## 1-12 വിൽവട്ടം മേഖലാ കാര്യാലയത്തിലെ വരവ് കൃത്യമായി കോർപ്പറേഷനിലേക്ക് അടവാക്കുന്നില്ല.

വിൽവട്ടം മേഖലാ കാര്യാലയത്തിൽ 19.02.2021ൽ വിവിധ അക്കൗണ്ട് ഹെഡ്ഡുകളിലായി 2,35,571/- (രണ്ടു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒന്ന്) രൂപ വരവ് വന്നിട്ടുണ്ട്. രശീതി നം. 120010120553 (₹ 1,79,900) , 120010120554 (₹53,671) എന്നിവ പ്രകാരം ആകെ 2,33,571/- (രണ്ടു ലക്ഷത്തി മുപ്പത്തിമൂവായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒന്ന്) രൂപ മാത്രമാണ് കോർപ്പറേഷനിലേക്ക് അടവാക്കിയിട്ടുള്ളത്. ആ ദിവസം 431300201- എന്ന ലൈസൻസ് ഫീസ് (തൻവർഷം) അക്കൗണ്ട് ഹെഡ്ഡിൽ വരവ് വന്നിട്ടുള്ള 2000 രൂപ കോർപ്പറേഷനിലേക്ക് അടവാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് 13.04.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 37 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക കോർപ്പറേഷനിലേക്ക് അടവാക്കി രശീതി ഓഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്.

## 1-13 ചെക്ക് റിസീവിഡ് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2007- ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ ചട്ടം 19(3)ൽ മുനിസിപ്പാലിറ്റിയ്ക്ക് ലഭിക്കുന്ന എല്ലാ ചെക്കുകളും/ഡിമാന്റ് ഡ്രാഫ്റ്റുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും ചട്ടം 20-ൽ ബാങ്കിൽ നൽകിയ ചെക്ക് ഡിസോണർ ചെയ്യപ്പെടുന്ന സന്ദർഭങ്ങളിൽ അതുമായി ബന്ധപ്പെട്ട രശീതി റദ്ദു ചെയ്യേണ്ടതും, പാർട്ടിയിൽ നിന്നും തുക ക്യാഷ് /ഡി.ഡി ആയോ ഈടാക്കി പുതിയ രശീതി നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. തൃശ്ശൂർ കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് (A/c No.57069788272) അടവാക്കുന്ന ചെക്കുകൾ ബാങ്കുകാർ ഒരുമിച്ച് (ബൾക്ക് പോസ്റ്റിങ്ങ്) ബാങ്ക് പാസ്സ് ബുക്കിൽ വരവ് വയ്ക്കുന്നതിനാൽ ചെക്ക് തുക വരവ് വന്നത് കണ്ടെത്താനും,ആയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നില്ല. തൃശ്ശൂർ കോർപ്പറേഷനിൽ സൂക്ഷിക്കുന്ന സാംഖ്യ ചെക്ക് റിസീവിഡ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഒന്നും നടത്തുന്നില്ല. കോർപ്പറേഷന്റെ ഏത് അക്കൗണ്ടിലേക്കാണ് വരവ് വന്നത്, ചെക്ക് മടക്കിയ വിവരം, ഓരോ ചെക്കും ഏത് ഇനത്തിൽ ലഭിച്ചതാണെന്ന വിവരം മുതലായവ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ചെക്കുകൾ പ്രകാരമുള്ള തുകകൾ കോർപ്പറേഷനിൽ വരവ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല

ബാങ്കിൽ നിന്നും മടക്കിയ ചെക്കുകളുടെ വിവരങ്ങൾ റിമാർക്ക്സ് സഹിതം ബാങ്ക് കോർപ്പറേഷനിലേക്ക് നൽകുന്ന സന്ദർഭങ്ങളിൽ ഇക്കാര്യം രജിസ്റ്ററിൽ രേഖപ്പെടുത്തി ചെക്ക് അക്കൗണ്ടന്റ് സുരക്ഷിതമായി സൂക്ഷിക്കേണ്ടതും, മടക്കിയ ചെക്കുകൾക്ക് പകരം റിസീവ് ചെയ്ത ചെക്കുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അപ്രകാരം വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾ ചട്ടം 53- പ്രകാരം ബാങ്ക് ബുക്കിലെ എൻട്രികൾ ബാങ്ക് / ട്രഷറി സ്റ്റേറ്റ്മെന്റുമായി പ്രതിമാസം താരതമ്യം ചെയ്യേണ്ടതും നീക്കിയിരുപ്പ് ഒത്തു നോക്കേണ്ടതുമാണ്. അപ്രകാരം തയ്യാറാക്കിയ റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും ഒപ്പിട്ട് ആധികാരികമാക്കേണ്ടതാണ്. കമ്പ്യൂട്ടറിൽ ചെയ്യുന്ന ബാങ്ക് റീകൺസിലേഷൻ കോപ്പി എടുത്ത് സൂക്ഷിക്കുന്നില്ല എന്നാണ് അന്വേഷത്തിൽ അറിഞ്ഞത്, ആയത് ബന്ധപ്പെട്ട മേലാധികാരി സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് ത്രൈമാസം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി ഡിമാന്റ് സംവിധാനം - കൃത്യമല്ല.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഫാറം 4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേയ്ക്കായി വിവരങ്ങൾ ഫാറം 8ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

തൃശ്ശൂർ നഗരസഭ മെയിൻ ഓഫീസ്, 5 സോണൽ ഓഫീസുകൾ എന്നിവിടങ്ങളിലായി 55 ഡിവിഷനുകൾ നഗരസഭയിലുണ്ട്. നഗരസഭയിൽ നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്റർ മാത്രമാണ് ആധികാരിക രേഖയായി നഗരസഭയിൽ പരിപാലിച്ച് വരുന്നത്. ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ ഓരോ സെക്ഷൻ ക്ലർക്കുമാരുടേയും ഹാന്റ്ബുക്കിൽ മാത്രമാണ് രേഖപ്പെടുത്തുന്നത്. എന്നാൽ ആയത് ആധികാരികമാക്കുന്നുമില്ല.

ഡിമാന്റ്, കളക്ഷൻ രജിസ്റ്ററിന്റെ അഭാവത്തിൽ തയ്യാറാക്കുന്ന ഡി.സി.ബി സ്റ്റേറ്റ്മെന്റിന് കൃത്യതയുണ്ടാകുന്നില്ല. വസ്തുനികുതി സോഫ്റ്റ് വെയറായ സഞ്ചയയിൽ കെട്ടിടങ്ങളുടെ പൂർണ്ണവിവരം രേഖപ്പെടുത്താത്തതിനാൽ സഞ്ചയ ഡി.സി.ബി വിവരവും ലഭ്യമല്ല.

റവന്യൂ വിഭാഗത്തിലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ്, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നതിനായി മെയിൻ, സോണൽ ഓഫീസുകളിൽ സെക്ഷൻ റൈറ്റേഴ്സിനെ നിയോഗിച്ചിരുന്നു (ഫയൽ - R1/4900/19). ഇവർക്കായി വേതനമിനത്തിൽ 2019-20 സാമ്പത്തിക വർഷം താഴെപറയും പ്രകാരം തുക ചെലവഴിച്ചിട്ടുമുണ്ട്.

| ക്രമനമ്പർ | മാസം | വേതനം | വൗച്ചർ നമ്പർ | തിയതി |
|---|---|---|---|---|
| 1 | ഏപ്രിൽ 2019 | 72,000 | 21901019 | 11.06.2019 |
| 2 | മേയ് 2019 & ജൂൺ 2019 | 88,000 | 21901593 | 17.07.2019 |
| 3 | ജൂലൈ 2019 | 38,968 | 21901910 | 12.08.2019 |
| 4 | ആഗസ്റ്റ് 2019 | 37,678 | 210902377 | 7.09.2019 |
| 5 | സെപ്റ്റംബർ2019 | 40,000 | 21903014 | 11.10.2019 |
| 6 | ഒക്ടോബർ 2019 | 38,968 | 21903454 | 8.11.2019 |
| 7 | നവംബർ 2019 | 39,466 | 21904032 | 19.12.2019 |
| 8 | ഡിസംബർ 2019 | 40,000 | 21904385 | 17.01.2020 |
| 10 | ജനുവരി 2020 | 40,083 | 21905326 | 16.03.2020 |
| 11 | ഫെബ്രുവരി 2020 | 7,990 | 22000165 | 16.04.2020 |
| 12 | ഫെബ്രുവരി 2020 | 31,926 | 22000169 | 16.04.2020 |
| ആകെ | | 4,75,079 | | |

ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്നതിനുമായി നഗരസഭയിൽ നിന്നും ഇപ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി സ്റ്റേറ്റ്മെന്റ് എന്നിവ നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല.

കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി അംഗീകാരം നൽകാത്തതിനാൽ സഞ്ചയയിൽ നിന്നുള്ള ഡിമാന്റ് രജിസ്റ്ററും ലഭ്യമല്ല. 2019 – 20ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതി ഡിമാന്റ് 20,50,38,259/- രൂപയും കളക്ഷൻ 17,68,71,319/- രൂപയാണ്. ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ടി തുക തന്നെയാണോ യഥാർത്ഥ ഡിമാന്റ് എന്ന് ഉറപ്പാക്കുന്നതിന് ഓഡിറ്റിനാകുന്നില്ല.

കെട്ടിടനമ്പർ നൽകി വസ്തുനികുതി നിർണ്ണയിക്കപ്പെടുന്ന കെട്ടിടങ്ങൾ ഡിമാന്റായി മാറുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്റെയും വസ്തുനികുതി കളക്ഷൻ കുടിശിക വിവരങ്ങൾ തയ്യാറാക്കുകയും ചെയ്യുന്ന നഗരസഭയിലെ നിലവിലെ സംവിധാനം 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 13

പ്രകാരമായിരിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 അനുസരിച്ച് നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. നിർണ്ണയിക്കപ്പെടുന്ന വസ്തുനികുതി ഡിമാന്റായി മാറുന്നുവെന്ന് ഉറപ്പാക്കുന്ന സംവിധാനത്തിന്റെ അഭാവം തിട്ടപ്പെടുത്താനാകാത്ത നികുതി നഷ്ടത്തിന് കാരണമാകും.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം കിട്ടേണ്ട നികുതി തുകകൾ കാലാഹരണപ്പെടുമെന്നതിനാൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനതുവരുമാനമായ വസ്തുനികുതി ഉറപ്പാക്കുന്നതിലെ അലംഭാവം, ബന്ധപ്പെട്ട രജിസ്റ്റർ പരിപാലനത്തിലെ ഉദാസീനത എന്നിവ ഓഡിറ്റിൽ ഗൗരവായി വീക്ഷിക്കുന്നു. ഈ വിഷയം അടിയന്തിരമായി പരിഹരിച്ച് വസ്തുനികുതി ഇനത്തിലുള്ള തനതുവരുമാനം (നികുതി കുടിശ്ശിക) ഉൾപ്പെടെ ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-15 വസ്തുനികുതി പരിഷ്കരണം - നഗരസഭയ്ക്ക് പൂർത്തീകരിക്കാനായിട്ടില്ല - തനതുവരുമാനം നഷ്ടമാക്കി

കേരളത്തിലെ നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനായി 01.04.2013 പ്രാബല്യത്തിൽ സർക്കാർ ഉത്തരവ് (അ)നം. 100/2013/ത.സ്വ.ഭ.വ. തീയതി: 15.03.2013 പ്രകാരം ഉത്തരവായിരുന്നു. 1.04.2013ന് പ്രാബല്യത്തിൽ വന്ന പരിഷ്കരണകാലാവധി 31.03.2018 ന് അവസാനിച്ചിട്ടുള്ളതാണ്.

06.03.2019 തിയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നം. 540/2019/ ത.സ്വ.ഭ.വ. പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണ പ്രാബല്യ തീയതി നഗരസഭകൾക്ക് 01.04.2016 ആയി നിശ്ചയിച്ച് ഉത്തരവായിരുന്നു. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും കെട്ടിടങ്ങളുടെ വിവരശേഖരണം, ഫോറം നം.6ലെ ഡാറ്റാ എൻട്രി ,വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും 2019 ജൂൺ മുതൽ 2019 സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കുന്നതിന് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിക്കുണ്ടായി. ആയതിന്റെ കാലാവധി അവസാനിച്ചിരിക്കെ നികുതി പരിഷ്കരണം പൂർത്തീകരിക്കാത്ത സ്ഥിതിവിശേഷമാണ് നഗരസഭയ്ക്കുള്ളത്. ആയതിനാൽ തന്നെ പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം വഴി നഗരസഭയ്ക്ക് ലഭ്യമാകേണ്ട വസ്തുനികുതി നാളിതുവരെ ഉറപ്പാക്കാൻ നഗരസഭയ്ക്കായിട്ടില്ല.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് നിയമം 233 4(2) അനുസരിച്ച് ഓരോ 5 വർഷകാലയളവും പൂർത്തിയാക്കുന്ന മുറയ്ക്ക് അടുത്ത 5 വർഷകാലയളവിലേയ്ക്ക് പ്രാബല്യത്തിൽ വരത്തക്കവിധം 25 % വർദ്ധനവ് വരുന്ന വിധത്തിൽ അടിസ്ഥാന വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. 01.04.2016 പ്രാബല്യത്തിൽ നടപ്പാക്കിയ നികുതി പരിഷ്കരണ കാലാവധി 31.03.21 ന് അവസാനിച്ചിരിക്കെ തുടർപരിഷ്കരണം നടപ്പാക്കേണ്ടതുമുണ്ട്.

വസ്തുനികുതിപരിഷ്കരണം നടപ്പാക്കുന്നതിനായി പഴയകെട്ടിടങ്ങളുടെ വിവരം സ്ഥലപരിശോധന നടത്തി കെട്ടിടങ്ങളുടെ വിസ്തൃതി തിട്ടപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിനായി സ്ഥലപരിശോധന നടത്തി ഫോറം 2 , ഫോറം 6 ലുള്ള വിവരശേഖരണം , നഗരസഭയിൽ നടത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി , വസ്തുനികുതി കണക്കാക്കുന്നതിന് വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയറാണ് സഞ്ചയ. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളും 2013 ലെ ഭേദഗതി ചട്ടവും തുടർ ഉത്തരവുകളും അടിസ്ഥാനമാക്കിയാണ് സഞ്ചയ വികസിപ്പിച്ചിട്ടുള്ളത്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയയിൽ പഴയ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രികൾ ഏറെ കുറേ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഡാറ്റാ എൻട്രി നടത്തിയ രേഖകളുടെ ആധികാരികതയും കൃത്യതയും ഉറപ്പാക്കി ഡാറ്റാ വെരിഫിക്കേഷൻ, അപ്രൂവൽ നടപടികൾ പൂർത്തീകരിക്കാൻ നഗരസഭയ്ക്കായിട്ടില്ല.

## 1-15 എ കുടുംബശ്രീ കമ്പ്യൂട്ടർ സെന്റർ, സെക്ഷൻ റൈറ്റേഴ്സ് എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിയെങ്കിലും നികുതിപരിഷ്കരണം പൂർത്തിയായില്ല

പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിനായി സ്ഥലപരിശോധന നടത്തി ഫോറം 2, ഫോറം 6 ലുള്ള വിവരശേഖരണം നഗരസഭയിൽ നടത്തിയിട്ടില്ല. കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി വരുത്തുന്നതിനായി കുടുംബശ്രീയെ ചുമതലപ്പെടുത്തുകയും അതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡാറ്റാ എൻട്രി അപൂർണ്ണവും തെറ്റുകൾ ഉള്ളതുമാണ്. ഏകദേശം 1,44,684 ഡാറ്റകൾ എൻട്രി നടത്തിയതിൽ 1,38,091 ഡാറ്റകൾ അപ്രൂവ് ആയിട്ടുള്ളതാണ്. ടി ഡാറ്റാകളിൽ പ്ലിന്ത് ഏരിയ ഡമ്മിയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഫോറം 6 തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലല്ല ഡാറ്റാ എൻട്രി നടത്തിയിരിക്കുന്നതെന്നും ഫയലിൽ കാണുന്നു. ARV രീതിയിൽ വസ്തുനികുതി നിശ്ചയിച്ചിരിക്കുന്ന പഴയകെട്ടിടങ്ങളുടെ യഥാർത്ഥ വിസ്തീർണ്ണം രേഖപ്പെടുത്താതെ ഡമ്മിയായി (ഉദാഹരണം 100 M2) ആയി തറവിസ്തീർണ്ണം നൽകിയാണ് മിക്ക പഴയ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടത്തിയിരിക്കുന്നതും അപ്രൂവൽ നടത്തിയതായും സഞ്ചയയിൽ കാണുന്നത്. യഥാർത്ഥ വിസ്തീർണ്ണം രേഖപ്പെടുത്താതെയുള്ള ഇത്തരം നടപടികൾ തുടർന്നുവരുന്ന നികുതിപരിഷ്കരണത്തേയും ബാധിക്കുന്നതാണ്.

നികുതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഡാറ്റാ എൻട്രി വരുത്തിയ കുടുംബശ്രീ കമ്പ്യൂട്ടർ സെന്ററിന് താഴെപറയും പ്രകാരം നഗരസഭ തുക നൽകിയിട്ടുണ്ട്. (ഫയൽ നമ്പർ - R1-824/16)

| ക്രമനമ്പർ | വേതനം | വൗച്ചർ നമ്പർ | തിയതി |
|---|---|---|---|
| 1 | 1,96,000 | 21703970 | 8.01.2018 |
| 2 | 2,12,000 | 21709535 | 13.04.2018 |
| 3 | 2,56,000 | 21800129 | 13.04.2018 |
| 4 | 1,00,000 | 21801134 | 19.07.2018 |
| 5 | 1,00,000 | 21901498 | 10.07.2019 |
| ആകെ | 8,64,000/- | | |

കൂടാതെ റവന്യൂ വിഭാഗത്തിലെ നികുതി പരിഷ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 9 സെക്ഷൻ റൈറ്റേഴ്സിനെ നിയോഗിച്ചിരുന്നു (ഫയൽ നമ്പർ - R1-12434/17). ഇതിനായി 2019-2020 ൽ വേതനമിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | മാസം | വേതനം | വൗച്ചർ നമ്പർ | തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 04/2019 | 64,000 | 21900439 | 9.05.2019 |
| 2 | 5/2019 | 59,872 | 21901074 | 15.06.2019 |
| 3 | 6/2019 | 64,128 | 21901539 | 11.07.2019 |
| 4 | 7/20 19 | 56,000 | 21901909 | 12.08.2019 |
| 5 | 8/2019 | 51,356 | 21902376 | 07.09.2019 |
| 6 | 9/2019 | 59,612 | 21903013 | 11.10.2019 |
| 7 | 10/2019 | 54,452 | 21903440 | 08.11.2019 |
| 8 | 11/2019 | 50,933 | 21903915 | 07.12.2019 |
| 9 | 12/2019 | 23,920 | 21905324 | 16.03.2020 |
| | 12/2019 | 55,739 | 21905325 | 16.03.2020 |
| 10 | 1/2020 | 48,000 | 22000163 | 16.04.2020 |
| 11 | 2/2020 | 47,980 | 22000167 | 16.04.2020 |
| 12 | 3/2020 | 52,740 | 22000746 | 02.06.2020 |
| | | 60,210 | 22000747 | 02.06.2020 |
| ആകെ | | 7,48,942/- | | |

ഇപ്രകാരം ജീവനക്കാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തിയെങ്കിലും നാളിതുവരെ നികുതിപരിഷ്ക്കരണം പൂർണ്ണമായി നടപ്പിലാക്കുവാൻ നഗരസഭയ്ക്കായില്ല.

1.04.2013 ന് പ്രാബല്യത്തിൽ വന്ന പരിഷ്ക്കരണകാലാവധി 31.03.2021ൽ 8 വർഷം പിന്നിടുകയാണ്. സ.ഉ(സാധാ.) നം. 540/2019/ ത.സ്വ.ഭ.വ. പ്രകാരം പരിഷ്ക്കരണ പ്രാബല്യ തിയതി 1.04.16 ആയി നിശ്ചയിച്ചിട്ടുണ്ട്. നികുതിപരിഷ്ക്കരണം വഴി പഴയ കെട്ടിടങ്ങളിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ട നികുതി ഈടാക്കുവാൻ നഗരസഭയ്ക്കായില്ല. മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം ഈയിനത്തിൽ കോടികളുടെ വരുമാനനഷ്ടം നികുതിയിനത്തിൽ നഗരസഭയ്ക്കുണ്ടായിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22 അനുസരിച്ച് നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കേണ്ടത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ നികുതിപരിഷ്ക്കരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടാകുന്നില്ല.

## 1-15 ബി പുതിയ കെട്ടിടങ്ങളുടെ ഡാറ്റാ വെരിഫിക്കേഷൻ, അപ്രൂവൽ നടപടി പൂർത്തീകരിച്ചിട്ടില്ല.

നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനായി 01.04.2013 പ്രാബല്യത്തിൽ സർക്കാർ ഉത്തരവ് (അ) നം. 100/2013/ത.സ്വ.ഭ.വ. തീയതി: 15.03.2013 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. നഗരസഭകളിലെ 2013 മുതലുള്ള കെട്ടിടങ്ങൾക്ക് പുതിയ നിരക്കിലുള്ള വസ്തുനികുതി നിരക്കാണ് ബാധകമായിട്ടുള്ളത്. നഗരസഭയുടെ വസ്തുനികുതി സോഫ്റ്റ് വെയറായ സഞ്ചയയിൽ 2013 മുതലുള്ള ഏകദേശം 30,000

പുതിയ കെട്ടിടങ്ങളുടെ ഡാറ്റാഎൻട്രി പൂർത്തീകരിച്ചതായി പറയുന്നുണ്ടെങ്കിലും സഞ്ചയയിൽ അപ്രൂവൽ ആയിട്ടുള്ളത് 6714 കെട്ടിടങ്ങളുടെ മാത്രമാണ്.

പുതിയ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി ഈടാക്കുന്നുവെങ്കിലും സഞ്ചയയിലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ നടപടികൾ അപൂർണ്ണമാണ്. പരിശോധനയ്ക്ക് വിധേയമാക്കിയ പുതിയ നികുതി നിർണ്ണയഫയലുകൾ സഞ്ചയയിൽ അപ്രൂവൽ ചെയ്തതായി കാണുന്നില്ല. കൂടാതെ ഫയലിലെ ഫോം 6, അസസ്മെന്റ് രജിസ്റ്ററിലെ നികുതി നിർണ്ണയവും സഞ്ചയയിലെ നികുതി നിർണ്ണയവും വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| ഫയൽ നമ്പർ | കെട്ടിടനമ്പർ | അസസ്മെന്റ് രജിസ്റ്റർ/ ഫോം 6 പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| DW4/B/388 /12-13 | 35/704-1 | 9869 | 8773 |
| “ | 35/704-2 | 11369 | 10107 |
| DW3/B/642 /15-16 | 35/728/1 | 3204 | 2848 |
| “ | 35/728/2 | 4268 | 4155 |
| “ | 35/728/3 | 4268 | 4155 |
| DW3/BA/187/7-8 | 23/1459/B | 98268 | 81177 |

സോഫ്റ്റ് വെയറിൽ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സഞ്ചയയിൽ വസ്തുനികുതി കണക്കാക്കുന്നത് എന്നതിനാൽ കൃത്യമല്ലാതെ നൽകുന്ന ഡാറ്റാ തെറ്റായ നികുതി നിർണ്ണയത്തിന് കാരണമാകും. ഡാറ്റാഎൻട്രിയ്ക്ക് ശേഷമുള്ള പരിശോധനയും അംഗീകാരവും കൃത്യമാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ വിവരശേഖരണം, ഫോറം നം.6ലെ ഡാറ്റാ എൻട്രി എന്നീ പ്രവർത്തനങ്ങൾ ഏറെ കുറേ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഡാറ്റാ എൻട്രി നടത്തിയ രേഖകളുടെ ആധികാരികതയും കൃത്യതയും ഉറപ്പാക്കി ഡാറ്റാവെരിഫിക്കേഷൻ, അപ്രൂവൽ നടപടികൾ പൂർത്തീകരിക്കാൻ നഗരസഭയ്ക്കായിട്ടില്ല. രസീതി എൻട്രി, ഡാറ്റാ പ്യൂരിഫിക്കേഷൻ, സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ എന്നിവ ഇനിയും പൂർത്തിയാകേണ്ടതുണ്ട്.

കേരളത്തിലെ നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിനായി 01.04.2013 പ്രാബല്യത്തിൽ സർക്കാർ ഉത്തരവ് (അ) നം. 100/2013/ത.സ്വ.ഭ.വ. തീയതി: 15.03.2013 പ്രകാരം ഉത്തരവായിരുന്നു. 06.03.2019 തിയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നം. 540/2019/ ത.സ്വ.ഭ.വ. പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകൾക്കും 2019 സെപ്റ്റംബർ വരെ പണി പൂർത്തീകരിക്കുന്നതിന് സമയം നൽകിയിരുന്നു. 2013 മുതൽ ഇതിനായി ജീവനക്കാരുടെ സേവനവും ഇതിനോടനുബന്ധിച്ച ചെലവുകളും നഗരസഭയ്ക്ക് ഉണ്ടായികൊണ്ടിരിക്കുന്നു. എന്നാൽ നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുഖ്യതനതുവരുമാനമായ വസ്തുനികുതി ഉറപ്പാക്കുവാൻ നഗരസഭയ്ക്കായില്ല. സർക്കാർ ഉത്തരവിന്റെ

കാലാവധി തീർന്നിരിക്കെ ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 1-15സി പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചില്ല - നഗരസഭയുടെ തനതുവരുമാനത്തിൽ കോടികൾ നഷ്ടം.

പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരണം നടത്തുമ്പോൾ സ.ഉ (എം.എസ്) നം.144/15/തസ്വഭവ തി 27.04.2015 പ്രകാരം തറ വിസതീർണ്ണം 2000 സ്ക്വയർ ഫീറ്റിൽ അധികരിക്കുന്ന വീടുകൾക്ക് നിലവിലുള്ള വസ്തുനികുതിയുടെ പരമാവധി 25% വരെ വർദ്ധനവ് വരുന്നതും വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വാർഷിക നികുതി പുന:നിർണ്ണയിക്കുമ്പോൾ വർദ്ധനവ് 100% വരെ ആകുന്നതുമാണ്. കുർക്കഞ്ചേരി,അയ്യന്തോൾ,ഒല്ലൂർ, ഒല്ലൂക്കര, വിൽവട്ടം എന്നീ 5 സോണൽ ഓഫീസുകളിലെ ഡിവിഷനുകൾ ഉൾപ്പെടെ 55 ഡിവിഷനുകൾ നഗരസഭയിലുണ്ട്.

2012-2013 ലെ കണക്കനുസരിച്ച് 1,52,731 കെട്ടിടങ്ങളും ആയതിൽ 30,546 കൊമേഴ്സ്യൽ കെട്ടിടങ്ങളും 1,22,185 റെസിഡൻഷ്യൽ കെട്ടിടങ്ങളും നഗരസഭയിലുണ്ട്. 2015-2016 ലെ കണക്കനുസരിച്ച് 1,62,239 കെട്ടിടങ്ങളും ആയതിൽ 32,448 കൊമേഴ്സ്യൽ കെട്ടിടങ്ങളും 1,29,791 റെസിഡൻഷ്യൽ കെട്ടിടങ്ങളും നഗരസഭയിലുണ്ട്. നികുതിപരിഷ്കരണം വഴി ഈ കെട്ടിടങ്ങളിൽ നിന്നും ലഭ്യമാകുമായിരുന്ന നികുതി നഗരസഭ നാളിതുവരെ ഉറപ്പാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം, ശിക്ഷാനടപടികൾ എന്നിവ പാടില്ലാത്തതാണ്. 2016, 2017ലെ വസ്തുനികുതി, സേവനനികുതികൾ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 പ്രകാരം നഗരസഭ നഷ്ടമാക്കി.

## 1-16 നികുതി ചുമത്തലിന് മുൻകാല പ്രാബല്യം- ചട്ടങ്ങൾക്ക് വിരുദ്ധം

2011ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടം 26 പ്രകാരം കെട്ടിടനികുതിയോടൊപ്പം സേവന ഉപനികുതി കൂടി ഈടാക്കാവുന്നതാണ്. നഗരസഭ കൗൺസിലിന്റെ 16.11.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം 1.04.2016 പ്രാബല്യത്തിൽ 10% സേവനനികുതി ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം ശുചിത്വപരിപാലനം, ജലവിതരണം,തെരുവ് വിളക്ക് പരിപാലനം, ഡ്രെയിനേജ് എന്നിവയ്ക്കായ് യഥാക്രമം 4%,3%,2%,1% നിരക്കിൽ ആകെ 10% സേവനനികുതി ഈടാക്കിവരുന്നു.

1998 ലെ കേരള മുനിസിപ്പാലിറ്റി (പുതിയ നികുതികളെ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ആദ്യമായോ അഥവാ പുതിയ നിരക്കിലോ ഏതെങ്കിലും നികുതി ചുമത്താൻ ഒരു കൗൺസിൽ തീരുമാനിച്ചു കഴിഞ്ഞാൽ അങ്ങനെയുള്ള നികുതിയുടെ നിരക്കും അത് ഏത് തിയതി മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും നികുതി ചുമത്തേണ്ടകാലയളവ് ഏതെങ്കിലുമുണ്ടെങ്കിൽ അത് ഏതെന്നും വിവരിച്ചു കൊണ്ടുള്ള വിജ്ഞാപനം അങ്ങനെയുള്ള നികുതി പ്രാബല്യത്തിൽ വരുന്നതിന് കുറഞ്ഞത് ഏഴ് ദിവസമെങ്കിലും മുൻപായി, സെക്രട്ടറി, മുൻസിപ്പാലിറ്റിയുടെ ആഫീസ് നോട്ടീസ് ബോർഡിലും ആ മുനിസിപ്പൽ പ്രദേശത്ത് വ്യാപകമായ പ്രചാരമുള്ളതും ആ പ്രദേശത്തെ ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതുമായ രണ്ടിൽ കുറയാത്ത ദിനപത്രങ്ങളിലും കേരള ഗസറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതും എന്നാൽ ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ ആ പ്രദേശത്ത് കൂടുതൽ

പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിൽ കൂടി പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

നിയമ വ്യവസ്ഥ ഇതായിരിക്കെ നഗരസഭ കൗൺസിലിന്റെ 16.11.2019 ലെ 1-ാം നമ്പർ തീരുമാനത്തിൽ 1.04.2016 പ്രാബല്യത്തിൽ സേവനനികുതി ഈടാക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. തുടർന്ന് 7.02.2020 ലെ കരട് വിജ്ഞാപനത്തിൽ നികുതി പ്രാബല്യ തീയതിയായി 1.04.2016 നിശ്ചയിച്ചിരിക്കുന്നു. ചട്ടത്തിലെ വ്യവസ്ഥ പാലിക്കാതെ ടി വിജ്ഞാപനം ഒരു പ്രാദേശിക പത്രത്തിൽ മാത്രമാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. വിജ്ഞാപനം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്നത് പാലിച്ചിട്ടുമില്ല. 7.02.2020 തിയതി വച്ച് ദിനപത്രത്തിൽ കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനായി നഗരസഭ നൽകിയിട്ടുള്ളതാണെങ്കിലും 4.03.2020 നാണ് വിജ്ഞാപനം പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് ഫയലിൽ കാണുന്നു (എന്നാൽ പത്രകുറിപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല). ചട്ടത്തിനനുസൃതമല്ലാതെ സ്വീകരിച്ച നടപടികൾക്ക് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന്( ഓഡിറ്റ് എൻക്വയറി നമ്പർ 66 - തിയതി .04.10.2021 ) മറുപടി ലഭ്യമാക്കിയില്ല. ചട്ടത്തിനനുസൃതമല്ലാതെ 1.04.2016 പ്രാബല്യത്തിൽ സേവനനികുതി ചുമത്തുവാൻ തീരുമാനിച്ച നഗരസഭ കൗൺസിലിന്റെ 16.11.2019 ലെ 1-ാം നമ്പർ തീരുമാനത്തിന്മേൽ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 വസ്തുനികുതി ഒഴിവാക്കിയതുമൂലം ഓരോ വർഷവും വാർഷിക നികുതിയിനത്തിൽ 7,81,996 രൂപ നഗരസഭ നഷ്ടമാക്കി

ഫയൽ നമ്പർ . R5/14875/21

കെട്ടിടങ്ങളിന്മേൽ ചുമത്താവുന്ന വസ്തുനികുതിയിൽ നിന്നും കെട്ടിടങ്ങളെ ഒഴിവാക്കുന്നതിന് 1994 ലെ കേരളമുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 235 ൽ വ്യവസ്ഥയുണ്ട്. സർക്കാർ വകയോ എയ്ഡഡോ, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളെ 1994 ലെ കേരളമുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 235 (ബി) പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി നൽകാവുന്നതുമാണ്. ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ V/352/24,V/352/25, V/352/26,V/352/27 എന്നീ നമ്പർ നൽകിയിരിക്കുന്ന 8395m2 വിസ്തൃതിയുള്ള 4 കെട്ടിടങ്ങളെ (8395x4=33580m2) വിദ്യാഭ്യാസ സ്ഥാപനം എന്ന് രേഖപ്പെടുത്തി 1.10.2006 മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

മേൽ കെട്ടിടങ്ങൾ ടി ഗണത്തിൽ പെടുന്നില്ല എന്ന് കണ്ടെത്തിയതിനാൽ R5/14875/21 ഫയൽ പ്രകാരം വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് എന്ന് കാരണം രേഖപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയ V/352/24,V/352/25, V/352/26,V/352/27 നമ്പർ കെട്ടിടങ്ങൾക്ക് ലൈബ്രറി സെസ്സ്, സർവ്വീസ് ടാക്സ് ഉൾപ്പെടെ 1,95,499 രൂപ നികുതി കണക്കാക്കി ആകെ വാർഷിക വസ്തുനികുതി 7,81,996 രൂപ ഡിമാന്റ് ചെയ്ത് 16.03.2021 ന് നോട്ടീസ് നൽകിയിരിക്കുന്നു. തെറ്റായ രീതിയിൽ നികുതി ഒഴിവാക്കിയതുമൂലം ഓരോ വർഷവും വാർഷിക വസ്തുനികുതിയിനത്തിൽ 7,81,996 രൂപ നഗരസഭ നഷ്ടമാക്കി.

റവന്യൂ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ ഈ കെട്ടിടത്തിലെ ചില കെട്ടിടഭാഗങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലാത്തതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 16.03.2021 ലെ റവന്യൂ ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിൽ ഈ കെട്ടിടത്തിലെ 5/583/1,2,9,5, 5/368, 7/817 2 A, 7/817/2B, 7/817/2C, 1/419, 1/419 A എന്നീ നമ്പർ കെട്ടിടങ്ങൾക്ക് നികുതി ചുമത്താത്തതുമാണ് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ കെട്ടിടങ്ങളുടെ AR വിവരം റിപ്പോർട്ട് ചെയ്യുന്നതിന്

നിർദ്ദേശം നൽകാവുന്നതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുടർനടപടികളൊന്നും ഫയലിൽ സ്വീകരിച്ചിട്ടില്ല. തെറ്റായ വസ്തുനികുതി നിർണ്ണയം വഴി ഓരോ വർഷവും വാർഷിക നികുതിയിനത്തിൽ 7,81,996 രൂപ നഗരസഭയ്ക്ക് നഷ്ടമായിരിക്കെ ഇതേ കെട്ടിടത്തിന്റെ മറ്റ് ഭാഗങ്ങൾ നികുതിയിൽ നിന്ന് ഒഴിവാക്കിയത് പരിശോധിച്ച് നികുതി വരുമാനം ഉറപ്പാക്കേണ്ടതാണ്.

## 1-18 വിനിയോഗക്രമത്തിന് വ്യത്യസ്തമായി വസ്തുനികുതി നിർണ്ണയം

ഫയൽ നമ്പർ R5-DW3/316/17-18

നഗരസഭ 35-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഷോഗൺകുറീസ് പ്രൈ.ലി എന്ന സ്ഥാപനത്തിന്റെ 451.17 $M^2$ കെട്ടിടത്തിന് 35/1805/1, 35/1805/2 കെട്ടിടനമ്പർ നൽകി 1.04.2019 പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 48.47 $M^2$ വിസ്തൃതിയുള്ള ബെയ്സ്മെന്റ് ഫ്ലോർ 'സ്റ്റോർ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 35/1805/2 എന്ന കെട്ടിടനമ്പർ നൽകിയിരിക്കുന്ന ഈ കെട്ടിടത്തിന്റെ ബെയ്സ്മെന്റ് ഫ്ലോറിന് 15 രൂപ നിരക്കിലാണ് ടാക്സ് നിർണ്ണയിച്ചിരിക്കുന്നത്. ഗോഡൗൺ എന്ന ഗണത്തിൽപെടുന്ന കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നു. വിനിയോഗക്രമത്തിന് അനുസൃതമായി നികുതി പുനനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 കുർക്കഞ്ചേരി സോണൽ ഓഫീസ് - വസ്തുനികുതി ഒക്യുപൻസി നൽകിയതിൽ കാലതാമസം

ഫയൽ KKY/BA/139/2014-15

തൃശ്ശൂർ നഗരസഭയിൽ 34-ാം ഡിവിഷനിൽ ശ്രീ. ടി.എസ്. അശോക്, P.A Holder, മാനേജിംഗ് ഡയറക്ടർ എന്നവരുടെ ഉടമസ്ഥതയിൽ 15734$m^2$ വിസ്തീർണ്ണത്തിൽ പണി തീർത്ത റെസിഡൻഷ്യൽ അപ്പാർട്ട്മെന്റിന്റെ പണി 18.01.2020 തീയതിയിൽ പൂർത്തീകരിച്ചതായി അറിയിച്ച് ഒക്യുപൻസി ആവശ്യപ്പെട്ട് കെട്ടിട ഉടമ റിട്ടേൺ സമർപ്പിച്ചിരുന്നു. ഫയൽ പ്രകാരം പ്ലാനിലെ അപാകത പരിഹരിക്കാൻ നിർദേശം നൽകിയിരിക്കുന്നത് 5.06.2020നാണ്. Fire NOC, Pollution Control Board ൽ നിന്നുള്ള അനുമതി എന്നിങ്ങനെ കംപ്ലീഷൻ നൽകുന്നതിനാവശ്യമായ രേഖകൾ ഇല്ലാതെയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കക്ഷി അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ടി വിവരം യഥാസമയം കക്ഷിയെ അറിയിച്ചില്ല. സ്ഥലപരിശോധന നടത്തി വിവരം കക്ഷിയെ അറിയിക്കുന്നതിന് നിർദേശം നൽകിയിരിക്കുന്നത് 5.06.2020 നാണ്.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടം) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കുകയോ കെട്ടിടത്തിൽ താമസം ആരംഭിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ തീയതി മുതൽ വസ്തുനികുതി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. ആയതുപ്രകാരം 34/43/(1) മുതൽ 34/43 (98) വരെ കെട്ടിടങ്ങൾക്ക് 01.10.2019 പ്രാബല്യത്തിൽ അർദ്ധവാർഷിക വസ്തുനികുതിയായി 1,85,471/- രൂപ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്തിരുന്നു. എന്നാൽ 03.05.2020ലെ ആർ.സി.2/100/2020 സർക്കുലറിന്റെ അടിസ്ഥാനത്തിൽ കെട്ടിടനികുതി ചുമത്തിയ കാലയളവ് പുനർനിർണ്ണയം ചെയ്യണമെന്ന 01.12.20ലെ കെട്ടിട ഉടമയുടെ അപേക്ഷയിൽ ഒക്യുപൻസി തീയതിയായ 11.11.2020 പരിഗണിച്ച് കെട്ടിടനികുതി 1.10.20 പ്രാബല്യത്തിൽ നികുതിനിർണ്ണയം ചെയ്ത് നൽകുകയുണ്ടായി.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1) 18.01.2020 ന് പണി പൂർത്തീകരിച്ചതായി അറിയിച്ച കെട്ടിടം പരിശോധിച്ച് കക്ഷിയെ വിവരം അറിയിച്ചിരിക്കുന്നത് 5.06.2020 നാണ്. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ചട്ടം 22 (3) പ്രകാരം നിർമ്മാണം ചട്ടങ്ങൾക്കനുസൃതമാണെന്ന് ബോധ്യമാവുകയും ചെയ്താൽ 15 ദിവസത്തിനുള്ളിൽ കൈവശ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ 15 ദിവസത്തിനുള്ളിൽ കൈവശസർട്ടിഫിക്കറ്റ് നൽകാത്തപക്ഷം അപ്രകാരമുള്ള ഒരു സർട്ടിഫിക്കറ്റ് ലഭിച്ചുവെന്ന് കണക്കാക്കാവുന്നതുമാണ്. കെട്ടിടം ചട്ടങ്ങൾക്കനുസൃതമല്ലായെന്ന വിവരം യഥാസമയം കക്ഷിയെ അറിയിച്ചിട്ടില്ല. മേൽ ചട്ടപ്രകാരം ടി കെട്ടിടത്തിന്റെ ഒക്യുപൻസി തിയതി 3.02.2020 ആകുന്നതാണ്.

2) 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടം) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം കെട്ടിടം പൂർത്തിയാക്കുകയോ കെട്ടിടത്തിൽ താമസം ആരംഭിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ തീയതി മുതൽ വസ്തുനികുതി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനാണ്. കെട്ടിടത്തിന്റെ പൂർത്തീകരണ തിയതി 18.01.2020 ആയതിന്റെ അടിസ്ഥാനത്തിൽ 01.10.2019 പ്രാബല്യത്തിൽ അർദ്ധവാർഷിക വസ്തുനികുതിയായി 1,85,471/- രൂപ ഡിമാന്റ് ചെയ്തിരുന്നു. എന്നാൽ ഒക്യുപൻസി തീയതിയിൽ നികുതി നിർണ്ണയിക്കാമെന്ന 03.05.2020ലെ ആർ.സി.2/100/2020 സർക്കുലറിന്റെ അടിസ്ഥാനത്തിൽ 1.10.20 പ്രാബല്യത്തിൽ നികുതി പുന:നിർണ്ണയം ചെയ്ത് നൽകുകയുണ്ടായി. അപേക്ഷ തീർപ്പാക്കുന്നതിനുണ്ടായ കാലതാമസവും KMBRചട്ടം 22(3) പ്രകാരമുള്ള ഒക്യൂപൻസി തിയതി നിർണ്ണയിക്കാത്തതും 01.10.2019 മുതൽ വസ്തുനികുതിയായി നഗരസഭയ്ക്ക് ലഭിക്കുമായിരുന്ന (2 X 1,85,471/-) 3,70,942 രൂപയും നഷ്ടമാക്കി. അപേക്ഷകൾ പരിശോധിച്ച് യഥാസമയം നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 അനധികൃത കെട്ടിടനിർമ്മാണങ്ങളുടെ വസ്തുനികുതി പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

കേരളാ മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233വകുപ്പ് 2ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

കുർക്കേഞ്ചരി,അയ്യന്തോൾ,ഒല്ലൂർ, ഒല്ലൂക്കര, വിൽവട്ടം എന്നീ 5 സോണൽ ഓഫീസുകൾ ഉൾപ്പെടെ 55 ഡിവിഷനുകൾ നഗരസഭയിലുണ്ട്. നഗരസഭയിലെ UA കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിന് സമയബന്ധിതമായി കക്ഷികൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം കെട്ടിട ഉടമകളിൽ നിന്നും കെട്ടിടനികുതി ഈടാക്കിയിട്ടുള്ളതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ( ഓഡിറ്റ് അന്വേഷണം 65/30.09.2021) വൻ തുക തന്നെ UA കെട്ടിടങ്ങളുടെ കുടിശ്ശികയായിട്ടുണ്ട്.

2016-2017 മുതൽ 2020-2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നഗരസഭയ്ക്കുള്ള UA കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|
| 2016-17 | 8449209/- | 910789/- | 75,38,420/- |
| 2017-18 | 10431499/- | 1763872/- | 86,67,627/- |
| 2018-19 | 11700553/- | 2169488/- | 95,31,065/- |
| 2019-20 | 9649955/- | 4729777/- | 49,20,178/- |
| 2020-21 | 12273605/- | 1240757/- | 1,10,32,848/- |

മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 539 - കിട്ടേണ്ട തുകകൾ വസൂലാക്കുന്നതിന് കാലാഹരണം, പ്രകാരം തുകകൾ നഷ്ടമാകുമെന്നതിനാൽ UA കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക സമയബന്ധിതമായി ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഒല്ലൂക്കര സോണൽ ഓഫീസിലെ അനധികൃത കെട്ടിടനിർമ്മാണങ്ങൾ ക്രമവത്ക്കരിച്ച് വസ്തു നികുതി അടവാക്കാത്തതിന്റെ വിവരം താഴെ ചേർക്കുന്നു

1994 ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് 242(5)പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും 3ാംഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകിയിട്ടുള്ളതും വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന: പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണെന്നും 16.11.2016 ലെ സ.ഉ (എം.എസ്) 170/2016നമ്പർ തസ്വഭവ പ്രകാരം അനധികൃതനിർമ്മാണം ,കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി, നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും ഉള്ള അധികാരമാണ് നൽകിയിരിക്കുന്നത് .അത്തരം കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകിയെന്ന കാരണത്താൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കുന്ന നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഒല്ലൂക്കര സോണൽ ഓഫീസിലെ അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പ്പറയുന്ന അപേക്ഷകരുടെ വീടുകൾക്ക് യു.എ നമ്പർ നല്കിയെങ്കിലും വസ്തു നികുതി അടവാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമനം. | യു.എ നമ്പർ | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം | ഈടാക്കേണ്ട നികുതി (മൂന്ന ഇരട്ടി നിരക്കിൽ കണക്കാക്കിയത്) | കുടിശ്ശികയുടെ വിവരം |
|---|---|---|---|---|---|
| 1 | 13/474 | കൃഷ്ണകുമാർ | 96.49m2 | 4342+217(cess) | 2017-18 |

| | | | | | |
|---|---|---|---|---|---|
| | /1/14/A | ആമ്പക്കാട്ട് | | | |
| | V/514/2 /A/557 | സലിം പുതുവീട്ടിൽ | 14m2 | 630+32(Cess) | 2016-17 II |
| | 9/614/6 | രാധാകൃഷ്ണൻ പയ്യപ്പാട്ട് | 46.38m2 | 1878+94(cess) | 2017-18 |
| | 9/134/1 | മുരളി കൂടത്തിങ്കൽ | 40m2 | 1800+90(cess) | 2017-18 |
| | 13/212/3 | തിമോത്തി വടക്കൻഹൗസ് | 12m2 | 2880+144(cess) | 2017-18 |
| | 13/212/4 | തിമോത്തി വടക്കൻഹൗസ് | 12m2 | 2880+144(cess) | 2017-18 |
| | 13/212/5 | തിമോത്തി വടക്കൻഹൗസ് | 12m2 | 5760+288 | 2017-18 |
| | 1/638/2 | ജസ്റ്റിൻ ആന്റണി കൊരട്ടി ഹൗസ് | 19.2 M2 | 5529+276(cess | 2018-19 |
| | X/849/11 | വി.വിനോദ് കുമാർ കണ്ടം കുമരത്ത് | 4.86m2 | 219+12 | 2019-20 |
| | IV/9/1 | മണി പടിഞ്ഞാറ്റൂട്ട് | 63.89m2 | 2875+144 | 2017-18 |
| | 6/410/7 | മണി ഐനാത്ത് | 87.78m2 | 3951+197(cess) | 2017-18 |
| | 10/217/1 | അജയകുമാർ മാമ്പുള്ളി | 15 M2 | 810+41 | 2017-18 |
| | `12/160/3 | ഫ്രാങ്കോ വടക്കൻ | 22 M2 | 1936+290 | 2017-18 |
| | 7/1019/1 | ചന്ദ്രൻ.കെ.കെ കരുമത്തിൽ | 44.16 M2 | 2184+109 | 2018-19 |
| | 7/715 | ചന്ദ്രശേഖരൻ | 116.68m2 | 6300+315 | 2019-20 |

| | | | | | |
|---|---|---|---|---|---|
| | | മണിക്കട്ടംപടി | | | |
| | 5/144 | ഫ്രാൻസിസ്.ടി.ഓ തെക്കനാത്ത് ഹൗസ് | 198.14 M2 | 10700+535 | 2019-20 |
| | 5/142 | രാമനാഥൻ ആഷിഖ് ഹൗസ് | 227.88 M2 | 12300+615 | 2019-20 |
| | 5/145/A | ബെഞ്ചമിൻ.പി കിന്നരപക്കത്ത് | 177 M2 | 9573+479 | 2019-20 |
| | 4/180 | അബ്ദുൾഷക്കീർ അബ്ദുൾ സലീം | 204.46 M2 | 11041+1840 | 2019-20 |
| | 13/444 | രാമൻ.കെ കോത്തേടത്ത് | 126.08 M2 | 6808+341 | 2019-20 |

ഇത്തരത്തിൽ അനധികൃത നിർമ്മാണങ്ങൾക്ക് വസ്തു നികുതി അടവാക്കാത്തതുമൂലം വസ്തു നികുതിയിനത്തിൽ കോർപ്പറേഷന് ആവർത്തന നഷ്ടം ഉണ്ടാകുന്നുവെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 റഗുലറൈസ് ചെയ്യാൻ ലഭ്യമായ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾക്ക് നോട്ടീസ് നൽകിയത് -തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഒല്ലൂക്കര സോണൽ ഓഫീസിലെ ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ റഗുലറൈസ് ചെയ്യാൻ ലഭ്യമായ താഴെ പ്പറയുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾക്ക് നോട്ടീസ് നൽകിയതായി കാണുന്നുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.ഇത്തരം കെട്ടിടങ്ങൾ സ്ഥാപനപരിധിയിൽ നിലനിൽക്കുന്നവ ആയതിനാൽ ഇവയെ അനധികൃത നിർമ്മാണമായി പരിഗണിച്ച് ഇവയ്ക്ക് പ്രത്യേക നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കാവുന്നതാണ്.

| ഫയൽ നമ്പർ | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം | നിരസിച്ച കാരണം |
|---|---|---|---|
| OLK3-5977/19 BR150/19-20 | ജോസ്.എം.പി മറോക്കി ഹൗസ് | 238 | നിലം എന്ന രേഖപ്പെടുത്തിയ തിനാൽ KLUഉത്തരവ് ഹാജരാക്കേണ്ടതാണ്. ആയത് ഹാജരാക്കിയിട്ടില്ല |
| OLK3-6015/19/BR 51/19-20 | കുഞ്ഞിപ്പാലു നെട്ടിശ്ശേരി | 134.7 | പ്ലിന്ത് ഏരിയ ഉള്ളതിനാൽ ആർ.ഡി.ഓയിൽ നിന്നും KLU ഉത്തരവ് ഹാജരാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | ആയത് ഹാജരാക്കിയിട്ടില്ല |
| OLK3-5910/19 /BR/47/19-20 | ജോൺ ജോർജ്ജ് കൈതമംഗലത്ത് | 198.36 | പബ്ലിക് & സെമി പബ്ലിക് സോണിൽ വരുന്ന സ്ഥലം പൗൾട്രി ഫാമിന് അനുവദനീയമല്ല. |
| OLK3-5667/19 BR/44/19-20 | ജി.രാമനാഥൻ ആശിഷ് അഞ്ജലി ഒല്ലൂക്കര | 244.37 | നിലം നികത്തു ഭൂമിയിൽ120M2 വരെയേ വാസഗൃഹം പാടുള്ളൂ |

റഗുലറൈസ് ചെയ്യാൻ ലഭ്യമായ അപേക്ഷകളിന്മേൽ വിവിധ കാരണങ്ങളാൽ പെർമിറ്റ് നിരസിക്കുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾ സ്ഥാപന പരിധിയിൽ നിലനിൽക്കുന്നവയാണ്.ഇവയെ അനധികൃതമായ നിർമ്മാണങ്ങളായി പരിഗണിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിച്ചിട്ടില്ല. ഇവയ്ക്ക് പ്രത്യേക നമ്പർ നൽകി മൂന്ന് ഇരട്ടി നികുതി ഈടാക്കാവുന്നതാണ്.കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിന് കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233വകുപ്പ് 2 വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1994ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ട്242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും 3 ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകിയിട്ടുള്ളതും 406വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോവ്യവസായ ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുന പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണെന്നും 16.11.16ലെ സ.ഉ (എം.എസ്) നം 170/2016തസ്വഭവ പ്രകാരം അനധികൃത നിർമ്മാണം കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ നമ്പർ നൽകി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും ഉള്ള അധികാരം ആണ് കോർപ്പറേഷനുകൾക്ക് നൽകിയിട്ടുള്ളത്. അത്തരം കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകിയെന്ന കാരണത്താൽ അനധികൃതനിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമനടപടികളിൽ 1999ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 147,2019ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ

ചട്ടങ്ങൾ ചട്ടം96 എന്നവ പ്രകാരമുള്ള നടപടികളിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.ഇപ്രകാരം ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നത് സ്ഥാപനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നിയമലംഘനങ്ങൾക്ക് പരിഹാരമാവുകയും ചെയ്യും .ഇതുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/11.8.2021) നൽകിയ മറുപടിയിൽ റഗുലറൈസ് ചെയ്യാത്ത കെട്ടിടങ്ങളുടെ ഫയലുകൾ ചട്ടപ്രകാരം യു.എ.നമ്പർ നൽകി ടാക്സ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.ഇത്തരം കെട്ടിടങ്ങൾ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ ,നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നെല്ലാം പരിശോധിച്ചിട്ടുണ്ടോ എന്നെല്ലാം പരിശോധിച്ച് നിയമപ്രകാരം റഗുലറൈസ് ചെയ്യാൻ സാധിക്കുന്നവ ഫീസ് ഈടാക്കി അനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തവ ഉണ്ടെങ്കിൽ അനധികൃതനിർമ്മാണങ്ങളുടെ പട്ടികയിൽ പെടുത്തി മേൽപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിൽമേൽനിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നില്ല

വിൽവട്ടം മേഖല കാര്യാലയത്തിലെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. മാത്രമല്ല അനധികൃതമായി നിർമ്മിച്ച ചില കെട്ടിടങ്ങൾ വ്യാപാര ആവശ്യങ്ങൾക്കായോ കച്ചവടത്തിനായോ ഉപയോഗിച്ച് വരുന്നു .

1994 കേരള മുനിസിപ്പാലിറ്റി ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരാവശ്യങ്ങൾക്കായോ വ്യവസായാവശ്യങ്ങൾക്കായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നല്കാൻ പാടില്ലാത്തതും അപ്രകാരം ഏതെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി പുനപ്പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. മാത്രമല്ല 16.11.16- ലെ സ.ഉ.(എം.എസ്)നം.170/2016 ത.സ്വ.ഭ.വ പ്രകാരം അനധികൃത നിർമ്മാണം, കെട്ടിടനിർമ്മാണചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ.നം നല്കി താൽക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നല്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനുമുള്ള അധികാരമാണ് കോർപ്പറേഷനുകൾക്കു നല്കിയിട്ടുള്ളത്. അത്തരം കെട്ടിടങ്ങൾക്ക് യു.എ നം നൽകിയെന്ന കാരണത്താൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമാനടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വിൽവട്ടം മേഖലാ കാര്യാലയത്തിലെ അനധികൃത നിർമ്മാണകെട്ടിടങ്ങളിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ 11.08.2021 ലെ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ഡിവിഷൻ | സ്ഥാപനത്തിന്റെ വിവരം | ഉടമ | യു. എ നം | വസ്തുനികുതി വിവരം |
|---|---|---|---|---|
| ഡിവിഷൻ | വാണിജ്യം | സുഗതൻ.ഇ. എ | 5/യു. | 5233*3=15699 |

| | | | | |
|---|---|---|---|---|
| 5 | | | എ/283/1 | |
| ഡിവിഷൻ 5 | ഹോസ്റ്റൽ | വസന്തൻ | 5/യു. എ/226 /3 | 40649*3=121947 |
| ഡിവിഷൻ 5 | ഹോസ്റ്റൽ | അജയകുമാർ | 5/യു. എ/215 | 21289*3=63849 |
| ഡിവിഷൻ 5 | ഹോസ്റ്റൽ | മാലിനി | 5/യു. എ/249 | 12432*3=40296 |
| ഡിവിഷൻ 5 | ഹോസ്റ്റൽ | നളിനി | 5/യു. എ/249/1 | 43384*3 |
| ഡിവിഷൻ 6 | അൺ എയിഡഡ് സ്കൂൾ | പ്രസിഡണ്ട് തൃശ്ശൂർ താലൂക്ക് കോപ്പറേറ്റീവ് എഡ്യൂക്കേഷണൽ സൊസൈറ്റി | 6 /യു.എ/234 /1 | 6157 *3 =18471 |
| ഡിവിഷൻ 6 | - | | 6 /യു. എ/234 /2 | 6157*3=18471 |
| ഡിവിഷൻ 6 | വാസഗൃഹം | ജെസ്സി | 6 /പി . യു. എ/1644 /1 | Nil |
| ഡിവിഷൻ | വാസഗൃഹം | സഫിയ | 6 /പി .യു. എ/654 /1 | Nil |
| ഡിവിഷൻ 7 | വാസഗൃഹം | മത്തായി പൊറിഞ്ചു | 7 /യു. എ1624 | 26100 |
| ഡിവിഷൻ 8 | വാസഗൃഹം | ബബിത | 8 /പി . യു. എ/486 /25 | Nil |
| ഡിവിഷൻ 8 | വാസഗൃഹം | സുരേഷ് | 8 /പി I യു. എ/484 /2 | Nil |
| ഡിവിഷൻ 8 | വാസഗൃഹം | സന്തോഷ് | 8 /യു. എ/335/1 | 3382*3 |
| ഡിവിഷൻ 8 | Do | Do | 8 /യു. എ/335 | 1393*3 |
| ഡിവിഷൻ | സ്റ്റഡി സെന്റർ | വികാരി | 9 /യു. | 49317+lc |

| | | | | |
|---|---|---|---|---|
| 9 | | മാർഗീവർഗീസ് സഹദാ പള്ളി | എ/435 /2 | |
| ഡിവിഷൻ 9 | ആശ്രമം | ശങ്കരൻ പൂജാരി | 9/യു. എ/943 | 56700 |
| ഡിവിഷൻ 9 | മൈത്രി ഹാൾ | മാർഗീ വർഗീസ് സഹദാ പള്ളി | 9 /യു. എ/1400 /2 | 83622 |
| ഡിവിഷൻ 9 | വാണിജ്യം | മച്ചാടൻ ചാമിക്കുട്ടി | 9/യു. എ /1392 | 20160 |
| ഡിവിഷൻ 13 | വാസഗൃഹം | തിമോത്തി വടക്കൻ | 13/യു. എ/181/2 | 918 |

അനധികൃതനിർമ്മാണം നടത്തിയ കെട്ടിടങ്ങളിൽമേൽ നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത്തരം കെട്ടിടങ്ങളിൽ കച്ചവടമോ, വ്യാപാരമോ നടത്തുന്നതിന് ലൈസൻസ് നല്കിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ ചെയ്യേണ്ടതുമാണ്.

## 1-23 യഥാസമയം വസ്തുനികുതി ഈടാക്കിയിട്ടില്ല നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിൽവട്ടം സോണൽ ഓഫീസിലെ ഫയൽ നം.VBA/57/2019-2020 പ്രകാരം 21.63m2 മൊബൈൽടവർ നിർമ്മിക്കുന്നതിന് Indus Towers,പാലാരിവട്ടം എന്ന സ്ഥാപനം അപേക്ഷ സമർപ്പിക്കുകയും VTM3/1773 /2019/30.08.2019 നമ്പറിൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തു. പെർമിറ്റിന് 29.08.2020 വരെ കാലാവധി ഉണ്ടായിരുന്നു.സ്ഥാപനം 28/12/2019ന് നിർമ്മാണം പൂർത്തിയാക്കിയതായി രജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്തിയിട്ടുണ്ട്. 15/09/2020നാണ് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചത്.

ഇതിലെ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/19-20 തീയതി 11.08.2021) നൽകിയ മറുപടി ചുവടെ ചേർക്കുന്നു.ഫയൽ നം.VBA/57/2019-20 തീയതി 15.09.2020 തീയതിയിൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 28/12/2019ന് 21.63ചതുരശ്രമീറ്റർ ഏരിയ വരുന്ന മൊബൈൽടവറിന് കെട്ടിടനമ്പർ നൽകി 2020-21അർദ്ധവർഷം മുതൽ 12978 രൂപ വസ്തുതികുതി + ലൈബ്രറി സെസ് + സേവനഉപനികുതി ചുമത്തിയിട്ടുള്ളതാണ്. നം.RC2/100/2020 LSGD തീയതി 03/05/2020സർക്കുലർ സ്പഷ്ടീകരണം പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയ തീയതിയുടെ അടിസ്ഥാനത്തിലാണ് നികുതി പ്രാബല്യം വരുത്തിയിട്ടുള്ളത്.

28/12/2019 ന് നിർമ്മാണം പൂർത്തിയാക്കിയ ടവറിന് 15/09/2020 ന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയതുവഴി വസ്തുനികുതി നിർണ്ണയിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. മാത്രമല്ല ഇക്കാലയളവിൽ 03/05/2020 ലെ നിയമം ബാധകമാകുകയുമില്ല. 2019-20ന് നികുതി നിർണ്ണയിക്കേണ്ട ടവറിന് ഒരു വർഷം വൈകിയതിന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് കാലതാമസം ഇല്ലാതെ നികുതി നിർണ്ണയിക്കുന്നതാണ് കോർപ്പറേഷന്റെ സാമ്പത്തികതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് സഹായകരം.

## 1-24 വിൽവട്ടം മേഖലാകാര്യാലയത്തിൽ യു.എ. രജിസ്റ്റർ നിയമപ്രകാരം എല്ലാ വിവരവും ചേർത്ത് എഴുതി സൂക്ഷിക്കുന്നില്ല

തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ് 29342/ആർ.എ.1/2014/ ത.സ്വ.ഭ.വ. തീയതി: 19.05.2014 പ്രകാരം അനധികൃത നിർമ്മാണം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഒരു പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും കെട്ടിട ഉടമയുടെ പേര്, യു.എ. നമ്പർ, കെട്ടിടത്തിന്റെ തരം, വിസ്തീർണം നികുതി ഈടാക്കി വരുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം അനധികൃതമായതിന്റെ കാരണം ഈ വിവരങ്ങൾ ചേർത്ത് ഡെപ്യൂട്ടി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. വിൽവട്ടം മേഖല കാര്യാലയത്തിന്റെ യു.എ. രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ വിവരവുംചേർത്ത് എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ നിയമപ്രകാരം എല്ലാ വിവരങ്ങളും ചേർത്ത് എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-25 മൊബൈൽ ടവർ നിർമ്മാണം -ക്രമവത്കരണം നടത്തിയിട്ടില്ല.

ഒല്ലൂക്കര മേഖലാ കാര്യാലയപരിധിയിൽ ഉൾപ്പെട്ട വില്ലേജ് സർവ്വേ നമ്പർ 109/4, 109/5,110/1ൽ ഉൾപ്പെട്ട 8.30ഏക്കർ സ്ഥലത്ത് കെട്ടിടനിർമ്മാണാനുമതി ഇല്ലാതെ നിർമ്മിച്ചിട്ടുള്ള മൊബൈൽ ടവറിന്റെ റഗുലേഷനായി 29.10.19ൽ ടവർ വിഷൻ ഇന്ത്യ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.ഫയൽ പരിശോധിച്ചതിൽ നിന്നും മൊബൈൽ ടവർ പണി പൂർത്തീകരിച്ച് 02.08.2019ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. അപാകതകൾ താഴെപറയുന്നു.

എ)പൊസ്സഷൻ സർട്ടിഫിക്കറ്റ് പ്രകാരം Class Of Land ഏതെന്നു രേഖപ്പെടുത്തിയിട്ടില്ല

ബി) KMBR 137(2) പ്രകാരമുള്ള കളർ സ്പെസിഫിക്കേഷൻ കാണുന്നില്ല

ഓഡിറ്റ് എൻക്വയറി 9/11.8.2021ക്ക് മേൽ മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ടെന്നാണ് മറുപടി നൽകിയിരിക്കുന്നത് ക്രമവത്കരണ ചട്ടം പ്രകാരം മൂന്നു ഇരട്ടി ഫീസ്ഈടാക്കി ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷൻ റൂൾ 9 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 പെർമിറ്റ് ഫീസ് അക്കൗണ്ടിൽ യഥാസമയം വരവ് വച്ചില്ല വാർഷികകണക്ക് പ്രകാരം പെർമിറ്റ് ഫീസിനത്തിൽ 1,19,23,830 രൂപ കുറവ്

ഫയൽ നം. DW5/BA/198/ 19-20

ശ്രീമതി.പ്രേമാവതി, അഴിവളപ്പിൽ വീട്, ആശ്രമം ലൈൻ, പൂങ്കുന്നം, തൃശ്ശൂർ എന്നവർ സർവെ നം.1781/IP, 1764/IP ലെ 32.05ആർ സ്ഥലത്ത് ആകെ 16285.58 ചതുരശ്രമീറ്റർ ബിൽറ്റ് അപ് ഏരിയ ഉള്ളതും 95 യൂണിറ്റുകൾ ഉൾക്കൊള്ളുന്നതുമായ റസിഡൻഷ്യൽ അപാർട്ട്മെന്റ്( A1 ഗ്രൂപ്പ്) നിർമ്മിക്കുന്നതിന് 03/09/2019 ന് ഓൺലൈനായി അപേക്ഷ നൽകി. വിവിധ അപാകതകൾ പരിഹരിക്കുന്നതിന് കക്ഷികളെ അറിയിക്കുകയും ആയത് പരിഹരിച്ചതായി ഫയലിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിന് കക്ഷികളെ നേരിട്ടാണ് അറിയിച്ചതെന്ന് ഫയലിൽ ചേർത്തിട്ടുണ്ട്.

തുടർന്ന് 08/10/2020 ന് DW5/BA/198/19-20 നമ്പരായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പെർമിറ്റ് നൽകിയിട്ടുണ്ട്. രസീത് നം.120530900007തീയതി.07.10.2020 പ്രകാരം 13248700രൂപ അടവാക്കിയതായി പെർമിറ്റ് അനുവദിച്ച ഉത്തരവിലും നോട്ട് ഫയലിലും ചേർത്തിട്ടുണ്ട്. രസീതിൽ Vishraam Builders & Developers എന്നാണ് ചേർത്തിട്ടുള്ളത്.

കക്ഷികൾ അടവാക്കേണ്ട ഫീയുടെ DW5/BA/198/19-20 നോട്ട് ഫയൽ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു;

| ഇനം | ഫീ |
|---|---|
| Registration Fee And Postal Charge | 500 |
| Permit Fee- (16286x15) | 2,44,290 |
| Permit Fee For Swimming Pool( 124x15) | 1,860 |
| Plot Development Fee(32.05x1000) | 32,050 |
| Additional FAR Fee(2594x5000) | 1,29,70,000 |
| Total | 1,32,48,700 |

1. KMBR Rule 31 പ്രകാരം തറവിസ്തീർണ്ണാനുപാതത്തിന്റെ മൂല്യം ആകെ നിലയുടെ പരമാവധി നിർമ്മാണവിസ്തീർണ്ണാനുപാതത്തെ പരിമിതപ്പെടുത്തുന്നതാണ്. ഈ കെട്ടിടത്തിന്റെ ആകെ ഫ്ലോർ ഏരിയ, പ്ലോട്ട് വിസ്തീർണ്ണം എന്നിവ യഥാക്രമം 12,208.68 M2, 3,205 M2 എന്നിങ്ങനെ ആണ്.

FAR - 12208.68m2 / 3205m2=3.81

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങളിലെ Rule 31 ടേബിൾ 2 പ്രകാരം അനുവദനീയമായ പരമാവധി FAR റസിഡൻഷ്യൽ A1 ഗണത്തിൽപെട്ട കെട്ടിടത്തിന് അധികഫീസ് കൂടാതെ 3ഉം, അധിക തറവിസ്തീർണ്ണത്തിന്റെ ഒരു ചതുരശ്രമീറ്ററിന് 5000രൂപ എന്ന തോതിൽ അധികഫീസോടുകൂടി 4ഉം ആണ്.

FAR റേഷ്യോ അനുവദനീയമായതിലും അധികമായതിനാൽ അധിക ഫീസ് ഈടാക്കേണ്ടതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അടവാക്കേണ്ട അധിക ഫീസ് - 12,208.68 - (3x3205) = 2593.68

=2594 X 5000= 1,29,70,000

2. കക്ഷികൾ 1,32,48,700 രൂപ അടവാക്കിയതായി ഫയലിൽ ചേർത്തിട്ടുണ്ട്. ആയതുപ്രകാരമാണ് 08/10/2020 ന് പെർമിറ്റ് നൽകിയി ട്ടുള്ളത്. എന്നാൽ രസീത് പരിശോധിച്ചതിൽ (നം.120530900007 തീയതി.07.10.2020) 13,24,870 രൂപ മാത്രമാണ് പെർമിറ്റ് ഫീ അടവാക്കിയതെന്ന് കാണുന്നു. ഈ തുക വരവ് വെച്ചതായി ഫയലിൽ ചേർത്തിട്ടുള്ള SBT തനതുഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് (അക്കൗണ്ട് നം.57069788272) പരിശോധിച്ചതിൽ നിന്നും ഈ തീയതിയിൽ രസീത് നം.മുഖേന പെർമിറ്റ് ഫീ ഇനത്തിൽ വരവ് വന്നിട്ടുള്ളത് 13,24,870 രൂപ മാത്രമാണ്. നിയമ പ്രകാരം ലഭിക്കേണ്ട തുകയിൽ നിന്നും 1,19,23,830 രൂപ കുറവാണ് കോർപ്പറേഷനിൽ വരവായി ചേർത്തിട്ടുള്ളത്.എന്നാൽ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ് (സോഫ്റ്റ് കോപ്പി)പ്രകാരം ഈ തീയതിയിൽ മുഴുവൻ തുകയും കക്ഷികൾ ട്രാൻസ്ഫർ ചെയ്തതായി കാണുന്നുണ്ട്.

3. തുക അടവാക്കിയതായി A5, DW5സെക്ഷൻ ക്ലർക്കുമാർ യഥാക്രമം 08.10.20, 12.10.20 എന്നീ തീയ്യതികളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ആയത് പരിശോധിച്ച കോർപ്പറേഷൻ സെക്രട്ടറി, പെർമിറ്റ് നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ വരവ് വച്ച തുകയുടെ കൃത്യത ഉറപ്പുവരുത്തിയതായി കാണുന്നില്ല.

മേൽഅപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(69/06.10.2021)ക്ക് 18.10.2021 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി പ്രകാരം 1324870രൂപ 07.10.2020 ന് വരവ് വച്ചിട്ടുണ്ട്. ബാക്കി തുക 31.03.2021 ന് മിസലേനിയസ് രസീതി പ്രകാരം വരവ് വച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. തുക വരവ് വച്ച 2 രസീതികളുടെ പകർപ്പ്

ഹാജരാക്കിയിട്ടുണ്ട്.

SBTഅക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പരിശോധിച്ചതിൽ 31.03.2021 ന് മിസലേനിയസ് രസീതി പ്രകാരം 15488631 രൂപ വരവ് വച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീതി നമ്പർ | തീയതി | തുക |
|---|---|---|
| 1205309000051 | 31.03.2021 | 1604602 |
| 1205309000053 | 31.03.2021 | 8536834 |
| 1205309000054 | 31.03.2021 | 5347195 |
| ആകെ | | 15488631 |

കോർപ്പറേഷൻ ഈ വരവുകൾ ഏതിനത്തിലെയാണ് എന്ന് പരിശോധിച്ച് കണ്ടെത്തിയിട്ടില്ല. ഇതിൽ നിന്നും പെർമിറ്റ് ഫീ ഇനത്തിലെ കുറവ് തുക 1,19,23,830 രൂപ കൂടാതെ 35,64,801രൂപ (1,54,88,631—1,19,23,830) ഏതിനത്തിലെയാണ് എന്ന് തിരിച്ചറിയാതെ മിസലേനിയസ് രസീത് ഇനത്തിൽ വരവ് വച്ചിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്.

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പാലിക്കാതെയാണ് വാർഷികകണക്കുകളും അതുമായി ബന്ധപ്പെട്ട രേഖകളും തയ്യാറാക്കുന്നതെന്ന് വ്യക്തമാണ്.

<u>അപാകതകൾ</u>

1. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 3(2),4(a),5(3),(4) ,6(2)(c),6(5) എന്നിവ പാലിച്ചിട്ടില്ല.

നിലവിലുള്ള നിയമങ്ങൾ പാലിച്ച് കൃത്യമായി കാഷ്ബുക്ക് പരിപാലിക്കുന്നില്ല. ദിവസവും കാഷ്ബുക്ക് ക്ലോസ് ചെയ്ത് അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.ബാങ്ക് ബുക്കിൽ തുക വരവ് വക്കുമ്പോൾ ആയത് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തുനോക്കി ഉറപ്പു വരുത്തുന്നില്ല. ബാങ്കിലെയും ബാങ്ക് ബുക്കിലെയും ബാലൻസ് മാസാന്ത്യത്തിൽ ഒരിക്കലെങ്കിലും പൊരുത്തപ്പെടുത്തുന്നില്ല.

2. ചട്ടം 8(2) പാലിക്കുന്നില്ല--ദിവസാവസാനം കാഷ്ബുക്ക് ഡേബുക്ക് ജേണൽബുക്ക് എന്നിവയിലെ എൻട്രികൾ അതാത് ലെഡ്ജറിലേക്ക് പോസ്റ്റ് ചെയ്യുന്നില്ല.

3. ചട്ടം16(2) പാലിക്കുന്നില്ല - എല്ലാ വരവുകളും പരിശോധിച്ച് കാഷ്ബുക്ക്,/ഡേബുക്കിൽ അതാത് ദിവസം തന്നെ ചേർക്കുന്നില്ല.

4. ചട്ടം 24(3) എല്ലാ ആഴ്ചയും ബാങ്ക് സ്റ്റേറ്റ് മെന്റ് ലഭ്യമാക്കി എല്ലാവരവുകളും ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് അക്കൗണ്ടന്റ് ഉറപ്പുവരുത്തിയിട്ടില്ല.

5. ചട്ടം 53 – മാസാന്ത്യത്തിൽ എല്ലാ ബാങ്ക്ബുക്കും ബാങ്ക് സ്റ്റേറ്റ്മെന്റും ലഭ്യമാക്കി പൊരുത്തപ്പെടുത്തുന്നില്ല. ഇപ്രകാരം ഒരു പത്രിക എല്ലാ മാസവും 7ന് മുമ്പ് തയ്യാറാക്കേണ്ടതാണ്.

6. ചട്ടം 54 പാലിക്കുന്നില്ല. ചട്ടത്തിൽ ഓരോ ദിവസം, ആഴ്ച, മാസം, 6മാസം, വർഷം എന്നിങ്ങനെ പ്രത്യേകകാലയളവുകളിൽ സെക്രട്ടറിയോ,അക്കൗണ്ട്സ് ഓഫീസറോ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്.

ഓരോ മാസാവസാനവും ഉറപ്പുവരുത്തേണ്ടവയിൽ 3(h) പാലിക്കുന്നില്ല.

ചട്ടം 3(h) – Reconciliation Of Accounting Records With Records Of Revenue Section, Health Section,Engineering Section, Planning Cell, Electricity Section, Water Section Should Be Done At The End Of Every Month.

എഞ്ചിനീയറിംഗ് സെക്ഷനിൽ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ തയ്യാറാക്കി ആയത് അക്കൗണ്ട്സ് സെക്ഷനിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. കൃത്യമായി വരവ് തയ്യാറാക്കി പൊരുത്തപ്പെടുത്തിയിരുന്നുവെങ്കിൽ മാസാവസാനം തന്നെ കളക്ഷനിൽ ഉണ്ടായ കുറവ് കൃത്യസമയത്ത് കണ്ടെത്താമായിരുന്നു. മാത്രമല്ല പെർമിറ്റ് നല്കുന്ന കാലയളവിൽ സെക്രട്ടറിയോ, എക്സിക്യൂട്ടീവ് എഞ്ചിനീയറോ രസീതി പരിശോധിക്കുകയോ വരവ് വച്ച തുകയുടെ കൃത്യത ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല.

പെർമിറ്റ് ഫീയിൽ എഞ്ചിനീയറിംഗ്, റവന്യൂ സെക്ഷനുകൾക്ക് ഉണ്ടായ വീഴ്ച മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ കണ്ടെത്തുകയോ ചെയ്തില്ല.

വർഷാന്ത്യ റീകൺസിലിയേഷനിൽ അധികമായി കണ്ട വരവ് മറ്റ് വരവുകൾ എന്ന ഹെഡിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ കൃത്യമായി നിർണ്ണയിക്കാനാവാത്ത വരവുകൾ ഇനിയുമുണ്ട് എന്നാണ് ഓഡിറ്റ് കണ്ടെത്തിയ പെർമിറ്റ് ഫീ അല്ലാതെ 35,64,801 രൂപയുടെ 31.03.2021 ലെ വരവ് ക്രെഡിറ്റ് ചെയ്തതിലൂടെ വ്യക്തമാകുന്നത്. കൃത്യമായ ആഭ്യന്തരനിയന്ത്രണത്തിന്റെ അഭാവമാണ് ഇപ്രകാരം 15488631രൂപ മിസലേനിയസ് രസീതായി വരവ് വക്കാനിടയാക്കിയത്. സ്ഥാപനത്തിന്റെ ഓരോ ഹെഡുകളിലുമുള്ള വരവുകൾ കൃത്യമല്ല എന്നാണ് ഇത് കാണിക്കുന്നത്. അക്കൗണ്ടിംഗ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുമില്ല എന്ന് വ്യക്തമാണ്.

അക്കൗണ്ടിംഗ് ചട്ടങ്ങൾ കൃത്യമായി പാലിക്കാത്തത് സ്ഥാപനത്തിന്റെ സാമ്പത്തികതാല്പര്യത്തിന് വിരുദ്ധമാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൃത്യമായി പാലിക്കുന്നതിനും ആഭ്യന്തരനിയന്ത്രണം കൂടുതൽ ശക്തമാക്കുന്നതിനും കോർപ്പറേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 പെർമിറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

തൃശ്ശൂർ കോർപ്പറേഷനിലെ 2019-2020 സാമ്പത്തികവർഷത്തെ പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫയൽ നം.DW4-BA-178/2019-20

ശ്രീ.ഷിജു ലൂയിസ്, ശ്രീ.സിജു സി തിമോത്തി എന്നിവർ 45.71m2 കൊമേഴ്സ്യൽ കെട്ടിടമായി ഒക്കുപ്പൻസി മാറ്റുന്നതിന് 19.08.2019 ന് അപേക്ഷ സമർപ്പിച്ചു.

കെട്ടിടത്തിന്റെ വിവരം

GF(Existing-Res)-- 64.05m2

GF(Existing – Com) – 45.71m2

FF(Existing-Res) – 78.95m2

ആകെ --- 188.71m2

എന്നാൽ 143m2 എന്നാണ് ഫയലിൽ ചേർത്തിട്ടുള്ളത്.

അടവാക്കിയ ഫീസ്

പെർമിറ്റ് ഫീ -- 46x15= 690

കോമ്പൗണ്ടിംഗ് ഫീ --- 46x15x2 = 1380

പോസ്റ്റൽ &ഇൻസ്പെക്ഷൻ ഫീ -- 150

ആകെ --- 2220 (രസീത് നം.119010113344/29.8.2019)

രസീതിൽ Construction Of Building – 690

Fee For Grant Of Permit --- 1380

Other Fee --- 150

Total --- 2220

ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് 29.08.2019 ന് 143m2 ന് അനുവദിച്ചു.

അപാകതകൾ

1. ഒല്ലൂക്കര വില്ലേജിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റിൽ ക്ലാസ് ഓഫ് ലാന്റ് (ഭൂമിയുടെ തരം) ചേർത്തിട്ടില്ല.

2. മുൻപ് നൽകിയ പെർമിറ്റിന്റെ വിവരം ലഭ്യമല്ല.ഒക്കുപ്പൻസി ചേഞ്ച് എന്നാണ് ഫയലിൽ ഉള്ളതെങ്കിലും പുതിയ പെർമിറ്റിന്റെ ഫീ വാങ്ങിയിട്ടുണ്ട്.

2. ഫയൽ നം.DW5-BA-640/2019-20

ബിജു എം ജെ മേലേടത്ത് എന്ന വ്യക്തി 63.7m2 വാസഗൃഹം പണിയുന്നതിന് 22.8.2019 ന് പെർമിറ്റ് ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു. നിലവിലുള്ള കെട്ടിടം പൊളിച്ചുകളഞ്ഞ് പുതിയ കെട്ടിടം പണിയുന്നതിനാണ് അപേക്ഷ. 420 രൂപയാണ് അടവാക്കേണ്ട ഫീ.

അപാകതകൾ

A. ഫീ അടവാക്കിയതിന്റെ രസീത് ഫയലിൽ ഇല്ല. ആയതിനാൽ തുക അടവാക്കിയതിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

B. പെർമിറ്റ് നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. 22.8.2019 ന് ലഭിച്ച അപേക്ഷയിൻമേൽ 20.10.2019 നാണ് പെർമിറ്റ് നൽകിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി 75/21.10.21 പ്രകാരം അപാകതകൾക്ക് കാരണമാരാഞ്ഞുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

3.ഫയൽ നം.DW5-BA-231/2019-20

പ്രസന്നകുമാർ കെ കെ,ശോഭ ഇ വി,ഹൃതിക് കെ പി എന്നവർ തൃശ്ശൂർ വില്ലേജിലെ 143/P നമ്പരിലെ 621m2 സ്ഥലത്ത് ഉള്ള BF+GF+3Floor+ Terrace കെട്ടിടത്തിന്റെ ഒരു ഭാഗത്തിന് ഒക്കുപ്പൻസി മാറ്റുന്നതിന് അപേക്ഷ 27.09.2019 ന് സമർപ്പിച്ചു. ഈ കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ലോർ ഒഴികെ മറ്റുള്ളതിന് കൊമേഴ്സ്യൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്.

356.82m2 ഡോർമിറ്ററിയുടെ ഒക്കുപ്പൻസി മാറ്റുന്നതിന് 30രൂപ നിരക്കിൽ 10710രൂപയും മറ്റ് ചാർജുകൾ അടക്കം 10860 രൂപ അടവാക്കുവാൻ കക്ഷികളെ അറിയിച്ചു. ഓരോ തവണയും അപാകതകൾ ഫയലിൽ ചേർത്തിട്ടുണ്ട്. 30.11.2020ന്

സൈറ്റ് പരിശോധിച്ചതിൽ അപാകതകൾ ഉണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നാളിതുവരെ ഈ ഫയലിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. അപേക്ഷകർ തുക അടവാക്കിയിട്ടുമില്ല.

നിലവിൽ പ്രവർത്തിക്കുന്ന ഒരു കെട്ടിടത്തിന് ഇപ്രകാരം നടപടികൾ സ്വീകരിക്കാതിരിക്കുന്നത് വസ്തുനികുതി ഇനത്തിൽ നഷ്ടമുണ്ടാക്കുന്നു.

4. നിശ്ചിതസമയപരിധിക്കുള്ളിൽ പെർമിറ്റ് അനുവദിക്കുന്നില്ല.

1999ലെ KMBR ചട്ടം 13,14 എന്നിവ അനുസരിച്ച് അപേക്ഷ ലഭിച്ച് 30ദിവസത്തിനുള്ളിൽ പെർമിറ്റ് അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. എന്നാൽ പല അപേക്ഷകളിലും നിശ്ചിതസമയപരിധിക്കുള്ളിൽ പെർമിറ്റ് നൽകുകയോ / നിരസിക്കുകയോ ചെയ്തിട്ടില്ല.

ഉദാഹരണങ്ങൾ

| ഫയൽ നം. | അപേക്ഷ സമർപ്പിച്ച തീയതി | പെർമിറ്റ് അനുവദിച്ച തീയതി |
|---|---|---|
| DW5-BA—134/2019-20 | 6.7.2019 | 16.9.2019 |
| DW5-BA—340/2019-20 | 28.11.2019 | 5.2.2020 |
| DW3-BA—62/2019-20 | 25.5.2019 | 6.11.2019 |
| DW3-BA—654/2019-20 | 12.3.2020 | 10.8.2020 |
| DW3-BA—20/2019-20 | 25.4.2019 | 6.9.2019 |

5. പെർമിറ്റിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിൻമേൽ അപാകതകൾ ഉണ്ടെങ്കിൽ ആയത് രേഖാമൂലം കക്ഷിയെ അറിയിക്കേണ്ടതാണ്. (KMBR2019 ചട്ടം 9) എന്നാൽ കോർപ്പറേഷനിലെ പെർമിറ്റ് ഫയലുകളിലൊന്നും തന്നെ രേഖാമൂലം അപാകതകൾ അപേക്ഷകനെ വിവരം അറിയിച്ചിട്ടില്ല.

ഉദാഹരണങ്ങൾ

ഫയൽ നം.--DW5-BA-198/2019-20— അപാകത

1.ബേസ്മെന്റ് ഫ്ലോർ Excavation 1.5മീറ്ററിൽ കൂടുതലാണ്. വിശദമായ ഡ്രോയിംഗ് ഇല്ല.

2.ഇനിഷ്യൽ ഫയർ NOC ,സ്ട്രക്ചർ ഡിസൈൻ ഇല്ല

DW5-BA_31/2019-2020

6. സർക്കുലർ നം.80/ആർഡി1/16/തസ്വഭവ തീയതി 9.9.2016 പ്രകാരം ഒറ്റത്തവണ നികുതി നിർണ്ണയിക്കൽ നപടികൾക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പെർമിറ്റിന്റെ ഒരു പകർപ്പ് റവന്യൂഅധികാരികൾക്ക് നൽകേണ്ടതാണ്.എന്നാൽ കോർപ്പറേഷനിൽ അപ്രകാരം പകർപ്പ് നൽകുന്നില്ല.

7. അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല.

1000 ചതുരശ്രമീറ്ററിൽ കൂടുതൽ അടിത്തറ വിസ്തീർണ്ണമോ 15മീറ്ററിൽ കൂടുതൽ ഉയരമുള്ളതോ ആയ കെട്ടിടങ്ങൾക്ക് (A1,A2,B,C,E,F,H ഗണത്തിൽ ഉള്ളവയിൽ) അഗ്നിശമനസേനാ ഡയറക്ടർ / ചുമതലപ്പെടുത്തിയ വ്യക്തിയുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ എല്ലാ ഫയലുകളിലും അപ്രകാരം സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ല.

ഉദാ-- DW5/BA/198/2019-20

ഫയർ NOC ഇല്ലാതെ കെട്ടിടം പ്രവർത്തിക്കുന്നുവെങ്കിൽ ആയത് അനധികൃതമായി കണക്കാക്കി U/A നമ്പർ നൽകി കേരളമുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നികുതി നിർണ്ണയിക്കാവുന്നതാണ്.

8. തദ്ദേശസ്വയംഭരണ(ആർ എ)വകുപ്പിന്റെ 27.6.2010ലെ 3669/ആർ എ1/09/തസ്വഭവ പ്രകാരം അപേക്ഷ ലഭിച്ച് ഒരാഴ്ചക്കകം ബിൽഡിംഗ് ഇൻസ്പെക്ടർ, ഓവർസിയർ അഥവാ സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പെർമിറ്റ് നൽകുന്നതിന് മുമ്പ് സ്ഥലം പരിശോധന നടത്തി റിപ്പോർട്ട് പെർമിറ്റ് നൽകുന്ന ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരം സമയപരിധി പാലിച്ച് കാണുന്നില്ല.

9. അവധി ദിവസങ്ങളിൽ അനധികൃതനിർമ്മാണങ്ങൾ തടയുന്നതിന് സ്ക്വാഡ് രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ(ആർ എ)വകുപ്പിന്റെ സ.ഉ.(ആർ ടി) നം.2229/2009/തസ്വഭവ തീയതി 27.08.2009 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.നഗരസഭാ സെക്രട്ടറി,എഞ്ചിനീയർ തുടങ്ങിയവർ അംഗങ്ങളായി ഇത്തരം സ്ക്വാഡ് രൂപീകരിക്കേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാണിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (75/21.10.21) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പെർമിറ്റ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ മേൽഅപാകതകൾ പരിഹരിക്കുവാനും തന്മൂലം ഉണ്ടാകുന്ന സാമ്പത്തികനഷ്ടം ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 നിർമ്മാണാനുമതിയില്ലാതെ ഹോസ്പിറ്റൽ കെട്ടിടത്തിൽ അധികമായി ആറ് നിലകൾ കൂടി പണിതീർത്തു.

തൃശ്ശൂർ കോർപ്പറേഷൻ ചെമ്പുക്കാവ് വില്ലേജിൽ 90854.45 M2 വിസ്തൃതിയിൽ 7 ബ്ലോക്കുകൾ പണിയുന്നതിന് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് DW3/PW7/BA/239/06-07 തി. 5.01.08 നമ്പർ പ്രകാരം നഗരസഭ അനുമതി നൽകിയിരുന്ന ബിൽഡിംഗ് പെർമിറ്റിൽ ഹോസ്പിറ്റൽ ബ്ലോക്ക് IV (BF+GF+8Floor) 14377.58m2 ൽ പണികഴിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ നിർമാണാനുമതി ഇല്ലാതെ തന്നെ അധികമായി 6 നിലകൾ കൂടി ഈ കെട്ടിടത്തിന്മേൽ പണിതീർത്തു.

ഹോസ്പിറ്റൽ ബ്ലോക്ക് IV (BF+GF+8Floor) 14377.58 M2 ൽ പണികഴിക്കുന്നതിനുള്ള പെർമിറ്റ് കാലാവധി 3.01.2017 വരെ നഗരസഭ പുതുക്കി നൽകിയിരുന്നു. എന്നാൽ അധികമായി 6 നിലകളുടെ നിർമ്മിതിയ്ക്കായി 25.09.2013 ന് കക്ഷി അപേക്ഷ സമർപ്പിച്ചുവെങ്കിലും 19.03.2021വരെ ഈ കെട്ടിടത്തിന് അനുമതി നൽകിയിട്ടില്ലാത്തതാണ്. സി2 – 3548/2015/ ഡി.ഡിസ് തി.5.05.2015 ഉത്തരവ് പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവൽ ബ്ലോക്ക് IV (BF+GF+14Floor) ലഭിച്ചുവെങ്കിലും എൺവയോൺമെന്റ് ക്ലിയറൻസ് ലഭ്യമല്ലാത്തതിനാൽ ബിൽഡിംഗ് പെർമിറ്റ് നഗരസഭ നൽകിയില്ല. അനുമതി ലഭിക്കുന്നതിന് മുൻപു തന്നെ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതായും ആയതിനെതിരെ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും 28.02.2017 ൽ ഫയലിൽ രേഖപ്പെടുത്തി കാണുന്നു. കെട്ടിടനിർമാണാനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ പണി പൂർത്തീകരിച്ച ഈ കെട്ടിടത്തിനെതിരെ സ്വീകരിച്ച നടപടി വിവരങ്ങൾ ഫയലിലില്ല. 3.01.2017 ന് പണിപൂർത്തീകരിച്ച IV (BF+GF+8Floor) ഹോസ്പിറ്റൽ കെട്ടിടത്തിന് 28.01.2019 ൽ പാർഷ്യൽ ഒക്യുപൻസി നഗരസഭ നൽകിയിട്ടുമുണ്ട്.

779/SEIAA/ECI/997/2015 തി.17.03.2018 നമ്പറായി എൻവയോൺമെന്റ് ക്ലിയറൻസ് കെട്ടിടത്തിന് ലഭിച്ചുവെന്ന്

ഫയലിൽ പറയുന്നുണ്ടെങ്കിലും സാക്ഷ്യപത്രം ഫയലില്ല. പെർമിറ്റ് കാലാവധി 9 വർഷം പൂർത്തീകരിച്ചതിനാൽ KMBR Rule 15A പ്രകാരമുള്ള XA കമ്മിറ്റിയുടെ ശുപാർശ പ്രകാരം (XA കമ്മിറ്റി ശുപാർശ തി. 28.12.2018) പെർമിറ്റിന്റെ കാലാവധി അഡീഷണൽ 6 നിലകൾക്ക് ഉൾപ്പെടെ DW3/PW7/BA/239/06-07 തി.20.03.2021 നമ്പറായി 22.02.2024 വരെ പുതുക്കി നൽകിയിരിക്കുന്നു. ആയതു പ്രകാരം കെട്ടിടത്തിന്റെ അധിക നിർമ്മാണം ക്രമവൽക്കരിച്ചിരിക്കുന്നു.

നാഷണൽ ബിൽഡിംഗ് കോഡ് 2016 പ്രകാരം 45 മീറ്ററിന് മുകളിൽ ഉയരം ആശുപത്രി കെട്ടിടത്തിനോ അതിനോടനുബന്ധിച്ച മറ്റ് ഒക്യുപ്പൻസികൾക്കോ അനുവദിക്കാനാകില്ല എന്നതിനാൽ ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും ഫൈനൽ ഫയർ NOC ഈ കെട്ടിടത്തിന് ലഭിച്ചിട്ടില്ലാത്തതാണ്. നാഷണൽ ബിൽഡിംഗ് കോഡിൽ വന്നിട്ടുള്ള മാറ്റങ്ങൾ പരിഗണിക്കേണ്ടതില്ലെന്നും ഇനിഷ്യൽ ഫയർ NOC അനുവദിച്ചിരിക്കുന്ന നിബന്ധന പാലിക്കുന്ന പക്ഷം കെട്ടിടത്തിന് ഒക്യുപൻസി നൽകാമെന്ന RB2/85/2021/LSGD തി.18.02.2021 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ അധികമായി നിർമ്മിച്ച 6 നിലകൾക്ക് 13.04.2021 ന് റെസിഡൻഷ്യൽ ഒക്യുപൻസി നൽകിയിരിക്കുന്നു.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1) ഫയർ റെസ്ക്യൂ നമ്പർ അനുമതിയിൽ 48.75 M ഉയരത്തിനാണ് അനുമതിനൽകിയിട്ടുള്ളത്. ആയതിൽ 29.85m ഹോസ്പിറ്റൽ കെട്ടിടത്തിനും 18.90m റെഡിഡൻഷ്യൽ ഒക്യുപൻസിയ്ക്കുമാണ് അനുമതിനൽകിയിട്ടുള്ളത്. നാഷണൽ ബിൽഡിംഗ് കോഡ് 2016 പ്രകാരം 45 മീറ്ററിന് മുകളിൽ ഉയരം ആശുപത്രി കെട്ടിടത്തിനോ അതിനോടനുബന്ധിച്ച മറ്റ് ഒക്യുപ്പൻസികൾക്കോ അനുവദിക്കാനാകില്ല എന്നറിയിച്ച് ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും എഫ്2-3840/2018 തി. 30.06.2018 നമ്പറായി അറിയിപ്പ് നൽകിയിട്ടുള്ളതാണ്. എന്നാൽ RB2/85/2021/LSGD തി.18.02.2021 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ 48.75 M ഉയരത്തിലുള്ള കെട്ടിടത്തിന് ഒക്യുപൻസി നഗരസഭ അനുവദിച്ചിരിക്കുന്നു. ഒക്യുപൻസിയ്ക്ക് അനുസൃതമായി കെട്ടിടം ഉപയോഗിക്കുന്നുവെന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണ്.

2) കെട്ടിടനിർമാണാനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ പണി പൂർത്തീകരിച്ച ഈ കെട്ടിടത്തിന്മേൽ നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. അനധികൃതമായി ആരംഭിച്ചതോ, നടന്നുകൊണ്ടിരിക്കുന്നതോ, പൂർത്തിയായതോ ആയ നിർമ്മാണങ്ങളിൽ മാറ്റം വരുത്തുകയോ ചെയ്യുന്ന സംഗതികളിൽ സെക്രട്ടറി, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 18 പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതും ഇല്ലായെങ്കിൽ നടപടി സ്വീകരിക്കാതിരുന്നതിന് മറുപടി നൽകേണ്ടതുമാണ്.

3) കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക UA കെട്ടിടങ്ങളുടെ വസ്തുനികുതിയായി നിർണ്ണയിക്കേണ്ടതാണ്. കെട്ടിടം നിയമാനുസൃതമാക്കുന്നുവരെ പണിപൂർത്തികരിച്ചിട്ടുള്ള ഈ കെട്ടിടത്തിന്റെ നിർമ്മാണം അനധികൃതമായി കണക്കാക്കേണ്ടതും ഈ കാലയളവിലേയ്ക്ക് UA ടാക്സ് നൽകുവാൻ ബാധ്യസ്ഥനാകുന്നതുമാണ്. ഇപ്രകാരം UA ടാക്സ് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയത് ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരം, ഇല്ലായെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കേണ്ടതാണ്.

4) അധിക നിർമ്മാണം ക്രമവൽക്കരിച്ച നൽകിയിരിക്കുന്നത് 20.03.2021 നാണ് എന്നിരിക്കെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന്റെ (BF+GF+8Floor) ഹോസ്പിറ്റലിന് പാർഷ്യൽ ഒക്യുപൻസി 28.01.2019ന് നൽകിയിരിക്കുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(3) ൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 380-ാം വകുപ്പിൽ അനുശാസിക്കുന്ന പ്രകാരമുള്ള കെട്ടിടനമ്പർ നൽകാൻ പാടില്ലാത്തതും അവയ്ക്ക് പ്രത്യേക നമ്പർ നൽകേണ്ടതുമാണെന്ന് വ്യവസ്ഥയുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) ൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ എന്തെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 242(5) പാലിക്കാതെ കെട്ടിടത്തിന് പാർഷ്യൽ ഒക്യുപൻസി നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ - 81/12 .11.2021)

## 1-29 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കോർപ്പറേഷൻ ഓഫീസിലെ / സോണൽ ഓഫീസിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും 1999ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം II(3),പട്ടിക (2) പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ലെന്ന കാണുന്നു.

1.കോർപ്പറേഷൻ മെയിൻഓഫീസ്

| ക്രമ നമ്പർ | പേര് പെർമിറ്റ് നമ്പർ | വിസ്തീർണം തരം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് നിരക്ക് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | ശാന്ത. കെ.കെ പാട്ടക്കുന്നത്ത് DW5-BA/38/19-20 | റസിഡൻഷ്യൽ 146.88 M2 | 5രൂപ | 734രൂപ | 475/119040-104380 /11.6.19 | 259രൂപ |
| 2 | കൃഷ്ണൻ, ജയശ്രീ.കെ.കെ കിള്ളിമംഗലത്ത് DW5-BA/85/19-20 | റസിഡൻഷ്യൽ 200.3 M2 | 10രൂപ | 2006രൂപ | 1185 119010-108775/18.7.19 | 821രൂപ |
| 3 | സുകുമാരൻ മേനാത്ത് പറമ്പിൽ DW5-BA/345 | Commercial 135.7 M2 | 15രൂപ | 2036രൂപ | 1270/119010125468 /27.1.2020 | 766രൂപ |

| | | | | | | | |
|---|---|---|---|---|---|---|---|
| | /19-20 | | | | | | |
| 4 | സുഭാഷ് .വി. വെളുത്തേടത്ത് ഹൗസ് കാനാട്ടുകര DW5-BA/532 /19-20 | Commercial 196.8 | 15രൂപ | 2952രൂപ | 1300/119010129895 /18.2.2020 | 1652രൂപ |
| 5 | വിപിൻരാജ്, വൃന്ദ വലിയപറമ്പിൽ | 266.81m2 റസിഡൻഷ്യൽ | 10രൂപ | 2668രൂപ | 750/119010108247 /5.10.19- | 1918രൂപ |
| 6 | ഹിമഡാനി ബോസ്കോ ജ്യൂവലേഴ്സ് DW3/BA /73/19-20 /6.11.19 | റസിഡൻഷ്യൽ 1838 M2 | 10 രൂപ | 18380രൂപ | 16280/119020108760 /6.11.19 | 2100 |
| | | | | | | 7516 |

7516 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ .70/7.10.2021

2) കൂർക്കഞ്ചേരി സോണൽ ഓഫീസ്

| ക്രമ നം. | പെർമിറ്റ് നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം/തരം | ഈടാക്കേണ്ട പെർമിറ്റ് ഫീസ്₹ | ഈടാക്കിയ പെർമിറ്റ് ഫീസ് ₹/തീയതി | കുറവ് ₹ |
|---|---|---|---|---|---|---|
| 1 | KKY/BA /231/19-20 | ശ്രീ.ജെയ്സൺ | 580m$^2$- വാണിജ്യം | 580*15=8700 | 320 / 16.8.2019 | 8380 |
| 2 | KKY/BA /236/19-20 | ശ്രീ.രാമനുണ്ണി | 142.56m$^2$- വാണിജ്യം | 142.56*15=2138 | 1526 / 4.9.2019 | 612 |
| 3 | KKY/BA /262/19-20 | ശ്രീ.ജോയ് | 355.22m$^2$- വാണിജ്യം 410.43m$^2$- | 355.22*15=5328 410.43*10=4104 | 1320 / 13.1.2020 | 8112 |

| | | | | | | |
|---|---|---|---|---|---|---|
| | | | ഗാർഹികം | | | |
| 4 | KKY/BA /290/19-20 | ശ്രീ.ഫ്രാൻസിസ് | 183.08m$^2$- ഗാർഹികം | 183.08*10=1831 | 1015 / 4.1.2020 | 816 |
| 5 | KKY/BA /301/19-20 | ശ്രീ.രാഹുൽ | 198.6m$^2$- ഗാർഹികം | 198.6*10=1986 | 1223 / 7.4.2019 | 763 |
| | ആകെ | | | | | 18683 |

18683 /- രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പല കെട്ടിടങ്ങളുടെയും പെർമിറ്റ് ഫീസ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പെർമിറ്റ് നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും പെർമിറ്റ് ഫീസിന്റെ കൃത്യത പരിശോധിക്കാൻ സാധ്യമായിട്ടില്ല.

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/12-08-21 ന് മറുപടി നൽകിയിട്ടില്ല.

കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 -ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ 539(2) പ്രകാരം ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന് യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്.

## 1-30 ഒക്യുപൻസി ലഭിച്ച് നികുതി നിർണ്ണയിച്ച കെട്ടിടത്തിന്മേൽ അനധികൃത നിർമ്മാണം

നഗരസഭ 35-ാം ഡിവിഷനിൽ ഫഹദ് ഹംസ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഡോർമടി കം കൊമേഴ്സ്യൽ കെട്ടിടത്തിന് DW3/BA/54/ 17-18 തി. 04.07.2017 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിട്ടുള്ളതും 22.10.2018 ന് പണിതീർത്തിട്ടുള്ള 822.19 M2 ടി കെട്ടിടത്തിന് താഴെപറയും പ്രകാരം 15.10.2019 ന് ഒക്യുപൻസി നൽകിയിട്ടുള്ളതുമാണ്.

| | |
|---|---|
| Ground Floor-Parking | 265.02 M2 |
| First Floor-Dormitory | 205.55 M2 |
| First Floor- Commercial | 59.47 M2 |
| Second Floor- Dormitory | 265.02 M2 |
| Stair Room | 27.13 M2 |
| Total | 822.19 M2 |

ഒക്യുപൻസിയ്ക്ക് അനുസൃതമായി 35/1025-3 മുതൽ 35/1025-7 വരെ കെട്ടിട നമ്പർ നൽകി 1.10.2018 പ്രാബല്യത്തിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. 30.10.2021 ന് അസിസ്റ്റന്റ് എഞ്ചിനീയർ, റവന്യൂ ഇൻസ്പെക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഒക്യുപൻസിയിൽ നിന്നും അധികമായി കെട്ടിടത്തിൽ നിർമാണം നടന്നതായി കണ്ടു. കെട്ടിടത്തിന്റെ Third Floor പാർശ്വഭിത്തി കെട്ടി ഷീറ്റ് റൂഫിംഗ് ചെയ്ത് നിർമിച്ചിരിക്കുന്നു. ആയതിന് അനുമതി ഇല്ലാത്തതും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്തതുമാണ്. 265.02 M2 വരുന്ന കെട്ടിത്തിന്റെ ഗ്രൗണ്ട്

ഫ്ലോറിന്റെ (Parking) പാർശ്വഭിത്തി കെട്ടി ഷട്ടർ ഇട്ട് ഗ്രൗണ്ട് ഫ്ലോറിന്റെ ഫ്രണ്ട് സൈഡ് ഉയർത്തി കെട്ടിയിരിക്കുന്നു. വാഹനങ്ങൾക്ക് പ്രവേശിക്കാനാകാത്ത വിധത്തിലാണ് ഈ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ കാണപ്പെട്ടത്. കെട്ടിടത്തിന് സെറ്റ് ബാക്ക് ഇല്ലാതെ ഇരുവശവും അടച്ച് കെട്ടി റൂഫിംഗ് ചെയ്ത് വാതിൽ വച്ചിരിക്കുന്നു. ഒക്യുപൻസി നൽകിയതിനുശേഷം കെട്ടിടത്തിൽ ഉണ്ടായിട്ടുള്ള നിർമാണം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാകേണ്ടതും കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമിക്കുകയോ പുനർനിർമിക്കുകയോ ചെയ്താൽ കെട്ടിടം നിയമാനുസൃതമാകുന്നതുവരെയോ പൊളിച്ച് നീക്കം ചെയ്യുന്നതുവരെയോ പ്രസ്തുത കെട്ടിടത്തിന് നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമായി നൽകുവാൻ ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

കെട്ടിടം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണോയെന്നും അധികനിർമ്മാണങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. കെട്ടിടം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാക്കേണ്ടതും നിയമാനുസൃതമാകുന്നതുവരെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഒക്യുപൻസി നൽകി കെട്ടിടനമ്പർ ലഭിച്ച കെട്ടിടങ്ങളിന്മേൽ ഉണ്ടാകുന്ന അധികനിർമ്മാണങ്ങൾ, മാറ്റം വരുത്തലുകൾ എന്നിവ കണ്ടെത്തുന്നതിനുള്ള സംവിധാനം നഗരസഭയിലുണ്ടാകുന്നില്ല. ഈ സംവിധാനത്തിന്റെ അഭാവം നഗരസഭയുടെ തനതുവരുമാനം നഷ്ടമാക്കുന്നു എന്നതിലുപരി നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ നഗരസഭയിൽ വർദ്ധിക്കുന്നതിന് ഇടയാക്കും. ഇത്തരം നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ നടപടികൾ നഗരസഭ കൈകൊള്ളേണ്ടതാണ്. ഈ വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം -76/01.11.2021

## 1-31 ബത് ലഹേം കോൺവെന്റ് സ്കൂൾ കെട്ടിടം-അപ്രൂവ്ഡ് പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടത്തിയത് ക്രമവത്കരിച്ചിട്ടില്ല.

ഒല്ലൂക്കര മേഖലാ കാര്യാലയ പരിധിയിലെ മുക്കാട്ടുകര ബത്‌ലേഹം കോൺവെന്റ് സ്കൂൾ കെട്ടിടം പണിയുന്നതിനായി സർവ്വേ നമ്പർ 347/7,347/14 സ്ഥലത്ത് നിലവിലുള്ള 1873.3 ച.മീറ്റർ.ബിൽഡിംഗിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ 74.46 ച.മീറ്റർ.പ്രത്യേക കെട്ടിടം പണിയുന്നതിന് അപേക്ഷ സമർപ്പിക്കുകയും OLK3/3884/19/BA/91/19-20 ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 1873.3ച.മീറ്റർ ബിൽഡിംഗിൽ നിന്നും രണ്ടു മീറ്റർ അകലത്തിൽ 74.46ച.മീറ്റർ പ്രത്യേക കെട്ടിടം പണിയുന്നതിന് ആണ് അനുമതി നൽകിയിരുന്നത്. ഹാജരാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തോട് ചേർന്നാണ് പുതിയ ബിൽഡിംഗ് പണിതിരിക്കുന്നത്. അതു പ്രകാരം കെട്ടിടനിർമ്മാണം അപ്രൂവ്ഡ് പ്ലാനിൽ നിന്നും വ്യതിചലിച്ചാണ്. പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണമായതിനാൽ റഗുലറൈസേഷൻ ആയി പരിഗണിക്കേണ്ടതാണ്. കെട്ടിടം റഗുലറൈസ് ചെയ്യുന്നതിന് കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾ 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അനുമതി, കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ്സ് റൂൾസ് റൂൾ 5(4)പ്രകാരം ച.മീറ്റർ അധികരിക്കുന്ന കെട്ടിടങ്ങൾക്ക് ഫയർ എൻ.ഓ.സി ആവശ്യമാണ്. ഇതൊന്നും

ഹാജരാക്കാതെയാണ് കംപ്ലീഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (14/12.08.21)യ്ക്ക് മറുപടി നൽകിയിരി ക്കുന്നത് മേൽകെട്ടിടം നിർമ്മാണാനുമതിയിൽ നിന്നും വ്യതിചലിച്ചിരിക്കുന്നതിനാൽ ക്രമവത്കരിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയതു സമർപ്പിക്കുന്ന മുറയ്ക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കാവുന്ന താണെന്നുമാണ്.

പെർമിറ്റ് എടുക്കാതെ അല്ലെങ്കിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കികൊണ്ട് നിർമ്മാണം ക്രമവത്കരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരളാ മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണിപൂർത്തിയാക്കുകയോ അത് വകുപ്പ് വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ട് ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തു നികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നുംതന്നെ നഗരസഭ സ്വീകരിച്ചിട്ടില്ല. ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതും ആയത് വരെ മൂന്നിരട്ടി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

## 1-32 ജില്ലാ സഹകരണബാങ്ക് അനധികൃത നിർമ്മാണം -റവന്യൂ റിക്കവറി - തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ്

ഫയൽ നം VR /85/15

വിൽവട്ടം മേഖലാ കാര്യാലയത്തിൽ ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ശതാബ്ദി സ്മാരക മന്ദിരം അനധികൃത നിർമ്മാണം എന്ന് കണക്കാക്കി യു. എ./5/418/9 മുതൽ യു. എ./5/418 /18 വരെയുള്ള കെട്ടിടനമ്പറുകൾ അനുവദിച്ചിട്ടുണ്ട്. 2/2006-07 അർദ്ധ വർഷം മുതൽ സാധാരണ നിലയിലുള്ള നികുതി നിർണയം നടത്തിയിട്ടുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും മൂന്നാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും 406 -ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാകേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസെൻസോ നല്കുവാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ കെട്ടിടഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നല്കി പുനപ്പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്. അനധികൃത നിർമ്മാണം പൊളിച്ചു നീക്കുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ ചുമത്തപ്പെട്ട കെട്ടിട നികുതി അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കണമെന്ന് 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം സഹകരണ ബാങ്കിന്റെ കാര്യത്തിൽ ചെയ്യാത്തതിനാൽ എ.ജിയുടെ (2013-14) ഓഡിറ്റ് പരമാർശവും നില്ക്കുന്നുണ്ട്. നികുതിക്കുടിശിക ഈടാക്കാൻ പലപ്പോഴായി ഇക്കാര്യത്തിൽ ബാങ്കുമായി കത്തിടപാടുകൾ നടന്നിട്ടുള്ളതായി ഫയൽ പരിശോധനയിൽ

മനസ്സിലാക്കാനായി. ബാങ്ക് കെട്ടിടം ഇത് വരെ ക്രമവത്കരണം നടത്തുകയോ നികുതി കുടിശ്ശിക പൂർണമായും അടവാക്കുകയോ ചെയ്തിട്ടില്ല . ഇതുമായി ബന്ധപ്പെട്ട് 17/12/2020 ലെ 2020/3350/ 08-27 നമ്പർ പ്രകാരം സെക്രട്ടറി റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയിട്ടുണ്ട് എന്ന് 11.08.2021ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് 17.08.21ന് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറികൾ പ്രകാരം നികുതി ഈടാക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് 242-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 വിൽവട്ടം സോണൽ ഓഫീസിൽ പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ കെട്ടിടനിർമ്മാണ അപേക്ഷകളുടെ വിവരം ചേർക്കുന്ന പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ട വിധം തദ്ദേശസ്വയംഭരണ(ആർ എ) വകുപ്പിന്റെ 02.12.2015 ലെ സർക്കുലർ നം. 12900/ആർ എ 1/2015 /തസ്വഭവ പ്രകാരം വിശദമാക്കിയിട്ടുണ്ട്.

1.തദ്ദേശസ്വയംഭരണവകുപ്പിന്റെ 20.06.2007 ലെ 24136/ആർ എ1/2007/തസ്വഭവ നം.സർക്കുലറിലെ അപ്പൻഡിക്സ് 1 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്.രജിസ്റ്ററിലെ പേജ് നം.നമ്പർ ക്രമത്തിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.രജിസ്റ്ററിലെ വിവരങ്ങൾ വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്ററിലെ വരികളെല്ലാം പൂർണ്ണമായി വിനിയോഗിക്കേണ്ടതാണ്. രേഖപ്പെടുത്തലുകൾക്കിടയിൽ ശൂന്യമായി ഇടുന്ന പേജുകളും വരികളും റദ്ദുചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2.കെട്ടിടനിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ അപേക്ഷാഫീസ് സഹിതം സ്വീകരിക്കേണ്ടതും ഫ്രണ്ട്ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. എല്ലാ കെട്ടിടനിർമ്മാണ അപേക്ഷകളും അപൂർണ്ണമോ അപാകതയുള്ളതോ ആണെങ്കിൽകൂടി ആയത് കറന്റ് നമ്പറിന്റെ ക്രമത്തിൽ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി സമയക്രമത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.രജിസ്റ്ററിലെ കോളം 1 ൽ ക്രമനമ്പറും കോളം 2 ൽ കറന്റ് നമ്പരും ഓഫീസിൽ അപേക്ഷ ലഭിച്ച തീയതിയും നിർബന്ധമായും ചേർത്തിരിക്കണം. കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്.

3.അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ പരിശോധനക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നതു സംബന്ധിച്ച വിവരങ്ങൾ കൃത്യമായി യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

4.പെർമിറ്റ് ഫീസ് അടവാക്കുന്ന രസീത് നമ്പർ,തുക,പെർമിറ്റ് നമ്പർ എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കണം. പെർമിറ്റ് പുതുക്കിയാൽ വിവരം ചേർക്കേണ്ടതാണ്.

5.എല്ലാ മാസവും നിശ്ചിതദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

സ്ഥാപനത്തിലെ രജിസ്റ്റർ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല.അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/2019-2020തീയതി 10.08.2021) അപാകതകൾ പരിഹരിച്ച് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 1-34 നോട്ടീസ് നൽകിയ /നിരസിച്ച പെർമിറ്റ് അപേക്ഷകളിൽ തുടർ നടപടികൾ ഇല്ല - അപാകതകൾ

വിൽവട്ടം സോണൽ ഓഫീസ് പരിധിയിലുള്ള കെട്ടിടങ്ങൾ വിവിധ കാരണങ്ങളാൽ റഗുലറൈസ് ചെയ്യാതെ നിലനിൽക്കുന്നത് മൂലം കോർപ്പറേഷന് നികുതി ഇനത്തിൽ നഷ്ടമുണ്ടാകുന്നു.മാത്രമല്ല അനധികൃത കെട്ടിടങ്ങൾക്കെതിരെ യാതൊരു നടപടികളും സ്വീകരിക്കാത്തത് നിയമലംഘനം തുടരുന്നതിന് കാരണമാകുന്നു.

1. വിൽവട്ടം സോണൽ ഓഫീസിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ റഗുലറൈസ് ചെയ്യാൻ സമർപ്പിച്ച അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ഫയൽ നം | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം | നിരസിച്ച കാരണം | അഭിപ്രായം |
|---|---|---|---|---|
| VBA/362/ 2019-2020 | കെ വി പ്രഭാകരൻ | 34.11m2 | കൈവശാവകാശസർട്ടിഫിക്കറ്റ് പ്രകാരം നിലമാണ് | 09.03.2020 ന് നോട്ടീസ് നൽകി |
| VBA/361/ 2019-2020 | സന്തോഷ് ചൂണ്ടൽ | 95.02m2(95.02m2 കെട്ടിടം നിലവിൽ ഉണ്ട്.അതിൽ Extension ആണ്) | പ്ലാനിലെ അളവുകൾ ശരിയല്ല | 22.06.2020 ന് നോട്ടീസ് നൽകി |
| VBA/395/ 2019-2020 | ടി പി പ്രകാശ് താഴത്ത് | 119.44m2 നിലവിലുള്ള കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്നു | | 22.06.2020ന് നോട്ടീസ് നൽകി |
| VBA/109/ 2019-2020 | ദിലീപ്കുമാർ തോട്ടുപുര | 271.08m2 നിലവിലുള്ള | കൈവശാവകാശസർട്ടിഫിക്കറ്റിൽ നിലമാണ് | 20.05.2020ന് നോട്ടീസ് |

| | | | | |
|---|---|---|---|---|
| | | വീടിന്റെ മുകൾനിലയാണ് | | നൽകി |
| VBA/279/ 2019-2020 | എം വി മോഹനൻ | 45.36m2(55 M2 പഴയ കെട്ടിടം ഉണ്ട്) | 55m2 പഴയ കെട്ടിടം ഉണ്ട് എന്നാൽ പ്ലാനിൽ 61.13 ആണ്. തിരുത്തൽ വരുത്തണം | 13.01.2020ന് നോട്ടീസ് നൽകി. |
| VBA/347/ 2019-2020 | സതീശ് തൈവളപ്പിൽ | 217.74m2 | നിലമാണ്. RDO ഉത്തരവ് വേണം | 11.05.2020ന് നോട്ടീസ് നൽകി |
| VBA/89/ 2019-2020 | മധു കെനായർ, സ്മിത | 27.94m2(43.59m2 വാണിജ്യ കെട്ടിടം ഉണ്ട്) | പ്ലാനിൽ അപാകത ഉണ്ട്.മാസ്റ്റർ പ്ലാനിൽ റെസിഡൻഷ്യൽ സോൺ ആണ്. | 27.09.2019ന് നോട്ടീസ് നൽകി. |

*അംഗീകൃതമാസ്റ്റർ പ്ലാനിൽ പാഡിസോൺ ആണ്.200m2ന് മുകളിൽ വിസ്തീർണ്ണമുണ്ട്. 120m2ന് മുകളിൽ പെർമിറ്റ് നൽകാനാവില്ല.

റഗുലറൈസ് ചെയ്യാൻ ലഭ്യമായ അപേക്ഷകളിൻമേൽ വിവിധ കാരണങ്ങളാൽ പെർമിറ്റ് നിരസിക്കുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾ സ്ഥാപനപരിധിയിൽ നിലനിൽക്കുന്നവയാണ്. ഇവയെ അനധികൃതമായ നിർമ്മാണങ്ങളായി പരിഗണിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ശ്രദ്ധിച്ചിട്ടില്ല. ഇവക്ക് പ്രത്യേകനമ്പർ നൽകി 3 ഇരട്ടി നികുതി ഈടാക്കാവുന്നതാണ്.കേരള മുനിസിപ്പാലിറ്റി ആക്ട് 242 വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റി ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളോ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233ാംവകുപ്പ് 2ാംവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ അതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ 2 ഇരട്ടി വരുന്ന തുകയും ചേർത്തുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ വസ്തുനികുതിയായി ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1994ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് 242(5) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും 3-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നല്കിയിട്ടുള്ളതും, 406-ാം വകുപ്പ് പ്രകാരമുള്ള നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ വ്യവസായ ആവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നല്കുവാൻ പാടില്ലാത്തതും അപ്രകാരം എന്തെങ്കിലും നല്കിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിയ്ക്കും നോട്ടീസ് നല്കി അത് പുന:പരിശോധിയ്ക്കേണ്ടതും, റദ്ദ് ചെയ്യേണ്ടതുമാണെന്നും, 16.11.2016 ലെ സ.ഉ.(എം.എസ്) നം.170/2016 തസ്വഭവ. പ്രകാരം അനധികൃത നിർമ്മാണം, കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിയ്ക്കപ്പെടുന്ന വാസഗൃഹങ്ങൾക്ക് യു.എ നമ്പർ

നല്കി താല്ക്കാലികമായി റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നല്കി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നല്കുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും ഉള്ള അധികാരം ആണ് കോർപ്പറേഷനുകൾക്ക് നല്കിയിട്ടുള്ളത്. അത്തരം കെട്ടിടങ്ങൾക്ക് യു.എ നമ്പർ നല്കിയെന്ന കാരണത്താൽ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിക്കേണ്ട നിയമനടപടികളിൽ 1999 ലെ കേരളമുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 147, 2019ലെ കേരളമുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 96 എന്നിവ പ്രകാരമുള്ള നടപടികളിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇപ്രകാരം ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നത് സ്ഥാപനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നിയമലംഘനങ്ങൾക്ക് പരിഹാരം ഉണ്ടാകുകയും ചെയ്യും.

2. അപാകതകൾ പരിഹരിക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും ആയത് നാളിതുവരെ പരിഹരിക്കുകയോ പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ല.

ചില ഉദാഹരണങ്ങൾ

| ഫയൽ നം | അപേക്ഷകന്റെ വിവരം | വിസ്തീർണ്ണം | നിരസിച്ച കാരണം | അഭിപ്രായം |
|---|---|---|---|---|
| VBA/83/ 2019-2020 | അശോകൻ സി വി ചുള്ളിക്കാട്ടിൽ | 60m2 | നിലമാണ്. LLMC തീരുമാനം വേണം | 05.09.2019 ന് നോട്ടീസ് നൽകി. |
| VBA/14/ 2019-2020 | വിമൽ ജേക്കബ് ചിറയത്ത് | 197.38m2 | നിലമാണ്. 120m2ൽ ലിമിറ്റ്ചെയ്യണം | 11.07.2019 ന് നോട്ടീസ് നൽകി. |
| VBA/360/ 2019-2020 | തങ്കപ്പൻ കെ കെ കടവത്തുപറമ്പിൽ | 59.28m2 | ബിടിആർ പകർപ്പ് ഇല്ല | 27.05.2020ന് നോട്ടീസ് നൽകി |
| VBA/220/ 2019-2020 | വിദ്യ കെ ആർ കരുവാൻ വീട് | 41.95m2 | നിലമാണ്. RDO ഉത്തരവ് വേണം | 30.12.2019ന് നോട്ടീസ് നൽകി |
| VBA/318/ 2019-2020 | ശോഭ വിചിത്രൻ | 105.70m2 | നിലമാണ്. RDO ഉത്തരവ് വേണം | 03.02.2020ന് നോട്ടീസ് നൽകി. |
| VBA/88/ 2019-2020 | Leela Pulikkunnath House | 59.97m2 | പെർമിറ്റ് ഫീ അടവാക്കാൻ ആവശ്യപ്പെട്ട | 18.02.2020 ന് കത്ത് നൽകി. |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2019-20തീയതി11.08.2021) ന് നൽകിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾ അപാകതകൾ പരിഹരിച്ചിട്ടുണ്ടോ, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നെല്ലാം പരിശോധിച്ച് നിയമപ്രകാരം റഗുലറൈസ് ചെയ്യാൻ സാധിക്കുന്നവ ഫീസ് ഈടാക്കി അനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തവ ഉണ്ടെങ്കിൽ അനധികൃതനിർമ്മാണങ്ങളുടെ പട്ടികയിൽ പെടുത്തി മേൽ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 പെർമിറ്റുകൾ യഥാസമയം പുതുക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്യുന്നില്ല.

തദ്ദേശസ്വയംഭരണ (ആർ എ) വകുപ്പിന്റെ 02.12.2015 ലെ സർക്കുലർ നം. 12900/ആർ എ 1/2015 /തസ്വഭവ പ്രകാരം കെട്ടിടനിർമ്മാണം യഥാസമയം പൂർത്തിയായില്ലെങ്കിൽ പെർമിറ്റ് കാലാവധിക്കുള്ളിൽ തന്നെ പുതുക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

അനുവദിക്കപ്പെട്ട പെർമിറ്റ് KMBRചട്ടം15എ പ്രകാരം നീട്ടുന്നതിനോ പുതുക്കുന്നതിനോ അപേക്ഷ കാലേക്കൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽതന്നെ നീട്ടിയ/പുതുക്കിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. കാലതാമസമുണ്ടാകുന്ന പക്ഷം മതിയായ വിശദീകരണം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. നീട്ടിയ/പുതുക്കിയ പെർമിറ്റിൽ കാലഹരണപ്പെട്ട പെർമിറ്റിന്റെ പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. പെർമിറ്റിന്റെ കാലാവധി നീട്ടുന്നതായുള്ള സാക്ഷ്യപത്രങ്ങൾ കാലഹരണപ്പെട്ട പെർമിറ്റിൽ തന്നെ പുതിയ കാലാവധി രേഖപ്പെടുത്തലുകൾ നൽകുന്ന രീതികൾ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

1) ഒല്ലൂക്കര സോണൽ ഓഫീസ്

സോണൽ ഓഫീസിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം പെർമിറ്റ് അപേക്ഷകളിൽപെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം. | പെർമിറ്റ് നമ്പർ | അപേക്ഷന്റെ പേര് മേൽവിലാസം | പെർമിറ്റ് അനുവദിച്ച തീയതി | കാലാവധി പൂർത്തിയായ വിവരം |
|---|---|---|---|---|
| 1 | OLK3/BA /1/16-17 | കൊച്ചുമോൻ പുല്ലൻ ഹൗസ് നെട്ടിശ്ശേരി | 12.5.16 | 15.4.19 |
| 2 | OLK3/BA /4/16-17 | ലിനി ഷൈജു പന്തല്ലൂക്കാരൻ പട്ടാളക്കുന്ന് | 12.4.16 | 11.4.19 |
| 3 | OLK3/ BA | ധർമ്മരാജൻ | 12.5.16 | 23.5.19 |

| | | | | |
|---|---|---|---|---|
| | 8/16-17 | തണ്ടാശ്ശേരി പട്ടാളക്കുന്നു. | | |
| 4 | OLK3/BA /24/16-17 | ഷാജി& റഷീന പണിക്കവീട്ടിൽ | 26.5.16 | 31.5.19 |
| 5 | OLK3/BA /25/16-17 | എമിൽ റോയി, റിമിൽ റോയി, റിനിൽ റോയി | 4.5.16 | 2.5.19 |
| 6 | OLK3/BA /26/16-17 | സജി ജോസഫ് , വാഴപ്പിള്ളി മുളയം റോഡ് | 13.6.16 | 19.6.19 |
| 7 | OLK3/BA /28/16-17 | സലിം &ഉമൈറ ചേലാട്ടു പറമ്പിൽ | 12.5.16 | 18.5.19 |
| 8 | OLK3/BA /31/16-17 | മേഴ്സി ജോസ് തെയ്യാക്കൽ നെട്ടിശ്ശേരി | 13.6.16 | 15.6.19 |
| 9 | OLK3/BA /47/16-17 | ഡേവിസ്.എൻ.ജെ നടക്കലൻ ഹൗസ് കാളത്തോട് ഒല്ലൂക്കര | 9.6.16 | 19.6.19 |
| 10 | OLK3/BA /54/16-17 | ട്രീസ ജോസ് പടിക്കല ഹൗസ് ഈസ്റ്റ് ഫോർട്ട് | 8.6.16 | 7.6.19 |
| 11 | OLK3/BA /56/16-17 | ജെയിംസ് & പേളി ജെയിംസ് ചിറയത്ത് മഞ്ഞിയിൽ മുക്കാട്ടുകര | 18.6.16 | 21..6.19 |
| | OLK3/BA /62/16-17 | ഷെറിൻ. കെ.ജോസഫ് | 3.6.16 | 7.6.19 |

| | | | | |
|---|---|---|---|---|
| | | കിടന്യൻ ഹൗസ് മിഷൻ ക്വാർട്ടേഴ്സ് | | |
| 12 | OLK3/BA /67/16-17 | അനീഷ് .കെ.ജെ കോടഞ്ചേരി ഹൗസ് വെട്ടിക്കൽ | 5.7.16 | 29.6.19 |
| 13 | OLK3/BA /71/16-17 | അരവിന്ദാക്ഷൻ പട്ടണത്ത് ഹൗസ് അയ്യപ്പൻകാവ് | 3..6.16 | 7.6.19 |
| 14 | OLK3/BA /76/16-17 | റുക്കിയ മാവേലിപ്പാടം പട്ടാളക്കുന്ന്. | 12.7.16 | 25.7.19 |
| 15 | OLK3/BA /91/16-17 | ശ്രീദേവി .എം മന്നത്ത് ചൈതന്യ സ്ട്രീറ്റ് ഒല്ലൂക്കര | 3.8.16 | 15.8.19 |
| 16 | OLK3/BA /99/16-17 | ജോർജ്ജ് സിസിലി ,സന്തോഷ് അരിമ്പൂർ ഹൗസ് മുളയം റോഡ് | 5.9.16 | 8.9.19 |

പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഫീസ് കാലാവധി നീട്ടുന്ന സമയത്തെ പെർമിറ്റ് ഫീസിന്റെ 10% ആണ്.പെർമിറ്റ് പുതുക്കുന്നതിന് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ 50% ആണ് . ഈടാക്കാവുന്നത് . ഇപ്രകാരം പെർമിറ്റ് ഫീ ഇനത്തിൽ സ്ഥാപനത്തിന് നഷ്ടമുണ്ടാകുന്നു.മാത്രമല്ല കെട്ടിടനിർമ്മാണം പൂർത്തിയാകുന്നത് യഥാസമയം സ്ഥാപനം അറിയാത്തതു മൂലം വസ്തുനികുതി ഇനത്തിലും നഷ്ടമുണ്ടാകുന്നു.

അപാകതകൾ കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/11.8.21) അപാകതകൾ പരിഹരിക്കുന്ന താണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിററിന് ഹാജരാക്കേണ്ടതാണ്.

2) വിൽവട്ടം സോണൽ ഓഫീസ്

വിൽവട്ടം സോണൽ ഓഫീസിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം പെർമിറ്റ് അപേക്ഷകളിൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം. | അപേക്ഷകന്റെ വിവരം | പെർമിറ്റ് വിവരം | പെർമിറ്റിന്റെ കാലാവധി |
|---|---|---|---|
| VBA/13 /16-17 | വി ശാരദ, മംഗലത്ത് | VPW1/1895/ 16/11.7.2016 | 10.7.2019 |
| VBA/17 /16-17 | പൈലോത് | VPW1/1926/ 16/25.5.2016 | 25.5.2019 |
| VBA/28 /16-17 | സുരേന്ദ്രൻ എ കെ | VPW1/2207/ 16/14.6.2016 | 9.6.2019 |
| VBA/36 /16-17 | ദേവദാസ് വടക്കേതാഴത്ത് | VPW1/2232/ 16/25.5.2016 | 24.5.2019 |
| VBA/136 /16-17 | ലക്ഷ്മീദേവി നെടിയംപറമ്പത്ത് | VPW1/2232/ 16/14.6.2016 | 13.10.2019 |
| VBA/206 /16-17 | സുരേഷ് കുമാർ | VPW1/4880/ 16/28.12.2016 | 27.12.2019 |
| VBA/232 /16-17 | സുലോചന | VPW1/5006/ 16/30.06.2016 | 29.06.2020 |
| VBA/138 /16-17 | ഹരികൃഷ്ണൻ പി ജി | VPW1/3936/ 16/15.10.2016 | 14.10.2019 |
| VBA/158 /16-17 | നസീർഹുസൈൻ | VPW1/4247/ 16/21.11.2016 | 20.11.2019 |
| VBA/142 /16-17 | സുജോ പുലിക്കോട്ടിൽ | VPW1/4046/ 16/23.1.2017 | 22.1.2020 |

പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഫീസ് കാലാവധി നീട്ടുന്ന സമയത്തെ പെർമിറ്റ് ഫീസിന്റെ 10% ആണ്.പെർമിറ്റ് പുതുക്കുന്നതിന് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ 50%ആണ് ഈടാക്കാവുന്നത്.ഇപ്രകാരം പെർമിറ്റ് ഫീ ഇനത്തിൽ സ്ഥാപനത്തിന് നഷ്ടമുണ്ടാകുന്നു.മാത്രമല്ല കെട്ടിടനിർമ്മാണം പൂർത്തിയാകുന്നത് യഥാസമയം സ്ഥാപനം അറിയാത്തതുമൂലം വസ്തുനികുതി ഇനത്തിലും നഷ്ടമുണ്ടാകുന്നു.ഇത്തരം കെട്ടിടങ്ങൾ പരിശോധിച്ച് നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിൽ അനധികൃത നിർമ്മാണമായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതാണ്.

അപാകതകൾ കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/19-20 തീയതി 10.08.2021)അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന്

ലഭ്യമാക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 22(1) പ്രകാരം ഓരോ ഉടമസ്ഥനം അയാൾക്ക് അനുവദിച്ചിട്ടുള്ള പെർമിറ്റ് പ്രകാരമുള്ള ഭൂവികസനമോ പുനർവികസനമോ അല്ലെങ്കിൽ കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ അല്ലെങ്കിൽ കൂട്ടിചേർക്കലോ മാറ്റം വരുത്തലോ പൂർത്തിയാക്കുമ്പോൾ അനുബന്ധം ഇ അല്ലെങ്കിൽ അനുബന്ധം എഫ് ഫോറത്തിൽ ഒരു പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. കൂടാതെ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ കെട്ടിടം പൂർത്തിയാക്കുകയോ പുതുക്കിപ്പണിയുകയോ കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത്, ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും 11-ാം ചട്ടപ്രകാരമുള്ള കെട്ടിടനികുതി റിട്ടേണും നൽകേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വാർഷിക കെട്ടിടനികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. ഇപ്രകാരം നോട്ടീസ് നൽകാൻ വീഴ്ച വരുത്തുന്ന ആളുടെ മേൽ ചട്ടം 24(2) പ്രകാരം പിഴ ചുമത്താവുന്നതാണ്.

## 1-36 തൊഴിൽ നികുതി - രജിസ്റ്ററിൽ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

2019-20 ലെ കോർപ്പറേഷൻ മെയിൻ ഓഫീസിലെ തൊഴിൽ നികുതി, ഡിമാന്റ് രജിസ്റ്ററുകളിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി ഡിമാന്റ്, കളക്ഷൻ,ബാലൻസ്, സംക്ഷിപ്തം തയ്യാറാക്കാത്തതിനാൽ തൊഴിൽ നികുതി വരവ് സംബന്ധിച്ച കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, സംക്ഷിപ്തം തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കുന്നില്ല

1. 2018 ൽ പുതിയതായി ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ള സർക്കിൾ 4ലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ, പല സ്ഥാപനങ്ങളും തൃശ്ശൂർ നഗരസഭ മുഖ്യകാര്യാലയത്തിന്റെ ഡിവിഷനിൽ ഉൾപ്പെടുന്നതാണ്.ടി വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ള ഈ സ്ഥാപനങ്ങളെ ഒന്നും തന്നെ 2019-20 വർഷത്തെ സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നല്കി ഈടാക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ്/കെട്ടിട നം. | ലൈസൻസിയുടെ പേര് | രജിസ്ട്രേഷൻ നം./തീയതി |
|---|---|---|---|---|
| 1 | ദി ആര്യവൈദ്യ ഫാർമസി ലിമിറ്റഡ് &ക്ലിനിക്ക് ,പൂത്തോൾ | XX 283/1 | ഡോ.ശ്രീജ.കെ.പിള്ള അഞ്ചേരി | 4773-238601 24.01.2018 |
| 2 | ഫോർട്ട് ദന്തൽ | XXI | സൂരജ് ടി | 4773-238603 |

| | | | | |
|---|---|---|---|---|
| | ക്ലിനിക്ക് ,വെസ്റ്റ് ഫോർട്ട് | 349/15 | അയ്യന്തോൾ | 24.03.2018 |
| 3 | അരിക്കൽ ഹോളിസ്റ്റിക് ക്ലിനിക്ക്, അയ്യന്തോൾ | XXI 58/എ | സജി വർഗീസ് കുട്ടനെല്ലൂർ | 4773-238604 26.3.2018 |
| 4 | മാതാ ഡെന്റൽ ക്ലിനിക്ക്,പൂത്തോൾ | XX 320/12/1 | ഡോ.ബോബി ജോസഫ് പൂത്തോൾ | 4773-238608 26.3.2018 |
| 5 | ഡിവൈൻ ലബോറട്ടറി വെസ്റ്റ് ഫോർട്ട് | XX 399 | ലീന സെബാസ്റ്റ്യൻ, കുരിയച്ചിറ | 4773-238609 26.3.2018 |
| 6 | നിയമ ആയുർവേദസ് & വെൽനസ് സെന്റർ, കോട്ടപ്പുറം | XX 580 | മെഹറുനീസ, ഒളരിക്കര | 4773-238610 26.3.2018 |
| 7 | മഹേഷ് ഓർത്തോ കോസ്മറ്റിക് ദന്തൽ ക്ലിനിക്ക്, പൂത്തോൾ | XIX 198/1 | ഡോ.മഹേഷ് മേനോൻ, പൂത്തോൾ | 4773-238614 27.3.2018 |
| 8 | പ്രശാന്തി ക്ലിനിക്ക് , ശങ്കരയ്യർ റോഡ് | XX 423 | കെ.സി.രത്നവല്ലി, ശങ്കരയ്യർ റോഡ് | 4773-238615 27.3.2018 |
| 9 | കമ്മത്ത് ദന്തൽ ക്ലിനിക്ക് , എം.ജി റോഡ് | XXI 575/4 | ഡോ.രേഖമല്യ, പൂത്തോൾ | 4773-238619 27.3.2018 |
| 10 | ജീവ സ്പെഷ്യാലിറ്റി ലബോറട്ടറി, എം.ജി റോഡ് | XIX 59 | സി.ബാലചന്ദ്രൻ, എം.ജി റോഡ് | 4773-238627 31.8.2018 |
| 11 | വി സ്മൈൽ ദന്തൽ ക്ലിനിക്ക് | XVIII 77/27,28,29 | ഡോ.അബ്രഹാം ആന്റണി,അരണാട്ടുക്കര | 4773-238640 8.5.2018 |

| | | | | |
|---|---|---|---|---|
| | അരണാട്ടുക്കര | | | |
| 12 | സണ്ണീസ് ദന്തൽ,<br>അയ്യന്തോൾ | XXI<br>14/1 | ഡോ.റിച്ചാർഡ് ടോം<br>മിഷൻ ക്വാർട്ടേഴ്സ് | 8480-241999<br>9.10.2018 |
| 13 | റോസിൻ മായാസ്<br>വെസ്റ്റ് ഫോർട്ട് | XXI<br>557/1 | ഡോ.ഡേവിസ്<br>തോമസ്,<br>വെസ്റ്റ് ഫോർട്ട് | 4801-240003<br>8.8.2018 |

D & O ലൈസൻസ് അപേക്ഷകളിൽ നിന്നും ലഭ്യമാകുന്ന ഇത്തരം വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ട് സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

2) 2018-19 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ , നിരവധി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇവയിൽ പല സ്ഥാപനങ്ങളെയും 2019-20 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലോ, ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലോ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി കോർപ്പറേഷൻ പരിധിയിൽ ഡിവിഷൻ 38,51,52 ലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഡിവിഷൻ നം. | വാർഡ് നം. | ഡിമാന്റ് രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ ആകെ എണ്ണം | ഈ വർഷം ഡിമാന്റ് ചെയ്യാത്തതുമായ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 38 | W17 | 89 | 28 |
| 2 | | W19 | 439 | 34 |
| 3 | | W20 | 136 | 21 |
| 4 | | W12 | 106 | 10 |
| 5 | 51 | W15 | 43 | 10 |
| 6 | | W16 | 15 | 8 |
| 7 | | W17 | 31 | 28 |
| 8 | | W18 | 240 | 13 |
| 9 | 52 | W19 | 71 | 34 |
| 10 | | W23 | 100 | 7 |
| 11 | | W22 | 11 | 3 |
| 12 | | W21 | 254 | 17 |

| | | | | |
|---|---|---|---|---|
| 13 | | W20 | 180 | 21 |

ആദ്യ ഖണ്ഡികയിൽ ചേർത്തിട്ടുള്ള 13 സ്ഥാപനങ്ങളിൽ 10 സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടച്ചവരുന്നതാണെന്നും ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി സ്ഥാപന/ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും 5.10.2021 ലെ 68-ാം നം. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 27.10.2021 ലെ ആർ11/എ8/45167/21 നം. കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

ഡി & ഒ രജിസ്റ്റർ സർക്കിൾ അടിസ്ഥാനത്തിലും സ്ഥാപന/ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററുകൾ ഡിവിഷനുകളുടെ അടിസ്ഥാനത്തിലുമാണ് പരിപാലിക്കുന്നത്. ആയതിനാൽ ഈ രജിസ്റ്ററുകൾ ക്രോസ് ചെക്ക ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നു.

ഖണ്ഡിക 2 ൽ സൂചിപ്പിച്ചിട്ടുള്ള ഡി & ഒ രജിസ്റ്ററിലെ വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ട് സ്ഥാപന / ജീവനക്കാരുടെ തൊഴിൽ നികുതി കാലികമാക്കാത്തതിന്റെ മറുപടിയായി ലൈസൻസ് എടുത്തതിനുശേഷവും സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതിനാലാണ് ഡിമാന്റിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

2019-20 ലെ തൊഴിൽ നികുതി ഡിമാന്റ് ഫയൽ പരിശോധിച്ചതിൽ നിന്നും പുതിയതായി ഡി & ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് എടുക്കുന്ന മുറയ്ക്ക് ഡിമാന്റിൽ ഉൾപ്പെടുത്തുകയല്ല മറിച്ച് ഇത്തരം സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്ന വേളയിലോ ഫീൽഡ് വർക്കേഴ്സ് മറ്റു സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്ന സമയത്തോ ആണ് ഇത്തരം സ്ഥാപനങ്ങളെ ഡിമാന്റിലേക്ക് ഉൾപ്പെടുത്തുന്നതായി കാണുന്നത്.

ഡി & ഒ രജിസ്റ്ററുകളും തൊഴിൽ നികുതി രജിസ്റ്ററുകളും ഡിവിഷനുകളുടെ അടിസ്ഥാനത്തിൽ പരിപാലിക്കുകയാണെങ്കിൽ ഇപ്രകാരം ഉണ്ടാകുന്ന അപാകതകൾ ഒഴിവാക്കുവാനും കോർപ്പറേഷന്റെ തനതു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുവാനും സാധിക്കുമെന്ന് വിലയിരുത്തുന്നു.

## 1-38 വിൽവട്ടം സോണൽ ഓഫീസ്-തൊഴിൽ നികുതി ഒടുക്കിയതിലെ അപാകതകൾ

വിൽവട്ടം സോണൽ ഓഫീസിലെ തൊഴിൽ നികുതി രജിസ്റ്ററും വരുമാനനിർണ്ണയപത്രികകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)തൊഴിൽ നികുതി രജിസ്റ്ററിലെ അപാകതകൾ

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല.

ഡി.സി.ബി തയ്യാറാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി മേലാധികാരി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

2.വിൽവട്ടം സോണൽ പരിധിയിലെ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അസസ്മെന്റ് ഫോറത്തിൽ നികുതി നിർണ്ണയിക്കുന്നതിന് ആധാരമായ വരുമാനവും, അടയ്ക്കേണ്ട നികുതി സംബന്ധിച്ച വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നില്ല.

ബി)തൊഴിൽ നികുതി കുറവായി ഈടാക്കിയത്

പോലീസ് അക്കാദമി സമർപ്പിച്ച ഒന്നാം അർദ്ധവർഷ തൊഴിൽ നികുതിസ്റ്റേറ്റ്മെൻറിൽ ഉൾപ്പെട്ട 49 SI CADET(അർദ്ധ വാർഷികവരുമാനം129200)കളുടെയും,രണ്ടാം അർദ്ധവർഷ നികുതിസ്റ്റേറ്റ്മെൻറിൽ ഉൾപ്പെട്ട 4 SI CADETകളുടെയും

പക്കൽ നിന്നും 1000 രൂപ വച്ചാണ് നികുതി ഈടാക്കിയിരിക്കുന്നത്.എന്നാൽ തൊഴിൽ നികുതി സ്ലാബ് അനുസരിച്ച്(അർദ്ധവാർഷികവരുമാനം125000മേൽ) ടിയാളുകൾക്ക് 1250/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്.കുറവു വന്നതുക(53*250=13,250) ഈടാക്കേണ്ടതാണ്.

സി)ഡി & ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. മറ്റ് വാർഡുകളിൽ സമാന രീതിയിൽ തൊഴിൽ നികുതി അടയ്ക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കണ്ടെത്തേണ്ടതും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുമാണ്.

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ /വ്യാപാരത്തിന്റെ വിവരങ്ങൾ |
|---|---|
| 2/173 | ജോയ്.സി.ഒ,ജോയ് ടിമ്പേഴ്സ്, വിയ്യൂർ |
| 3/1206 | സുനിത ശശി,<br>മേഡേൺ ഹോളോബ്രിക്സ് |
| 2/292 | അജു.സി.ജേക്കബ്ബ്,<br>ചിറ്റിലപ്പിള്ളി ബേക്കറി വിയ്യൂർ |
| 10/176 | ടോണി,നെറ്റ്സർവ്വീസ് |
| 2/301 | രാജൻകെ.എ,സരസ ജ്വല്ലറി |

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നം:12/2019-20/ തീയതി-11.08.2021 ന നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ നികുതി കുറവു ഒടുക്കിയ സ്ഥാപനങ്ങൾക്ക് കത്തുനല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കുറവു വന്ന നികുതി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തൊഴിൽ നികുതി എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റ് ചെയ്യാനും,സ്ഥാപനങ്ങളിലെ വരുമാനപത്രിക ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-39 കുർക്കഞ്ചേരി സോണൽ- തൊഴിൽ നികുതി ചട്ടങ്ങളിലെ പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല.

തൃശ്ശൂർ നഗരസഭ കുർക്കഞ്ചേരി മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 ലെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിൽ ചില ജീവനക്കാരിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ഡിവിഷൻ | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് / തസ്തിക | അർദ്ധ വർഷിക വരുമാനം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | എവറസ്റ്റ് | 1 | ബിന്ദു.എ.കെ | 33648 | 300 | 180 | 120 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഫാർമ | | വർക്കർ | | | | |
| 2 | ” | ” | ചെല്ലൻ.വി വർക്കർ | 65619 | 600 | 450 | 150 |
| 3 | ” | ” | ജോഷി.കെ.എസ് വർക്കർ | 60761 | 600 | 450 | 150 |
| 4 | ” | ” | ശാരദ മോഹനൻ വർക്കർ | 30447 | 300 | 180 | 120 |
| 5 | ” | ” | ഷൈന ഷാജു വർക്കർ | 35564 | 300 | 180 | 120 |
| 6 | ” | ” | സ്മിത സുരേഷ് വർക്കർ | 33971 | 300 | 180 | 120 |
| 7 | ” | ” | സിദ ചന്ദ്രൻ വർക്കർ | 46078 | 450 | 300 | 150 |
| 9 | റാപ്ച്ചർ ഇന്ത്യ ഫൂട്ട് കെയർ ലി. | 1 | ജിസി ജേക്കബ് വർക്കർ | 31299 | 300 | 180 | 120 |
| 9 | ” | ” | ഡെയ്സിഡേവിസ് വർക്കർ | 29618 | 180 | 120 | 60 |
| 10 | ” | ” | ലിജി ജിജു വർക്കർ | 23309 | 180 | 120 | 60 |
| 11 | ” | ” | ബീന സുനിൽ വർക്കർ | 22634 | 180 | 120 | 60 |
| | ആകെ | | | | | | 1230 |

ഈടാക്കിയതിൽ കുറവു വന്ന തുക 1230/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-40 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

തൃശ്ശൂർ നഗരസഭ കുർക്കഞ്ചേരി മേഖലാ കാര്യാലയത്തിലെ 2018-19 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് ഫീ കണക്കാക്കുവാൻ മാനദണ്ഡമാക്കിയിട്ടുള്ള ഷെഡ്യൂൾ കോഡ് നം. പ്രകാരം പല സ്ഥാപനങ്ങളിലും ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാകുന്നു.എന്നാൽ ഈ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി മാത്രമേ അടവാക്കുന്നുള്ളൂ. ഇത്തരം സ്ഥാപനങ്ങളെ തൊഴിൽ നികുതി (ജീവനക്കാർ) ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേര് | ഇനം |
|---|---|---|---|---|
| 1 | 13/406/B1 | ആലുക്കാസ് ജ്വല്ലറി വർക്ക്സ് | ശ്രീ.ജോൺ | സ്വർണ്ണാഭരണ നിർമ്മാണം. |
| 2 | 13/536/1 | അമ്പാടി ജ്വല്ലറി വർക്ക്സ് | ശ്രീ.രാജേഷ്. എം.ആർ | സ്വർണ്ണാഭരണ നിർമ്മാണം. |
| 3 | 14/180/1 | ജോസ്കോ ജ്വല്ലറി വർക്ക്സ് | ശ്രീ.ടോണി ജോസ് | സ്വർണ്ണാഭരണ നിർമ്മാണം. |

D & O ലൈസൻസ് അപേക്ഷകളിൽ നിന്നും ലഭ്യമാകുന്ന ഇത്തരം വിശദാംശങ്ങൾ ശേഖരിച്ചുകൊണ്ട് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതും ആയതനുസരിച്ച് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

## 1-41 കുർക്കഞ്ചേരി മേഖല- സ്ഥാപന തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെയും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണത്തിലുള്ള അന്തരം

കുർക്കഞ്ചേരി മേഖലാ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന വിവിധ ഡിവിഷനുകളിലെ സ്ഥാപന തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെയും രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഇവ തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഡിവിഷൻ നം. | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | സ്ഥാപന തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 32 ചിയ്യാരം | 3 | 155 |
| 2 | 33 ചിയ്യാരം | 15 | 230 |
| 3 | 34 കണ്ണംകുളങ്ങര | 27 | 156 |
| 4 | 40 വട്ടുക്കര | 2 | 153 |
| 5 | 41 കുർക്കഞ്ചേരി | 9 | 130 |

| | | | |
|---|---|---|---|
| 6 | 42<br>കണിമംഗലം | 13 | 97 |
| 7 | 43<br>പനമുക്ക് | 7 | 73 |
| 8 | 44<br>നെട്ടുപുഴ | 5 | 60 |

സ്ഥാപന തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെ 7ശതമാനം മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നത്.

1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 250(എ) പ്രകാരം കോർപ്പറേഷൻ പരിധിയിൽ വരുന്ന ഏതൊരു സ്ഥാപനത്തിൽ ജോലി ചെയ്യുന്നതായ എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച സ്റ്റേറ്റുമെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കുവാൻ സെക്രട്ടറിക്കു ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം സ്ഥാപന തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപന മേധാവികളിൽ നിന്നും മുകളിൽ പറയും പ്രകാരമുള്ള സ്റ്റേറ്റുമെന്റ് ശേഖരിച്ചുകൊണ്ട് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-42 ഒല്ലൂക്കര മേഖല - 2019-20 വർഷത്തെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരം.

നഗരസഭാ തൊഴിൽ നികുതി ചട്ടങ്ങൾ (2005)ചട്ടം 3, ചട്ടം3(2)മുതൽ 3(11) വരെയുള്ള ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഒല്ലൂക്കര മേഖല പരിധിയിലുള്ള ചില സ്ഥാപനങ്ങൾ ആദ്യ അർദ്ധവർഷം തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധ വർഷം വരുമാനത്തിനനുസരിച്ച തൊഴിൽ നികുതി, അടവാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|---|
| 1 | കോളേജ് ഓഫ് വെറ്ററിനറി &ആനിമൽ സയൻസ്- ഇൻഫ്രാ. ഡവ. വിംഗ് | അടച്ചിട്ടില്ല | അടച്ചിട്ടില്ല | 2500 |
| 2 | ഹരിശ്രീ ആയുർവേദ ആശുപത്രി | അടച്ചിട്ടില്ല | അടച്ചിട്ടില്ല | 2500 |
| 3 | ദി ന്യൂ ടിച്ചൂർ കമ്പനി | അടച്ചിട്ടില്ല | അടച്ചിട്ടില്ല | 2500 |

| | | | | |
|---|---|---|---|---|
| 4 | കീർത്തി പെട്രോൾ പമ്പ് | അടച്ചിട്ടില്ല | അടച്ചിട്ടില്ല | 2500 |
| 5 | കോളേജ് ഓഫ് വെറ്ററിനറി &ആനിമൽ സയൻസ്- ഡയക്ടറേറ്റ് ഓഫ് ഫാംസ് | 1250 | അടച്ചിട്ടില്ല | 1250 |
| 6 | ഒല്ലൂക്കര വെൽഫെയർ കമ്പനി | അടച്ചിട്ടില്ല | അടച്ചിട്ടില്ല | 2500 |
| 7 | എക്സൽ എർത്തിംഗ്സ് | 1250 | അടച്ചിട്ടില്ല | 1250 |
| 8 | യൂണി.സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ &ഗൈഡൻസ് ബ്യൂറോ | 1250 | അടച്ചിട്ടില്ല | 1250 |
| 9 | അപരാജിത ഡയനമിക്സ് സിനർജീസ് | 1250 | അടച്ചിട്ടില്ല | 1250 |
| 10 | ദിക്ഷ കോർപ്പറേറ്റ് സർവീസ് | 900 | അടച്ചിട്ടില്ല | 900 |
| 11 | സൺലൈറ്റ് മോട്ടോഴ്സ്, ബൈപാസ്സ് | 900 | അടച്ചിട്ടില്ല | 900 |
| 12 | സൂപ്പർ മിഡിൽ ഈസ്റ്റ് മാർക്കറ്റിംഗ് പ്രൈവറ്റ് ലി. | അടച്ചിട്ടില്ല | അടച്ചിട്ടില്ല | 1250 |
| 13 | മുത്തൂറ്റ് ഫിനാൻസ് ലി. | 1250 | അടച്ചിട്ടില്ല | 1250 |
| 14 | ഒല്ലൂക്കര കോ. സൊസൈറ്റി, പുളിപ്പറമ്പ് | അടച്ചിട്ടില്ല | അടച്ചിട്ടില്ല | 2500 |
| 15 | ഐഡിയൽ ഏജൻസീസ് | 1250 | അടച്ചിട്ടില്ല | 1250 |
| 16 | അനിമൽ ഡിസീസ് കൺട്രോൾ പ്രൊജക്ട്. | 1250 | അടച്ചിട്ടില്ല | 1250 |
| 17 | മെഡിക്കൽ ഓഫീസർ അർബൻ ഹെൽത്ത് ഓഫീസർ, പറവട്ടാനി. | 1250 | അടച്ചിട്ടില്ല | 1250 |
| 18 | പോപ്പുലർ മെഗാ മോട്ടോഴ്സ് | 1250 | അടച്ചിട്ടില്ല | 1250 |

ഒല്ലൂക്കര മേഖല പരിധിയിലുള്ള ഏതൊരു സ്ഥാപനത്തിന്റെയോ അതിലെ ജീവനക്കാരുടെയോ തൊഴിൽ നികുതി രണ്ട് അർദ്ധ വർഷങ്ങളിലായി വരുമാനത്തിനനുസരിച്ച് സ്ഥാപനമുടമകൾ അടവാക്കുന്നുണ്ടെന്ന് മേഖല കാര്യാലയത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും യഥാവിധി തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.ഇതു സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നം.5/11.08.21) മറുപടി ലഭ്യമായില്ല. മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത കാലയളവിലെ തൊഴിൽ നികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്നും അഥവാ ഇല്ലെങ്കിൽ എത്രയും വേഗം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് നൽകേണ്ടതാണ്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും പൂർണ്ണമായി ഈടാക്കിയിട്ടില്ല. ജീവനക്കാരുടെ എണ്ണം എത്രയെന്ന് ലഭ്യമല്ലാത്തതിനാൽ ആയതിന്റെ കണക്ക് കൃത്യതപ്പെടുത്താനുമായിട്ടില്ല.

മേഖലയിലുള്ള സ്ഥാപനങ്ങളുടേയും ജീവനക്കാരുടെയും പേരു വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ കാര്യാലയത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓരോ വർഷവും വരുന്ന മാറ്റങ്ങൾക്കനുസരിച്ച് രജിസ്റ്റർ ഓരോ വർഷവും കൃത്യമായും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് നൽകേണ്ടതാണ്.

ഡിസിബി പത്രിക – 2019-20 (ഒല്ലൂക്കര മേഖല )

| ഡിമാന്റ് | | | കളക്ഷൻ | | | കുടിശ്ശിക | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | ഡിമാന്റ് | ആകെ | കുടിശ്ശിക | ഡിമാന്റ് | ആകെ | കുടിശ്ശിക | ഡിമാന്റ് | ആകെ |
| 130990 | 13244030 | 13375020 | 32620 | 13949030 | 13981650 | 98370 | 195000 | 293370 |

ഡിസിബി പത്രികയിലെ പൊരുത്തക്കേട്

ഒല്ലൂക്കര മേഖലാ കാര്യാലയത്തിലെ 01.04.2019മുതൽ 31.03.2020 വരെയുള്ള കാലയളവിലെ തൊഴിൽ നികുതി വരുമാനം അക്കൗണ്ട്സ് പ്രകാരം (അക്കൗണ്ട് ഹെഡ് - 110100200) 1,816,208/-രൂപയാണ്. എന്നാൽ, മേഖലാ കാര്യാലയത്തിൽ നിന്നും ലഭിച്ച ഡിസിബി പത്രിക പ്രകാരമുള്ള ആകെ വരവ് 13981650/-രൂപയാണ്. 2019-20ൽ തൻമാസത്തെയടക്കം കുടിശ്ശിക തുക 2,93,370/-രൂപയാണ് തയ്യാറാക്കി നൽകിയ ഡിസിബിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ, 4,05,500/-രൂപ സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയിനത്തിൽ ഈടാക്കാതെ കുടിശ്ശികയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. മേഖലാ കാര്യാലയത്തിൽ തയ്യാറാക്കിയ ഡിസിബി പത്രിക, തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപനത്തിന്റെ അക്കൗണ്ട്സ് എന്നിവയിലെല്ലാം വ്യത്യസ്തമായ തുകയാണ് കാണിച്ചിട്ടുള്ളത്.

| അക്കൗണ്ട്സ് വരവ് | ഡിസിബി വരവ് | വ്യത്യാസം |
|---|---|---|
| 18,16,208/- | 1,39,81,650/- | 1,21,65,442/- |

| ഡിസിബി കുടിശ്ശിക | അക്കൗണ്ട്സ് കുടിശ്ശിക | രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശിക |
|---|---|---|
| 293370 | 969388 | 405500 |

## 1-43 2019-20 വർഷം ഒല്ലൂക്കര മേഖല- തൊഴിൽ നികുതി അടവാക്കാത്ത പാരാമെഡിക്കൽ സ്ഥാപനങ്ങൾ

ചുവടെ ചേർത്ത സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളിലെയും സ്വകാര്യ ആശുപത്രികളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി /സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് അന്വേഷണ കുറിപ്പ്- 10/11.08.21) നൽകുകയുണ്ടായില്ല.

| ക്രമ നം. | വാർഡ് ക്രമ നം.നം./കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | 2019-20 സ്ഥാപന തൊ. നികുതി 1250x2 | ജീവനക്കാരുടെ വിവരം |
|---|---|---|---|---|
| 1 | X/221/5 | ഡോ. ബേബി മെമ്മോറിയൽ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2500 | 1 ഡോക്ടർ |
| 2 | X/147/(42,43) | രചന ലാബോറട്ടറി | 2500 | --- |
| 3 | VII/671/4A | ജിജോസ് ഡെന്റൽ ക്ലിനിക്ക് | 2500 | 1 ഡോക്ടർ 1 ജീവനക്കാരൻ |
| 4 | VII/1057/2 | പ്രൂഡന്റ് ഡെന്റൽ ക്ലിനിക്ക് | 2500 | 1 ഡോക്ടർ 1 ജീവനക്കാരൻ |
| 5 | IX/205/3 | ജിജോസ് ഡെന്റൽ ക്ലിനിക്ക് | 2500 | 1 ഡോക്ടർ 1 ജീവനക്കാരൻ |
| 6 | II/7/1 | ജെ പി ഡെന്റൽ ക്ലിനിക്ക് | 2500 | 3 ഡോക്ടർ 3ജീവനക്കാർ |
| 7 | | ഡെന്റൽ ക്ലിനിക്ക്, കോർപ്പറേഷൻ ഷോപ്പിംഗ് കോംപ്ലക്സ് | 2500 | 1 ഡോക്ടർ 3ജീവനക്കാർ |

| | | | | |
|---|---|---|---|---|
| 8 | IV/266/1,2,6,7 | ഐ വിഷൻ ,ഐ ഹോസ്പിറ്റൽ | 2500 | 3ഡോക്ടർ 12 ജീവനക്കാർ |
| 9 | V/105/1 | ശാന്തിവനം ഹോമിയോ ക്ലിനിക്ക് | 2500 | 1 ഡോക്ടർ |
| 10 | IX/449/6 | കെയർ വെൽ ഹോമിയോപതിക്സ് | 2500 | 1 ഡോക്ടർ 4ജീവനക്കാർ |
| 11 | X/200/24,26 | മെഡിപ്ലസ് ഡയഗ്നോസ്റ്റിക്സ് | 2500 | 1 ഡോക്ടർ 3ജീവനക്കാർ |
| 12 | IX/173/5,6,7,8 | ന്യ സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2500 | 1 ഡോക്ടർ 2ജീവനക്കാർ |
| 13 | VII/971/10 | എലൈൻ 32ഡെന്റൽ കെയർ | 2500 | 2ഡോക്ടർ 1ജീവനക്കാരൻ |
| 14 | III/430/1,2 | ആശ്രയ ന്യൂറോ ഡവ. &റിസർച്ച് സെന്റർ | 2500 | --- |
| 15 | VII/976/1 | എയ്ഡാ ഡെന്റൽ ക്ലിനിക്ക് | 2500 | 1 ഡോക്ടർ |
| 16 | V/675/17,18,20 | സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | 2500 | 3ഡോക്ടർ 1ജീവനക്കാരൻ |
| 17 | IX/135/2/ I | സുധർമ്മ മെട്രോപോളിസ് എഡിഎസ് സി കളക്ഷൻ പോയ്ൻറ് | 2500 | 2ജീവനക്കാർ |
| 18 | VI/351/I | ഹെൽത്ത് കെയർ ഫിസിയോതെറാപ്പി ക്ലിനിക്ക് | 2500 | 3ജീവനക്കാർ |
| 19 | VI/454/II | സ്മൈൽ ക്രാഫ്റ്റ് ഡെന്റൽ കെയർ | 2500 | 2ഡോക്ടർ 1ജീവനക്കാരൻ |
| 20 | II/649/E/ I | കൃഷ്ണ ഡെന്റൽ | 2500 | 3ഡോക്ടർ |

| | | | | |
|---|---|---|---|---|
| | | ക്ലിനിക്ക് | | 1ജീവനക്കാരൻ |
| 21 | XII/206 | മാർ തിമോത്തിയോസ് ചാരിറ്റബിൾ ഹോസ്പിറ്റൽ | 2500 | 5ഡോക്ടർ 20ജീവനക്കാർ |
| 22 | IX/463/1 | മണ്ണുത്തി ആയുർവേദശാല | 2500 | 1ജീവനക്കാരൻ |
| | | ആകെ | 55000/- | |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ രണ്ട് അർദ്ധ വർഷത്തെയും സ്ഥാപന തൊഴിൽ നികുതി (1250x2) ഈടാക്കിയിട്ടില്ലെന്ന് കണക്കാക്കി, 55000/-രൂപ കോർപ്പറേഷന്റെ നഷ്ടമായി നിശ്ചയിക്കുന്നു. ഇതു കൂടാതെ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ട തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.ആയതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 2019-20 ഒല്ലൂക്കര മേഖല - സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കാത്തത്

നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങൾ (2005) ചട്ടം 3(1) മുതൽ 3(11)വരെ പ്രകാരം,സ്വയംതൊഴിൽ ചെയ്യുന്നവർ,കമ്പനികൾ, സ്ഥാപനങ്ങൾ,മറ്റ് വ്യക്തികൾ മുതലായവർക്ക് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250രൂപ തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയുടെ കീഴിലുള്ള ഒല്ലൂക്കര മേഖലയിൽ ഉൾപ്പെടുന്ന പട്ടികയിൽ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ട്രേഡേഴ്സിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്തവരുടെ പട്ടികയാണ് അനുബന്ധം-7 ൽ ചേർത്തിട്ടുള്ളത്. 2,96,750/- രൂപ സ്ഥാപനതൊഴിൽ നികുതി ഇനത്തിൽ ഈടാക്കുവാൻ കുടിശ്ശികയുണ്ട്. തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്, എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിരുന്നുവെന്നും, സ്ഥാപനത്തിൽ നേരിൽ ചെന്ന് തുക പിരിക്കുവാൻ കാര്യാലയത്തിൽ മതിയായ ജീവനക്കാരുടെ അഭാവം ഉണ്ടായിരുന്നതായും മറുപടി ലഭിച്ചു. കൂടാതെ, കോവിഡ് മഹാമാരിയും ഒരു കാരണമായെന്നും മറുപടിയിൽ പറയുന്നുണ്ട്. 2020 ഏപ്രിൽ മാസത്തിലാണ് കോവിഡ് വ്യാപനത്തെ തുടർന്ന് സ്ഥാപനങ്ങൾ അടച്ചിടേണ്ടി വന്നിട്ടുള്ളത് എന്നതിനാൽ അക്കാരണത്താൽ നികുതി ഈടാക്കാൻ സാധിച്ചില്ലെന്ന മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല. നികുതിയിനവരവുകളാണ് സ്ഥാപനത്തിന്റെ പ്രധാന വരുമാന സ്രോതസ്സ് എന്നതിനാൽ ആയത് പൂർണ്ണമായും ഈടാക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തമതാൽപര്യത്തിന് അത്യന്താപേക്ഷിതമാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-45 IFTE & OS ലൈസൻസ് - നിർദ്ദേശങ്ങൾ

തൃശ്ശൂർ കോർപ്പറേഷനിൽ പഴയമുനിസിപ്പാലിറ്റിയിലെ 32വാർഡുകളും നഗരസഭയോട് കൂട്ടിച്ചേർത്ത 5പഞ്ചായത്തുകളിലെ റവന്യൂവാർഡുകളും ഉൾപ്പെടുത്തിയാണ് IFTE & OS ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. 2019-20 മുതൽ ഓൺലൈൻ സംവിധാനം എല്ലാ സോണലിലും പ്രാവർത്തികമാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ലൈസൻസ് പുതുക്കുന്നതിനോ പുതുതായി രജിസ്റ്റർ ചെയ്യുന്നതിനോ Tax.lsgkerala.gov.in

എന്നവെബ്സൈറ്റ്സജ്ജമാക്കിയിട്ടുണ്ട്.ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിക്കുകയും അനുവദനീയമാണെങ്കിൽ ലൈസൻസ് ഫീസ് നിർണ്ണയിച്ച് അപേക്ഷകൻ അതാത് സർക്കിൾ/സോണൽ കോർപ്പറേഷൻഓഫീസുകളിൽ അടവാക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്. എന്നാൽ IFTE & OS ഫീസ് ഈടാക്കുന്നതിലേയ്ക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ അവലംബിക്കേണ്ടതാണ്.

1) ബന്ധപ്പെട്ട അപേക്ഷയോടൊപ്പം മതിയായ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതുണ്ടെങ്കിൽ അവ പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷം ഹെൽത്ത്ഇൻസ്പെക്ടറുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം, ലൈസൻസ് അനുവദിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

2) ഓൺലൈൻ സംവിധാനമുണ്ടെങ്കിലും ലൈസൻസ് ഫീസ് ഈടാക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെ ലിസ്റ്റും ഡിമാന്റ് രജിസ്റ്ററും മാന്വൽ ആയികൂട്ടി രേഖപ്പെടുത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) രജിസ്റ്ററുകളിലെ വിവരം കൃത്യമായി രേഖപ്പെടുത്തിയാൽ മാത്രമേ വെബ്സൈറ്റ് വിവരം പരിശോധിച്ച് ഏതെങ്കിലും സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാനോ പുതുതായി രജിസ്റ്റർ ചെയ്യാനോ വിട്ടുപോവുകയാണെങ്കിൽ ആയത് കണ്ടെത്താൻ സാധിയ്ക്കുകയുള്ളൂ.

4) ഓൺലൈൻ ആയി കളക്ട് ചെയ്യുന്ന ഫീസ് സാംഖ്യയിൽ രേഖപ്പെടുത്തി വരുന്നത് തദ്ദവസരത്തിൽ തന്നെ രജിസ്റ്ററുകളിൽ രശീതി നമ്പർ, തീയതി സഹിതം തുടർന്നും രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

5) പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം രജിസ്റ്ററിൽ ചേർത്തു സൂക്ഷിയ്ക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി യഥാസമയം ലൈസൻസ് ഫീസ് ഈടാക്കുന്നതിലേയ്ക്ക് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-46 ഒല്ലൂക്കര മേഖല ഓഫീസ് -ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഒല്ലൂക്കര മേഖല ഓഫീസിലെ 2019-20 സാമ്പത്തിക വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

A)അപേക്ഷകളിലൊന്നും തന്നെ പ്രതീക്ഷിക്കുന്ന വാർഷിക വിറ്റ് വരവ് / മുതൽ മുടക്ക് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൽക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ , ചട്ടം 7 പ്രകാരം വ്യാപാരം/ തൊഴിൽ/ കച്ചവട സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം , വ്യപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും സുതാര്യമായ മാനദണ്ഡ പ്രകാരം ' എ' , 'ബി', ' സി' എന്നീ മൂന്ന് വിഭാഗങ്ങളായി തിരിച്ച് 6 ാം ചട്ട പ്രകാരം നൽകുന്ന ഏതൊരു ലൈസൻസിനും 1ഉം 2 ഉം പട്ടികകളിൽ അതാതിനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിന് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക ലൈസൻസ് ഫീസ് ചുമത്താവുന്നതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ 1096 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാർഷിക വിൽപ്പനയുടെ/ വാർഷിക വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം ഓരോ വ്യാപാരങ്ങൾക്കും ഇടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകളിലൊന്നും തന്നെ പ്രതീക്ഷിക്കുന്ന വാർഷിക വിറ്റ് വരവ് / മുതൽ മുടക്ക് രേഖപ്പെടുത്താതെയാണ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുള്ളത്. അപേക്ഷകളിൽ ഷെഡ്യൂൾ നമ്പർ രേഖപ്പെടുത്തി, ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്. അപേക്ഷകളിൽ വാർഷിക വിൽപ്പന/ വാർഷിക വിറ്റ് വരവ് /മുതൽമുടക്ക് രേഖപ്പെടുത്താതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./കെട്ടിടം നം. | ഉടമയുടെ പേര് | സ്ഥാപനം | ഈടാക്കിയ ഫീസ് |
|---|---|---|---|
| 12/191(1) | ആന്റക്സ് .വി. ജെ, മുക്കാട്ടുകര | സെന്റ് ആന്റണീസ് ഫ്ലവർ & ഓയിൽ മിൽ | 1300/- |
| 4/337/2 | രുഗ്മണി.സി. കെ , പേരാമംഗലം | ANIDYA PETRO CAFE ( പെട്രോൾ പമ്പ്) | 5000/- |
| 5/719/1 | ജെയിംസ് പോൾ, കാളത്തോട് | സന്തോഷ് ഫ്യൂവൽസ് ( പെട്രോൾ പമ്പ്) | 3000/- |
| 5/166/3 | ജെറിൻ ജാക്കോബ്, നടത്തറ | മംഗല്യ ഗോൾഡ് & സിൽവർ ജ്വല്ലറി | 1000/- |

ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട എല്ലാ അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്നും അപേക്ഷയിൽ പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

B) അപേക്ഷകളിലൊന്നും തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ നിശ്ചിത മാതൃകയിലുള്ള പരിശോധന റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ട കാര്യങ്ങൾ പരിശോധിച്ച് ഉൾക്കൊള്ളിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./കെട്ടിടം | ഉടമയുടെ പേര് | സ്ഥാപനം | ഈടാക്കിയ ഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | |
| 12/344/2 | സിജോ.കെ.ജോസ്, നെട്ടിശ്ശേരി | വെൽഡിംഗ് വർക്ക് ഷോപ്പ് | 1000/- |
| 5/92/1,2,3 | കൊച്ചുകുളം തോമസ് തോമസ്, ഡയറക്ടർ, ESAF Retail Pvt. Ltd. | ESAF സൂപ്പർമാർക്കറ്റ് കാളത്തോട് | 5000/- |
| 5/705 | അജ്മൽ ഫവാസ്, ഒല്ലൂക്കര | അറഫ ഫുഡ്സ് & കാറ്റേഴ്സ് | 750/- |
| 5/719/1 | ജെയിംസ് പോൾ, കാളത്തോട് | സന്തോഷ് ഫ്യൂവൽസ് ( പെട്രോൾ പമ്പ്) | 3000/- |

അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥൻ ലൈസൻസ് അനുവദിക്കാവുന്നത് സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിശ്ചിത മാതൃകയിലുള്ള പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലൈസൻസ് പുതിയതാണോ /പുതുക്കുന്നതാണോ, സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, നഗരസഭയ്ക്ക് നൽകേണ്ടതായ വസ്തുനികുതി, തൊഴിൽ നികുതി അടച്ചിട്ടുണ്ടോ ,ഖര ദ്രവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയെങ്കിലും എൻക്വയറിയിൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വ്യക്തമായ മറുപടി ഉൾപ്പെടുത്തിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.6/11-08-2021)

## 1-47 കുർക്കഞ്ചേരി മേഖലാ കാര്യാലയം-ഡി & ഒ ലൈസൻസ് അപാകതകൾ

ഡി & ഒ ലൈസൻസ് അപേക്ഷകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽകണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2019-20 സാമ്പത്തികവർഷത്തെ ഡി & ഒ ലൈസൻസ് അപേക്ഷകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ നിന്നുള്ള റേഷൻ കട, കേബിൾ ഓപ്പറേറ്റേഴ്സ്, മൊബൈൽ ടവർ എന്നിവയ്ക്ക് ലൈസൻസ് എടുത്തതോ പുതുക്കിയതോ ആയി കാണുന്നില്ല. 2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ പട്ടിക II പ്രകാരം ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 9/2021 തീയ്യതി 11.08.2021 നല്കിയതിന് മറുപടി ലഭിച്ചില്ല.ലൈസൻസ് എടുക്കാത്തതോ, പുതുക്കാത്തതോ ആയ ഇത്തരം സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

ബി)ഡി. & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഡി & ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാത്തതായി കാണുന്നു. ഉദാഹരണമായി വാർഡ് 10 ലെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | സഫറുള്ള, പി.എ | 116/ B |
| 2. | ജോഷി ഗോൾഡ് വർക്ക്സ് | 406 |
| 3. | സജിത രവിശങ്കർ | 231/2 |
| 4. | ഷൈൻ.കെ. രാജ് | 537/ 46 |
| 5. | ജോൺ, S/o. ആന്റണി | 406/8 |

ഇതുപോലെ മറ്റു വാർഡുകളിലേയും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ, ഇല്ലയോ എന്നത് ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.11/2021 തിയതി 11.08.2021 ന് നല്കിയതിന് മറുപടി ലഭിച്ചിട്ടില്ല.ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ മുനിസിപ്പാലിറ്റി ചട്ടങ്ങൾ പ്രകാരം ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-48 കുർക്കഞ്ചേരി മേഖലാ കാര്യാലയം-പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ്-വിവരങ്ങൾ ലഭ്യമാക്കിയില്ല.

സ.ഉ.(സാധാ)നം.70/17/തസ്വഭവ തീ.10.01.17 പ്രകാരം, കേരള മുനിസിപ്പാലിറ്റി (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പിലാക്കുന്നത് 30.04.2017 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് ചട്ടങ്ങൾ നടപ്പിലാക്കുന്നത് ദീർഘിപ്പിച്ച് നൽകാത്തതിനാൽ 2019-20 സാമ്പത്തിക വർഷം ചട്ടങ്ങൾ പ്രാബല്ല്യത്തിലുണ്ട്.

കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447-ൽ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ യാതൊരു സ്ഥലവും ഓരോ കാര്യത്തിനും സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ പ്രസ്തുത നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനപ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെയും ഉപയോഗിക്കുവാനോ കൂടാതെ പൊതു സുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ ദോഷകരമായി ബാധിക്കുന്നതോ ശല്ല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റുസേവനങ്ങൾ എന്നിവക്കായി ഉപയോഗിക്കുവാനോ പാടുള്ളതല്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്.

09.08.2021മുതൽ 12.08.2021വരെ നടന്ന കുർക്കഞ്ചേരി മേഖലാ കാര്യാലയത്തിന്റെ ഓഡിറ്റ് വേളയിൽ ഓഡിറ്റ് എൻക്വയറി നം.3/11.08.2021പ്രകാരം കാര്യാലയത്തിന്റ അധികാര പരിധിയിൽ വരുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നതിന് മറുപടി ലഭിക്കുകയുണ്ടായില്ല. 2019-20 സാമ്പത്തിക വർഷം ഈ ഇനത്തിൽ കോർപ്പറേഷന് ലഭിക്കേണ്ടിയിരുന്ന തുക പിരിച്ചെടുത്തോ എന്ന പരിശോധന, ഇക്കാരണം കൊണ്ട് തന്നെ അസാധ്യമായിത്തീർന്നു. സാമ്പത്തിക വർഷം അവസാനിച്ച് ഒരു വർഷം കഴിഞ്ഞ് നടന്ന ഓഡിറ്റ് സമയത്തുപോലും മുൻ വർഷത്തെ രേഖകൾ ഹാജരാക്കാൻ

സാധിക്കാത്തത് ഒരു നിയന്ത്രണാധികാരസ്ഥാപനത്തിന് ഒട്ടും ഭൂഷണമല്ല. ഈ ഇനത്തിൽ കോർപ്പറേഷന് നഷ്ടം വന്നിട്ടുണ്ടോയെന്ന് പരിശോധിക്കുകയും അത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-49 കടമുറികൾ അനധികൃതമായി കീഴ് വാടകയ്ക്ക് നൽകുന്നത് കർശനമായി തടയേണ്ടതാണ്.

1. കിഴക്കെകോട്ട ഷോപ്പിംഗ് കോംപ്ലക്സിലെ 8/156/3 നം. കടമുറിക്ക് സ്ക്വയർ ഫീറ്റിന് 25രൂപ നിരക്കിൽ 28.5.2007 മുതലുള്ള ലൈസൻസ് കുടിശ്ശിക ഈടാക്കുന്നതിനും, പ്രസാദ് എന്ന വ്യക്തിക്ക് ലൈസൻസിയായ ജലജ പി ആർ കടമുറി കീഴ് വാടകയ്ക്ക് നൽകുകയും 400 സ്ക്വയർ ഫീറ്റിന്റെ അനധികൃതനിർമ്മാണം നടത്തുകയും ചെയ്തത് കേരള മുനിസിപ്പൽ ആക്ട് ചട്ടം 215(4)(2) എന്നിവയുടെ ലംഘനമായി കണക്കാക്കുകയും 27.7.18ന് നോട്ടീസ് നൽകുകയും 2.8.18ന് മുറി പൂട്ടി സീൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി പി ആർ ജലജ, കടമുറി മറ്റൊരാൾക്ക് കീഴ് വാടകയ്ക്ക് നൽകുകയും മുറിയിൽ അനുമതി കൂടാതെ അനധികൃത നിർമ്മാണം നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഇതിനെതിരെ കോർപറേഷൻ നൽകിയ കേസിൽ, 16.10.2018ന് ഡബ്ല്യുഎ /295/2016 നമ്പറായി ബഹു ഹൈകോടതിയുടെ വിധി കോർപ്പറേഷന് അനുകൂലമായി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. അനധികൃതനിർമ്മാണം നടത്തിയതിന് ലൈസൻസിക്കെതിരെ കോർപറേഷന്റെ ഭാഗത്തു നിന്നും നടപടികൾ എന്തെങ്കിലും ഉണ്ടായതായി ഫയലിൽ രേഖകളില്ല. 1.8.18 മുതൽ 30.4.19വരെ 42,60,242രൂപ വാടകയിനത്തിൽ കുടിശ്ശിക കണക്കാക്കിയിരുന്നു. ആയതിൽ 19,33,343രൂപ ടിയാൻ അടവാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഡബ്ല്യുപിസി 28524/19 നം. കേസിന്റെ വിധി അനുസരിച്ച് ലൈസൻസിയുമായി നേരിൽ കേട്ടതിന് ശേഷം കുടിശ്ശിക അടയ്ക്കേണ്ടുന്ന കാര്യത്തിലും അനധികൃത നിർമ്മാണത്തിന്റെ കാര്യത്തിലും, കടമുറി വീണ്ടും തുറന്ന് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെയും തീരുമാനങ്ങൾ ഫയലിൽ ലഭ്യമല്ല.

2. 8/156/9 നമ്പറായുള്ള കടമുറി ശ്രീ കെ എം മാത്യുവിന്റെ പേരിലുള്ളതാണ് എന്നും ടിയാൻ 17,78,488രൂപ കുടിശ്ശിക അടവാക്കിയിട്ടുണ്ടെന്നും അന്വേഷണകുറിപ്പിന് മറുപടിയായി ഡെപ്യൂട്ടി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ, നിലവിൽ പ്രസ്തുത മുറി വി.പി സെബി ഉപയോഗിച്ചു വരുന്നതായാണ് ഫയലിൽ നിന്നും ലഭിക്കുന്ന വിവരം. കടമുറികൾ വാടകയ്ക്കെടുത്ത് കോർപറേഷനുമായി കരാറിലേർപ്പെട്ടിട്ടുള്ളവർ കോർപറേഷന്റെ അറിവോ അനുമതിയോ കൂടാതെ മറ്റൊരാൾക്ക് ടി കടമുറികൾ കീഴ് വാടകയ്ക്ക് (Sublet) നൽകുന്നതും കടമുറികളുടെ ഘടനയിൽ മാറ്റം വരുത്തുന്നതും കരാർ ലംഘനമാണ്. മുറികളിൽ അനധികൃത നിർമ്മാണം നടത്തുന്നത് കേരള മുനിസിപ്പാലിറ്റി 215(4)(2) ചട്ടങ്ങൾക്ക് എതിരാണ്. ഇത്തരത്തിൽ മേൽവാടകയ്ക്ക് കൊടുത്തിട്ടുള്ള എല്ലാ ലൈസൻസികളുടെയും കരാർ എത്രയുംപെട്ടെന്ന് റദ്ദ് ചെയ്യേണ്ടതും നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-49(എ) കോർപ്പറേഷൻ ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച - നഗരസഭയ്ക്ക് നഷ്ടം

കോടതി വ്യവഹാരങ്ങളിലൂടെ നഗരസഭ അനുകൂലവിധി നേടുകയും വാടക കുടിശ്ശിക ഈടാക്കുവാൻ നടപടിയെടുക്കേണ്ടതുമായ കേസുകളുടെ വിവരങ്ങളാണ് താഴെ ചേർത്തിട്ടുള്ളത്.

| ക്രമ നം. | കേസ് നം. | ഫയൽ നം. | ലൈസൻസി |
|---|---|---|---|
| 1 | ഡബ്ല്യുഎ-295/16 | ആർ12-41655/12 | ജോൺ ആന്റോ |

| | | | |
|---|---|---|---|
| | ഡബ്ല്യുപിസി- 309/19 | ജി7-1456/19 | 8/156/8 |
| 2 | ഡബ്ല്യുപിസി-28524/19<br>ഡബ്ല്യുപിസി- 31109/18 | ആർ12-41655/12<br>ജി7- 49632/19 | പിആർ ജലജ<br>8/156/3 |
| 3 | ഡബ്ല്യുപിസി-13052/19<br>ഡബ്ല്യുഎ-295/16 | ജി7-19575/19 | വിപി സെബി<br>8/156/9 |
| 4 | ഡബ്ല്യുപിസി-29218/19 | ജി7-49969/19<br>ആർ13/54389/18 | ടിപി വർഗ്ഗീസ്<br>പറവട്ടാനി |
| 5 | ഡബ്ല്യുപിസി-45/19<br>ഡബ്ല്യുപിസി-12834/19 | ജി7-339/19<br>ആർ12-41655/12 | ഐ ആർ ജോസ്<br>8/156/2 |
| 6 | ഡബ്ല്യുപിസി- 815/19 | ആർ12-41655/12<br>ജി7- 1488/19 | ജോയ് കുരുതുകുളങ്ങര<br>8/156/4 |
| 7 | ഡബ്ല്യുപിസി- 317/19 | ആർ12-41655/12<br>ജി7- 1459/19 | കെപി ജോസ് |
| 8 | ഡബ്ല്യുപിസി- 321/19 | ആർ12-41655/12<br>ജി7- 1457/19 | സെലീന പൈലി |

മേൽപറഞ്ഞ കേസുകളിൽ എടുത്ത തുടർനടപടികളും കുടിശ്ശിക തുക ഈടാക്കിയതിന്റെ രേഖകളും പരിശോധനയ്ക്ക് നൽകുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ അന്വേഷണ കുറിപ്പിനുള്ള മറുപടിയിൽ നിന്നും ലഭിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | ലൈസൻസി | 8/2021 വരെയുള്ള കുടിശ്ശിക തുക | അടച്ച തുക | അടയ്ക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | ജി7-1456/19 | ജോൺആന്റോ<br>8/156/8 | 15,25,770/- | 1,64,500/- | 13,61,270/- |
| 2 | ജി749632/19 | പിആർ ജലജ<br>8/156/3 | 42,60,242/- | 19,33,343/- | 23,26,899/- |
| 3 | ജി7-19575/19 | വിപി സെബി<br>8/156/9 | കണക്കാക്കിയിട്ടില്ല. | 1778488/- | കണക്കാക്കിയിട്ടില്ല. |
| 4 | ജി749969/19 | ടിപി വർഗ്ഗീസ് | 11,78,140 + പലിശ | 200000/- | 9,78,140 + പലിശ |

| | | | | | |
|---|---|---|---|---|---|
| | | പറവട്ടാനി | | | |
| 5 | ജി7-339/19 | ഐആർജോസ് 8/156/2 | 21,05,657/- | 2,60,000/- | 18,45,657/- |
| 6 | ജി7- 1488/19 | ജോയ് കുരുതുകുളങ്ങര 8/156/4 | 19,32,888/- | -- | 19,32,888/- |
| 7 | ജി7- 1459/19 | കെപി ജോസ് 8/156/1 | 15,18,842/- | 5,27,970/- | 9,90,872/- |
| 8 | ജി7- 1457/19 | സെലീന പൈലി 8/156/6 | 13,12,557/- | 5,25,970/- | 7,86,587/- |
| | | ആകെ | | | 1,02,22,313/ - + പലിശ |

ഓഡിറ്റിന് ലഭ്യമായ ഫയലുകളുടെ പരിശോധനയിൽ മാത്രം ഏകദേശം ഒരു കോടിയിലധികം തുക വാടകയിനത്തിൽ കോർപ്പറേഷന് ലഭിക്കുവാൻ കുടിശ്ശികയുണ്ട്. മുകളിൽ ചേർത്ത പട്ടിക പ്രകാരം ഒരു കോടി രണ്ടു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തിമുന്നൂറ്റിപതിമൂന്ന് രൂപ (1,02,22,313രൂപ) 31.8.21വരെ ലഭിയ്ക്കുവാനുണ്ട്. സമയാസമയങ്ങളിൽ വാടക കരാർ പുതുക്കാതെയും ഈടാക്കുവാനുള്ള വാടകതുക കൃത്യമായി പിരിച്ചെടുക്കാതെയും തുടരുന്നത് കോർപ്പറേഷന്റെ തനത് വരുമാനത്തിൽ ഉണ്ടാക്കുന്ന നഷ്ടം ഭീമമാണ്. ഭരണകർത്താക്കളുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതുണ്ട്.

## 1-50 ബൈലോ തയ്യാറാക്കുന്നതിലെ കാലതാമസം - പരസ്യലൈസൻസ് ഫീ നഷ്ടമാക്കി

2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് &സർവ്വീസ് ടാക്സ് ആക്ട് ,വകുപ്പ് 173 ലെ ഉപവകുപ്പ് (Vi) പ്രകാരം പരസ്യ നികുതി ഈടാക്കുന്നതിന് നഗരസഭകൾക്ക് അധികാരം നൽകുന്ന 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 271 റദ്ദാക്കുകയുണ്ടായി. 2017 വരെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 271,276 പ്രകാരം ഓരോ സാമ്പത്തിക വർഷത്തേക്കും കുത്തക ലേലം വഴിയാണ് നഗരസഭ പരസ്യ നികുതി ഈടാക്കിയിരുന്നത്.ആയതു പ്രകാരം മുൻ വർഷങ്ങളിൽ നഗരസഭയ്ക്കുണ്ടായിട്ടുള്ള പരസ്യനികുതി വരവ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പരസ്യനികുതി |
|---|---|---|
| 1 | 2014-15 | 51,00,555 |
| 2 | 2015-16 | 40,05,000 |
| 3 | 2016-17 | 40,05,500 |
| 4 | 2017-18 | 40,21,000 |

ജി.എസ്.ടി നിലവിൽ വന്നതിനുശേഷം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽ പരസ്യം സ്ഥാപിക്കുന്നതിനുള്ള പരിശോധനാ ഫീസ് ,ലൈസൻസ് ഫീസ്,ഡെപ്പോസിറ്റ് തുക ഈടാക്കൽ എന്നിവയ്ക്കുള്ള ബൈലോ തയ്യാറാക്കുന്നതിന് 28.4.2018 മുതൽ നടപടി സ്വീകരിച്ചുവെങ്കിലും (ഫയൽ നം.R13/19596/18) ബൈലോയ്ക്ക് കൗൺസിൽ അംഗീകാരം

നൽകിയിരിക്കുന്നത് 3.12.2019നാണ്. ആയതിനാൽ തന്നെ 2019-2020 സാമ്പത്തിക വർഷം പരസ്യ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള കുത്തകലേലം നടന്നിട്ടില്ലാത്തതും ഇപ്രകാരം നഗരസഭയ്ക്ക് തനതുവരുമാനമാനം ഉറപ്പാക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ 567-ാം വകുപ്പിന്റെ (2) ,(9),(11),(32) ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും ടി ആക്റ്റിന്റെ 207,271,272,273,274,275,276,368,369,375 എന്നീ വകുപ്പുകൾ അനുസരിച്ചും തൃശ്ശൂർ കോർപ്പറേഷനിൽ പരസ്യനികുതി ചുമത്തുന്നതിനായി നിയമാവലി തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കിയിട്ടുള്ള നിയമാവലിയ്ക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനായി 2.3.2020 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ കാലയളവിലേക്ക് പരസ്യ ലൈസൻസ് ഫീ ഈടാക്കുന്നതിനായി കുത്തകലേലം നടന്നിട്ടില്ലാത്തതും ഇപ്രകാരം നഗരസഭയ്ക്ക് വരുമാനമുണ്ടായിട്ടില്ലാത്തതാണ്.

2021-22 കാലയളവിലേയ്ക്ക് പരസ്യ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള കുത്തകലേലം 8.3.2021 ൽ നടന്നിട്ടുള്ളതും 55,05,000(അൻപത്തഞ്ചു ലക്ഷത്തി അയ്യായിരം ) രൂപയ്ക്ക് ലേലം നടന്നിട്ടുള്ളതുമാണ്. ലേലത്തുകയുടെ 50% ആയ ആദ്യ ഗഡു 27,52,500 രൂപ കോർപ്പറേഷനിലേക്ക് വരവായിട്ടുണ്ട്.

പരസ്യഫീ ഈടാക്കുന്ന നടപടികളിലെ കാലതാമസം മൂലം 2018-19, 2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഏകദേശം ഒന്നര കോടി രൂപയുടെ വരുമാന നഷ്ടം നഗരസഭയ്ക്ക് ഉണ്ടായിട്ടുണ്ട്.

## 1-51 എഞ്ചിനീയറിംഗ് വിഭാഗത്തിൽ 2019-20വർഷം നടത്തിയ ലേലം സംബന്ധിച്ച് താഴെ കൊടുത്തിട്ടുള്ള ഫയലുകൾ പരിശോധനയ്ക്കു ഹാജരാക്കായിട്ടില്ല.

1) 29.05.2019 ൽ നഗരസഭ കോൺഫറൻസ് ഹാളിൽ വെച്ചു നടത്തിയ മണ്ണ് കയ്യൊഴിയുന്നതിനുള്ള ലേലനടപടികളിൽ ശ്രീ.ലിക്സൺ വർഗ്ഗീസ്, നെല്ലങ്കര(H)യ്ക്കു ലേല നോട്ടീസ് പ്രകാരം 600m3 മണ്ണിന് 41.40/m3നിരക്കിൽ 24,840/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നല്കിയതായി കാണുന്നു. ആയതിൽ 12,420/-രൂപ (50%) ലേല ദിവസം തന്നെ ഒടുക്കണമെന്നും ബാക്കി തുക ലേലം അംഗീകരിച്ച ശേഷം അടവാക്കിയാൽ മതിയെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1സാക്ഷ്യപ്പെടുത്തിയും, സാക്ഷികളായി ശ്രീ.എം.എൽ.ആന്റണി, ശ്രീ.കെ.ബി. സന്തോഷ് കുമാർ എന്നിവർ ഒപ്പുവച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു.എന്നാൽ ബാക്കിതുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ,എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2) 01.06.2019-ൽ നഗരസഭ കോൺഫറൻസ് ഹാളിൽ വച്ചുനടത്തിയ മണ്ണ് ലേലം (പാറക്കുളം നവീകരണവുമായി കിട്ടിയ മണ്ണ് )നടപടികളിൽ 45/m3നിരക്കിൽ 200m3മണ്ണ് ശ്രീ. സുരേഷ്, ശിൽപി ബിൽഡേഴ്സ്ന് ലേലം "അവസാനിപ്പിച്ച തായി" രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാക്ഷികൾ ശ്രീ.സാജൻ കവലക്കാട്,ശ്രീ. എം.എൽ വർഗ്ഗീസ് എന്നിവർ ഒപ്പു വച്ചിട്ടുണ്ട്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,തൃശ്ശൂർ നഗരസഭ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നു (ഫയൽ നം-26010/19).9000/-രൂപ നഗരസഭയിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ,എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

3) തൃശ്ശൂർനഗരസഭയുടെ അധീനതയിലുള്ള (1)അയ്യന്തോൾ ഗവ:ഹൈസ്കൂൾ,(2)അരണാട്ടുകര യു.പി.സ്കൂൾഎന്നീ കെട്ടിടങ്ങളിലെ ക്ലാസ്സ്മുറികൾ പൊളിച്ചു നീക്കപ്പെടുന്നതിനും നിർമ്മാണ സാമഗ്രികൾ കയ്യൊഴിയുന്നതിനുമുള്ള ലേല നടപടി ക്രമത്തിൽ അരണാട്ടുകര യു.പി.സ്കൂൾ കെട്ടിടം പൊളിച്ചു നീക്കുന്നതിന് ഏറ്റവും ഉയർന്ന നിരക്കായ

2,40,000/-രൂപ ക്വാട്ട് ചെയ്ത ശ്രീ. എം.ജെ.ജോർജ്ജിനു ലേലം ഉറപ്പിച്ച്, ലേലത്തുകയുടെ 83% തുകയായ 2,00,000/-രൂപ രസീത് നം-01/119040104921/18.06.2019 പ്രകാരം നഗരസഭയിൽ ഒടുക്കിയെന്നും, ബാക്കി തുക തൊട്ടടുത്ത ദിവസം അടക്കാൻ നിർദ്ദേശിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ലേലം പൊതു കൗൺസിൽ അംഗീകാരത്തിനായി സമർപ്പിയ്ക്കാവുന്നതാണെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അയ്യന്തോൾ (ഇൻ ചാർജ്ജ്,എക്സിക്യൂട്ടീവ് എഞ്ചിനിയർ,സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നു.(ഫയൽ നം-പി ഡബ്ല്യു6/56551/18).40,000/-രൂപ നഗരസഭയിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ,എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

25.06.2019 ൽ നടന്ന ലേലത്തിൽ ബേസ് വാല്യൂ 3 ലക്ഷം ആയിരുന്നെങ്കിലും ലേലത്തിൽ പങ്കെടുത്തയാൾ എത്തിയവരുടെ എതിർപ്പുമൂലം 2ലക്ഷം രൂപയിൽ ലേലം ആരംഭിച്ചു. അതിൽ ഏറ്റവും കൂടുതൽ വിളിച്ചത് ശ്രീ.ചേറു 2.30/- ലക്ഷം രൂപയ്ക്കാണ്. ലേലത്തുക ബേസ് വാല്യുവിനേക്കാൾ കുറവായതിനാൽ അംഗീകരിയ്ക്കാൻ സാധിയ്ക്കാത്തതിനാലും പുനർലേലം ആയതിനാലും ഓഫർ ക്ഷണിയ്ക്കാവുന്നതാണ് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയറും, അഡീഷണൽ സെക്രട്ടറിയും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (Pw6/56551/18).ആയതിനു കൗൺസിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ എന്നും ലേലതുക നഗരസഭയിൽ ഒടുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. ഇതുസംബന്ധിച്ച നല്കിയ എൻക്വയറിയ്ക്കു മറുപടി ലഭ്യമാക്കിയിട്ടില്ല.

4) 2.08.2019 ന് കോൺഫറൻസ് ഹാളിൽ പള്ളിക്കുളം സ്ക്രാപ്പ് ലേലത്തിൽ 21800/-യ്ക്ക് ശ്രീ.സി.പി.ജോണി ലേലം വിളിച്ച് താല്ക്കാലികമായി ഉറപ്പിച്ചു. ലേലത്തുകയുടെ 50% തുക11000/- രൂപ നഗരസഭ ഫണ്ടിൽ (രസീത് നമ്പർ രേഖപ്പെടുത്തിയിട്ടില്ല)02.08.2019 തിയതിയിൽ അടച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.ബാക്കി തുക ജി.എസ്.റ്റി സഹിതം 15ദിവസത്തിനുള്ളിൽ സ്ക്രാപ്പ് നീക്കം ചെയ്തു നഗരസഭയിൽ അറിയിച്ചതിനുശേഷം അടപ്പിയ്ക്കാവുന്നതാണെന്നും ബഹു.മേയറുടെ മുൻകൂർ അനുമതിയോടു കൂടി കരുകാരൻ ലേലം ഉറപ്പിച്ച് കൊടുക്കുന്നതിന് ഉത്തരവിനായി എന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിട്ടുണ്ട്.എന്നാൽ തുക നഗരസഭയിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ,എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള ലേല നടപടികളുടെ ഫയലുകൾ എത്രയും വേഗം ഓഡിറ്റിനു ഹാജരാക്കുന്നതിനും തുക ഒടുക്കിയതിന്റെ നിജസ്ഥിതി ഓഡിറ്റിൽ അറിയിക്കുന്നതിനുമായി 11.08.2021ൽ ഓഡിറ്റ് എൻക്വയറി(51/19-20.) നല്കിയിരുന്നു എങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മേല്പടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-52 നിയന്ത്രണാധികാര വിനിയോഗത്തിന്റെ അഭാവം

കേരള മുനിസിപ്പാലിറ്റി നിയമം അദ്ധ്യായം XV, വകുപ്പ് 310 മുതൽ 314എ വരെയാണ് സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകളുള്ളത്. 1997-ൽ ഈ വിഷയത്തിനു മാത്രമായി രൂപീകരിച്ച ചട്ടങ്ങളിൽ പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഒരു തദ്ദേശഭരണ സ്ഥാപനത്തിന് നിയന്ത്രണാധികാരം എന്ന ഒട്ടും ചെറിയതല്ലാത്ത അധികാരമാണ് നിയമവും ചട്ടങ്ങളും നൽകിയിരിക്കുന്നത്. നിയമദത്തമായ ഇത്തരം അധികാരങ്ങളുടെ ശരിയായ നിർവ്വഹണത്തിലൂടെ മാത്രമേ നിയമം നിലവാര നിഷ്കർഷ ഉറപ്പുവരുത്തുന്നതിന് സാധിക്കൂ.

ഛൂർക്കഞ്ചേരി മേഖലാ കാര്യാലയത്തിനു കീഴിലെ 8 ഡിവിഷനുകളിലെ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച് 2019-20 വർഷത്തെ പരിശോധനയിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

എ)ചട്ടം 4(3) പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയിന്മേൽ സെക്രട്ടറി അന്വേഷണം നടത്തേണ്ടതാണ്. എന്നാൽ മരിയ ഡെന്റൽ ക്ലിനിക്ക്, സെന്റ് മേരീസ് സ്ട്രീറ്റ്, കുരിയച്ചിറ എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതായി കാണുന്നില്ല.

ബി)1997-ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങളിലെ ചട്ടം 3(6)-ൽ രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ 2-ാം നം ഫാറത്തിലുള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടത്തിൽ നിഷ്കർഷിക്കുന്ന തരത്തിലുള്ള രജിസ്റ്ററല്ല എഴുതി സൂക്ഷിച്ചു പോരുന്നത്. കൂടാതെ അധികാരപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നുമില്ല.

മേൽ പറഞ്ഞ ഉദാഹരണങ്ങൾ, തൃശ്ശൂർ കോർപ്പറേഷന്റെ ഈ മേഖലയിലുള്ള പ്രവർത്തനങ്ങളുടെ ഒരു ദിശാ സൂചകമായി കാണാൻ സാധിക്കില്ലെങ്കിലും നിയമം അനുശാസിക്കുന്ന തരത്തിലുള്ള പരിശോധനകൾ നടത്തി, നിലവാര നിഷ്കർഷ ഉറപ്പുവരുത്താൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 നഗരസഭയിൽ സേവനം അനുഷ്ഠിച്ചു വരുന്ന താഴെപ്പറയുന്ന ജീവനക്കാർ നാളിതുവരെ പ്രോബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല.

നഗരസഭയിൽ സേവനം അനുഷ്ഠിച്ചു വരുന്ന താഴെപ്പറയുന്ന ജീവനക്കാർ നാളിതുവരെ പ്രോബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ജീവനക്കാരന്റെ പേര് | സേവനവിവരം ജോലിയിൽ പ്രവേശിച്ചത് | പ്രോബേഷൻ പൂർത്തീകരിക്കേണ്ട കാലയളവ്. |
|---|---|---|---|
| 1 | അശ്വതി.കെ.യു എൽ .ഡി.സി/ ബിൽ കളക്ടർ | 12.09.2018 | തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടി |
| 2 | അരുൺ .പി.പി എൽ .ഡി.സി/ ബിൽ കളക്ടർ | 18.9.2006 | തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടി.. |

| | | | |
|---|---|---|---|
| 3 | ഷാബു,കെ.ജി<br>എൽ .ഡി.സി/ ബിൽ കളക്ടർ | 2.11.2017 | തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടി |
| 4 | സി.ഇ.മെഹ്റ<br>പ്യൂൺ | 4.9.04 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി |
| 5 | പി.എം.ശശി<br>എൽ .ഡി.സി/ ബിൽ കളക്ടർ | 30.9.1999 | തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടി |
| 6 | ഇ.വി.വിനോദ് കുമാർ<br>പ്യൂൺ<br>ക്ലാർക്ക് | 23.11.1993<br>20.1.2014 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി |
| 7 | ജോസി മോൻ.എ.സെബാസ്റ്റ്യൻ<br>എൽ .ഡി.സി/ ബിൽ കളക്ടർ | 13.8.07 | തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടി |
| 8 | രഞ്ജിത്ത് .എം.ആർ<br>ഓഫീസ് അറ്റന്റന്റ് | 30.6.2015 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി |
| 9 | വിനോദ്.വി.സി<br>ഓഫീസ് അറ്റന്റന്റ് | 7.8.2012 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ |

| | | | |
|---|---|---|---|
| | | | ഒരു വർഷത്തെ ഡ്യൂട്ടി |
| 10 | ടി.എസ്.വിജയൻ പ്യൂൺ | 3.11.1998 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി |
| 11 | ജനാർദ്ദനൻ.കെ പ്യൂൺ | 22.12.1997 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി |
| 12 | പി.വി.കനകം പ്യൂൺ | 23.3.05 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി |
| 13 | എ.പി. വിൽസൺ പ്യൂൺ | 10.1.1990 | തുടർച്ചയായ രണ്ടു വർഷത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ ഡ്യൂട്ടി |
| 14 | ഡെന്നി.വി.ബി. ക്ലാർക്ക് | 1.12.2010 | തുടർച്ചയായ മൂന്നു വർഷത്തെ സേവന കാലയളവിനുള്ളിൽ രണ്ടു വർഷത്തെ ഡ്യൂട്ടി |

കേരളാ സ്റ്റേറ്റ് &സബോർഡിനേറ്റ് സർവ്വീസസ് ജനറൽ റൂൾ 20 അനുസരിച്ച് അപ്പോയിന്റിംഗ് അതോറിറ്റിക്ക് പരമാവധി ഒരു വർഷത്തേക്ക് പ്രൊബേഷൻ നീട്ടി നൽകാവുന്നതും അതിനു ശേഷം ഗവൺമെന്റിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമാണ്.മേൽ ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും പ്രൊബേഷൻ ഡിക്ളയർ ചെയ്തതായി കാണുന്നില്ല. കേരളാ സ്റ്റേറ്റ് &സബോർഡിനേറ്റ് സർവ്വീസസ് റൂൾ 21 അനുസരിച്ച് പ്രൊബേഷൻ കാലയളവ് നീട്ടി ലഭ്യമായതായും കാണുന്നില്ല. നിശ്ചിതസമയത്തിനകം പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെയോ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കാതെയോ സേവനത്തിൽ തുടരുന്നത് ചട്ടവിരുദ്ധമായതിനാൽ ഇത്തരത്തിൽ

തുടരുന്നവരുടെ കാര്യത്തിൽ ജനറൽ റൂൾ 20 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-54 തൃശ്ശൂർ കോർപ്പറേഷൻ റഗുലർ ജീവനക്കാരുടെ പെൻഷൻ അലോട്ട്മെന്റ് തുക നഗരകാര്യഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച് കിട്ടാൻ ഊർജിതശ്രമം നടത്തേണ്ടതാണ് .

ഫയൽ നം എ 7/6324/04

തൃശ്ശൂർ കോർപ്പറേഷൻ റഗുലർ പെൻഷൻ വിഭാഗത്തിൽ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലുള്ള തുക നിയമപ്രകാരം കുറവ് വരുത്തുന്നുണ്ടെങ്കിലും ഈ തുക സെൻട്രൽ ഫണ്ടിലേക്ക് അടവാക്കുന്നില്ല.1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസമൊത്ത വിഹിതത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ ഫണ്ടിലേക്ക് അടവാക്കണമെന്നിരിക്കേ ഇപ്രകാരം അടവാക്കാതിരിക്കുന്നത് ആശാസ്യകരമല്ല. നഗരകാര്യഡയറക്ടറേറ്റിൽ നിന്നും പെൻഷൻ അലോട്ട്മെന്റ് ആവശ്യത്തിന് ലഭ്യമാകാത്തതിനാൽ പെൻഷൻ വിതരണം മുടങ്ങുമെന്നതിനാൽ 2009 മുതൽ ജീവനക്കാരിൽ നിന്നും പിരിച്ചെടുക്കുന്ന തുകയും തികയാത്തതിനാൽ ബാക്കി തുക കോർപ്പറേഷൻ ഫണ്ടിൽ നിന്നും എടുത്ത് ചെലവഴിച്ച് വരുന്നതായി ഫയലിലുണ്ട്.17.03.21ൽ 18-ാം നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 23.03.21ന് നൽകിയ മറുപടിയിൽ 2019-2020 വർഷത്തിൽ മാത്രം പെൻഷൻ അലോട്ട്മെന്റിനത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും 7,70,79,306/- രൂപ ലഭിക്കേണ്ടതുണ്ട് എന്നറിയിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം മുതലുള്ള കുടിശ്ശിക കൂടി കണക്കിലെടുത്താൽ 23,00,36,672/-രൂപ അനുവദിക്കേണ്ട തായുണ്ട്. മാത്രമല്ല, പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 1,23,17,002/-രൂപ കുടിശ്ശികയായി അടവാക്കാനുണ്ട്. ഇക്കാര്യം നഗരകാര്യഡയറക്ടറുടെ ശ്രദ്ധയിൽ പ്പെടുത്തി കോർപ്പറേഷന്റെ ഭാഗത്തു നിന്നും സ്വീകരിക്കുന്ന നടപടികളെ പ്രശംസിക്കുന്നതോടൊപ്പം തന്നെ കൂടുതൽ ഊർജിതശ്രമം ഇക്കാര്യത്തിലെടുക്കേണ്ടതുണ്ട് എന്ന് നിർദേശിക്കുന്നു.

## 1-55 സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം വാങ്ങൽ-നടപടിയിലെ അപാകതകൾ.

പ്രോജക്ട് നം.(1) എസ്.241/19 ,(2)എസ്.521/20.

(ഫയൽ നം-DW6/26904/18)

അടങ്കൽ _ പ്രോജക്ട് നം-(1) _ 4,070,3832/-(ധനകാര്യ കമ്മീഷൻ അവാർഡ്),

പ്രോജക്ട് നം.(2) _ 2,25,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ്)

---------------------------------------------------------------------------------------------------------

ആകെ – 6,32,03,832/-

---------------------------------------------------------------------------------------------------------

ചെലവ് 2018-19 - 1,82,03,832/- വികസനഫണ്ട്

2019-20

1.26,99,728/-തനതുഫണ്ട്.

(19,00,510/- ചെക്ക് നം-595170/19.01.2019

7,17,085/- ചെക്ക് നം. 595184/ 25.10.2019

82,133/- ചെക്ക് നം.595197/25.01.2019)

2. 22,19,343/- (ബിൽ നം. 10/05.04.2019)

3. 99,22,287/- (ബിൽ നം.11/05.04.2019)

4. 99,14,936/-(ബിൽ നം. 12/05.04.2019)

---

ആകെ - 4,29,60,126/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19ൽ നടപ്പിലാക്കിയ സിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയ്ക്കായി 1,82,03,832/-രൂപ വികസനഫണ്ടിൽ നിന്നും,19,82,643/-തനതുഫണ്ടിൽനിന്നുമായും 2018-19ലും, 2019-20 സാമ്പത്തിക വർഷം 2,20,56,566/-രൂപയും (പുതുക്കിയ പദ്ധതി പ്രകാരം)7,17,085/- രൂപ തനതു ഫണ്ടിൽനിന്നും ചെലവഴിച്ചതായി കാണുന്നു.

1)31.12.2007ലെ ജി.ഒ.(എം.എസ്.)280/2007/-തസ്വഭവ പ്രകാരം 1കോടിയിലധികം തുക ചെലവഴിയ്ക്കുന്നതിനു സർക്കാർ അനുമതി ആവശ്യമാണെങ്കിലും ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ പ്രസ്തുത പദ്ധതിയ്ക്കായി അനുമതി ലഭ്യമായതായി കാണുന്നില്ല.

2) ഫയലിലെ രേഖപ്പെടുത്തലിൽ കേന്ദ്രാവിഷ്കൃത അമൃത് പദ്ധതിയുടെ സിവറേജ് പദ്ധതിയ്ക്ക് സ്ഥലം വാങ്ങുന്നതിനായി പ്രസ്തുത പ്രോജക്റ്റ് വഴി 4ഏക്കർ ഭൂമി വാങ്ങുന്നതായി പറയുന്നു. എന്നാൽ ഇതു സംബന്ധിച്ച് പ്രോജക്റ്റ് ഫോമിൽ ഇപ്രകാരം രേഖപ്പെടുത്തലുകളോ,അടങ്കൽ തുകയിൽ കേന്ദ്രാവിഷ്കൃതഫണ്ടുൾപ്പെടുത്തി പുതുക്കുകയോ ചെയ്തിട്ടില്ല.

സ്വീവറേജ് പ്ലാന്റിലേയ്ക്കുള്ള വെള്ളം ശേഖരിയ്ക്കുന്നതിന് ഏതൊക്കെ പ്രദേശമുൾപ്പെടുന്നു എന്നും വെള്ളത്തിന്റെ അളവ് എത്രയെന്നും, ആയതിന്റെ പ്രവർത്തനം, സ്ഥാപിയ്ക്കാൻ ആവശ്യമായി വരുന്ന സ്ഥലത്തിന്റെ അളവ്, എപ്രകാരം നിർവ്വഹണം നടത്തുന്നു പദ്ധതിയുടെ നിർവ്വഹണ സമയക്രമംഎന്നതിന്റെ വിശദാംശങ്ങൾ, ഒന്നും തന്നെ പ്രോജക്റ്റ് ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല.

3) 2017-18 വർഷം ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മലിനജല സംസ്കരണപ്ലാന്റിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയാക്കായി വാങ്ങിയ തണ്ണീർതട (മാസ്റ്റർ പ്ളാനിലുൾപ്പെട്ട ടൂറിസം വികസനത്തിനായി എടുത്ത നെൽവയലടങ്ങിയ സ്ഥലം) ത്തിന് സമീപമായതിനാലും നിലവിലെ പ്രോജക്റ്റി നായിഎറ്റെടുത്ത സ്ഥലം, പദ്ധതിയ്ക്കു അനുകൂലമാണ് എന്നാണ് കോർപ്പറേഷൻ എഞ്ചിനീയറും, ഹെൽത്ത് സൂപ്രണ്ടും ഫയലിൽ എഴുതിയിട്ടുള്ളത്.

- 2000 ലെ കേരള മുനസിപ്പലിറ്റി വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ 3 (3)(എ) പ്രകാരം ഏതൊരു വസ്തുവും ആർജ്ജിയ്ക്കുന്നതിനു മുൻപ് റോഡുകൾ പാലങ്ങൾ, കലുങ്കുകൾ, ക്വാറികൾ എന്നിവയുടെ കാര്യത്തിൽ ഒഴികെ നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിനു അനുയോജ്യമാണ് എന്ന് മുനിസിപ്പൽ ഹെൽത്ത് ഓഫീസറോ,ടിയാന്റെ അഭാവത്തിൽ സർക്കാർവകുപ്പിലെ ജില്ലാ മെഡിക്കൽ ഓഫീസറോ സർട്ടിഫിക്കറ്റ് നല്കിയിരിയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ നിലവിൽ ഹെൽത്ത് ഓഫീസർ തസ്തിക ഒഴിവ് ആയ സാഹചര്യത്തിൽ മേൽനിയമപ്രകാരം നടപടി സ്വീകരിച്ചതായി കാണുന്നില്ല.
- പ്രസ്തുത ചട്ടങ്ങൾ 3(3)(ബി)യിൽ നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണ് എന്ന് മുനിസിപ്പൽ

എഞ്ചിനീയർ സർട്ടിഫിക്കറ്റ് നല്കിയിരിക്കേണ്ടതാണ് എന്ന നിബന്ധന പൂർണ്ണമായും പാലിച്ചിട്ടില്ല. വാങ്ങിയഭൂമി നിർദ്ദിഷ്ട ഉപയോഗത്തിനു അനുയോജ്യമാണ് എന്ന് വ്യക്തമായിസാക്ഷ്യപ്പെടുത്തിയിട്ടില്ല.

- 2000ലെ ചട്ടങ്ങൾ5 ഉഭയസമ്മതപ്രകാരമുള്ള വസ്തു ആർജ്ജിക്കൽ (എ) ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ആർജ്ജിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന വസ്തുവിന്റെ മുൻകാലബാദ്ധ്യത തെളിയിയ്ക്കുന്നതിനുള്ള 18 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ് വാങ്ങി വസ്തു ബാദ്ധ്യത മുക്തമെന്നു ഉറപ്പുവരുത്തേണ്ടതാണ്.എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല.
- 2000ലെ ചട്ടങ്ങൾ 5(ബി)യിൽ ആർജ്ജിയ്ക്കാൻ ഉദ്ദേശിയ്ക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച ഉടമാവകാശം മുനിസിപ്പൽ സ്റ്റാന്റിംഗ് കൗൺസിലിനെക്കൊണ്ടോ ജില്ലാ ഗവൺമെന്റ് പ്ലീഡറെക്കൊണ്ടോ പരിശോധിപ്പിച്ച് ഉടമസ്ഥന് നിർദ്ദിഷ്ട വസ്തുവിൻമേൽ ശരിയായ ഉടമസ്ഥ–കയ്യൊഴിയ്ക്കൽ അവകാശം ഉണ്ടെന്നു ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

എന്നാൽ നഗരസഭയുടെ വ്യവഹാരങ്ങൾക്ക് കോടതിയിൽ ഹാജരാകുന്ന അഡ്വക്കറ്റ് ശ്രീ.സന്തോഷ് പൊതുവാളിൽ നിന്നും എടുത്ത ലീഗൽ ഒപ്പീനിയനിൽ ബാദ്ധ്യതാരഹിത സാക്ഷ്യപത്രം ഹാജരാക്കാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കിയിട്ടില്ല.

- ദ്രവമാലിന്യ സംസ്കരണ സംവിധാനം കമ്മ്യൂണിറ്റി തലം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്,പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ്പ്ലാന്റ് (ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചേർന്നതടക്കം) സ്ഥാപിയ്ക്കുന്നതിന് 2.2.2018ലെ സ.ഉ.(എം.എസ്) നം17/2018/തസ്വഭവയിൽ നിർദ്ദേശിയ്ക്കുന്നതുപ്രകാരം മാലിന്യസംസ്കരണ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗമാണ്. എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിയ്ക്കേണ്ടതില്ലാത്തതുമായ ലളിതമായ പ്രോജക്ടുകൾ നഗരസഭയിൽ ഹെൽത്ത് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് തയ്യാറാക്കി നടപ്പിലാക്കാവുന്നതാണ്.ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സാങ്കേതിക സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്. 14.2.2018ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ മാർഗ്ഗരേഖ പ്രകാരം ഉറവിട മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇതിനുള്ള ഉപാധികളും (കമ്പോസ്റ്റിംഗ്/ബയോമെത്തനേഷൻ) ഇനോക്കുലം മുതലായ വസ്തുക്കളും ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനം നേരിൽക്കണ്ട് മനസ്സിലാക്കി സ്വന്തം ചെലവിൽ സ്ഥാപിയ്ക്കുന്നതിന് ജനങ്ങളെ സജ്ജരാക്കുന്നതിനും ശുചിത്വമിഷൻ അംഗീകൃത സേവനദാതാക്കളുടെയും സ്വയം സഹായക സംഘങ്ങളുടെയും സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാനിട്ടേഷൻ കിയോസ്ക് സ്ഥാപിയ്ക്കാം.നിലവിൽ കെട്ടിട സൗകര്യം ഉണ്ടെങ്കിൽ ടി കെട്ടിടത്തിലോ,അല്ലായെങ്കിൽ ഇതിലേക്കായി ഒരു സെമി പെർമെനന്റ് ഷെഡ്ഡ് ഉണ്ടാക്കി സൗകര്യം ഏർപ്പെടുത്താവുന്നതാണ്. മാലിന്യ സംസ്കരണത്തിനായി നീക്കിവച്ച വികസനഫണ്ടിൽനിന്നും ഇതിലേയ്ക്കാവശ്യമായ തുക ചെലവഴിയ്ക്കാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖയിൽ വികസനഫണ്ട് ഉപയോഗിച്ച് സ്ഥലം വാങ്ങുന്നതിന് അനുമതിയില്ല.
- പ്രസ്തുത പദ്ധതിയ്ക്കുള്ള പണം ബജറ്റിൽ വകയിരുത്തിയിരുന്നോ എന്നും,2019-20 വർഷം സ്പിൽഓവർ പദ്ധതിയ്ക്കായി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നോ എന്നും,അടങ്കൽ തുകയിൽ ഭേദഗതി വരുത്തിയത് ഭരണ സമിതിയംഗീകാരവും വെറ്റിംഗ് ഓഫീസറുടെ പരിശോധനയും നടത്തിയിരുന്നോ എന്നും ആരാഞ്ഞുകൊണ്ട്

6.2.2021ൽ 8/19-20-ാംനമ്പർ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനൊപ്പം നിലവിൽ ഈപദ്ധതിയുടെ പ്രവർത്തന പുരോഗതി (അമൃത്പദ്ധതിയുടെയും)എവിടെ വരെയെന്ന് ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

നിലവിലെ നിയമങ്ങൾക്കും,സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി ഭൂമി വാങ്ങുന്നതിനായി ചെലവഴിച്ച 4,29,60,126/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-56 വയോമിത്രം പദ്ധതിക്ക് കോർപ്പറേഷൻ വിഹിതം അടവാക്കൽ

പ്രോജക്റ്റ് നം - 447/20

ഫയൽ നം - PC2/23832/18

അടങ്കൽ - 15,00,000/-

ചെലവ് - 15,00,000/-

ബിൽ നം - 545/15-10-2019

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി, തൃശ്ശൂർ നഗരസഭ

കേരള സാമൂഹ്യ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.02.2020ലെ എ3/3285/2018-ാംനമ്പർ കത്തിൽ 6.05.2013ലെ സ.ഉ.(സാധാ)നം/ 1209/2013/തസ്വഭവ പ്രകാരം സാമൂഹ്യ മിഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതത്തിനു പുറമേ വരുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മിഷന് സംഭാവനയായി നല്കുന്നതിന് യഥേഷ്ടാനുമതി നല്കുന്നതിനും മുനിസിപ്പൽ കോർപ്പറേഷനുകൾ 25 ലക്ഷം വീതം വകയിരുത്തണമെന്നും ഉത്തരാവായിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. മേൽ കത്തിൽ 2019-20സാമ്പത്തിക വർഷത്തെ കോർപ്പറേഷൻ വിഹിതം 15,00,000/-രൂപ മിഷന് ലഭിച്ചിട്ടുള്ളതായും ബാക്കി തുക(10,00,000/-രൂപ) ഈ സാമ്പത്തിക വർഷം തന്നെ ഡിപിസിയിൽ വകയിരുത്തി മിഷന് ലഭ്യമാക്കാനും അഭ്യർത്ഥിച്ചിട്ടുള്ളതായി കാണുന്നു.

കൈമാറിയ തുക ചെലവഴിച്ചു എന്ന് മാത്രം ചേർത്തിട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ കാണുന്നുവെങ്കിലും തുക തൃശ്ശൂർ കോർപ്പറേഷനിലെ എത്ര വയോജനങ്ങൾക്ക് സൗജന്യ ഔഷധ വിതരണം നടത്തി, എത്ര വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കുകളിൽ പരിശോധന നടത്തിയെന്നോ,എത്ര പേർക്ക് പലിയേറ്റീവ് കെയർ നല്കിയെന്നോ, എത്രപേർക്ക് കൗൺസിലിംഗ് സർവ്വീസ് നടത്തിയെന്നോ, 65വയസ്സിനു മുകളിലുള്ളവർക്ക് ഹെല്പ് ഡെസ്കിലൂടെ സഹായം നല്കിയിട്ടുണ്ടോയെന്നും ഉള്ള യാതൊരു വിവരങ്ങളും പ്രസ്തുത സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വയോമിത്രം നടപ്പിലാക്കുന്നത് അതത് ഏരിയയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്നു വേണമെന്ന് സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.ആയതുപ്രകാരം സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസോ മറ്റ് സംവിധാനങ്ങളോ കോർപ്പറേഷന്റെ പരിധിയിൽ പ്രവർത്തിക്കുന്നതിന്റെ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.

കോർപ്പറേഷൻ പരിധിയിൽ 65 വയസ്സിനു മുകളിൽ എത്ര വയോജനങ്ങൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും, കഴിഞ്ഞ വർഷങ്ങളിലായി എത്ര വയോജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നുള്ള

വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.മേൽ വിഷയം സംബന്ധിച്ച 18.02.2021ൽ നൽകിയ 13/19-20-ാംനമ്പർ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ വയോമിത്രം പദ്ധതികൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള സംഭാവന നല്കി വരുന്നുണ്ടെന്നും ആയതിനു ലഭിയ്ക്കുന്ന ധനവിനിയോഗ സാക്ഷ്യപത്രത്തിൽ ഓഡിറ്റിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ വിശദാംശങ്ങൾ നൽകാറില്ല എന്നും വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് സോഷ്യൽ സെക്യൂരിറ്റി മിഷന് കത്തു നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.വിശദവിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക 15,00,000 രൂപ തടസ്സപ്പെടുത്തുന്നു.

വയോമിത്രം പദ്ധതിയ്ക്കായി പണം നല്കുന്നതിനോടൊപ്പം കോർപ്പറേഷൻ പരിധിയിലെ ജനങ്ങൾക്ക് ആയതിന്റെ പ്രയോജനം ഉറപ്പാക്കേണ്ടതും,വികസന ഫണ്ട്/ധനകാര്യകമ്മീഷൻ ഗ്രാന്റ്/മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്) എന്നിവയിൽ ഉൾപ്പെടുത്തി ആരോഗ്യമേഖലയിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളോ, ഗുണഭോക്താക്കളോ മേൽപദ്ധതിയിൽപ്പെടുകയോ, ഇരട്ടിപ്പ് വരികയോ ചെയ്തിട്ടില്ലയെന്ന് കോർപ്പറേഷൻ അധികാരികൾ ഉറപ്പു വരുത്തേണ്ടതും പാഴ്ച്ചെലവ് ഒഴിവാക്കാൻ ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 1-57 ക്യാൻ തൃശ്ശൂർ - ക്യാൻസർ നിർമ്മാർജന പദ്ധതി - തുക നല്കൽ

പദ്ധതി നം - 377/20,എസ് ഒ.476/20

ഫയൽനം - PC2/43717/19

അടങ്കൽ - 9,70,000/-

ചെലവ് - 4,20,000/-

ബിൽ നം-563/18-10-2019

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ക്യാൻ തൃശ്ശൂർ-2019-20-ക്യാൻസർ നിർണ്ണയ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രോജക്ട് ആണിത്.പ്രോജക്ട് രൂപീകരണ ഫോറം 3 ലെ പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും, ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിഹിതവും വിശദമായി രേഖപ്പെടുത്തിയത് താഴെ നല്കിയിരിയ്ക്കുന്നു. ക്യാൻസർ രോഗലക്ഷണമുള്ളവരെ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തി സ്ക്രീനിംഗ് ക്യാമ്പിലെത്തിച്ച് ക്യാൻസർ സംശയിയ്ക്കുന്ന മുഴുവൻ ആളുകളെയും വിദഗ്ധരുടെ സഹായത്തോടെ രോഗനിർണ്ണയം നടത്തി ചികിത്സ ഉറപ്പാക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ, മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തുന്ന സംയുക്ത പദ്ധതിയാണ് ഇത്.

ജില്ലാ പഞ്ചായത്ത് വിഹിതം - 5 ലക്ഷം (4%)

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 19,20,000/- (16.7%)

ഗ്രാമ പഞ്ചായത്ത് വിഹിതം - 68,80,000/- (60%)

കോർപ്പറേഷൻ വിഹിതം - 4,20,000/- (4%)

മുനിസിപ്പാലിറ്റി വിഹിതം - 17,50,000/- (15.3%)

--------------

ആകെ - 1,14,70,000/-

=========

എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതേ ഫോറത്തിലെ സാമ്പത്തിക വിശകലനത്തിൽ (ഡി) കോർപ്പറേഷൻ വിഹിതം കാണിച്ചിട്ടില്ല.

2018- 19 ലെ കോർപ്പറേഷന്റെ പദ്ധതിരൂപീകരണ ഫോറത്തിൽ (പ്രോജക്റ്റ് നം. എസ്.ഒ.377/20) സാമ്പത്തിക വിശകലനത്തിൽ പദ്ധതി അടങ്കൽ 9,70,000/-യാണ് വകയിരുത്തിയിട്ടുള്ളത്. ചെലവാക്കിയിട്ടുള്ളത് 4,20,000/-രൂപയാണ്. 10.12.2018ലെ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 345/2018/ആർ.ഓ1/ഡിപിഎംനമ്പർ കത്ത് പ്രകാരം ക്യാൻ തൃശ്ശൂർ പദ്ധതിയ്ക്കായി കോർപ്പറേഷൻ വിഹിതം ഒരു ഡിവിഷന് 10,000/-വീതം ആണെങ്കിലും 4,20,000/- ആയി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ കോർപ്പറേഷൻ പദ്ധതി രൂപീകരണവേളയിൽ 9,70,000/- വകയിരുത്തിയതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.പദ്ധതിരേഖയിൽ നിർവ്വഹണോദ്യോഗസ്ഥനും വെറ്റിംഗ് ഓഫീസറും അവശ്യമായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതെ പദ്ധതിരൂപീകരണ ഫോറം ഡി.പി.സി. അംഗീകാരത്തിന് അയച്ചതായി കാണുന്നു.പദ്ധതിയുടെ നിർവ്വഹണരീതിയുടെ വിശദാംശങ്ങൾ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ്, നിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥൻ, സ്ഥാപനം എന്നിവയുടെ വിശദാംശങ്ങളും ഹാജരാക്കാനാവശ്യപ്പെട്ടിരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനപ്രകാരം നഗരസഭയിലെ എത്ര ഡിവിഷനിലെ ജനങ്ങൾക്ക് പ്രയോജനം ലഭിച്ചു എന്ന വിവരവും തുക ജില്ലാ പഞ്ചായത്തിനു കൈമാറിയതിന്റെ കൈപ്പറ്റു രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ചെലവ്പത്രിക എന്നിവ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു 11.02.2012ലെ11/19-20-ാം നമ്പർ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു.ആയതിനു ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തലത്തിൽ ക്യാമ്പ് നടത്തുന്നതിന് 10,000/-ചെലവഴിയ്ക്കേണ്ടതുണ്ട്.അതിനു 5,50,000/- രൂപയും 4,20,000/-രൂപ ജില്ലാ പഞ്ചായത്തിനു കൈമാറിയതും ചേർത്താണ് അടങ്കൽ വകയിരുത്തിയത് എന്നും,പദ്ധതി ഒന്ന്,രണ്ട് ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും കോവിഡ് അതിവ്യാപനം മൂലം താല്ക്കാലികമായി നിർത്തിവച്ചിട്ടുള്ളതാണ് എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതി,കൈപ്പറ്റ് രസീത്,ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയ്ക്കായി കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതിയിൽ ക്യമ്പ് നടത്തുന്നതിന്റെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും, ആവശ്യമായരേഖകൾ ഹാജരാക്കാത്തതിനാലും മറുപടി അംഗീകരിയ്ക്കുന്നില്ല. ചെലവു തുക 4,20,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-58 സമഗ്ര നെൽകൃഷി വികസനം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി നമ്പർ : S0159/2020, സമഗ്രനെൽകൃഷി വികസനം

പദ്ധതി അടങ്കൽ : 2,16,64,812/- വികസനഫണ്ട് (ജനറൽ)

: 1,76,19,642/- മറ്റുള്ളവ

-------------

: 3,92,84,454/-

പദ്ധതി ചെലവ് : 60,74,741/- വികസനഫണ്ട് (ജനറൽ)

നിർവ്വഹണോദ്യഗസ്ഥൻ : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ വരുന്ന കർഷകർക്ക് കൃഷി ഇറക്കുന്നതിനായി 100% സബ്സിഡി നിരക്കിൽ നെൽവിത്തും അതിനുള്ള കൂലിചെലവും നൽകുവാനാണ് പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. വിൽവട്ടം, ഒല്ലൂർ, അയ്യന്തോൾ, ഒല്ലൂക്കര, കൂർക്കഞ്ചേരി, തൃശ്ശൂർ എന്നീ കൃഷിഭവനുകളിലൂടെയാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

കർഷകർ നേരിട്ട് നെൽവിത്ത് വാങ്ങണം എന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെങ്കിലും വിവിധ കൃഷിഭവനുകൾ വ്യത്യസ്ഥ രീതിയിലാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ വന്ന അപാകത താഴെപ്പറയുന്നു.

1. പദ്ധതി ഫയൽ പരിശോധിച്ചതിൽ അയ്യന്തോൾ, ഒല്ലൂക്കര, കൂർക്കഞ്ചേരി, തൃശ്ശൂർ എന്നീ കൃഷിഭവനുകളിൽ കർഷകർ നേരിട്ടാണ് വിത്ത് വാങ്ങിയിരിക്കുന്നത് എന്നാൽ വിൽവട്ടം, ഒല്ലൂർ കൃഷി ഓഫീസർമാർ നെൽവിത്ത് കർഷകർക്ക് വാങ്ങി നൽകുകയും വിത്തിനുള്ള സബ്സിഡി തുക കർഷകർക്ക് അക്കൗണ്ടിൽ നൽകിയതായും കാണുന്നു. (വിത്തിനുള്ള തുക കർഷകരിൽ നിന്നും വാങ്ങി കൃഷിഓഫീസർ സീഡ് ഫാമുകൾകൾക്ക് നൽകുകയാണുണ്ടായിട്ടുള്ളത്).

2. ഒല്ലൂർ കൃഷി ഓഫീസർ കേരള സ്റ്റേറ്റ് സീഡ് ഫാം അതോറിറ്റിയിൽ നിന്ന് നെൽവിത്ത് വാങ്ങി കർഷകർക്ക് നൽകിയിരിക്കുന്നു. കൃഷിഭവന് കീഴിൽ വരുന്ന പാടശേഖര / കർഷക സമിതികൾ സീഡിന്റെ വില ഒല്ലൂർ കൃഷി ഭവനിൽ നൽകിയതായും ആയതിന് TR5ൽ കൃഷിഓഫീസർ രസീതി നൽകിയതായും കാണുന്നു. ടി തുക കേരള സ്റ്റേറ്റ് സീഡ് ഫാം അതോറിറ്റിക്ക് നൽകിയിട്ടുണ്ടെങ്കിലും സഞ്ചിതനിധിയിൽ അടവാക്കേണ്ടാത്ത തുക TR5 പ്രകാരം പിരിച്ച് സീഡ്ഫാമിന് നൽകിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല.

3. വിൽവട്ടം കൃഷി ഓഫീസർ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് അതോറിറ്റി , RAS പട്ടാമ്പി എന്നിവിടങ്ങളിൽ നിന്നും വിത്ത് വാങ്ങി പാടശേഖര / കർഷക സമിതികൾക്ക് നൽകിയിട്ടുണ്ട്. കൃഷി ഓഫീസർ വിത്തിന്റെ തുക ടി സീഡ്ഫാമുകൾക്ക് നൽകിയിട്ടുണ്ടെങ്കിലും കർഷക സമിതികൾ മുഖേന കൃഷിഓഫീസർ പിരിച്ച തുകകളുടെ രസീതി വിവരം ഇല്ല.

ഒരേ പ്രോജക്ട് വ്യത്യസ്ത കൃഷിഭവനുകൾ വ്യത്യസ്ത രീതിയിലാണ് നടപ്പാക്കിയിരിക്കുന്നത്. 100 % സബ്സിഡി നൽകുന്ന മേൽ പ്രൊജക്ടിൽ ഗുണഭോക്തൃ വിഹിതം പിരിക്കേണ്ടതില്ല എന്നിരിക്കെ വിൽവട്ടം, ഒല്ലൂർ കൃഷി ഓഫീസർമാർ വിത്തിനുള്ള തുക കർഷകരിൽ നിന്നും വാങ്ങി സീഡ് ഫാമുകൾ നൽകുകയും സബ്സിഡി തുക കർഷകർക്ക് അക്കൗണ്ടിൽ നൽകുകയും ചെയ്തത് ശരിയായ നടപടിയല്ല. പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിന് , ആവിഷ്കരിച്ച പ്രകാരം പദ്ധതി നിർവ്വഹണം നടത്തേണ്ടതാണ്. ഇതുപാലിക്കാതെ ഗുണഭോക്തൃ വിഹിതം പിരിച്ച വിഷയം ബന്ധപ്പെട്ട വകുപ്പ് അധികൃതരുടേയും നഗരസഭ ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം: 19 /തി. 18.03.2021)

## 1-59 മട്ടുപ്പാവിലെ കൃഷി - ഗുണഭോക്തൃ വിഹിതം - ചെലവ് സ്റ്റേറ്റ്മെന്റിൽ ഇല്ല

പദ്ധതി നമ്പർ : S0406/2020, മട്ടുപ്പാവിലെ കൃഷി

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

പദ്ധതി അടങ്കൽ : വികസനഫണ്ട് -90000 /- + ഗുണഭോക്തൃവിഹിതം 30000/-

പദ്ധതി ചെലവ് : വികസനഫണ്ട് -90000/-

നിർവ്വഹണഉദ്യോഗസ്ഥൻ : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

മട്ടുപ്പാവിൽ വിവിധ കാർഷിക വിളകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ ടി പദ്ധതിയിൽ അത്യുല്പാദന ശേഷിയുള്ള 80 രൂപ വിലവരുന്ന കുറ്റിക്കുരുമുളക് തൈകൾ 75% സബ്സിഡി നിരക്കിൽ നഗരസഭയിലെ 6 കൃഷിഭവനുകൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിരിക്കുന്നു. ഇതിനായി 1500 കുറ്റികുരുമുളക് തൈകൾ VFPCK സ്വാശ്രയ കർഷക സമിതി, മുണ്ടത്തിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയതിന് തുകയായി 90000/- രൂപ (1500x60) സ്ഥാപനത്തിന് പ്ലാൻഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്തൃവിഹിതമായി വിവിധ കൃഷിഭവനിൽ നിന്നും നഗരസഭയിൽ തുക അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കൃഷിഭവൻ | രസീതി നമ്പർ/തിയതി | തുക |
|---|---|---|---|
| 1 | വിൽവട്ടം | 017119040111890/ 5.12.19 | 5000 |
| 2 | ഒല്ലൂർ | 017119040111882/ 5.12.19 | 5000 |
| 3 | ഒല്ലൂക്കര | 017119010121720/ 5.12.19 | 5000 |
| 4 | അയ്യന്തോൾ | 01711010122694/ -.12.19 | 5000 |
| 5 | കൂർക്കഞ്ചേരി | 01119010122065/19.12.19 | 5000 |
| | ആകെ | | 25000/- |

അപാകതകൾ

1. തൃശ്ശൂർ കൃഷിഭവനിൽ നിന്നും ഗുണഭോക്തൃവിഹിതം(5000/-) നഗരസഭയിൽ അടവാക്കിയതിന്റെ വിവരം ഫയലില്ല.

2. വിവിധ കൃഷി ഭവനുകൾ നഗരസഭയിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം 25000/-VFPCK സ്വാശ്രയ കർഷക സമിതി,മുണ്ടത്തിക്കോട് എന്ന സ്ഥാപനത്തിന് നൽകിയതായി കാണുന്നില്ല.

3. നഗരസഭയുടെ ചെലവ് പത്രികയായ സുലേഖയിൽ പദ്ധതി ചെലവ് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 90000/- രൂപമാത്രമാണ്. ഗുണഭോക്തൃ വിഹിതം ചെലവ് സ്റ്റേറ്റ്മെന്റിൽ ഇല്ല.

4.മേൽ പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

നഗരസഭ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ഗുണഭോക്തൃവിഹിതത്തിന്റെ ചെലവ് വിവരം ബോധിപ്പിക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം: 20 /തി. 18.03.2021)

## 1-60 സമഗ്രപച്ചക്കറി കൃഷി പദ്ധതി - മോണിറ്ററിംഗിന് വിധേയമാകുന്നില്ല

പദ്ധതി നമ്പർ : S0399/2020, സമഗ്രപച്ചക്കറി കൃഷി വികസനം

പദ്ധതി അടങ്കൽ :1,94,000/- വികസനഫണ്ട് (ജനറൽ)

:1,60,000/- മറ്റുള്ളവ

--------------

ആകെ : 3,54,000/-

പദ്ധതി ചെലവ് : 1,43,000/- വികസനഫണ്ട് (ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഡെപ്യൂട്ടി ഡയറക്ടർ

കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ 100% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, പച്ചക്കറി കൃഷി ചെയ്തവർക്ക് കൂലി ചെലവ് നൽകുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്.

മേൽ പദ്ധതിയിൽ സ്റ്റേറ്റ് സീഡ് ഫാം, മണ്ണുത്തി എന്ന സ്ഥാപനത്തിൽ നിന്നും 20 രൂപ വില വരുന്ന 1200 പാക്കറ്റ് പച്ചക്കറി വിത്തുകൾ വാങ്ങി കോർപ്പറേഷൻ പരിധിയിലെ 6 കൃഷിഭവനുകൾക്ക് നൽകി വിതരണം നടത്തിയിരിക്കുന്നു. ട്രഷറി ബിൽ - CB/Agri/S399/20/19-20 തി. 30.12.19 (4,6,7 ബില്ലുകൾ), 27.02.20 (46,47,72 ബില്ലുകൾ) പ്രകാരം 24000/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ,സ്റ്റേറ്റ് സീഡ് ഫാമിന് നൽകിയിട്ടുണ്ട്. കൂലി ചെലവിന് സബ്സിഡിയായി 1,19,000/- രൂപ ട്രഷറി ബിൽ – CB/Agri/S399/20/19-20 (100/20.03.20, 43/24.02.20, 44/24.02.20, 45/24.02.20, 118/30.03.20 ബില്ലുകൾ) പ്രകാരം ചെലവഴിച്ചിട്ടുമുണ്ട്. പച്ചക്കറികൃഷി ചെയ്തിട്ടുള്ളത് പരിശോധിച്ച് ഉറപ്പാക്കണം എന്നതാണ് മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘടകം എന്നിരിക്കെ പദ്ധതി മോണിറ്ററിംഗിന് വിധേയമാക്കിയതായി ഫയലിലില്ല. പദ്ധതി മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് - 'കൃഷിയും അനുബന്ധമേഖലയിലും ' പദ്ധതികൾ വിലയിരുത്തപ്പെട്ടിട്ടില്ല.

ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം: 21 /തി. 18.03.2021) മറുപടിയായി മോണിറ്ററിംഗ് റിപ്പോർട്ട് കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഹാജരാക്കുകയുണ്ടായി. ലഭ്യമാക്കിയിരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപത്രം സാക്ഷ്യപ്പെടുത്തിയിരിക്കുന്നതും നിർവഹണോദ്യോഗസ്ഥയായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ തന്നെയാണ്. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ(കൈ) നം.17/2018/തസ്വഭവ തി. 02.02.2018 ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണഉദ്യോഗസ്ഥന് നൽകേണ്ടതും. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി മോണിറ്ററിംഗ് റിപ്പോർട്ട് , മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപത്രം എന്നിവ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് നിർവഹണ ഉദ്യോഗസ്ഥ തന്നെയാണ്.

പദ്ധതികൾ യഥാർത്ഥത്തിൽ വിലയിരുത്തപ്പെടുന്നതിനാണ് മോണിറ്ററിംഗ് കമ്മിറ്റികൾ എന്നിരിക്കെ മാർഗരേഖ പാലിക്കാതെയുള്ള നടപടികൾ ഓഡിറ്റ് അംഗീകരിക്കുന്നില്ല. മാർഗ്ഗനിർദ്ദേശം പാലിച്ച് പദ്ധതികൾ വിലയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-61 സേവനങ്ങൾ പ്രദാനം ചെയ്യൽ- സത്വരനടപടികൾ ക്ഷണിക്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ അർപ്പിതമായ സേവനങ്ങളുടെ പ്രദാനം ചെയ്യൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിലെ മുൻഗണനാ മേഖലയിൽ ഉൾപ്പെടുന്ന ഒരു ഇനമാണെന്നതിനാൽ കേരളത്തിലെ നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും താഴെ പറയുന്ന 4 സേവനങ്ങൾ പ്രദാനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിശ്ചിത നിലവാരസൂചികകൾ ഏർപ്പെടുത്തി ക്കൊണ്ട് G. O. (Ms.) No. 81/2019/LSGD Dated 6th July, 2019 പ്രകാരം ഉത്തരവായിട്ടുണ്ട്.

1.Water Supply

2.Sewage Management (Sewerage And Sanitation)

3.Solid Waste Management

4.Storm Water Drainage

തൃശ്ശൂർ കോർപ്പറേഷനിൽ, 2019-20 സാമ്പത്തിക വർഷത്തിൽ മേൽ കൊടുത്ത 4 സേവനങ്ങളിൽ സർക്കാർ നിശ്ചയിച്ച ലക്ഷ്യം കൈവരിച്ചതുമായി ബന്ധപ്പെട്ട് വിവരങ്ങൾ നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.67) താഴെ കൊടുത്ത വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| Sl.No. | Indicators | Bench Mark | Target (2019-20) | Achievement (2019-20) |
|---|---|---|---|---|
| WATERSUPPLY | | | | |
| 1. | Coverage Of Water Supply Connections | 100% | 64% | 68.36% |
| 2. | Per Capita Supply Of Water | 135 Lpcd | 135 Lpcd | 115.52 Lpcd |
| 3. | Extent Of Metering Of Water Connections | 100% | 95% | 92% |
| 4. | Extent Of Non-revenue Water | 20% | 25% | 30% |
| 5. | Continuity Of Water Supply | 24 Hours | 8 Hours | 11 Hours |
| 6. | Quality Of Water | 100% | 98% | 94% |

| | | | | |
|---|---|---|---|---|
| | Supplied | | | |
| 7. | Cost Recovery In Water Supply Services | 100% | 50% | 45% |
| 8. | Coverage Of Sewage Network Services | 100% | 3% | 0% |
| SEWAGE TREATMENT | | | | |
| 9. | Collection Efficiency Of Sewage Network | 100% | 0 | 0% |
| 10. | Adequacy Of The Sewage Treatment Capacity | 100% | 0 | 0% |
| 11. | Extent Of Reuse And Recycling Of Treated Sewage | 20% | 0 | 0% |
| SOLID WASTE MANAGEMENT | | | | |
| 12 | Household Level Coverage Of Solid Waste Management Services | 100% | 70% | 58% |
| 13. | Efficiency Of Collection Of Municipal Solid Waste | 100% | 80% | 80% |
| 14. | Extent Of Segregation Of Municipal Solid Waste | 100% | 75% | 98% |
| 15 | Extent Of Municipal Solid Waste Recovered | 80% | 80% | 80% |
| 16. | Extent Of Scientific Disposal Of Municipal Solid Waste | 100% | 55% | 75% |

| | | | | |
|---|---|---|---|---|
| 17. | Efficiency In Redressal Of Customer Complaints | 80% | 85% | 90% |
| 18. | Extent Of Cost Recovery In SWM Services | 100% | 50% | 50% |
| 19 | Efficiency In Collection Of SWM Charges | 90% | 75% | 90% |
| 20. | Coverage Of Storm Water Drainage Network | 100% | 40% | 32% |
| 21. | Incidence Of Water Logging/flooding | 0% | 5 | 5% |

ലഭ്യമാക്കിയ സ്ഥിതിവിവരകണക്കുകൾക്ക് പിൻബലമായി ആധികാരിക രേഖകളൊന്നും ഹാജരാക്കുകയുണ്ടായില്ലെങ്കിലും, കണക്കുകളിൽനിന്നും ജലവിതരണം , മാലിന്യനിർമ്മാർജ്ജനം എന്നീ രണ്ട് മേഖലകളിൽ കോർപ്പറേഷൻ കൂടുതൽ പുരോഗതി കൈവരിക്കേണ്ടതുണ്ടെന്ന് കാണുന്നു. കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഒന്നാം പട്ടിക പ്രകാരം ഖരമാലിന്യ ശേഖരണം, അതിന്റെ കൈയൊഴിയൽ, ദ്രവമാലിന്യം നീക്കം ചെയ്യൽ എന്നിവ കോർപ്പറേഷന്റെ അനിവാര്യ ചുമതലയും അതത് മുനിസിപ്പാലിറ്റിക്കുള്ളിൽ ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുകയെന്നത് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമായതിനാൽ ഈ സേവനമേഖലകളിലുള്ള ഫലപ്രദമായ ഇടപെടൽ കോർപ്പറേഷന്റെ അനിവാര്യതയാണ്. ഈ വിഷയങ്ങളിലേക്ക് അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-62 എ.ബി.സി പദ്ധതി നിർവഹണത്തിലെ അപാകതകൾ

പദ്ധതി നമ്പർ : 23/2020, എ.ബി.സി പ്രൊജക്റ്റ് (ന്യൂ)

പദ്ധതി അടങ്കൽ :22,00,000/-

പദ്ധതി ചെലവ് : 15,62,944/- വികസനഫണ്ട് (ജനറൽ)

നിർവഹണോദ്യോഗസ്ഥൻ : സീനിയർ വെറ്ററിനറി സർജൻ ,വിൽവട്ടം

ഓരോ പ്രദേശത്തേയും തെരുവുനായകളെ തിരിച്ചറിഞ്ഞ് തെരുവുനായകളുടെ വന്ധ്യകരണം ശസ്ത്രക്രിയ നടത്തുക , പ്രജനനം തടയുക , തെരുവ് നായകളുടെ ആക്രമസ്വഭാവം കുറയ്ക്കുക , പേ വിഷബാധ നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ വിൽവട്ടം സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതിയാണ് "അനിമൽ ബർത്ത് കൺട്രോൾ പ്രൊജക്റ്റ്".

2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ ഈ പദ്ധതിയ്ക്ക് നഗരപാലിക സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 22/ 2018/ തസ്വഭവ തി. 14.02.2018 നമ്പർ ഉത്തരവ് ആണ് ബാധകമായിട്ടുള്ളത്. പദ്ധതി മാർഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് പദ്ധതിരൂപീകരണത്തിലും നിർവഹണത്തിലും കാണപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖയിൽ നിന്ന് അധികമായി വേതനം .

മേൽ പ്രൊജക്റ്റിൽ 2019 ഏപ്രിൽ ,മേയ് എന്നീ മാസങ്ങളിൽ രണ്ട് വെറ്ററിനറി സർജന്മാർക്ക് 41850/- രൂപ നിരക്കിലും ജൂൺ മാസം മുതൽ രണ്ട് വെറ്ററിനറി സർജന്മാർക്കുമായി ആകെ 41850/- രൂപ എന്നനിരക്കിലും (ഹാജർ ദിവസം പ്രകാരം) മാസവേതനം നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ / തിയതി | വെറ്ററിനറി സർജന്റെ പേര് വിവരം | തുക | ആകെ മാസവേതനം |
|---|---|---|---|
| TC1-19-20/ 29.05.2019 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 32085<br>32085 | 64170/- |
| TC2-19-20/ 17.06.2019 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 37800<br>39150 | 76950/- |
| TC3-19-20/ 15.07.2019 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 41850/-<br>40455/- | 82305/- |
| TC4-19-20/ 21.08.2019 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 20925/-<br>20925/- | 41850/- |
| TC5-19-20/ 6.09.2019 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 22950/-<br>18900/- | 41850/- |
| TC6-19-20/ 28.10.2019 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 19530/-<br>20925/- | 40455/- |
| TC7-19-20/ 15.11.2019 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 18900/-<br>22950/- | 41850/- |
| TC9-19-20 /27.12.19 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 20925/-<br>20925/- | 41850/- |
| TC11-19-20/15.01.20 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 20250/-<br>20250/- | 40500/- |
| TC12-19-20/ | ജോമറ്റ്.എം.ജോയ് | 21600/- | 41850/- |

| | | | |
|---|---|---|---|
| 10.02.20 | സൗമ്യ ദാസ് | 20250/- | |
| TC14-19-20/<br>17.03.2020 | ജോമറ്റ്.എം.ജോയ്<br>സൗമ്യ ദാസ് | 20203/-<br>21647/- | 41850/- |

നഗരപാലിക സ്ഥാപനങ്ങൾക്കുള്ള പതിമൂന്നാം സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/ 2018/ തസ്വഭവ തീയതി. 14.02.2018 നമ്പർ ഉത്തരവ് ഖണ്ഡിക 11പ്രകാരം ഈ പദ്ധതിയ്ക്കായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസവേതനം 39500/-യാണ്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി 41850/- രൂപ നിരക്കിലാണ് മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിരിയ്ക്കുന്നത്. സബ്സിഡിമാർഗരേഖ പ്രകാരമുള്ള പദ്ധതികൾക്ക് മാർഗരേഖ പ്രകാരമുള്ള തുകയാണ് ചെലവഴിക്കേണ്ടത് എന്നിരിക്കെ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികതുക ചെലവഴിച്ചു.

2. കരാർ ജീവനക്കാരുടെ നിയമനം വ്യക്തതയില്ല

മേൽ പ്രൊജക്ടിൽ രണ്ട് വെറ്ററിനറി സർജന്മാർക്കും , 2 നേഴ്സിംഗ് സ്റ്റാഫിനും , 3 മൃഗപരിപാലകർക്കും വേതനം നൽകിയിട്ടുണ്ട്. എന്നാൽ 2019 ഏപ്രിൽ ,മേയ് എന്നീ മാസങ്ങളിൽ ഓരോ വെറ്ററിനറി സർജനും 41850/- രൂപ നിരക്കിലും ജൂൺ മാസം മുതൽ രണ്ട് വെറ്ററിനറി സർജന്മാർക്കുമായി ആകെ 41850/- രൂപ എന്നനിരക്കിലുമാണ് (ഹാജർ ദിവസം പ്രകാരം) മാസവേതനം നൽകിയിരിക്കുന്നത്. 4/2019, 5/2019, 6/2019 മാസങ്ങളിൽ 2 നേഴ്സിംഗ് സ്റ്റാഫിനും, 7/2019 മുതൽ 1 നേഴ്സിംഗ് സ്റ്റാഫിനുമാണ് വേതനം നൽകിയിരിക്കുന്നത്.

ഈ പ്രോജക്ടിന് ആവശ്യമായ ജീവനക്കാർ എത്രയെന്നോ , ആയത് നിശ്ചയിച്ചതെങ്ങനെയെന്നോ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം: 3/ 13.01.2021) . ടി ജീവനക്കാരുടെ കരാർ നിയമനം സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

3. ട്രഷറി ബിൽ ബുക്കിൽ രേഖപ്പെടുത്തൽ പൂർണ്ണമല്ല

2019-20 സാമ്പത്തിക വർഷത്തെ ട്രഷറി ബിൽബുക്കിൽ 7/19-20,10/19-20,11/19-20 എന്നീ ബില്ലുകൾ ഡ്രോയിംഗ് ഓഫീസർ (In Charge Of Cash) സാക്ഷ്യപ്പെടുത്തിയിട്ടില്ല. ട്രഷറി ബിൽബുക്കിൽ 8/19-20 മുതലുള്ള ബില്ലുകളുടെ ക്യാഷ് ബുക്ക് എൻട്രി തീയതി രേഖപ്പെടുത്തിയിട്ടില്ല.

4. പദ്ധതി മോണിറ്ററിംഗ് നടത്തുന്നില്ല

ഈ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുക എന്നത് മൃഗസംരക്ഷണവും ക്ഷീരവികസനവും എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. എന്നാൽ പദ്ധതി ലക്ഷ്യപ്രാപ്തി പരിശോധിക്കുകയോ വിലയിരുത്തുകയോ വർക്കിംഗ് ഗ്രൂപ്പിലുണ്ടായിട്ടില്ല. 2019-20 ൽ ഒരു തവണ മാത്രമാണ് പ്രസ്തുത ഗ്രൂപ്പ് യോഗം ചേർന്നിരിക്കുന്നത്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം വെറ്ററിനറി സർജനുള്ള മാസവേതനം 39500/- രൂപയായിരിക്കെ 41850/- രൂപ നിരക്കിലാണ് മാസവേതനം നൽകിയിരിക്കുന്നത്. കരാർ ജീവനക്കാരുടെ നിയമനത്തിൽ വ്യക്തതയില്ലാത്തതിനാലും 3/13.10.201 ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകാത്തതിനാലും മാസവേതനമിനത്തിൽ ചെലവഴിച്ച 5,55,480/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-63 വനിതകൾക്ക് ആട് വളർത്തൽ പദ്ധതി - അപാകതകൾ

പദ്ധതി നമ്പർ : S0 445/2020,

പദ്ധതി അടങ്കൽ :10,00,000/- വികസനഫണ്ട് (ജനറൽ)

:10,00,000/- മറ്റുള്ളവ

ആകെ :20,00,000/-

പദ്ധതി ചെലവ് : 30,000/- വികസനഫണ്ട് (ജനറൽ)

നിർവഹണോദ്യോഗസ്ഥൻ : സീനിയർ വെറ്ററിനറി സർജൻ ,ഒല്ലൂർ

ഒരു വയസ്സ് പ്രായമുള്ള 15 കിലോ തൂക്കമുള്ള രണ്ട് പെണ്ണാടുകളെ ഗുണഭോക്താവ് നേരിട്ട് വാങ്ങി (യൂണിറ്റ് തുക 10000/-) ആയതിന് 5000/- രൂപ ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കി സബ്സിഡി തുക 5000/- ഉൾപ്പെടെ 10,000 രൂപ ആരുടെ കൈയ്യിൽ നിന്നാണോ ആടുകളെ വാങ്ങിയിരിക്കുന്നത് ആളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നൽകുന്ന രീതിയിലാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. 20,00,000 രൂപ അടങ്കൽ ആയി ആസൂത്രണം ചെയ്ത മേൽ പദ്ധതിയിൽ 6 ഗുണഭോക്താക്കൾ മാത്രമേ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളൂ. 20 ലക്ഷം രൂപ വകയിരുത്തിയിരുന്ന ഈ പദ്ധതിയുടെ ഗുണഭോക്തൃവിഹിതം ഉൾപ്പെടെയുള്ള ആകെ ചെലവ് അറുപതിനായിരം രൂപ മാത്രമാണ്. സ്ഥാപനത്തിന്റെ/ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസൃതമായാണ് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതും തുക വകയിരുത്തേണ്ടതും .പദ്ധതി അടങ്കൽ നിശ്ചയിച്ചതിലെ അപാകതമൂലം ഉൽപാദന മേഖലയിൽ ചെലവഴിക്കാവുന്ന തുക ഫലപ്രദമായി ചെലവഴിക്കാനായില്ല.

2. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പദ്ധതി ചെലവ് 30000/-രൂപയാണ്. എന്നാൽ പദ്ധതി ഫയൽ പ്രകാരമുള്ള ചെലവ് 60000/- (30000 (വികസന ഫണ്ട്) + 30000 (ഗുണഭോക്തൃ വിഹിതം)) രൂപയാണ്. ഗുണഭോക്തൃവിഹിതം 12.02.20, 18.02.20, 19.02.20, 25.02.20, 7.03.20 എന്നീ തീയതികളിൽ നഗരസഭയിൽ അടവാക്കിയിട്ടുള്ളതാണ്. ഫയൽ പരിശോധനയിൽ ഗുണഭോക്തൃ വിഹിതം ആടിനെ വിറ്റയാളുകൾക്ക് നൽകിയതായി കാണുന്നത് 5/2020 നാണ്. തുക നൽകുന്നതിലുണ്ടായ കാലതാമസത്തിനും ടി തുക 5/2020 ന് സുലേഖ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

3.ഉഷ ഗോപാലൻ എന്ന ഗുണഭോക്താവ് ആടിനെ വാങ്ങിയിരിക്കുന്നത് ചന്ദ്രിക സേതുമാധവൻ എന്ന വ്യക്തിയിൽ നിന്നാണ്. സബ്സിഡി തുകയായ 5000/- രൂപ P7/19-20/ 12.03.20 എന്ന ബിൽപ്രകാരം IDBI ബാങ്കിലെ 10700257059 എന്ന അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു. ഫയലിലുള്ള രേഖകൾ പ്രകാരം ചന്ദ്രിക സേതുമാധവന്റെ അക്കൗണ്ട് നമ്പർ 11420100007690 (Bank Of Baroda) എന്നാണ്.ടി അക്കൗണ്ടിലേയ്ക്ക് പണം ലഭിച്ചു എന്ന കൈപ്പറ്റ് രസീതിയും ഫയലിലുണ്ട്.ഫയലിൽ ഗുണഭോക്താവിന്റെ ഹാജരാക്കിയ അക്കൗണ്ട് നമ്പറും തുകനൽകിയ അക്കൗണ്ട് നമ്പറും തമ്മിൽ പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കു തന്നെയാണ് തുക നൽകിയതെന്ന് ഉറപ്പാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-64 കന്നുകുട്ടി പരിപാലനം - ഗുണഭോക്താക്കൾ തീറ്റ കൈപ്പറ്റിയില്ല

പദ്ധതി നമ്പർ : S0 443/2020, കന്നുകുട്ടി പരിപാലനം

പദ്ധതി ചെലവ് : 500000/- വികസനഫണ്ട് (ജനറൽ)

ബിൽ നമ്പർ :P1/19-20 , തുക -500000/- ,തിയതി. 26.09.2019

നിർവഹണ ഉദ്യോഗസ്ഥൻ : സീനിയർ വെറ്ററിനറി സർജൻ ,ഒല്ലൂർ

50 % സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ 40 ഗുണഭോക്താക്കൾക്ക് 12500 രൂപ വീതം സബ്സിഡിയായി 500000/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

വില്ലടം ക്ഷീരോല്പാദകസംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ തീറ്റ കൈപ്പറ്റിയിട്ടില്ല.

1. ലളിത, തിണ്ടിയത്ത്,നെല്ലിക്കുന്ന്

2. ഷീല ചന്ദ്രൻ, പാറയിൽ

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്കായി നൽകിയ തുക എസ്.എൽ.ബി.പി യിൽ നിന്ന് തിരികെ ഈടാക്കുകയോ അടുത്ത പദ്ധതിയിലേയ്ക്ക് വകയിരുത്താനോ നടപടി സ്വീകരിക്കാവുന്നതാണ്.

## 1-65 വനിതകൾക്ക് മുട്ടക്കോഴി വിതരണം- പദ്ധതി ചെലവ് തുക നഗരസഭയുടെ ചെലവ് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യത്യസ്തം.

:

പദ്ധതി നമ്പർ : S0 444/2020,

പദ്ധതി അടങ്കൽ :5,00,000/- വികസനഫണ്ട് (ജനറൽ) , 6,00,000/- (മറ്റുള്ളവ)

ആകെ :11,00,000/

പദ്ധതി ചെലവ് : 1,04,500/- വികസനഫണ്ട് (ജനറൽ)

നിർവഹണഉദ്യോഗസ്ഥൻ : സീനിയർ വെറ്ററിനറി സർജൻ ,ഒല്ലൂർ

സീനിയർ വെറ്ററിനറി സർജൻ നടപ്പാക്കിയ വനിതകൾക്ക് മുട്ടക്കോഴി വിതരണം എന്ന പദ്ധതിയുടെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 1,04,500/- (വികസനഫണ്ട് (ജനറൽ)) എന്നാണ്. ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്ന ഈ പദ്ധതിയിൽ ഒരു മുട്ടകോഴിയ്ക്ക് 60 രൂപ നിരക്കിൽ 125400/- രൂപ (2090x60) ഗുണഭോക്തൃവിഹിതമായി നഗരസഭയിൽ അടവാക്കിയിട്ടുള്ളതാണ്. ടി തുകയുടെ അടവ്, ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കിയത് | | | വിതരണക്കാർക്ക് തുക നൽകിയത് | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | രസീതി നമ്പർ | തിയതി | തുക | ചെക്ക് നമ്പർ (എസ്.ബി.ഐ) | തിയതി | തുക |
| 1 | 119010112526 | 20.08.2019 | 34800/- | 128252 | 30.12.2019 | 34800/- |
| 2 | 119010115576 | 20.09.2019 | 29400/- | 12851 | 30.12.2019 | 29400/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | 119020106303 | 23.09.2019 | 55200/- | 128250 | 30.12.2019 | 55200/- |
| 4 | 119010133569 | 04.03.2020 | 6000/- | 129136 | 08.05.2020 | 6000/- |
| | | | 125400/- | | | 125400/- |

മേൽ പദ്ധതിയ്ക്ക് ഗുണഭോക്തൃവിഹിതമുൾപ്പെടെ 229900/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയുടെ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 104500/- രൂപയാണ് (വികസനഫണ്ട്). ചെലവ് സ്റ്റേറ്റ്മെന്റിലുള്ള വ്യത്യാസം പരിഹരിക്കേണ്ടതാണ്

## 1-66 പ്രോജക്ട് നടത്തിപ്പിന്റെ വിശദാംശങ്ങൾ ഇല്ല.

S438/2020 -- വിദ്യാർത്ഥികൾക്ക് കൗൺസലിംഗ്,യോഗ

നിർവഹണഉദ്യോഗസ്ഥൻ -- പ്രിൻസിപ്പാൾ,ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

അടങ്കൽ -- 200000(വികസനഫണ്ട്- പൊതുവിഭാഗം)

ചെലവ് -- 9600

ബിൽ നമ്പർ. -- 53/31.03.2020-- 9600

കോർപ്പറേഷൻ പരിധിയിലെ 4 ഹൈസ്കൂൾ /ഹയർസെക്കൻഡറി സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയത്.

അപാകതകൾ

1. സ.ഉ(കൈ)നം.17/2018/തസ്വഭവ തീയതി 02.02.2018 പ്രകാരം യൂണിവേഴ്സിറ്റി BNYS ബിരുദം/തത്തുല്യയോഗ്യത/യോഗ അസോസിയേഷൻ/ സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യത ആണ് പരിശീലകന് വേണ്ടത്.എന്നാൽ തെരഞ്ഞെടുത്ത വ്യക്തിയുടെ യോഗ്യതകൾ ഫയലിൽ ഇല്ല. യോഗ പരിശീലനത്തിനായി പരിശീലകനെ (ശ്രീ.സജി വർഗീസ്) തെരഞ്ഞെടുത്തത് എങ്ങനെയാണ് എന്ന് വ്യക്തമല്ല.

2. ഒരു സെഷന് 400 രൂപ വീതം 24 ക്ലാസിന് 9600 രൂപയാണ് പരിശീലകന് നൽകിയത്. എന്നാൽ ഓരോ സ്കൂളിലും എത്ര കുട്ടികൾക്ക് പരിശീലനം നൽകിയെന്ന് വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി 47/02.08.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 9600 രൂപ തടസ്സപ്പെടുത്തുന്നു.

## 1-67 പദ്ധതി നടത്തിപ്പിലെയും ആസൂത്രണത്തിലെയും അപാകതകൾ

1.പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രിൻസിപ്പാൾ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. S 570/2020 - സമഗ്രവിദ്യാഭ്യാസം

അടങ്കൽ – 907505 രൂപ

ബിൽ നം. - 5/21.05.2019- 907505 രൂപ

സമീക്ഷ,സദ്ഗമയ,വിജ്ഞാനോൽസവം,വിദ്യാർത്ഥികളെ പ്രാചീനകലകൾ പരിചയപ്പെടുത്തൽ

എന്നിവയാണ് പദ്ധതിയിൽ വിവക്ഷിച്ചിരുന്ന പ്രർത്തനങ്ങൾ. 2018-19ൽ 92495 രൂപ ചെലവിൽ വിജ്ഞാനോൽസവം നടത്തി. 2019-20 ൽ 10, +1, +2 ക്ളാസുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് പ്രത്യേക പരിശീലനം നൽകിയതിന്റെ ഭക്ഷണചെലവാണ് 907505/-രൂപ.

സമീക്ഷ,വിദ്യാർത്ഥികളെ പ്രാചീനകലകൾ പരിചയപ്പെടുത്തൽ എന്നീ ലക്ഷ്യങ്ങൾക്കായി യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല.ഒരു പദ്ധതി നടപ്പാക്കുമ്പോൾ ആയതിലെ എല്ലാ പ്രവർത്തനങ്ങൾക്കും പദ്ധതിയിൽ വിഭാവനം ചെയ്തതുപോലെ തന്നെ ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

2. S571/2020 - ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്

അടങ്കൽ – 561728 രൂപ

ബിൽ നമ്പർ -6/21.05.2019- 498400 രൂപ

ബിൽ നമ്പർ. - 24/24.08.2019- 59000 രൂപ

ഈ പദ്ധതിയിൽ ഡിവിഷൻ സഭകൾ വഴി 85അപേക്ഷകൾ മാത്രമാണ് ലഭിച്ചത്.ബാക്കി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി പത്രപരസ്യം നൽകുകയാണ് ചെയ്തത്. ഗുണഭോക്തൃലിസ്റ്റ്, ആയത് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.പത്രപരസ്യം വഴി ലഭിച്ച അപേക്ഷകൾ വാർഡ് സഭകൾ അംഗീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 557400 രൂപ തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകതകൾ

ഈ സ്പിൽഓവർ പദ്ധതിയുടെ ആകെ അടങ്കൽ 2കോടി രൂപയാണ്. 2018-19വർഷം 19438272രൂപ പദ്ധതിക്കായി ചെലവഴിച്ചു.

ഉയർന്ന അടങ്കലിൽ പദ്ധതി തയ്യാറാക്കിയെങ്കിലും ആവശ്യത്തിന് ഗുണഭോക്താക്കളെ കണ്ടെത്തുവാൻ കഴിഞ്ഞിരുന്നില്ല.

പദ്ധതി രൂപീകരിച്ച് അംഗീകാരം ലഭ്യമായതിന് ശേഷം മാത്രമാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. ആവശ്യത്തിന് ഗുണഭോക്താക്കളെ കണ്ടെത്തി മാത്രം പദ്ധതി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

3. വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരൻമാർക്ക് അധികവിഹിതം

പ്രൊജക്ട് നമ്പർ- 880/20

അടങ്കൽ – 840000 രൂപ

ചെലവ് – 341440 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ -- പ്രിൻസിപ്പാൾ,ജിഎച്ച് എസ് എസ്

| ബിൽ നം | തുക |
|---|---|
| 25/24.8.2019 | 50000 രൂപ |
| 26/24.8.2019 | 55000 രൂപ |
| 27/24.8.2019 | 60000 രൂപ |

| | |
|---|---|
| 37/27.2.2020 | 50000 രൂപ |
| 40/27.2.2020 | 50000 രൂപ |
| 34/27.2.2020 | 1440 രൂപ |
| 47/29.2.2020 | 35000 രൂപ |
| 48/29.2.2020 | 40000 രൂപ |

മേൽപദ്ധതി പ്രകാരം ആകെ 12 കലാകാരൻമാർക്ക് പ്രതിമാസം ഫെലോഷിപ്പ് ആയി നഗരസഭാവിഹിതം 5000/- രൂപ വീതം നൽകി.

28/7/17ലെ സ.ഉ.(സാധാ).102/17/സാം.കാ.വ. പ്രകാരം ഭരണാനുമതി ലഭിച്ച യുവകലാകാരൻമാർക്കുള്ള ഫെലോഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1000 യുവകലാകാരൻമാരെ തെരഞ്ഞെടുത്ത് കലാപരിശീലകരായി 2 വർഷത്തേക്ക് ബ്ലോക്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിയമിച്ചു.

കലാകാരൻമാരുടെ പദ്ധതി പ്രവർത്തനം ഹാജർ പരിശോധിച്ച് ക്ലസ്റ്റർ കൺവീനർ/ജില്ലാ കോർഡിനേറ്റർ എന്നിവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ഫെലോഷിപ്പ് നൽകാം. കഥകളി, മോഹിനിയാട്ടം, നാടകം, ചിത്രരചന,വായ്പാട്ട് , തിമില, പഞ്ചവാദ്യം തുടങ്ങിയ കലകൾഎന്നിവ പരിശീലിപ്പിക്കുന്നതിന് 12 പേരെയാണ് നിയമിച്ചത്. 9 പഠനകേന്ദ്രങ്ങൾ ഉണ്ടെന്ന് ഫയലിൽ ചേർത്തിട്ടുണ്ട്.

അപാകതകൾ

1. 24/10/18ലെ SPB 314/2017/DPD കത്ത് പ്രകാരമുള്ള വജ്രജൂബിലി ഫെലോഷിപ്പ് മാർഗ്ഗരേഖകൾ പ്രകാരം ഖ.3 ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവിടങ്ങളിൽ വിന്യസിച്ചിട്ടുള്ള കലാകാരൻമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുവാൻ ഉതകുംവിധം മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും പരിശീലനകേന്ദ്രങ്ങൾ സജ്ജീകരിക്കുവാനും കലാകാരൻമാരുടെ ആതിഥേയത്വം ഏറ്റെടുക്കുന്നതിനും സഹായകരമായ വിധത്തിൽ ഒരു 15 അംഗ കമ്മറ്റി രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കമ്മറ്റിയുടെ മിനുട്സ് പ്രവർത്തനവിവരങ്ങൾ എന്നിവ ഇല്ല.

2. പദ്ധതി ഉദ്ഘാടനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.അറ്റൻഡൻസ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം ദിവസങ്ങളിൽ ക്ലാസ് എടുത്തുവെന്നോ, എത്ര കുട്ടികൾ പങ്കെടുത്തുവെന്നോ ഇല്ല.

3. മേൽ കത്ത് ഖണ്ഡിക 9 പ്രകാരം ഓരോ പ്രദേശത്തിന്റെയും ക്ഷയോന്മുഖമായ തനത് കലാരൂപങ്ങൾ കണ്ടെത്തി അവയുടെ പുനരുജ്ജീവനത്തിനും പ്രചാരണത്തിനും പദ്ധതി തയ്യാറാക്കി പ്രാദേശിക സർക്കാരുകൾക്ക് സമർപ്പിക്കാവുന്നതാണ് എന്ന നിർദ്ദേശമുണ്ട്. അപ്രകാരമുള്ള പദ്ധതികൾ സമർപ്പിച്ചിട്ടില്ല.അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി 62/01/10/2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ ഉതകുംവിധം സർക്കാർ നിർദ്ദേശമനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

2.ആസൂത്രണം ചെയ്ത പദ്ധതികൾ എല്ലാം കൃത്യമായി നടപ്പാക്കുന്നില്ല.

2019-2020 വർഷം ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവഹണ ഉദ്യോഗസ്ഥനായി 25 പദ്ധതികൾ

ആസൂത്രണം ചെയ്ത് ഡി പി സി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആകെ 12 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ 11 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളാണ്. 11സ്പിൽ ഓവർ പദ്ധതികളിൽ 1 നടപ്പാക്കി യിട്ടുമില്ല. പുതിയ പദ്ധതികളിൽ 2 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

| ആകെ അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|
| 25560965 രൂപ | 7381951 രൂപ | 28.87% |

ആകെ അടങ്കലിന്റെ 28.87%മാത്രമാണ് ചെലവഴിച്ചത്.പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായി തുക ചെലവഴിച്ച് ,വേണ്ടത്ര ഫണ്ട് വകയിരുത്തി ഡിപിസി അംഗീകാരം നേടിയിട്ടും പദ്ധതികൾ നടപ്പാക്കാത്തത് നിർവഹണഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.ആ പദ്ധതികൾക്കായി വകയിരുത്തിയ കോർപ്പറേഷന് ലഭ്യമാകുന്ന വികസനഫണ്ട് (പൊതുവിഭാഗം) ആണ് ഇത്തരത്തിൽ ലാപ്സാകുന്നത്.നടപ്പാക്കുവാൻ സാധിക്കാത്ത പ്രോജക്ടുകൾ ആണെങ്കിൽ ആസൂത്രണഘട്ടത്തിൽ തന്നെ ഒഴിവാക്കിയാൽ മറ്റ് പദ്ധതികൾക്കായി ഈ തുക വകയിരുത്താവുന്നതാണ്.ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

പദ്ധതികൾ ആസൂത്രണം ചെയ്തതിനുശേഷം വിവരശേഖരണം നടത്താതെ സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ,ഭൗതികസാഹചര്യങ്ങൾ എന്നിവയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി ഓരോ സ്കൂളിനും ആവശ്യമായ ഫർണ്ണിച്ചറുകൾ, പുസ്തകങ്ങൾ, അടിസ്ഥാനസൗകര്യവികസനം എന്നിവയുടെ വിവരം ശേഖരിച്ച് പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യേണ്ടതാണ്.ഫണ്ട് ചെലവഴിക്കൽ എന്നതിലുപരി നടപ്പാക്കുന്ന എല്ലാ പദ്ധതികളും വിദ്യാഭ്യാസമേഖലയുടെ വികസനത്തിന് ഉതകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-68 പ്രോജക്ടുകൾ ഹാജരാക്കിയിട്ടില്ല

ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ 2019-2020 വർഷം നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെപ്പറയുന്നവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ നമ്പർ | പ്രോജക്ട് | അടങ്കൽ തുക (സുലേഖ പത്രിക പ്രകാരം) | ചെലവ് തുക (സുലേഖ പത്രിക പ്രകാരം) |
|---|---|---|---|
| S468/20 | കോർപ്പറേഷൻ പരിധിയിലെ രജിസ്റ്റർ ചെയ്ത യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം | 469732 (വികസനഫണ്ട് പൊതുവിഭാഗം) | 25354 |
| S512/2020 | കോർപ്പറേഷൻ പരിധിയിലെ 33ലൈബ്രറികളിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നത് | 500000 (വികസനഫണ്ട് പൊതുവിഭാഗം) | 499650 |

3 പ്രോജക്ടിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 45/02.08.2021 നൽകിയെങ്കിലും

ഒരെണ്ണം മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം ചെലവ് തുക 525004 രൂപ രേഖകൾ ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 1-69 പ്രൊക്യൂർമെന്റ് മാന്വൽ നിയമങ്ങൾ പാലിച്ചിട്ടില്ല

പ്രിൻസിപ്പാൾ,ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ നടപ്പാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല.

1. പ്രോജക്ട് നം. 511/ 2020- കോർപ്പറേഷൻ പരിധിയിലെ സർക്കാർ പ്രീ പ്രൈമറി സ്കൂളുകൾ ആകർഷകമാക്കൽ

അടങ്കൽ - 200,000 രൂപ(വികസന ഫണ്ട്)

ചെലവഴിച്ചത് -199904 രൂപ

ചെലവ് വിവരം

| ബിൽ നമ്പർ/തീയതി/തുക | നൽകിയ ഏജൻസി |
|---|---|
| 4/21.05.2019 -40000 രൂപ | Veco Trading അരിമ്പൂർ |
| 12/21.05.2019-39904 രൂപ | A B Associates ഒല്ലൂർ |
| 3/21.05.2019---80000 രൂപ | Veco Trading അരിമ്പൂർ |
| 36/27.02.2020-- 40000 രൂപ | Veco Trading അരിമ്പൂർ |

കോർപ്പറേഷൻ പരിധിയിലെ പ്രീപ്രൈമറി സ്കൂളുകൾ ആകർഷകമാക്കുന്നതിനായി 2 ലക്ഷം രൂപയുടെ ഫർണ്ണിച്ചറും കളിയുപകരണങ്ങളും വാങ്ങുന്നതാണ് പദ്ധതി.2018-19 ലെ സ്പിൽ ഓവർ(310/2019) പദ്ധതിയാണിത്.

5 സ്കൂളുകളിൽ ഓരോ സ്കൂളുകളും പ്രത്യേകം 40000 രൂപ വീതം തുകയുടെ സാധനങ്ങൾ വാങ്ങുന്നതിനാണ് 14.02.2019 ലെ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 5ാം നമ്പർ തീരുമാനം .

| സ്കൂൾ | തുക | ഏജൻസി |
|---|---|---|
| GMGLPS തൃശ്ശൂർ | 40000 രൂപ | Veco Trading അരിമ്പൂർ |
| GLPS മുക്കാട്ടുകര | 40000രൂപ | A B Associates ഒല്ലൂർ |
| GLPS അയ്യന്തോൾ | 40000രൂപ | Veco Trading അരിമ്പൂർ |
| ALPS പുല്ലൂർക്കര | 40000 രൂപ | Veco Trading അരിമ്പൂർ |
| GJBS നെട്ടുപുഴ | 40000 രൂപ | Veco Trading അരിമ്പൂർ |

അപാകതകൾ

ജി ഒ (പി) നം. 259/2010/ത.സ്വ.ഭ.വ. തീയതി 08.11.2020 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1.2 ലക്ഷം രൂപയുടെ അടങ്കൽ പദ്ധതിയാണെങ്കിലും മൽസരാധിഷ്ഠിതഓപ്പൺ ടെണ്ടർ രീതി സ്വീകരിച്ചിട്ടില്ല. ഓരോ

സ്ഥാപനങ്ങളും ലിമിറ്റഡ് ടെണ്ടർ രീതിയാണ് സ്വീകരിച്ചത്. ഇതുമൂലം സ്ഥാപനത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീ നഷ്ടപ്പെട്ടു.

2. 2 ലക്ഷം രൂപക്ക് ഓപ്പൺ ടെണ്ടർ സമർപ്പിക്കുമ്പോൾ കൂടുതൽ ഡിസ്കൗണ്ട് ലഭ്യമാകുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല.

3. ഓരോ സ്കൂളുകളിൽ നിന്ന് ആവശ്യമായ ഇനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കി കേന്ദ്രീകൃതവാങ്ങൽ നടപ്പാക്കിയിട്ടില്ല.

4. സ്കൂളുകളുടെ സ്റ്റോക്ക് സർട്ടിഫിക്കറ്റ് ,കളിയുപകരണങ്ങളുടെ ഇൻസ്റ്റലേഷൻ വിവരങ്ങൾ, നിർവഹണ ഉദ്യോഗസ്ഥന്റെ കാഷ്ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

II. S 568/2020 — കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകൾക്ക് ഫർണ്ണിച്ചർ

അടങ്കൽ -- 2000000 (വികസനഫണ്ട്- പൊതുവിഭാഗം)

ചെലവ് -- 1961048 രൂപ

സ്കൂളുകളിലേക്ക് മേശ കസേര അലമാര ബഞ്ച് ഡസ്ക് എന്നിവ വാങ്ങുന്നതാണ് പദ്ധതി.

ചെലവ് വിവരം

| ബിൽ നമ്പർ /തീയതി/തുക | ഏജൻസി |
|---|---|
| 8/21.05.2019-- 502558രൂപ | മെട്രോ ഏജൻസീസ് |
| 10/21.05.2019-- 821650രൂപ | മെട്രോ ഏജൻസീസ് |
| 20/29.06.2019-- 593240 രൂപ | ഫിഡ്കോ എന്റർ പ്രൈസസ്, കോഴിക്കോട് |
| 15/29.06.2019-- 43600 രൂപ | ഫിഡ്കോ എന്റർ പ്രൈസസ്, കോഴിക്കോട് |
| ആകെ | 1961048 രൂപ |

2018-19 ലെ സ്പിൽ ഓവർ(S020/19) പദ്ധതിയാണിത്.

ജി ഒ (ആർടി) 4/2018/SRD തീയതി 02.02.2018 പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് 28/09/2018ന് സ്പെസിഫിക്കേഷൻ ലഭ്യമാക്കി. എന്നാൽ സ്കൂളുകളിൽ നിന്ന് 08/11/2018 നാണ് വിവരങ്ങൾ ലഭ്യമാക്കുന്നത്.

എൽ പി വിഭാഗത്തിന് ഉയരം കുറഞ്ഞ ഫർണ്ണിച്ചർ വേണമെന്നതിനാൽ പിന്നീട് സ്പെസിഫിക്കേഷൻ മാറ്റിയാണ് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത്.

III . പ്രൊജക്ട് S566/20 - കോർപ്പറേഷൻ പരിധിയിലെ സർക്കാർ സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ,ലാബിലേക്ക് കെമിക്കൽസ് വാങ്ങൽ

അടങ്കൽ --1000000 രൂപ(വികസനഫണ്ട് --പൊതുവിഭാഗം)

ചെലവ് വിവരം - 738049 രൂപ

| ബിൽ നമ്പർ /തീയതി /തുക | ഏജൻസി |
|---|---|

| | |
|---|---|
| 13/21.05.2019--181526 | സരസ്വതി ഏജൻസീസ്,തിരുവനന്തപുരം |
| 11/21.05.2019--268901 | സരസ്വതി ഏജൻസീസ്,തിരുവനന്തപുരം |
| 17/29.06.2019--123327 | ക്വാളിറ്റി ട്രേഡേഴ്സ് കൊച്ചി |
| 21/29.06.2019--109724 | KSIE,പാലക്കാട് |
| 22/29.06.2019--34982 | എലൈറ്റ് ഹെൽത്ത് കെയർ കോട്ടയം |
| 28/24.08.2019-- 19589 | Servell Engineers ചെന്നൈ |

2018-19 ലെ സ്പിൽ ഓവർ പദ്ധതിയാണിത്.(S023/19) 5ലക്ഷം രൂപക്ക് ലാബ് ഉപകരണങ്ങളും 5 ലക്ഷം രൂപക്ക് കെമിക്കൽസും വാങ്ങുന്നതിനാണ് പദ്ധതി ആസൂത്രണം ചെയ്തത്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1.വാങ്ങിയ ഇനങ്ങൾ ആവശ്യമുള്ള സ്കൂളുകൾക്ക് കൈമാറിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2. ജി ഒ (പി) നം. 259/2010/ത.സ്വ.ഭ.വ. തീയതി 08.11.2020 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടില്ല. 1ലക്ഷം രൂപക്ക് മുകളിൽ അടങ്കൽ പദ്ധതിയാണെങ്കിലും മൽസരാധിഷ്ഠിത ഓപ്പൺടെണ്ടർ രീതി സ്വീകരിച്ചിട്ടില്ല.

3. ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

4.വ്യാപക പ്രചാരമുള്ള മലയാളം ഇംഗ്ലീഷ് ദിനപ്പത്രത്തിൽ പരസ്യം ചെയ്തതിന്റെ വിവരം ഫയലിൽ ഇല്ല.

5.ടെണ്ടർഫോറത്തിന് പരസ്യത്തീയതി മുതൽ 21 ദിവസം വരെ വിൽപന നടത്തിയിട്ടില്ല.

പ്രൊക്യൂർമെന്റ് മാന്വൽ പാലിക്കാതിരുന്നതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 46/02.08.2021 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവഹണഉദ്യോഗസ്ഥൻ നടപ്പാക്കിയ പദ്ധതികളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനാൽ കോർപ്പറേഷന് ടെണ്ടർ ഫീ ഇനത്തിൽ നഷ്ടം ഉണ്ടാകുന്നതിനും ഗുണമേന്മ ഉള്ള സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള സാധ്യതയും ഇല്ലാതായി. ഭാവിയിൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-70 സർക്കാർസ്കൂളുകളുടെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ--സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

നിർവഹണഉദ്യോഗസ്ഥൻ -- പ്രിൻസിപ്പാൾ,ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ

S 510 /2020 -- കോർപ്പറേഷൻപരിധിയിലെ സർക്കാർ സ്കൂളുകളുടെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ

2018-19 ലെ സ്പിൽ ഓവർ (S311/19) പദ്ധതിയാണിത്.2018-19ൽ 5ലക്ഷം രൂപ അടങ്കലിൽ നടപ്പാക്കിയ പദ്ധതിയാണിത്.

2018-19 ൽ 318000രൂപ ചെലവഴിച്ചു.ബാക്കി 182000രൂപ അടങ്കലിൽ തൻവർഷം പദ്ധതി ഉൾപ്പെടുത്തി. ആയതിൽ 174000 രൂപ 2019-2020 ൽ ചെലവഴിച്ചു.ഓരോ സ്കൂളും പ്രത്യേക ലിസ്റ്റ് പ്രകാരം പുസ്തകങ്ങൾ വാങ്ങുകയാണ് ചെയ്തത്.

ബിൽ നം. -- 01/21.05.2019 -- 174000

9 സ്കൂളുകൾ കേരളസ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്ന് പുസ്തകങ്ങൾ വാങ്ങി. 14 സ്കൂളുകൾ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് പുസ്തകങ്ങൾ വാങ്ങി.സ.ഉ (സാധാ)നം. 3042/2017/ത.സ്വ.ഭ.വ തീയതി. 14.09.2017, സ.ഉ (സാധാ) നം.3709/2017/ ത.സ്വ.ഭ.വ തീയതി.18.11.2017 എന്നീ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ വാങ്ങുമ്പോൾ ആയത് ബുക്ക് മാർക്ക്, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നിവ വഴി വാങ്ങാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്.

ഓരോ സ്ഥാപനങ്ങളും പ്രത്യേകം വാങ്ങാതെ സ്കൂളുകളിൽ നിന്ന് ആവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കി ഒന്നിച്ച് വാങ്ങുന്നത് കൂടുതൽ ഡിസ്കൗണ്ട് ലഭ്യമാകുവാൻ സഹായകരമാകുമായിരുന്നു.

ഭാവിയിൽ പദ്ധതി നടപ്പാക്കുമ്പോൾ ഓരോ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ഒന്നിച്ച് വാങ്ങുന്നതാണ് അഭികാമ്യം. വാങ്ങലുകളിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

## 1-71 സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് /സർക്കാർ ഉത്തരവ് പ്രകാരമുള്ള സൗകര്യങ്ങൾ ലഭ്യമായ വിവരം ഇല്ല

1. സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം ലഭ്യമല്ല

ജി. ഒ. (ആർ ടി) 2427/2007 പൊതുവിദ്യാഭ്യാസം തീയതി.01.06.2007 പ്രകാരം തദ്ദേശസ്വയംഭരണവകുപ്പിന് കീഴിലുള്ള എഞ്ചിനീയർമാർ സ്കൂളുകളിൽ പരിശോധന നടത്തി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. നഗരസഭകളുടെ കീഴിലുള്ള അൺഎയ്ഡഡ് സ്കൂളുകൾക്കും ഇത് ബാധകമാണ്.സർക്കുലർ നമ്പർ 762455/ ഇ.ഡബ്ല്യു 3/2016/തസ്വഭവ തീയതി.30.12.2016 പ്രകാരം പ്രീപ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ/എയ്ഡഡ് /എൺഎയ്ഡഡ് സ്കൂളുകളും പ്രവർത്തനമാരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശസ്വയംഭരണസ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്.12.09.2011ലെ 42448/ഇ ഡബ്ല്യു 3/2011 സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.സർക്കുലർ നം.23058/ഡിബി2/2008/തസ്വഭവ. 06.05.2010 പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് അൺഎയ്ഡഡ്സ്കൂളുകളിൽ നിന്ന് ഫീസ് ഈടാക്കേണ്ടതാണ്.

നഗരസഭയുടെ കീഴിലുള്ള ഏതെല്ലാം സ്കൂളുകൾക്ക് 2019-20 സാമ്പത്തികവർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി, അൺഎയ്ഡഡ്സ്കൂളുകളിൽ നിന്ന് എത്ര ഫീസ് ഈടാക്കി എന്ന വിവരം ഓഡിറ്റിന് പ്രിൻസിപ്പാൾ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കോർപ്പറേഷൻ സെക്രട്ടറി ,അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.61/01.10.2021)

കോർപ്പറേഷൻ പരിധിയിലുള്ള എല്ലാ സ്കൂളുകൾക്കും ഫിറ്റ് നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ ,സ്കൂൾ മേധാവികൾ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

2.സ്കൂളുകളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല

സർക്കുലർ നം.17565/ഡിബി2/10/തസ്വഭവ/19.03.2010 പ്രകാരം എല്ലാ സ്കൂളുകളിലും അഗ്നിശമന ഉപകരണങ്ങൾ

സ്ഥാപിക്കണമെന്നുള്ള ബഹു. സുപ്രീം കോടതി യുടെ 13.04.2009ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസസെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലെ ശുപാർശകൾ പരിഗണിച്ച് വിദ്യാഭ്യാസവകുപ്പ് കൈമാറിയതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ളതുമായ സ്കൂളുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്

1. നിലവിൽ ജലസംഭരണികൾ ഇല്ലാത്ത എല്ലാ സ്കൂളുകളിലും അവ സ്ഥാപിക്കണം.

2. പഴയതും നശിച്ചതുമായ വയറിംഗ് മാറ്റി പകരം പുതുതായിവയറിംഗ് നടത്തേണ്ടതാണ്.

3. സ്കൂളുകളിൽ പ്രഥമശുശ്രൂഷകിറ്റുകൾ സജ്ജമാക്കേണ്ടതാണ്.

4. ക്ലാസ് മുറികൾക്ക് അധികവാതിലുകൾ ആവശ്യമുള്ള പക്ഷം ആയത് സ്ഥാപിതമാക്കേണ്ടതാണ്.

5. അഗ്നിബാധ,പ്രകൃതിദുരന്തങ്ങൾ എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ കെട്ടിടങ്ങൾ ഇൻഷ്വർ ചെയ്യേണ്ടതാണ്.

6. ഉച്ചഭക്ഷണത്തിനുള്ള അടുക്കള സ്കൂൾ കെട്ടിടത്തിനോട് ചേർന്ന് സ്ഥിതി ചെയ്യുകയാണെങ്കിൽ അവ മാറ്റി സ്ഥാപിക്കേണ്ടതാണ്.

7. നഴ്സറി, എൽ .പി .വിഭാഗങ്ങൾ ഒറ്റ നിലക്കെട്ടിടത്തിലേ പ്രവർത്തിക്കാവൂ. ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുനൽകേണ്ടതാണ്.

8. തീപിടിക്കാത്ത വസ്തുക്കൾ ഉപയോഗിച്ചാണ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കണം.

9. ഇനം1 മുതൽ 5 വരെയുള്ള ഇനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

മേൽപ്രകാരമുള്ള സൗകര്യങ്ങൾ എല്ലാസ്കൂളുകളിലും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് എൻക്വയറി നം.61/01.10.2021 നൽകിയെങ്കിലും പ്രിൻസിപ്പാൾ ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ,കോർപ്പറേഷൻ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ തൃശ്ശൂർ കോർപ്പറേഷൻ എന്നിവർ മറുപടി ലഭ്യമാക്കിയിട്ടില്ല. സ്കൂളുകളുടെ സുരക്ഷക്കായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മേൽസൗകര്യങ്ങൾ സ്കൂളുകളിൽ ഒരുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-72 സ്റ്റോക്ക് രജിസ്റ്ററിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സ്കൂളുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

2019-2020 വർഷം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 10 സ്കൂളുകൾ മാത്രമാണ് രജിസ്റ്റർ ഹാജരാക്കിയിട്ടുള്ളത്.

1. എല്ലാ ഇനങ്ങളും ഒന്നിച്ചാണ് ചേർത്തിട്ടുള്ളത്.ഓരോ ഇനങ്ങളും തരം തിരിച്ച് പേജ് നമ്പർ നൽകിയിട്ടില്ല.

2. ഇനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനത്തിന്റെ(ഉദാ-- കോർപ്പറേഷൻ,വിദ്യാഭ്യാസവകുപ്പ് ) വിവരം ചേർക്കുന്നില്ല.

3. സപ്ലൈ ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്,ബിൽ നം.,തീയതി എന്നിവ ചേർത്തിട്ടില്ല.

4. വർഷാവസാന ഭൗതികപരിശോധന നടത്തുന്നില്ല.

5. രജിസ്റ്റർ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുന്നില്ല.

അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി ചേർത്ത് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്.

## 1-73 റൂഫ് എയ്റോബിക് ബിൻ മൂവബിൾ ടൈപ്പ് (ഇല,പൂവ്,കായ എന്നിവയുടെ സംസ്കരണത്തിന്) നഗരങ്ങളിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ.

പ്രോജക്ട് നം-എസ്. 633/21(സ്പിൽ ഓവർ പ്രോജക്ട്),എസ് .025/20

അടങ്കൽ - 8,00,000/- (2,97,000/- + 5,03,000/-) (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് -1,65,000/-ബിൽ നം-814/30.12.2019

-1,32,000/-/ബിൽ നം-810/27.12.2019

-1,38,000/-ബിൽനം-962/-30.12.2020

-1,72,500/-ബിൽനം-960/30.12.2 020

-1,72,500/-ബിൽ നം-1432/18.02.2021

---------------------------------------------

ആകെ -7,80,000/-(2,97,000/-+4,83,000)

നിർവ്വഹണഉദ്യോഗസ്ഥൻ-ഹെൽത്ത്സൂപ്പർവൈസർ (ഹെൽത്ത് ഓഫീസർ ഇൻ ചാർജ്ജ്)

ഫയൽ നം - പിഎച്ച്3/22896/2019

- പി എച്ച് 4/27860/20

ഹെൽത്ത് സൂപ്പർവൈസർ (ഹെൽത്ത് ഓഫീസർ ഇൻ ചാർജ്ജ്) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയായ റൂഫ്ഡ് എയ്റോബിക് ബിൻ മൂവബിൾ ടൈപ്പ് (ഇല,പൂവ്,കായ എന്നിവയുടെ സംസ്കരണത്തിന്) വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് വേണ്ടി സിജോ ജോസ്, ഷിജി എഞ്ചിനീയറിംഗ് വർക്ക്സിൽ നിന്നും 2019-20 സാമ്പത്തികവർഷം 9എണ്ണവും, 2020-21ൽ സ്പിൽ ഓവർ പദ്ധതിയിൽ പ്പെടുത്തി 14 എണ്ണവും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

ശുചിത്വം, മാലിന്യസംസ്കരണം മേഖലയിൽപ്പെടുത്തി ചെയ്യുന്ന പദ്ധതിയായതിനാൽ 1.03.2011ലെ സ.ഉ.(എം.എസ്)നം.73/2011/ത.സ്വ.ഭ.വ പ്രകാരമോ കാലാകാലങ്ങളിൽ സർക്കാർ /ശുചിത്വ മിഷൻ നിശ്ചയിക്കുന്ന പ്രകാരമോ പദ്ധതി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ 6.7.2019ലെ ദിനപത്രത്തിൽ നല്കിയ ടെണ്ടർ നോട്ടീസിൽ മേല്പത്തരവിൽ സൂചിപ്പിട്ടുള്ള സ്പെസിഫിക്കേഷനോ, സ്റ്റാൻന്റേഡുകളോ, യൂണിറ്റ് നിരക്കുകളോ ഒന്നും രേഖപ്പെടുത്താതെയാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം ആണ് വേസ്റ്റ് ബിന്നിന് ജനറൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ടെണ്ടർ നോട്ടീസിലോ,എസ്റ്റിമേറ്റിലോ എത്ര അളവുമാലിന്യം സംസ്കരിക്കുന്നതിനുള്ള ബിൻ ആണ വേണ്ടത് എന്നോ, എത്ര എണ്ണം ആണ് വേണ്ടത് എന്നോ രേഖപ്പെടുത്തിയിട്ടില്ല.

1.03.2011ലെ സ.ഉ.(എം.എസ്)നം.73/2011/ത.സ്വ.ഭ.വ ലെ ഉത്തര വിൽ എയ്റോബിക് ബിൻ ഹൗസ് ഹോൾഡ് വിഭാഗത്തിൽ 1.5kg/daywaste Feed (Ring Composting Unit)മാത്രമാണ കാണുന്നത്. കമ്മ്യൂണിറ്റി ലെവൽ വിൻഡ്രോ കംപോസ്റ്റിംഗ് പ്ലാന്റ് ഓഫ് കപ്പാസിറ്റി 1-10 Tons /Dayഎന്നിങ്ങനെ അല്ലാതെ പ്രോജക്ടിൽ പ്രതിപാദിക്കുന്ന രീതിയിൽ

വേസ്റ്റ് മാനേജ്മെന്റ് കാണുന്നില്ല. പ്രോജക്റ്റിൽ പറയുന്ന രീതിയിൽ ശേഖരിയ്ക്കുന്ന ഇലയും പൂവും കായും എപ്രകാരം സംസ്കരിയ്ക്കുമെന്നോ, സംസ്കരിച്ചുകിട്ടുന്ന ഉപഉല്പന്നത്തെകുറിച്ചോ, ഒന്നും തന്നെ പ്രോജക്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല. എവിടെ നിന്നും മാലിന്യങ്ങൾ ശേഖരിയ്ക്കുന്ന വെന്നും പ്രോജക്റ്റിൽ കാണിച്ചിട്ടില്ല.

14.02.2018ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ പ്രകാരം ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപനതലത്തിൽ കമ്പോസ്റ്റിംഗ് & ബയോ മെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) റസിഡൻഷ്യൽ അസോസിയേഷൻ, കോളനി കൾ, ക്വാർട്ടേഴ്സുകൾ,സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലു കൾ, ഹോട്ടലുകൾ, കല്ല്യാണ മണ്ഡപങ്ങൾ, മറ്റു സ്ഥാപനങ്ങൾ, ഇറച്ചിക്കടകൾ എന്നിവിടങ്ങളിൽ ഖരമാലിന്യ സംസ്കരണം എർപ്പെടുത്തേണ്ടതാണ്. സ്വന്തം/വിട്ടുകിട്ടിയ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിനു യൂണിറ്റ് കോസ്റ്റിന്റെ 100%(50% മുതൽ100%വരെ ത.ഭ. സ്ഥാപന വിഹിതവും, ശുചിത്വമിഷൻ വിഹിതം പരമാവധി 50% ചേർത്ത്) ചെലവും,തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് വിട്ടുകിട്ടാത്ത സർക്കാർ സ്ഥാപനങ്ങളിൽ എസ്റ്റിമേറ്റ്/യൂണിറ്റ് കോസ്റ്റിന്റെ 50%(ശുചിത്വമിഷൻ വിഹിതം 50%പരമാവധി ഒരു ലക്ഷംവരെയും ബാക്കി തുക ബന്ധപ്പെട്ട സർക്കാർ വകുപ്പ് തദ്ദേശഭരണസ്ഥാപനം വഹിയ്ക്കേണ്ടതാണ്)ചെലവ് ചെയ്യാവുന്നതാണ്. എന്നാൽ മേൽ നിബന്ധനകളൊന്നും പരിഗണിയ്ക്കാതെയാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനൊപ്പം, പ്രോജക്റ്റ് പ്രകാരം വാങ്ങിയ റൂഫ്ഡ് എയ്റോബിക്ബിൻ എവിടെയെല്ലാം സ്ഥാപിച്ചുവെന്നും ആയതിന്റെ പ്രവർത്തനം ആരെയെല്ലാം ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങളും, മാലിന്യം സംസ്കരിച്ച വളം എത്ര അളവിൽ ലഭ്യമായി എന്നതും, നിലവിലെ പ്രവർത്തന പുരോഗതിയും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് 20.03.2021 ൽ 23/2019-20-ാം നമ്പർ ഓഡിറ്റ് എൻക്വയറി നല്കിയതിനു15.08.2021ലെപിഎച്ച്-3-2896/19-ലെ മറുപടിയിൽ വിവിധ സോണലുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അനുവദിച്ചുവെന്നും 24ബിന്നുകൾ സർക്കിളുകളിൽ വിതരണം ചെയ്തതായും അറിയിച്ചിട്ടുണ്ടെങ്കിലും ഇതു തെളിയിക്കുന്ന സ്റ്റോക്ക് രജിസ്റ്ററും മറ്റും പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല.പ്രസ്തുത ബിന്നുകളിൽ നിന്നും കംപോസ്റ്റുല്പാദിയ്ക്കുന്നുവെന്നും ആയത് നെഹ്റുപാർക്കിൽ ഉപയോഗിയ്ക്കുന്നുവെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും കോർപ്പറേഷൻ സ്ഥിതിചെയ്യുന്ന സർക്കിളിനു നല്കിയിട്ടുള്ള 2ബിന്നുകൾ കോർപ്പറേഷൻ ഓഫീസ് കോമ്പൗണ്ടിൽ നശിച്ചതായും മറുപടിയിൽ കാണുന്ന പ്രകാരമുള്ള കംപോസ്റ്റ് ഉല്പാദനമൊന്നും നടക്കാത്തതായും കാണപ്പെട്ടിട്ടുണ്ട്. പദ്ധതി ഫലപ്രദമാകാത്ത സാഹചര്യത്തിൽ ചെലവുതുക 7,80,000/-രൂപ തടസ്സപ്പെടുത്തുന്നു. ആയതിനാൽ ഇപ്രകാരം വാങ്ങൽ നടപടികൾക്കായി മാത്രം പദ്ധതി തയ്യാറാക്കുന്നതിനു പകരം ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ നഗരസഭ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-74 അജൈവമാലിന്യം ശേഖരിയ്ക്കുന്നതിനായി സംഭരണബാഗുകൾ വാങ്ങൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ-എസ്-0019/20

അടങ്കൽ -15,00,000/-

ചെലവ് -1,14,441/-ബിൽനം-800/23.12.2019

-2,45,012/ബിൽ നം-811/27.12.2019

-2,49,636/-ബിൽ നം-863/15.01.2020

-2,49,895/-ബിൽനം-885/18.01.2020

-1,50,992/-ബിൽനം-919/27.01.2020

-2,45,012/-ബിൽ നം-815/30.12.2019

-----------

ആകെ -1254988/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെൽത്ത് ഓഫീസർ

ഫയൽ നം-പിഎച്ച്3-22899/19

2019- 20 വർഷം ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അജൈവ മാലിന്യം ശേഖരിക്കുന്നതിനായി സംഭരണബാഗുകൾ വാങ്ങൽ എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് 15ലക്ഷം വകയിരുത്തുകയും,അതിൽ നിന്നും 1254988/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സംഭരണ ബാഗുകൾ വാങ്ങൽ എന്ന പദ്ധതിക്കു മാത്രമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ധനകാര്യ( എസ്.എഫ്.സി.സെൽ-എ) വകുപ്പിന്റെ 17.08.2018ലെ സ.ഉ.(എം.എസ്)നം300/2018/ധന നമ്പർ ഉത്തരവിൽ പതിനാലാം ധനകാര്യകമ്മീഷൻ ബേസിക് ഗ്രാന്റിനു കീഴിലുള്ള പദ്ധതികൾ വികസന ഫണ്ട് പ്രോജക്ടുകളുടെ ഭാഗമായിരിക്കുമെന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം മാലിന്യനിർമ്മാർജ്ജനം പദ്ധതിയുടെ ഭാഗമായി ഇപ്രകാരമുള്ള പ്രോജക്ടുകൾക്ക് തുക ചെലവഴിക്കാവൂ. എന്നാൽ മേൽ പ്രോജക്ട് മാത്രമായി തയ്യാറാക്കിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

2)സംഭരണബാഗുകൾ എവിടെ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിനാണ് എന്നും, ആര് ആണ് മാലിന്യം ശേഖരിക്കുന്നത്എന്നും, ശേഖരിച്ച മാലിന്യങ്ങൾ എങ്ങനെ സംസ്കരിക്കുന്നു എന്നും ഉള്ള വിവരങ്ങളൊന്നുംതന്നെ പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. മറ്റ് ഏതെങ്കിലും പദ്ധതിയുടെ ഭാഗമായിരുന്നോ ഇപ്രകാരം സംഭരണ ബാഗ് വാങ്ങിയത് എന്നും ഫയലിൽ വ്യക്തമല്ല. പ്രസ്തുതബാഗുകളുടെ വിതരണ വിവരം, കൈവശാവകാശം, നഗരസഭയുടെ ദൈനംദിന മാലിന്യ ശേഖരണം എന്നീ വിവരങ്ങളും ലഭ്യമല്ല.

3)നഗരസഭയുടെ ഇ-ടെണ്ടർ നോട്ടീസിൽ പോളിബാഗുകൾ ആവശ്യപ്പെട്ടതായി കാണുന്നു. ടെണ്ടറിൽ കേരള സിഡ്കോ മാർക്കറ്റിംഗ് ഡിവിഷൻ എറണാകുളം, M/Sജതിൻജോളി , ഗാന്ധിനഗർ, സൂരജ് പോളിസാക്ക്സ്, കൊരട്ടി എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു. ഏറ്റവും കുറവ് നിരക്ക് ക്വാട്ട് ചെയ്ത കേരള സിഡ്കോ മാർക്കറ്റിംഗ് ഡിവിഷൻ വീണ്ടും നിരക്ക കുറയ്ക്കുന്നതിനു നിർവ്വാഹമില്ലെന്ന് നെഗോസിയേഷന് സമീപിച്ചപ്പോൾ അറിയിച്ചതായി ഫയലിൽ കാണുന്നു. രണ്ടാമത്തെ സ്ഥാപനം 16.10.2019ലെ JJ/polysacks/10-19/02 കത്ത് പ്രകാരം നഗരസഭയുടെ 15.10.2019 – 4.40 P.mലെ ഇമെയിൽ വഴി 17.10.2019 -11.00a.m ന് സാമ്പിൾ ഹാജരാക്കണമെന്ന അറിയിച്ചിട്ടുണ്ട് എങ്കിലും 19.10.2019 ന് 11.00 A.Mന് മാത്രമേ സാമ്പിൾ ഹാജരാക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. വീണ്ടും 17.10.2019 നം അവരുടെ പ്രതിനിധിയെ പ്രസ്തുത ദിവസം നടക്കുന്ന യോഗത്തിൽ പങ്കെടുക്കാൻ അനുവദിക്കണമെന്നുള്ള കത്തും ഫയലിൽ

കാണുന്നുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ18.09.2019ന് 11മണിയ്ക്ക് മുൻപ് ആവശ്യപ്പെട്ടസാമ്പിളുകൾ എത്തിയ്ക്കാമെന്ന് ഫോൺമുഖാന്തിരം അറിയിച്ചുവെന്നും പിന്നീട് സ്ഥാപനം 18.09.2019ന് സാമ്പിളുകൾ ഹാജരാക്കാൻ കഴിയില്ല എന്നറിയിച്ചുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും രേഖാമൂലം ഇപ്രകാരം അറിയിച്ചതായി തെളിവുകൾ ഹാജരാക്കിയിട്ടില്ല. വലിയ തുകയുള്ള പദ്ധതിയിലെ വാങ്ങൽനടപടിക്രമങ്ങൾ പാലിയ്ക്കുന്നതിൽ വീഴ്ച്ചവരുത്തിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

4)17.10.2019ൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണിന്റെ അദ്ധ്യക്ഷതയിൽ സംഭരണ ബാഗുകളുടെ ഗുണനിലവാരം പരിശോധിയ്ക്കുന്നതിനായി ചേർന്ന യോഗത്തിൽ സുരാജ് പോളിസാക്ക്സിന്റെ പ്രൊപ്രൈറ്ററും ,ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും മാത്രമേ പങ്കെടുത്തതായി ഫയലിൽ കാണുന്നുള്ളൂ. 23.11.2019ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിൽ ഗുണനിലവാര പരിശോധനയിൽ ടെണ്ടറിൽ പങ്കെടുത്ത മൂന്നു കമ്പനികളിൽ രണ്ടു കമ്പനികൾ പ്ലാസ്റ്റിക് ചാക്കുകളാണ് ക്വാട്ടു ചെയതതെന്നും ആയതിനാൽ അവരെ ഒഴിവാക്കുന്നതിനും സൂരജ് പോളി സാക്ക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർതാഴെ പറയും പ്രകാരം അംഗീകരിയ്ക്കുന്നതിനും കമ്മിറ്റി തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ ലഭിച്ച സമയത്ത് കേരള സിഡ്കോ മാർക്കറ്റിംഗ് എറണാകുളം ഡിവിഷൻ പ്ളാസ്റ്റിക് ചാക്കുകളുടെ വില തന്നെയാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നത്. തത്സമയം ടെണ്ടർ നിരസിയ്ക്കാതെ സ്ഥാപനവുമായി നെഗോഷ്യേഷൻ നടത്തിയ സമയത്ത് കുറഞ്ഞ നിരക്കു ക്വാട്ടു ചെയ്ത സ്ഥാപനത്തിനോട് വീണ്ടും നിരക്കു കുറയ്ക്കാൻ ആവശ്യപ്പെടുകയും അത് സ്ഥാപനം നിരസിച്ചവേളയിൽ പ്ലാസ്റ്റിക് ചാക്കുകൾ ഉപയോഗിയ്ക്കുവാൻ സാധ്യമല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ ഒഴിവാക്കിയ നടപടി ക്രമവിരുദ്ധമാണ്. ടെണ്ടർ ക്ഷണിയ്ക്കുന്നവേളയിൽ സാമ്പിൾ ഹാജരാക്കുന്നതിനോ, ഗുണനിലവാരത്തിന്റെ കാര്യങ്ങൾ ഒന്നും പരാമർശിയ്ക്കാതെ ടെണ്ടർ അംഗീകരിച്ചതിനു ശേഷം സാമ്പിൾ ഹാജരാക്കിയതിലെ അപാകതകൾ പറഞ്ഞ് ഒഴിവാക്കുന്നതിലൂടെ 2016 ലെ പ്രൊക്യൂർമെന്റ് മാന്വലിലെ ചട്ടങ്ങൾ പാലിയ്ക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.

5)പ്ലാസ്റ്റിക് ചാക്കുകളും പോളി ചാക്കുകളും തമ്മിൽ പ്രകടമായ വ്യത്യാസം എന്താണ് എന്നോ, പ്രസ്തുത ചാക്കുകളുടെ ഉപയോഗത്തിലോ, സംസ്കരണത്തിലോ ഉള്ള വ്യത്യാസം എന്നിവയൊന്നും തന്നെ ഫയലിൽ എവിടെയും രേഖപ്പെടുത്തുകയോ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്യാത്ത സാഹചര്യത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിന്റെ കാരണവും വ്യക്തമാക്കിയിട്ടില്ല.

27.03.2021ലെ 26/2019-20-ാംനമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആരാഞ്ഞിട്ടുള്ള ചോദ്യങ്ങൾക്കും അപാകതകൾക്കും ലഭിച്ച മറുപടിയിൽ ക്രമനം1,2,4,5 എന്നിവയ്ക്കു വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ലഭിച്ച മറുപടി അംഗീകരിയ്ക്കാൻ സാധിയ്ക്കാത്തതിനാലും, പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച തുക 1254988/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-75 പറവട്ടാനി യു സി എച്ച് എസ് സി, കാച്ചേരി, ഗോസായിക്കുന്ന് യു പി എച്ച് എസ് സി അഗതി മന്ദിരം എന്നിവിടങ്ങളിലേയ്ക്കു മരുന്നും ഉപകരണങ്ങളും വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം – എസ് 0004/20

അടങ്കൽ - 25 ലക്ഷം(വികസന ഫണ്ട്)

ചെലവ് - 25 ലക്ഷം(ബിൽ നം-255/26.06.2019)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

ഫയൽ നം - പിഎച്ച്3/22201/19

2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.1)14.02.2018 ലെ സ.ഉ.(കൈ)നം-22/2018 ത.സ്വ.ഭ.വ യിലെ ധനസഹായം-സബ്സിഡി - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.5.3 ഔഷധങ്ങൾ വാങ്ങൽ കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണ് എങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നല്കി ആരോഗ്യ സ്ഥാപനത്തിലെ മരുന്നു വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും, ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനല്ലാതെയും മരുന്നുകൾ വാങ്ങാനോ, മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല .വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ മരുന്നു വാങ്ങൽ ആയതിനാൽ പ്രസ്തുത മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്. ആയതുപ്രകാരം നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരുന്നോ എന്ന ഓഡിറ്റ് എൻക്വയറിക്ക് ഹെൽത്ത് ഓഫീസർ "ഡിഡിഎംസിൽ രജിസ്ട്രേഷൻ ഇല്ലാത്തതിനാലും, സൗജന്യമായി ലഭിക്കാത്തതിനാലും എൻ.എ.സി.നല്കിയില്ല എന്നാണ് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും വാക്കാൽ അറിയിച്ചത് എന്നാണ് മറുപടി തന്നിട്ടുള്ളത്."

2) ആരോഗ്യകേരളം, ജില്ലാ പ്രോഗ്രാം മാനേജറുടെ 11.06.2019ലെ 456/2014-ഠ നമ്പർ കത്ത് പ്രകാരം ദേശീയ നഗര ആരോഗ്യ ദൗത്യം പദ്ധതിക്ക് കീഴിൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ പ്രവർത്തിച്ച വരുന്ന കാച്ചേരി, ഗോസായിക്കുന്ന എന്നീ അർബൺ പിഎച്ച്സി മരുന്നു വാങ്ങുന്നതിനു 4,00,000/-രൂപ വീതം(8,00,000/-രൂപ) മരുന്നു വാങ്ങുന്നതിനായി അനുവദിക്കണമെന്നു ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ആശുപത്രികൾ കോർപ്പറേഷന് കൈമാറിക്കിട്ടിയിട്ടുണ്ടോ എന്നും അവിടെ എച്ച് എം സി രൂപീകരിച്ചിട്ടുണ്ടോയെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിനു മറുപടിയിൽ കോർപ്പറേഷന്റെ ഇൻഫ്രാസ്ട്രക്ചറിൽ പ്രവർത്തിക്കുകയും, തൃശ്ശൂർ മെഡിക്കൽ കോളേജിലേയും,എൻ.എച്ച്.എംലേയും ജീവനക്കാരുടെ സേവനംമാത്രമാണ് ലഭിക്കുന്നത് എന്നാണറിയിച്ചിട്ടുള്ളത്.ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച വരുന്ന സ്ഥാപനങ്ങൾക്ക് സൗജന്യ മരുന്നു വിതരണം നടത്തുന്ന DDMS ഓൺലൈൻ സംവിധാനത്തിന്റെ കീഴിലേക്ക് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ജൂൺ2020നാണ് വന്നതെന്നും അറിയിച്ചിട്ടുണ്ട്.ആയതിന്റെ രേഖകൾ ഹാജരാക്കുന്നുവെന്നു പറഞ്ഞെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.ഇപ്രകാരം ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയ സാഹചര്യത്തിൽ ഇവയുടെ ചുമതല ആരോഗ്യവകുപ്പ് ഏറ്റെടുത്തോയെന്നും വ്യക്തമല്ല.സാധാരണ ദേശീയ നഗരദാരിദ്ര്യ മിഷൻ ആശുപത്രികളുടെ പ്രവർത്തനങ്ങളുടെ ആവശ്യത്തിനായി 75% കേന്ദ്ര വിഹിതവും, 25% സംസ്ഥാന വിഹിതവും ചേർന്നുള്ള ഫണ്ട് ആണ് വിനിയോഗിക്കേണ്ടത്.അപ്രകാരം ഫണ്ട് കോർപ്പറേഷന് ലഭ്യമായിട്ടുണ്ടോയെന്നും, കോർപ്പറേഷൻ ഈ ആശുപത്രികൾക്കായി മറ്റെന്തെല്ലാം സേവനങ്ങൾ ചെയ്തുവരുന്നുണ്ടെന്നുമുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3) അഗതി മന്ദിരത്തിന് മരുന്നു വാങ്ങുന്നതിന് ആശ്രയ പദ്ധതികൾക്കായി ഉള്ള റിസർവ്വ് ഫണ്ട് ആയ ചലഞ്ച് ഫണ്ടിൽ നിന്നും അത്യാവശ്യ കാര്യങ്ങൾക്കായി തുക ചെലവഴിയ്ക്കാമെന്നും പിന്നീട് വിലയിരുത്തൽ സമിതിയിൽ സാധൂകരണം വാങ്ങിയാൽ മതിയെന്നു സൂചിപ്പിച്ചിട്ടുണ്ട്. രോഗബാധിതരായ അഗതികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നോ,സർക്കാർ ഇതര ആശുപത്രികളിൽ നിന്നോ ലഭ്യമാക്കണമെന്നും,ആയതിന് ആരോഗ്യമേഖലയിലെ വിദഗ്ധർ ഉൾപ്പെടുന്ന ഒരു ടെക്നിയ്ക്കൽ കമ്മിറ്റി ആവശ്യമായ മരുന്നുകൾ എത് എന്നു നിശ്ചയിയ്ക്കേണ്ടതും, അവ വാങ്ങി അഗതികളായ രോഗികൾക്കു നല്കുകയും വേണം രോഗികൾക്കാവശ്യമായ മരുന്നുകൾ യഥാസമയം ലഭിയ്ക്കുന്നുണ്ടെന്നും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ തൽപരരായ ആതുര ശുശ്രൂഷാ പ്രവർത്തകരുടെ സമിതി രൂപീകരിയ്ക്കുകയും, അഗതികൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനു അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.ഇവിടെ ഇപ്രകാരം സമിതികൾ രൂപീകരിച്ചിട്ടില്ല. അഗതിരഹിതകേരളം പദ്ധതിയിൽപ്പെടുത്തിയോ,സാന്ത്വനം പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽപ്പെടുത്തി അഗതി മന്ദിരത്തിലെ അന്തേവാസികൾക്ക് ചികിത്സ നല്കാറുള്ളതായി കാണുന്നില്ല.

4)ജനകീയാസൂത്രണം പദ്ധതിയുടെ ഭാഗമായി നഗരസഭ വികസന ഫണ്ട് ഉപയോഗിച്ച് രണ്ട് പ്രോജക്റ്റുകളിലായി(പ്രോജക്റ്റ്.നം-824/19-20-(19,41,300/-),പ്രോജക്റ്റ്.നം-6/19-20(15,00,000/-) മരുന്നു വാങ്ങൽ നടത്തിയിട്ടുണ്ട്.രണ്ടു നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ മരുന്നു വാങ്ങലിനൊപ്പം മരുന്നുകൾ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും വാങ്ങൽ നടത്താതിരുന്നതിന്റെ കാരണം വിശദമാക്കാൻ നല്കിയ ഓഡിറ്റ്എൻക്വയറിയ്ക്ക്(8.3.2021 ലെ31/19-20) ലഭ്യമാക്കിയ മറുപടിയിൽ KMCSL ൽ നിന്നാണ് പരാമർശിത സ്ഥാപനങ്ങളിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നത് എന്നും, ആവശ്യമായ ഉത്തരവിന്റെ കോപ്പികൾ ഇതിനോടൊപ്പം ഹാജരാക്കുന്നുവെന്നുപറഞ്ഞിട്ടുണ്ടെങ്കിലും പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. 25 ലക്ഷം രൂപ കെ എം എസ്സ് സി എൽ-ൽ ന് കൈമാറിയതായി കാണുന്നു. പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടോയെന്നും, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണെന്നുള്ള എൻക്വയറിയ്ക്കു മറുപടിയായി മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കുന്നതായി പറഞ്ഞെങ്കിലും ആയതും ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധനകൾക്ക് ലഭ്യമാക്കുകയോ,അപാകതകൾക്ക് വ്യക്തമായ മറുപടി നല്കുകയോ ചെയ്യിട്ടില്ലാത്തതിനാൽ ചെലവു തുക 25,00,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-76 ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നമ്പർ S 244/19 കോർപ്പറേഷൻ പരിധിയിലെ ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം കോർപ്പറേഷനിലെ 5 ആയുർവേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് 70 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആശുപത്രി | അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 1 | ഗവ.ആയുർവേദ ഡിസ്പെൻസറി അയ്യന്തോൾ | 12,00,000 |
| 2 | ഗവ.ആയുർവേദ ഡിസ്പെൻസറി ഒല്ലൂക്കര | 12,00,000 |
| 3 | ഗവ.ആയുർവേദ ഡിസ്പെൻസറി കൂർക്കഞ്ചേരി | 12,00,000 |
| 4 | ഗവ.ആയുർവേദ വിഷവൈദ്യ ഡിസ്പെൻസറി ഒല്ലൂർ | 12,00,000 |
| 5 | എൽ.ആർ.കെ ഗവ. ആയുർവേദ ആശുപത്രി വില്ലടം | 22,00,000 |
| | ആകെ | 70,00,000 |

എ) ഔഷധിയിൽ നിന്നും ഗവ.ആയുർവേദ വിഷവൈദ്യ ഡിസ്പെൻസറി ഒല്ലൂരിലേക്ക് നാളിതുവരെ മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല.സ്റ്റോക്ക് രജിസ്റ്റർപ്രകാരം 1196325 രൂപയുള്ള മരുന്നാണ് ലഭ്യമായിരിക്കുന്നത്. കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 10. തീയതി : 08.02.2021 ന് നല്കിയതിന് മറുപടി ലഭിച്ചിട്ടില്ല . 3675/-രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) ആയുർവേദ ആശുപത്രികളിലെ മരുന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ നിലവിൽ ഡിസ്പെൻസറികളിൽ സ്റ്റോക്ക് ഉള്ള മരുന്നുകൾ തന്നെ വീണ്ടും കൂടുതൽ വാങ്ങി സൂക്ഷിക്കുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ആശുപത്രി | മരുന്ന് | നിലവിൽ സ്റ്റോക്ക് (മാർച്ച് 2019) | ചെലവ് (ഏപ്രൽ2018-മാർച്ച്2019) | പുതുതായി വാങ്ങിയത് |
|---|---|---|---|---|
| വില്ലടം | മണിഭദ്രലേഹ്യം | 220 | - | 200 |
| | അയസ് കൃതി | 270 | 3 | 240 |
| | അശ്വഗന്ധാരിഷ്ടം | 510 | 144 | 600 |
| കൂർക്കഞ്ചേരി | കൈശേശോരേഗുൽഗുല്യ ഗുളിക | 22400 | 9500 | 9800 |
| | ജാത്യാദി വെളിച്ചെണ്ണ | 200 | 100 | 200 |
| | നാരായണ തൈലം | 230 | 70 | 96 |
| | വെട്ടുമാരൻ ഗുളിക | 19500 | 2500 | 5000 |
| ഒല്ലൂക്കര | അമൃതാരിഷ്ടം | 570 | 192 | 390 |
| | അരവിന്ദാസവം | 392 | 24 | 120 |
| | ഇളനീർകുഴമ്പ് | 660 | 150 | 150 |
| | പ്രമേഹഔഷധി | 5500 | 1500 | 3600 |

2019 മാർച്ച് മാസത്തിൽ നീക്കിയിരിപ്പുള്ള മരുന്നുകൾ തന്നെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ചെലവ് കണക്കിലെടുക്കാതെ വീണ്ടും മരുന്ന് വാങ്ങൽ നടത്തുന്നത് പദ്ധതി പണത്തിന്റെ അനാവശ്യ ചെലവിന് ഇടയാക്കുന്നു. ആയത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടേണ്ടതും തുടർന്ന് ആവർത്തിരിക്കാതിരിക്കേണ്ടതുമാണ്. ചെലവിന്റെ അടിസ്ഥാനത്തിൽ മരുന്ന് പർച്ചേസിന് വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും ആയതനുസരിച്ച് മരുന്ന് പർച്ചേസ് ചെയ്യേണ്ടതുമാണ്.

## 1-77 പെയിൻ & പാലിയേറ്റീവ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

പദ്ധതി- S 6/19-20പാലിയേറ്റീവ് കെയർ (അലോപ്പതി)

പദ്ധതി തുക - 6200000/-(വികസനഫണ്ട്)

ചെലവഴിച്ചതുക – 3448672/- രൂപ

പെയിൻ & പാലിയേറ്റീവ് പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

എ) ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് ബുക്ക് എന്നിവ പരിശോധിച്ചതിൽ സി.എച്ച്.സി. ഒല്ലൂർ, പി.എച്ച്.സി.അയ്യന്തോൾ, പി.എച്ച്.സി. വിൽവട്ടം എന്നിവിടങ്ങളിലെ ഹോം കെയർ സന്ദർശന രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയത് ബന്ധപ്പെട്ട ഉദ്യേഗസ്ഥർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. വിൽവട്ടം പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ, മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് എന്നീ മാസങ്ങളിലെ ഹോം കെയർ റിപ്പോർട്ട് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹോം കെയർ സന്ദർശന രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഹോം കെയറില്ലാത്ത ദിനങ്ങളിലും വാഹനം ഓടിയതായി കാണുന്നു. അതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാലിയേറ്റീവ് കെയർ ടീം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| സി.എച്ച്.സി.ഒല്ലൂർ | 18/9 | 4/9/2019 | 690 |
| പി.എച്ച്.സി.,വിൽവട്ടം | 1/5 | 2/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 2/5 | 3/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 3/5 | 6/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 4/5 | 7/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 5/5 | 8/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 6/5 | 9/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 7/5 | 10/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 8/5 | 11/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 9/5 | 13/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 10/5 | 14/5/19 | 1000 |

| | | | |
|---|---|---|---|
| പി.എച്ച്.സി.,വിൽവട്ടം | 11/5 | 16/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 14/5 | 18/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 15/5 | 20/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 24/6 | 24/6/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 25/6 | 25/6/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 34/8 | 14/8/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 40/8 | 28/8/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 45/9 | 9/9/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 51/9 | 21/9/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 2/10 | 4/10/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 3/10 | 5/10/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 14/10 | 31/10/19(ഓടിയ ദൂരം 33കി.മീ = 900) 1000 നൽകിയിട്ടുണ്ട് | 100 |
| പി.എച്ച്.സി.,വിൽവട്ടം | 2/11 | 7/11/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 3/11 | 8/11/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 13/11 | 29/11/19 | 1000 |
| ആകെ | | | 24690 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 തീയതി : 08-02-2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോം കെയറില്ലാത്ത ദിനങ്ങളിലും വാഹനം ഓടിയ വാടകയിനത്തിൽ ചെലവഴിച്ച തുക 24690/രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ച് ഈടാക്കേണ്ടതുമാണ്

ബി)ഹോം കെയറില്ലാത്ത ദിനങ്ങളിലും ഭക്ഷണത്തിന്റെ ചെലവ് കാണിക്കുകയും അതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാലിയേറ്റീവ് കെയർ ടീം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| സി.എച്ച്.സി.ഒല്ലൂർ | | 4/9/2019 | 320 |
| പി.എച്ച്.സി.,വിൽവട്ടം | 32 | 2/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 33 | 3/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 34 | 6/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 35 | 7/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 36 | 8/5/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 37 | 9/5/19 | 250 |

| | | | |
|---|---|---|---|
| പി.എച്ച്.സി.,വിൽവട്ടം | 38 | 10/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 39 | 11/5/19 | 200 |
| പി.എച്ച്.സി.,വിൽവട്ടം | 40 | 13/5/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 41 | 14/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 42 | 16/5/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 45 | 18/5/19 | 230 |
| പി.എച്ച്.സി.,വിൽവട്ടം | 46 | 20/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 6 | 24/6/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 7 | 25/6/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 10 | 28/6/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | | 14/8/10 | 200 |
| പി.എച്ച്.സി.,വിൽവട്ടം | | 28/8/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | | 9/9/19 | 200 |
| പി.എച്ച്.സി.,വിൽവട്ടം | | 21/9/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 2 | 7/11/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 3 | 8/11/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 12 | 29/11/19 | 240 |
| ആകെ | | | 5830 |

ഹോം കെയറില്ലാത്ത ദിനങ്ങളിലും ഭക്ഷണത്തിനായി ചെലവ് കാണിച്ച തുക 5830/രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

സി)മരുന്ന് ലഭ്യമാക്കിയില്ല.

ഈ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല.

| ബിൽ നമ്പർ | ചെലവഴിച്ച തുക | മരുന്ന് ലഭ്യമാക്കിയത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|
| 36/19-120/ 15.2.2019 | 15,00,000 | 0 | 15,00,000 | കെ.എം.എസ്.സി.എല്ലിന് മുൻകൂറായി നൽകിയത് |
| ആകെ | 15,00,000 | 0 | 15,00,000 | |

മേൽ പരാമർശിച്ച പ്രകാരമുള്ള തുകയ്ക്ക് ഉള്ള മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-78 അനുപൂരക പോഷകാഹാര പരിപാടി -രജിസ്റ്റർ പരിപാലനത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ -സി.ഡി.പി.ഓ-പൂഴയ്ക്കൽ അഡീഷണൽ അർബൻ I

| പദ്ധതി നം. | പദ്ധതി അടങ്കൽ | | സുലേഖ പ്രകാരം ചെലവ് | ക്യാഷ് ബുക്ക് പ്രകാരം | |
|---|---|---|---|---|---|
| | സാധാരണ വിഹിതം | കേന്ദ്രാവിഷ്കൃത ഫണ്ട് | | സാധാരണ വിഹിതം | കേന്ദ്രാവിഷ്കൃത ഫണ്ട് (ചെക്ക് നം./തീയതി) |
| 7 | 9500000 | 342454 | 6773378 | 6773378 | 0 |
| 15 | 8200000 | 3000000 | 8199568 | 8199568 | ₹ 701018<br>251349/ 29.11.19,<br>₹767378<br>251350/ 12.03.20 |

അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രൊജക്റ്റ് നം. 15/2020) സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) ഇൻവോയ്സുകളിൽ സ്റ്റോക്ക് രജിസ്റ്റർ ഏതാണെന്നോ പേജ് നം., തീയതി ചേർക്കുന്നില്ല.

(ബി) രജിസ്റ്ററിൽ ഓരോ സാധനവും വാങ്ങിയ ഇൻവോയ്സ് പ്രകാരമുള്ള ആകെ കണക്ക് ചേർക്കുന്നില്ല.

(സി) സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ സ്ഥാപനം, ബിൽ നം., തീയതി എന്നിവ ചേർക്കുന്നില്ല.

(ഡി) സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ അംഗനവാടികൾക്കും വിതരണം ചെയ്തത് എത്രയെന്ന് കാണിക്കുന്നുണ്ടെങ്കിലും അത് ഏത് ഐറ്റം ആണെന്നുള്ള തലക്കെട്ട് ചേർക്കുന്നില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/22.3.21 ന് അപാകതകൾ പരിഹരിക്കാമെന്നും മേലിൽ ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും അപാകത പരിഹരിച്ച് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

വനിതാ ശിശു വികസന പരിപാടിയുടെ ഭാഗമായി നടത്തുന്ന അനുപൂരക പോഷകപരിപാടിയിൽ വനിതാ ശിശു ക്ഷേമത്തിനായി വൻതുക ചെലവഴിച്ചു വരുന്നു.ഭക്ഷണസാമഗ്രികൾ കൃത്യമായി സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്യുന്നതിന് നിർവഹണഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-79 പട്ടികജാതി വികസന ഓഫീസറുടെ പ്രൊജക്റ്റുകൾ

I. പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2019-20ൽ 215/20 എന്ന നമ്പറിലായി പട്ടികജാതി വിദ്യാർത്ഥി കൾക്ക് പഠനമുറി എന്ന പ്രൊജക്റ്റ് നടപ്പാക്കിയിട്ടുണ്ട്.

അടങ്കൽ : ₹ 98,00,000/-

ചെലവ് : ₹ 29,00,000/-

പ്രൊജക്റ്റ് പ്രകാരം സബ്സിഡി നൽകാൻ ഉദ്ദേശിച്ച ഗുണഭോക്താക്കളുടെ എണ്ണം : 55

ഒരു ഗഡുവെങ്കിലും നൽകിയ ഗുണഭോക്താക്കളുടെ എണ്ണം : 49

പണി പൂർത്തിയാക്കിയവരുടെ എണ്ണം : 17

2020-21ൽ സ്പിൽ ഓവറായി 244/21 എന്ന നമ്പറിൽ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പ്രൊജക്റ്റിൽ ഇതുവരെയായിട്ടും പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പേരും മേൽവിലാസവും | ഇതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഉണ്ണികൃഷ്ണൻ.എം.കെ., മുല്ലയ്ക്കൽ ഹൗസ്,വിയ്യൂർ.പി.ഒ., പാട്ടൂക്കാട് | ₹ 1,70,000/- |
| 2 | രമണി. ടി.എസ്., തെക്കേക്കര ഹൗസ്, ഒല്ലൂക്കര, കാളത്തോട് | ₹ 1,70,000/- |
| 3 | ജയ.കെ.വി., കണ്ടുകുളങ്ങര ഹൗസ്, പട്ടാളക്കുന്ന്, മണ്ണുത്തി | ₹ 1,70,000/- |
| 4 | ശ്രുതി. പി.എസ്, പ്ലാവളപ്പിൽ ഹൗസ്, ഈസ്റ്റ് ഫോർട്ട് | ₹ 1,70,000/- |
| 5 | ജയൻ.പി.സി.,പ്ലാവളപ്പിൽ ഹൗസ്, മണ്ണുത്തി, മുല്ലക്കര, മുളയം റോഡ് | ₹ 1,70,000/- |
| 6 | ജയ സുധാകരൻ, മൂത്തേടത്ത് ഹൗസ്, എസ്.എൻ. നഗർ, നടത്തറ | ₹ 1,70,000/- |
| 7 | രമ രാജു, പിച്ചാംപിള്ളി ഹൗസ്, വട്ടുക്കര, തൃശ്ശൂർ | ₹ 1,70,000/- |
| 8 | പ്രിയ.എ.ആർ., മേലേപുരയ്ക്കൽ ഹൗസ്, കണിമംഗലം, തൃശ്ശൂർ | ₹ 1,70,000/- |
| 9 | രാധാകൃഷ്ണൻ.പി.വി., പാലാ ഹൗസ്, എച്ച്.എൻ.സി.നെട്ടുപുഴ, തൃശ്ശൂർ | ₹ 1,70,000/- |
| 10 | പ്രകാശൻ.കെ.എസ്., കോമ്പിൽ ഹൗസ്, എച്ച്.എൻ.സി., നെട്ടുപുഴ.പി.ഒ., തൃശ്ശൂർ | ₹ 1,70,000/- |
| 11 | ലളിത, തെക്കയിൽ ഹൗസ്, നെട്ടുപുഴ, തെക്കുമുറി | ₹ 1,70,000/- |
| 12 | രഘുനാഥൻ. എ.സി., ആമ്പക്കാട് വീട്, ലാലൂർ, മത്തായിപുരം കോളനി, എൽത്തുരുത്ത് | ₹ 1,70,000/- |
| 13 | രാധിക, കിളിയന്ത്ര വീട്, മണ്ണുത്തി. പി.ഒ., തൃശ്ശൂർ | ₹ 1,70,000/- |
| 14 | ഗീത അയ്യപ്പൻ, വടക്കിനിയേടത്ത് ഹൗസ്, ഒല്ലൂക്കര. പി.ഒ., എടക്കുന്നി | ₹ 1,70,000/- |
| 15. | സേതുനാഥ്.വി.ആർ., വാഴപുരയ്ക്കൽ ഹൗസ്, അരണാട്ടുകര, ന്യൂലൈൻ, തൃശ്ശൂർ | ₹ 1,70,000/- |
| 16 | മീന രഞ്ജിത്ത്, ഇടിയാട്ടിൽ ഹൗസ്, ചെമ്പൂക്കാവ്.പി.ഒ. കുണ്ടുവാറ | ₹ 1,70,000/- |

| | | |
|---|---|---|
| 17 | ശിവദാസ്.കെ.കെ., കിഴക്കൂട്ട് ഹൗസ്, നെട്ടുപുഴ.പി.ഒ., തൃശ്ശൂർ | ₹ 1,70,000/- |
| 18 | ബാബു, തൈപ്പറമ്പിൽ ഹൗസ്, നെട്ടുപുഴ.പി.ഒ., തൃശ്ശൂർ | ₹ 1,70,000/- |
| 19 | സുരേഷ്.വി.കെ.,വേങ്ങോട്ടുപറമ്പിൽ ഹൗസ്, മണ്ണുത്തി, തോട്ടപ്പടി | ₹ 1,70,000/- |
| 20 | സുന്ദരി കൊച്ചുമോൻ,കണ്ണോളി ഹൗസ്,തലോർ, മേരിമാതാ റോഡ് | ₹ 1,70,000/- |
| 21 | രാമൻ.കെ.സി., കുന്നത്തുള്ളി ഹൗസ്, പുല്ലഴി.പി.ഒ., തൃശ്ശൂർ | ₹ 1,70,000/- |
| 22 | ഷാജു.ടി.കെ., തെക്കയിൽ ഹൗസ്, നെട്ടുപുഴ, തൃശ്ശൂർ | ₹ 1,70,000/- |
| 23 | ചാത്തൻ.കെ.വി., കുന്നത്തുള്ളി ഹൗസ്, എൽത്തുരുത്ത്, ലാലൂർ | ₹ 1,70,000/- |
| 24 | സുനിൽ കുട്ടൻ.കെ., കുറ്റക്കാരൻ ഹൗസ്, ചേറ്റുപുഴ, മാനമ്പിള്ളി ലൈൻ, കണ്ണാപുരം | ₹ 1,70,000/- |
| 25 | രാധാമണി ചന്ദ്രൻ, കണ്ണത്ത് ഹൗസ്, പനമുക്ക്, തൃശ്ശൂർ | ₹ 1,70,000/- |
| 26 | ബാബു.എം.എസ്. മണപ്പാട്ടിൽ ഹൗസ്, പടവരാട്, ഒല്ലൂർ | ₹ 1,70,000/- |
| 27 | അജിത ലെനിൻ, പുതിയേടത്ത് ഹൗസ്, നെട്ടുപുഴ എച്ച്.എൻ.സി., തൃശ്ശൂർ | ₹ 1,70,000/- |
| 28 | ഷൈനി, മഞ്ചേരി ഹൗസ്, ചിയ്യാരം | ₹ 30,000/- |
| 29 | ഓമന ശോഭൻ, നെട്ടംവീട്ടിൽ ഹൗസ്, പുല്ലഴി, തൃശ്ശൂർ | ₹ 1,70,000/- |
| 30 | ജയൻ.കെ.വി., കുന്നത്തുള്ളി ഹൗസ്, പുല്ലഴി കടവാരം, ഒളരിക്കര, പുല്ലഴി | ₹ 1,70,000/- |
| 31 | ഐബി.കെ.എസ്. കക്കുത്തനാൽ ഹൗസ്, വിയ്യൂർ, പാട്ടുക്കാട് | ₹ 30,000/- |
| 32 | ശ്രീത.ഇ.ആർ., എടക്കളം ഹൗസ്, മണ്ണുത്തി, പനഞ്ചകം | ₹ 1,70,000/- |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പഠനമുറി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം./പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 210/20 പട്ടികജാതി/പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധനസഹായം | ₹6825000/- | ₹4575000/- |
| 2 | 574/20 - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും ,കസേരയും. | ₹30,00,000/- | ₹7,63,462/- |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ധനസഹായം ലഭിക്കാത്തവർക്കേ മേൽപ്പറഞ്ഞ പ്രൊജക്ടുകളിൽ സബ്സിഡിയ്ക്ക് അർഹതയുള്ളൂ. ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയത് ഹാജരാക്കേണ്ടതാണ്.പദ്ധതി നടപ്പാക്കുമ്പോൾ ആവശ്യമായ എല്ലാ സാക്ഷ്യപത്രങ്ങളും ലഭ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.ടി വിഷയത്തിന്മേൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 2/13-01-2021).

## 1-80 അമൃത് പദ്ധതി -കാലാവധി തീരാറായിട്ടും പ്രവൃത്തിയിൽ പുരോഗതിയില്ല

കേന്ദ്രസർക്കാറിന്റെ പദ്ധതിയായ അമൃത് (അടൽ മിഷൻ ഫോർ റിജൂവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫർമേഷൻ) ഇന്ത്യയിലൊട്ടാകെ 500 നഗരങ്ങളിൽ നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ തൃശ്ശൂർ കോർപ്പറേഷൻ ഉൾപ്പെടെ 9 നഗരങ്ങളിൽ നടപ്പാക്കി വരുന്നു.

തൃശ്ശൂർ കോർപ്പറേഷനിൽ താഴെപ്പറയുന്ന മേഖലകളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്.

1.ശുദ്ധജലവിതരണം

2.സീവറേജ് & സെപ്റ്റേജ്

3.സ്റ്റോം വാട്ടർ ഡ്രെയിനേജ്

4.അർബൻ ട്രാൻസ്പോർട്ട്

5.പാർക്ക് & ഓപ്പൺ സ്പേസസ്

2015-16 സാമ്പത്തികവർഷത്തിൽ ആരംഭിച്ച് 5 വർഷങ്ങൾക്കുള്ളിൽ പൂർത്തിയാക്കാനുദ്ദേശിച്ചുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതി 2019-20 ൽ പൂർത്തിയാക്കേണ്ടതായിരുന്നു. ആരംഭഘട്ടത്തിലെ രണ്ടു വർഷം കാര്യമായ പ്രവർത്തനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. 2017-18, 2018-19 വർഷങ്ങളിലാണ് പ്രവൃത്തികളുടെ ഡി പി ആർ തയ്യാറാക്കുന്നത്. 2020-21 വർഷത്തേക്ക് പദ്ധതി നീട്ടിയിട്ടുണ്ട്. 28/12/2020ൽ ചേർന്ന അപെക്സ് കമ്മിറ്റി മീറ്റിംഗിൽ ഹൗസിംഗ് &അർബൻ അഫയേഴ്സ് മന്ത്രാലയം 2022 മാർച്ച് 31 വരെ പദ്ധതി നീട്ടുന്നതിന് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.(Letter No.CBE/SMMU/A/14/2015 Dated 06.01.2021 Of State Mission Management Unit,Amrut). 2022 മാർച്ചിനുശേഷം പദ്ധതി നീട്ടുകയില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. 2022 മാർച്ചിനകം എല്ലാ പദ്ധതികളും പൂർത്തിയാക്കേണ്ടതാണെന്നും അതിനുശേഷമുള്ള എല്ലാ ചെലവുകളും അതാത് തദ്ദേശസ്വയംഭരണസ്ഥാപനവും വൈകുന്നതിന് കാരണക്കാരാകുന്ന ഉദ്യോഗസ്ഥരും വഹിക്കേണ്ടതാണെന്നും പരാമർശമുണ്ട്.

പദ്ധതിയുടെ 31-03-2020 വരെയുള്ള പ്രവർത്തനപുരോഗതി താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം | വിശദാംശങ്ങൾ | തുക (കോടിയിൽ) |
|---|---|---|
| 1 | ഭരണാനുമതി ലഭിച്ച പദ്ധതി അടങ്കൽ | 259.87 |
| 2 | ആനുപാതിക കേന്ദ്ര സംസ്ഥാന | 207.896 |

| | | |
|---|---|---|
| | വിഹിതം | |
| 3 | ആനുപാതിക കോർപ്പറേഷൻ വിഹിതം | 51.974 |
| 4 | ഇതുവരെ ആകെ വകയിരുത്തിയ തുക | 91.63 |
| 5 | ഇതുവരെ ആകെ ചെലവഴിച്ച തുക | 83.32 |

പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ അടിയന്തിര ഇടപെടൽ ആവശ്യമാണ്.

## 1-81 എല്ലാ പദ്ധതികൾക്കും മുൻകൂർ അനുമതി - ക്രമവിരുദ്ധം.

കൗൺസിൽ തീരുമാനം - 34/ 24.8.19

കേരളാ പൊതു മരാമത്ത് ചട്ടങ്ങൾ അനുസരിച്ച് മരാമത്തു പ്രവൃത്തികളുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ സ്ഥല പരിശോധന നടത്തി പ്രദേശത്തിന് അനുയോജ്യമായ സൈറ്റ് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുകയും ആയതിന് സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭിച്ചതിന് ശേഷമാണ് ടെന്റർ ക്ഷണിക്കുകയും മറ്റ് തുടർ നടപടികൾ നടത്തുകയും ചെയ്യുന്നത്. അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾക്ക് മാത്രമാണ് മേയറുടെ മുൻകൂർ അനുമതിയോട് കൂടി പ്രവൃത്തി നടത്താവുന്നത്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റും എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാത്ത റിവൈസ്ഡ് എസ്റ്റിമേറ്റും തൊട്ടടുത്ത യോഗത്തിൽ തന്നെ,കൗൺസിൽ അംഗീകരിച്ച് മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുകയും ചെയ്യുകയാണ് വേണ്ടത്.

തൃശ്ശൂർ കോർപ്പറേഷനിൽ, അടിയന്തിര സ്വഭാവമുള്ളതോ അല്ലാത്തതോ എന്ന പരിഗണന ഇല്ലാതെ, മിക്കവാറും എല്ലാ പ്രവൃത്തികളും, സാങ്കേതികാനുമതിയും ഭരണാനുമതിയും ലഭ്യമാക്കാതെ, മേയറുടെ മുൻകൂർ അനുമതി മാത്രം അടിസ്ഥാനമാക്കി പൂർത്തിയാക്കുകയും പിന്നീട് കൗൺസിൽ യോഗം കൂടി മുൻകൂർ അനുമതി സാധൂകരിക്കുകയുമാണ് ചെയ്യുന്നത്.യഥാർത്ഥത്തിൽ പദ്ധതിയുടെ ഗുണഫലമോ സാധ്യതകളോ പഠന വിധേയമാക്കുന്നില്ല. സ്ഥല പരിശോധന നടത്തി പ്രവൃത്തിയുടെ ആവശ്യകത നിർണ്ണയിക്കുകയോ ആയതിനെ അടിസ്ഥാനമാക്കി സൈറ്റ്പ്ലാൻ തയ്യാറാക്കുകയോ ചെയ്യുന്നില്ല. അതിനാൽ പല കേസുകളിലും, പണി തുടങ്ങി അധികം താമസിയാതെ പ്ലാനിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തുകയും തൽഫലമായി പലപ്പോഴും എസ്റ്റിമേറ്റ് തുകയിലും മാറ്റം വരുന്നു. ഫലത്തിൽ, പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുകയോ കാലമെത്തും മുൻപേ പദ്ധതി ഉപയോഗയോഗ്യമല്ലാതെ ഒരു മൃത ആസ്തിയായി തീരുന്നു.കോർപറേഷൻ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 2018-19 വർഷത്തിൽ ഇത്തരത്തിൽ മുൻകൂർ അനുമതി നൽകി നടത്തിയ പദ്ധതികൾ 2019-20 കാലയളവിൽ കൗൺസിൽ യോഗത്തിൽ സാധൂകരിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ പട്ടിക പരിശോധിച്ചപ്പോൾ പല പ്രവൃത്തികളും അടിയന്തിര സ്വഭാവമുള്ളതായി കണക്കാക്കുവാൻ സാധിക്കാത്തവയാണ്. അത്തരത്തിലുള്ള ചില പ്രവൃത്തികളുടെ ഉദാഹരണങ്ങൾ പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് /ഫയൽ നം. | പ്രവൃത്തി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 132/19 പിഡബ്ല്യു6/27227/18 | ഗവണ്മെന്റ് മോഡൽ ഗേൾസ് പ്ലസ് ടു പുതിയ ക്ലാസ്സ് മുറി നിർമ്മാണം | 46,37,268.57/- |
| 2 | 490/19 പിഡബ്ല്യു6/32612/18 | ഒല്ലൂക്കര എ ബി സി കെട്ടിടം വിപുലീകരണം | 11,28,936/- |
| 3 | 119/19 പിഡബ്ല്യു6/34722/18 | അങ്കണവാടിയും കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവും ഡിവിഷൻ. 46 തരകത്ത് റോഡ് | 23,18,550/- |
| 4 | 409/19 പിഡബ്ല്യു-6/2982/19 | പണ്ടാരപറമ്പ് പി. എച്ച് .സി വിപുലീകരണം ഡിവിഷൻ. 15 | 14,06,930/- |
| 5 | 583/19 പിഡബ്ല്യു6/38469/18 | കുടുംബശ്രീ ഓഫീസ് നിർമ്മാണം | 39,22,143/- |
| 6 | 737/19 പിഡബ്ല്യു6/7088/18 | ഇ.എം.എസ് ഓപ്പൺ തീയേറ്റർ ശക്തൻ നഗർ | 17,31,355/- |
| 7 | 336/19 പിഡബ്ല്യു6/32620/18 | രാമവർമ്മപുരം ഗവണ്മെന്റ്. ഡിസ്പെൻസറി അറ്റകുറ്റപണികൾ | 11,87,880/- |
| 8 | 497/19 പിഡബ്ല്യു6/32831/18 | തൃശ്ശൂർ ജനറൽ ആശുപത്രി അറ്റകുറ്റപണികൾ | 24,98,095/- |
| 9 | 436/19 പിഡബ്ല്യു6/28239/18 | വനിതാ വ്യവസായ കേന്ദ്രം ട്രസ്സ് വർക്ക് ഡിവിഷൻ 17 | 4,97,212/- |
| 10 | 376/19 | വെസ്റ്റ് സോൺ | 14,76,652/- |

| | | | |
|---|---|---|---|
| | പിഡബ്ല്യ6/35825/18 | മാർക്കറ്റ് അറ്റകുറ്റപണികൾ | |
| 11 | 151/19 പിഡബ്ല്യ6/34024/19 | ഗവണ്മെന്റ് മോഡൽ ബോയ്സ് എച്ച് .എസ് .അറ്റകുറ്റപണികൾ ഡിവിഷൻ- 12 | 9,99,269/- |
| 12 | 398/19 പിഡബ്ല്യ6/26340/19 | ജി.എൽ.പി സ്കൂൾ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം | 9,99,332/- |
| 13 | 438/19 പിഡബ്ല്യ6/26943/19 | മാതൃശിശു സംരക്ഷണ കേന്ദ്രം നിർമ്മാണം | 9,02,518/- |
| 14 | 778/19 പിഡബ്ല്യ-6/3098/19 | ജിവിഎച്ച്എസ്എസ് രാമവർമ്മപുരം അറ്റകുറ്റപണികൾ ഡിവിഷൻ 6 | 8,93,975/- |
| 15 | 759/19 പിഡബ്ല്യ6/57628/18 | ലീഡർ കുടിവെള്ള പ്രദേശത്ത് വയോജന വിശ്രമ കേന്ദ്രം ഡിവിഷൻ 45 | 2,99,937/- |

ജനകീയാസൂത്രണ പദ്ധതികളിൽ മാസം തോറും പരമാവധി തുക ചെലവഴിച്ചിരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുവാനായി സൂപ്രണ്ടിംഗ്എഞ്ചിനീയർക്ക് നൽകിയ കുറിപ്പിന്റെ അടിസ്ഥാനത്തിൽ, 13.7.18ന് 45 മരാമത്തു പ്രവൃത്തികൾക്ക് മേയർ മുൻകൂർ അനുമതി നൽകിയിട്ടുണ്ട്. അവയിൽ തെരഞ്ഞെടുത്ത 15 എണ്ണമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

1994ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ15(4) പ്രകാരം കൗൺസിലിന്റെ അംഗീകാരത്തോടുകൂടി നടപ്പാക്കേണ്ട പ്രവർത്തികളിൽ, ആയതിന് സാവകാശമില്ലാതിരിക്കയും, എന്നാൽ, പൊതുജനസുരക്ഷയ്ക്ക് അത്യന്താപേക്ഷിതവും അടിയന്തിരവുമായി നിർവഹിക്കേണ്ടതായ സംഗതികളിൽ, മേയറുടെ മുൻകൂർ അനുമതിയോടെ പ്രവർത്തി പൂർത്തീകരിക്കാവുന്നതാണ് എന്നാണ് നിഷ്കർച്ചിട്ടുള്ളത്. മാത്രമല്ല, അത്തരത്തിൽ അടിയന്തിരമായി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം തൊട്ടടുത്ത കമ്മിറ്റിയിൽ തന്നെ അവതരിപ്പിക്കേണ്ടതുമാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്. മേൽപറഞ്ഞ 15 പ്രവൃത്തികളും അടിയന്തിര പ്രവൃത്തികളുടെ ഗണത്തിൽ പെടുന്നവയല്ല.

വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുള്ള പ്രക്രിയയ്ക്കുള്ള മുന്നൊരുക്കം തലേ വർഷത്തെ പദ്ധതികളുടെ നിർവഹണ സമയത്തു തന്നെ ആരംഭിക്കേണ്ടതുണ്ട്. ഭരണസമിതിയും ആസൂത്രണ സമിതിയും ചേർന്ന് പ്രാദേശിക പഠനങ്ങളും ചർച്ചകളും നടത്തി, ജനവരി-ഫെബ്രുവരി മാസങ്ങളിൽ തന്നെ വാർഡ്സഭകളിൽ പദ്ധതികൾ അവതരിപ്പിക്കുകയും, മാർച്ച് 31നകം തന്നെ വാർഷിക പദ്ധതികൾക്ക് അംഗീകാരവും നേടിയിരിക്കണം. അങ്ങനെയെങ്കിൽ,ഏപ്രിൽ ഒന്നു മുതൽ നിർവഹണം തുടങ്ങാനും കഴിയും. മറ്റെല്ലാ വകുപ്പുകളിലെയും പോലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഈ മാതൃക അവലംബിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കോർപറേഷൻ കൗൺസിലിന്റെയും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

## 1-82 2019-20 വർഷം നടപ്പാക്കാത്ത പദ്ധതികൾ

2019-20 സാമ്പത്തിക വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികൾ വിശകലനം ചെയ്തതിൽ മുക്കാൽഭാഗം പ്രവൃത്തികളും ഒട്ടും നടപ്പാക്കിയിട്ടില്ല. കോർപ്പറേഷൻ എഞ്ചിനീയർ 11 പദ്ധതികളും, കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 671 പദ്ധതികളും നടപ്പിലാക്കുവാനായി തുക വകയിരുത്തിയിട്ടുണ്ട്. വിശദമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കോർപ്പറേഷൻ എഞ്ചിനീയർ

| ക്രമ നം | ആകെ പദ്ധതികളുടെ എണ്ണം. | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ തുക | ചെലവ് ചെയ്ത തുക | ബാക്കി തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | 11 | 4 | 8607999 | 3550020 | 5057979 | 41.3% |

നിർവ്വഹണ ഉദ്യോഗസ്ഥൻ - എക്സിക്യൂട്ടീവ് എഞ്ചിനീയർ

| ക്രമ നം | ആകെ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ തുക | ചെലവ് ചെയ്ത തുക | ബാക്കി തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | 671 | 143 | 1858755669 | 101110866 | 1757644803 | 5.45% |

ഓരോ ജനപ്രതിനിധിയും അവരവരുടെ ഡിവിഷനുകളിൽ യോഗം ചേർന്ന് ആ പ്രദേശത്ത് അത്യന്താപേക്ഷിതമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പുതിയ പദ്ധതികൾക്ക് രൂപകൽപന ചെയ്യുന്നത്. മാത്രമല്ല, വളരെയധികം മനുഷ്യശേഷിയും സമയവും ഉപയോഗപ്പെടുത്തി ഭരണപരമായ ഒട്ടേറെ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. തയ്യാറാക്കിയ പദ്ധതികളുടെ നാലിലൊന്ന് പോലും നടപ്പിലാക്കാതിരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വീഴ്ചയായി കരുതുന്നു.

## 1-83 നഗരഗതാഗതം-ഓടകളുടെ താഴ്ഭാഗം കോൺക്രീറ്റ് ചെയ്യേണ്ടതില്ല.

പിഡബ്ല്യു4- 43169/19

സ.ഉ. 17/2018/തസ്വഭവ. തീയതി.2.2.18 – പദ്ധതി മാർഗ്ഗ രേഖ

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ മാർഗ്ഗ രേഖ ഇനം 8(iii) പ്രകാരം ചെറിയ റോഡുകളുടെ ഒരു വശത്തും, പന്ത്രണ്ട് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡുകളുടെ ഇരു വശത്തും ഓടകൾ നിർമ്മിക്കേണ്ടതുണ്ട്. റോഡുകളിൽ മഴവെള്ളവും മലിനജലവും കെട്ടിനിൽക്കാതിരിക്കുവാൻ ഓടകളുടെ നിർമ്മാണം അത്യന്താപേക്ഷിതമാണ്. ഓടകളിൽ നിശ്ചിത അകലത്തിൽ ഇന്റർസെപ്റ്റർ ഹോളുകൾ, സിൽറ്റ് ട്രാപ്പുകൾ എന്നിവയും നിർമ്മിക്കേണ്ടതുണ്ട്. ഓടയുടെ താഴ്ഭാഗം കോൺക്രീറ്റ് ചെയ്യേണ്ടതില്ല എന്നും മഴവെള്ളം ഭൂമിയിലേക്ക് താഴുന്നതിന് ഇത് നല്ലതാണെന്നും മാർഗ്ഗരേഖയിൽ ചൂണ്ടികാണിക്കുന്നുണ്ട്. എന്നാൽ, ഇത്തരം പദ്ധതികളിൽ മിക്കവാറും കാനയുടെ താഴ്ഭാഗവും കോൺക്രീറ്റ് ചെയ്തതായി കാണുന്നു. ഉദാഹരണത്തിന്, താഴെ ചേർത്ത രണ്ട് പ്രവൃത്തിയിലും ഓടയുടെ താഴ്ഭാഗം കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഫയൽ | തോടിന്റെ താഴ്ഭാഗം വിസ്തൃതി | ചെലവ് തുക |
|---|---|---|---|
| 1 | പിഡബ്ല്യു 4- 57267/18 | 11.071എം 3 | 83,287/- |
| 2 | പിഡബ്ല്യു 4- 43169/19<br>കോവിലകംപറമ്പ് | 17.75എം 3@ 6500 | 1,15,375/- |
| | | ആകെ | 198662/- |

മണ്ണിലെ ജലസമ്പത്ത് നിലനിർത്തുന്നതിനും ജലദൗർലഭ്യം ഇല്ലാതാക്കുന്നതിനും പദ്ധതി മാർഗ്ഗരേഖയിലുള്ള നിർദ്ദേശം പാലിക്കാവുന്നതാണ്.

## 1-84 നിയമ വ്യവസ്ഥകളുടെ പാലനം - നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്

G.O.(Rt)No.166/2017/LSGD Dt.20.01.2017 പ്രകാരം കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി 'Manuals On Performance Audit And Asset Management' സർക്കാർ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിവിധ വിഷയങ്ങളിൽ മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.59/30.9.2021)നൽകിയതിന് മറുപടി ലഭിക്കുകയുണ്ടായിട്ടുണ്ട്.

തൃശ്ശൂർ കോർപ്പറേഷനിൽ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് Asset Management Manual-ൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിൽ വരുത്തിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത് . ലഭിച്ച മറുപടിയിൽനിന്നും, മാന്വലിലെ വ്യവസ്ഥകൾ പ്രധാനമായും അസ്സറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കലിനു വേണ്ടിയുള്ളതാണെന്ന ധാരണയുള്ളതായി കാണുന്നു. മാന്വലിന്റെ ഖണ്ഡിക 1.5 -ൽ കൃത്യമായി നിരീക്ഷിച്ചിട്ടുള്ളതുപോലെ, ഈ മാനവൽ കേരള സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആസ്തികൾ കൈകാര്യം ചെയ്യുന്നതിലെ എല്ലാ പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നുണ്ട്. തൃശ്ശൂർ കോർപ്പറേഷന്റെ ആസ്തികളുടെ -

വാടകക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ അടക്കമുള്ളവയുടെ - സമയബന്ധിത ഭൗതിക പരിശോധന നടത്തുന്നില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്. ജനങ്ങളുടെ ജീവനും കോർപ്പറേഷന്റെ ആസ്തികൾക്കും ഉണ്ടാകാൻ സാധ്യതയുള്ള അപകടങ്ങൾ ഒഴിവാക്കാൻ സമയബന്ധിത പരിശോധന അത്യന്താപേക്ഷിതമാകയാൽ അത്തരത്തിലുള്ള നടപടികൾ എടുക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ക് വകുപ്പ് 211 (1)പ്രകാരം മുനിസിപ്പാലിറ്റിക്ക് സ്വന്തമായുള്ളതോ അല്ലെങ്കിൽ മുനിസിപ്പാലിറ്റിക്ക് റിവർഷനറി അവകാശം ഉള്ളതോ ആയ എല്ലാ സ്ഥാവര വസ്തുക്കളുടെയും ഒരു വസ്തു വിവര പട്ടിക സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. മേൽപ്പറഞ്ഞ വസ്തു വിവര പട്ടികയുടെ ഒരു പകർപ്പ് സർക്കാരിനെ ഏൽപ്പിക്കേണ്ടതും എല്ലാ മാറ്റങ്ങളും അവരെ ഉടനടി അറിയിക്കേണ്ടതുമാണ്. എന്നാൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. മാന്വലിലെ ഖ.4.6 പ്രകാരം ആസ്തി രജസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് ധനകാര്യ സ്ഥിരം സമിതിയുടെ ഉത്തരവാദിത്തമാണ്.

മുനിസിപ്പൽ ആക്ടിലെയും മാന്വലിലെയും വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് കോർപ്പറേഷന്റെ ആസ്തി സംരക്ഷണം ഫലവത്താക്കുവാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ബിൽഡിംഗ് പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം II(3),പട്ടിക (2) പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ലെന്നു കാണുന്നു.കോർപ്പറേഷൻ ഓഫീസിലെ / സോണൽ ഓഫീസിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും 1999ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങളിലെ ചട്ടം II(3),പട്ടിക (2) പ്രകാരമുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ലെന്നു കാണുന്നു

(1)കോർപ്പറേഷൻ മെയ്ൻ ഓഫീസ്

| ക്രമ നംപർ | പേര് പെർമിറ്റ് നമ്പർ | വിസ്തീർണം തരം | ഈടാക്കേണ്ടപെർമിറ്റ് ഫീസ് നിരക്ക് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | ശാന്ത. കെ.കെ പാട്ടക്കുന്നത്ത് DW5-BA/38/19-20 | റസിഡൻഷ്യൽ 146.88 M2 | 5രൂപ | 734രൂപ | 475/119040-104380 /11.6.19 | 259രൂപ |
| 2 | കൃഷ്ണൻ ,ജയശ്രീ.കെ.കെ കിള്ളിമംഗലത്ത് DW5- | റസിഡൻഷ്യൽ 200.3 M2 | 10രൂപ | 2006രൂപ | 1185 119010-108775/18.7.19 | 821രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | BA/85/19-20 | | | | | |
| 3 | സുകുമാരൻ മേനാത്ത് പറമ്പിൽ DW5-BA/345 /19-20 | Commercial 135.7 M2 | 15രൂപ | 2036രൂപ | 1270/119010125468 /27.1.2020 | 766രൂപ |
| 4 | സുഭാഷ് .വി. വെളുത്തേടത്ത് ഹൗസ് കാനാട്ടുകര DW5-BA/532 /19-20 | Commercial 196.8 | 15രൂപ | 2952രൂപ | 1300/119010129895 /18.2.2020 | 1652രൂപ |
| 5 | വിപിൻ രാജ് ,വൃന്ദ വലിയപറമ്പിൽ | 266.81m2 റസിഡൻഷ്യൽ | 10രൂപ | 2668രൂപ | 750/119010108247 /5.10.19- | 1918രൂപ |
| 6 | ഹിമഡാനി ബോസ്കോ ജ്യൂവലേഴ്സ് DW3/BA /73/19-20 /6.11.19 | റസിഡൻഷ്യൽ 1838 M2 | 10 രൂപ | 18380രൂപ | 16280/119020108760 /6.11.19 | 2100 |
| | | | | | | 7516 |

7516 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ .70/7.10.2021

2) കൂർക്കഞ്ചേരി സോണൽ ഓഫീസ്

| ക്രമ നം. | പെർമിറ്റ് നം. | ഉടമസ്ഥന്റെപേര് | വിസ്തീർണ്ണം/തരം | ഈടാക്കേണ്ട പെർമിറ്റ് ഫീസ്₹ | ഈടാക്കിയ പെർമിറ്റ് ഫീസ് ₹/തീയതി | കുറവ് ₹ |
|---|---|---|---|---|---|---|
| 1 | KKY/BA /231/19-20 | ശ്രീ.ജെയ്സൺ | 580m$^2$- വാണിജ്യം | 580x15=8700 | 320 / 119011-11816 24.12.2019 | 8380 |

| | | | | | | |
|---|---|---|---|---|---|---|
| 2 | KKY/BA /236/19-20 | ശ്രീ.രാമനുണ്ണി/ | 142.56m$^2$- വാണിജ്യം | 142.56x15=2138 | 1526 / 119011-12447 16.01.2020 | 612 |
| 3 | KKY/BA /262/19-20 | ശ്രീ.ജോയ് | 355.22m$^2$- വാണിജ്യം 410.43m$^2$- ഗാർഹികം | 355.22x15=5328 410.43x10=4104 | 1320 / 119011-12323 13.1.2020 | 8112 |
| 4 | KKY/BA /290/19-20 | ശ്രീ.ഫ്രാൻസിസ് | 183.08m$^2$- ഗാർഹികം | 183.08x10=1831 | 1015 / 119011-12091 4.1.2020 | 816 |
| 5 | KKY/BA /301/19-20 | ശ്രീ.രാഹുൽ | 198.6m$^2$- ഗാർഹികം | 198.6x10=1986 | 1223 / 119011-12179 10.01.2020 | 763 |
| | ആകെ | | | | | 18683 |

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പല കെട്ടിടങ്ങളുടെയും പെർമിറ്റ് ഫീസ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പെർമിറ്റ് നൽകിയിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും പെർമിറ്റ് ഫീസിന്റെ കൃത്യത പരിശോധിക്കാൻ സാധ്യമായിട്ടില്ല. ഈ വിഷയം

ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/12-08-21 ന് മറുപടി നൽകിയിട്ടില്ല. കേരളാ മുനിസിപ്പാലിറ്റി ആക്ട് 539 ാം വകുപ്പ് പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാട്ടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ 539(2) പ്രകാരം ഇത്തരത്തിൽ നഗരസഭക്ക് ഉണ്ടാകുന്ന നഷ്ടത്തിന് യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാൻ വീഴ്ച വരുത്തിയ സെക്രട്ടറി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ വ്യക്തിപരമായി ഉത്തരവാദികൾ ആയിരിക്കുന്നതാണ്.

## 2-2 ഒല്ലൂക്കര മേഖല തൊഴിൽ നികുതിയിനത്തിൽ നഷ്ടം.

ഒല്ലൂക്കര മേഖലയിലെ 22 സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളിലെയും സ്വകാര്യ ആശുപത്രികളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. രേഖകൾ ഹാജരാക്കാത്തതിനാൽ 22 സ്ഥാപനങ്ങളുടെ രണ്ട് അർദ്ധ വർഷത്തെയും തൊഴിൽ നികുതി (2500x22) ഈടാക്കിയിട്ടില്ലെന്ന് കണക്കാക്കി, 55000/- രൂപ (ഒരു അർദ്ധവർഷം 27500/-രൂപ) എത്രയും വേഗം വസൂലാക്കി കോർപ്പറേഷൻ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.(വിശദാംശങ്ങൾ ഖണ്ഡിക 1-43 കാണുക)

## 2-3 ചട്ടം3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

തൃശ്ശൂർ നഗരസഭ കൂർക്കഞ്ചേരി മേഖലാ കാര്യാലയ പരിധിയിൽപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 ലെ

തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധനയിൽ ചില ജീവനക്കാരിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ഡിവിഷൻ | അർദ്ധ വർഷം | ജീവനക്കാരന്റെ പേര് / തസ്തിക | അർദ്ധ വർഷിക വരുമാനം | ഈടാ ക്കേണ്ടത് | ഈടാ ക്കിയത് | കുറവ് |
|---|---|---|---|---|---|---|---|
| 1 | എവറസ്റ്റ് ഫാർമ | 1 | ബിന്ദു.എ.കെ വർക്കർ | 33648 | 300 | 180 | 120 |
| 2 | ” | | ചെല്ലൻ.വി വർക്കർ | 65619 | 600 | 450 | 150 |
| 3 | ” | | ജോഷി.കെ.എസ് വർക്കർ | 60761 | 450 | 600 | 150 |
| 4 | ” | | ശാരദ മോഹനൻ വർക്കർ | 30447 | 300 | 180 | 120 |
| 5 | ” | | ഷൈന ഷാജു വർക്കർ | 35564 | 300 | 180 | 120 |
| 6 | ” | | സ്മിത സുരേഷ് വർക്കർ | 33971 | 300 | 180 | 120 |
| 7 | ” | | സിദ ചന്ദ്രൻ വർക്കർ | 46078 | 450 | 300 | 150 |
| 8 | റാപ്ച്ചർ ഇന്ത്യ ഫൂട്ട് കെയർ ലി. | 1 | ജിസി ജേക്കബ് വർക്കർ | 31299 | 300 | 180 | 120 |
| 9 | ” | | ഡെയ്സിഡേവിസ് വർക്കർ | 29618 | 180 | 120 | 60 |
| 10 | ” | | ലിജി ജിജു വർക്കർ | 23309 | 180 | 120 | 60 |
| 11 | ” | | ബീന സുനിൽ വർക്കർ | 22634 | 180 | 120 | 60 |
| | ആകെ | | | | | | 1230 |

ഈടാക്കിയതിൽ കുറവു വന്ന തുക 1230/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും

തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം3(1) പട്ടിക പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി അടവാക്കിയില്ല- വരുമാന നഷ്ടം

നഗരസഭയുടെ തൊഴിൽ നികുതി ചട്ടങ്ങൾ (2005) ചട്ടം 3(1) മുതൽ 3(11)വരെ പ്രകാരം,സ്വയംതൊഴിൽ ചെയ്യുന്നവർ,കമ്പനികൾ, സ്ഥാപനങ്ങൾ,മറ്റ് വ്യക്തികൾ മുതലായവർക്ക് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250രൂപ തൊഴിൽ നികുതി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൃശ്ശൂർ നഗരസഭയുടെ കീഴിലുള്ള ഒല്ലൂക്കര മേഖലയിൽ ഉൾപ്പെടുന്ന പട്ടികയിൽ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി കാണുന്നില്ല.

2019-20 സാമ്പത്തിക വർഷത്തിൽ ട്രേഡേഴ്സിൽ നിന്നും 2,96,750/- രൂപ സ്ഥാപനതൊഴിൽ നികുതി ഇനത്തിൽ ഈടാക്കുവാൻ കുടിശ്ശികയുണ്ട് (സ്ഥാപന തൊഴിൽ നികുതി അടയ്ക്കാത്തവരുടെ പട്ടിക അനുബന്ധം-7 കാണുക) . തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്, എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിരുന്നുവെന്നും, സ്ഥാപനത്തിൽ നേരിൽ ചെന്ന് തുക പിരിക്കുവാൻ കാര്യാലയത്തിൽ മതിയായ ജീവനക്കാരുടെ അഭാവം ഉണ്ടായിരുന്നതായും മറുപടി ലഭിച്ചു. കൂടാതെ, കോവിഡ് മഹാമാരിയും ഒരു കാരണമായെന്നും മറുപടിയിൽ പറയുന്നുണ്ട്. 2020 ഏപ്രിൽ മാസത്തിലാണ് കോവിഡ് വ്യാപനത്തെ തുടർന്ന് സ്ഥാപനങ്ങൾ അടച്ചിടേണ്ടി വന്നിട്ടുള്ളത് എന്നതിനാൽ അക്കാരണത്താൽ നികുതി ഈടാക്കാൻ സാധിച്ചില്ലെന്ന മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല. നികുതിയിനവരവുകളാണ് സ്ഥാപനത്തിന്റെ പ്രധാന വരുമാന സ്രോതസ്സ് എന്നതിനാൽ ആയത് പൂർണ്ണമായും ഈടാക്കേണ്ടത് സ്ഥാപനത്തിന്റെ ഉത്തമതാൽപര്യത്തിന് അത്യന്താപേക്ഷിതമാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പെയിൻ & പാലിയേറ്റീവ് പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ

പദ്ധതി- S 6/19-20പാലിയേറ്റീവ് കെയർ (അലോപ്പതി)

പദ്ധതി തുക - 6200000/-(വികസനഫണ്ട്)

ചെലവഴിച്ചതുക – 3448672/-

എ)ഹോം കെയർ സന്ദർശന രജിസ്റ്റർ, ഹോം കെയർ റിപ്പോർട്ട് ബുക്ക് എന്നിവപരിശോധിച്ചതിൽ സി.എച്ച്.സി. ഒല്ലൂർ, പി.എച്ച്.സി.അയ്യന്തോൾ, പി.എച്ച്.സി. വിൽവട്ടം എന്നിവിടങ്ങളിലെ ഹോം കെയർ സന്ദർശന രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. വിൽവട്ടം പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ, മെയ്,ജൂൺ,ജൂലൈ,ആഗസ്റ്റ് എന്നീ മാസങ്ങളിലെ ഹോം കെയർ റിപ്പോർട്ട് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഹോം കെയർ സന്ദർശന രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഹോം കെയറില്ലാത്ത ദിനങ്ങളിലും വാഹനം ഓടിയതായി കാണുന്നു. അതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാലിയേറ്റീവ് കെയർ | വൗച്ചർ | തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| ടീം | നമ്പർ | | |
| സി.എച്ച്.സി.ഒല്ലൂർ | 18/9 | 4/9/2019 | 690 |
| പി.എച്ച്.സി.,വിൽവട്ടം | 1/5 | 2/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 2/5 | 3/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 3/5 | 6/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 4/5 | 7/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 5/5 | 8/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 6/5 | 9/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 7/5 | 10/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 8/5 | 11/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 9/5 | 13/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 10/5 | 14/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 11/5 | 16/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 14/5 | 18/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 15/5 | 20/5/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 24/6 | 24/6/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 25/6 | 25/6/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 34/8 | 14/8/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 40/8 | 28/8/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 45/9 | 9/9/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 51/9 | 21/9/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 2/10 | 4/10/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 3/10 | 5/10/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 14/10 | 31/10/19(ഓടിയ ദൂരം 33കി.മീ = 900) 1000 നൽകിയിട്ടുണ്ട് | 100 |
| പി.എച്ച്.സി.,വിൽവട്ടം | 2/11 | 7/11/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 3/11 | 8/11/19 | 1000 |
| പി.എച്ച്.സി.,വിൽവട്ടം | 13/11 | 29/11/19 | 1000 |
| ആകെ | | | 24690 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 തീയതി : 08-02-2021

മറുപടി ലഭ്യമാക്കിയിട്ടില്ല. ഹോം കെയറില്ലാത്ത ദിനങ്ങളിലും വാഹനം ഓടിയ വാടകയിനത്തിൽ ചെലവഴിച്ച തുക 24690/രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ച് ഈടാക്കേണ്ടതുമാണ്

ബി)ഹോം കെയറില്ലാത്ത ദിനങ്ങളിലും ഭക്ഷണത്തിന്റെ ചെലവ് കാണിക്കുകയും അതിനായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാലിയേറ്റീവ് കെയർടീം | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| സി.എച്ച്.സി.ഒല്ലൂർ | | 4/9/2019 | 320 |
| പി.എച്ച്.സി.,വിൽവട്ടം | 32 | 2/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 33 | 3/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 34 | 6/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 35 | 7/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 36 | 8/5/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 37 | 9/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 38 | 10/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 39 | 11/5/19 | 200 |
| പി.എച്ച്.സി.,വിൽവട്ടം | 40 | 13/5/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 41 | 14/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 42 | 16/5/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 45 | 18/5/19 | 230 |
| പി.എച്ച്.സി.,വിൽവട്ടം | 46 | 20/5/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 6 | 24/6/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 7 | 25/6/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 10 | 28/6/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | | 14/8/10 | 200 |
| പി.എച്ച്.സി.,വിൽവട്ടം | | 28/8/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | | 9/9/19 | 200 |
| പി.എച്ച്.സി.,വിൽവട്ടം | | 21/9/19 | 250 |
| പി.എച്ച്.സി.,വിൽവട്ടം | 2 | 7/11/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 3 | 8/11/19 | 240 |
| പി.എച്ച്.സി.,വിൽവട്ടം | 12 | 29/11/19 | 240 |
| ആകെ | | | 5830 |

ഹോം കെയറില്ലാത്ത ദിനങ്ങളിലും ഭക്ഷണത്തിനായി ചെലവ് കാണിച്ച തുക 5830/രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതകിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12.03.2021 | KSA(TSC) 4-830/2021 Dt.28-10-2021 |

### 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|
| 2019-20 | 36,17,546/- | ഇല്ല | ഇല്ല | 36,17,546/- |

### 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5. വായ്പാ തിരിച്ചടവ്

വായ്പാ രജിസ്റ്റർ പ്രകാരമുള്ള വായ്പയുടെ വിവരം താഴെ കൊടുക്കുന്നു.

| മുൻബാക്കി | വരവ് | തിരിച്ചടവ് | നീക്കി ബാക്കി |
|---|---|---|---|
| 45990743 | 13371000 | 8632578 | 50729165 |

അക്കൗണ്ട്സ് പ്രകാരമുള്ള വായ്പയുടെ വിവരം താഴെ കൊടുക്കുന്നു

| മുൻബാക്കി | വരവ് | തിരിച്ചടച്ചത് | ബാലൻസ് (ബി 5 ഷെഡ്യൂൾ) |
|---|---|---|---|
| 5,01,87,055 | 13371000 ഹഡ്കോ | 8632578 | 58587479 |

* വിശദാംശങ്ങൾ

| ഇനം | തുക |
|---|---|

| | |
|---|---|
| Loan Under IDSMT | 15750 |
| Loan From HUDCO | 49697793 |
| Loan From Other Institutions | 8873936 |

വായ്പാ രജിസ്റ്റർ പ്രകാരമുള്ള വായ്പാ വരവും തിരിച്ചടവും ഹഡ്കോ വായ്പയുടേത് മാത്രമാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി 5 ഷെഡ്യൂൾ പ്രകാരം ഹഡ്കോ വായ്പാ നീക്കിയിരിപ്പ് 49697793 ആണ്. വായ്പാ രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിലെ വായ്പാവിവരങ്ങൾ കൃത്യമല്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹ 7,32,49,427 |
| Resumption Amount | ₹ 116344545 |
| തൻവർഷം നിക്ഷേപിച്ച തുക | ₹ 735000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹ 188858972 |

ലഭ്യമാക്കിയ വിവരം വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം സ്ഥിരനിക്ഷേപം 4643313 ആണ്. സർക്കാർ പിൻവലിച്ച തുകയായ 116344545 രൂപയും സ്ഥിരനിക്ഷേപമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. B12 ഷെഡ്യൂൾ പ്രകാരം ഇക്വിറ്റി ഷെയറായി 8556500 രൂപയും സ്പെസിഫിക് ഗ്രാന്റ് സ്ഥിരനിക്ഷേപമായി 35395200 രൂപയും വാർഷിക റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ സ്ഥിതി

| ക്രമ നം. | വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1. | 1991-92 | ഖണ്ഡിക43 | 2000-01 | അദ്ധ്യായം 53(എ) | ഗവൺമെന്റ് വായ്പ തിരിച്ചടയ്ക്കാത്തതു മൂലം ഉണ്ടായ സാമ്പത്തികനഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16-ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.7.4) 19,630/- രൂപയുടെ നഷ്ടം നികത്താനായി സെക്ഷൻ ക്ലർക്കിന്റെ ശമ്പളത്തിൽ നിന്ന് ഈടാക്കാൻ അവശേഷിക്കുന്ന 2,996/- രൂപ ടിയാളുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതാണെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. ആയതിന്മേലുള്ള അന്തിമറിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെയ്തിട്ടുണ്ട്. |
| 2. | 1991-92 | ഖണ്ഡിക 55 | 2000-01 | അദ്ധ്യായം 53(സി) | റോഡ് നിർമ്മാണം കോൺട്രാക്ടർക്ക് അധികം തുക നൽകിയത് അംഗീകരിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16-ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.8.4) കോർപ്പറേഷന് ഉണ്ടായ നഷ്ടം ഈടാക്കുന്നതിനു വേണ്ടി റിക്കവറി നടപടികൾ സ്വീകരിച്ച് റിക്കവറി നടത്തി സമിതിയ്ക്ക് റിപ്പോർട്ട് നൽകാമെന്ന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി അറിയിച്ചു. |
| 3. | 1999-2000 | 33 | 2000-01 | അദ്ധ്യായം 53 (ഇ) | എനാർക്ക് കൺസ്ട്രക്ഷൻ കമ്പനിയ്ക്ക് 1 ലക്ഷം രൂപ അധികം നൽകി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) 17-ാമത് റിപ്പോർട്ട് ഖണ്ഡിക 105 എനാർക്ക് കൺസ്ട്രക്ഷൻ കമ്പനിയിൽ നിന്ന് 23,484/- രൂപ കോർപ്പറേഷന് ലഭിക്കാനുണ്ട്. പ്രസ്തുത തുക അടിയന്തിരമായി തിരിച്ചുപിടിക്കുന്ന തിന് നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു. |
| 4. | 1999-2000 | 32 | 2000-01 | അദ്ധ്യായം 53 (എഫ്) | സിമന്റ് ലഭ്യമാക്കിയതിൽ കുറവ് 42,192/- രൂപയുടെ നഷ്ടം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16-ാമത് റിപ്പോർട്ട് (ഖണ്ഡിക നം.2.10.7) നഗരസഭയ്ക്ക് ഉണ്ടായ 42,192/- രൂപയുടെ നഷ്ടം ഉത്തരവാദിയായ കോർപ്പറേഷൻ ഉദ്യോഗസ്ഥരിൽ നിന്ന് പലിശസഹിതം ഈടാക്കണ മെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. |
| 5. | 1998-99 | 36 | 2000-01 | അദ്ധ്യായം 53 (ജി) | നാഷണൽ ഹൈവേ (സി) ഡിവിഷന് കടം നൽകിയ 10 ടൺ കമ്പി നഷ്ടപ്പെട്ടു | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16-ാമത് റിപ്പോർട്ട് (ഖണ്ഡിക നം. 4.1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫയലു കൾ സൂക്ഷിയ്ക്കുന്നതിനും തീർപ്പാക്കുന്ന തിനും തീർപ്പാക്കിയ ഫയലുകൾ റെക്കോർഡ് റൂമിൽ സൂക്ഷിയ്ക്കുന്നതിനും ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഫയലുകൾ കൈമാറുന്ന തിനും നിലവിലുള്ള വ്യവസ്ഥകൾ ഫലപ്രദവും കുറ്റമറ്റതുമാക്കുന്നതിന് സർക്കാർ തലത്തിൽ, ആവശ്യമായ നടപടി ക്രമങ്ങൾ ആവിഷ്കരിക്കണ മെന്ന് സമിതി ശുപാർശ ചെയ്തു. |
| 6. | 1998-99 (ചെലവ്) | 71 | 2000-01 | അദ്ധ്യായം 53 (എച്ച്) | ജനകീയാസൂത്രണപദ്ധതി - വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 16-ാമത് റിപ്പോർട്ട് (ഖണ്ഡിക നം. 2.11.10) പദ്ധതി നിർവ്വഹണ സമയത്ത് തൃശ്ശൂർ കോർപ്പറേഷനിൽ വ്യവസായ വികസന ഓഫീസറായി ശ്രീ. മുഹമ്മദ് കോയ ജോലി നോക്കിയിട്ടില്ലാത്ത |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തിനാൽ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുവാനും ഓഡിറ്റ് പരാമർശം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാ കുറിപ്പിൽ സമർപ്പിക്കുവാൻ ആവശ്യ പ്പെട്ടിട്ടുള്ള രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകുവാനും പരിശോധനയിൽ ധന നഷ്ടമോ ധനാപഹരണമോ ഉണ്ടായിട്ടു ണ്ടെന്ന് തെളിയുന്നപക്ഷം പ്രസ്തുത തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാനും രേഖകൾ ഹാജരാക്കി ബോധ്യപ്പെട്ട സംഗതി കളിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴവാക്കുവാനും സമിതി ശുപാർശ ചെയ്തു. തുടർനടപടികളുണ്ടായിട്ടില്ല |
| 7. | 2000-01 | 51 | 2003-04 | അദ്ധ്യായം 7(4) (2) | വനിത ഹോസ്റ്റൽ പണിയുന്നതിന് സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ തുക അടവാക്കി - പണി തുടങ്ങിയില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-11) 39-ാമത് റിപ്പോർട്ട് ഖണ്ഡിക 23 പ്രകാരം ഭവനനിർമ്മാണ ബോർഡിൽ നിക്ഷേപിച്ച പണത്തിന് ആനുപാതികമായ പ്രവൃത്തി അവരെക്കൊണ്ട് നടത്തിച്ചശേഷം ബാക്കി നഗരസഭ തന്നെ നേരിട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് ശുപാർശ ചെയ്തു. തുടർനടപടികളുണ്ടാ യിട്ടില്ല. |
| 8 | 2001-02 | 5ബി (1)(2) | 2003-04 | അദ്ധ്യായം 7(4) (2) | തെരുവ് വിളക്ക് സ്ഥാപിക്കാൻ വൈദ്യുതി ബോർഡിന് തുക നൽകിയെങ്കിലും പണി തുടങ്ങിയില്ല. | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 9 | 2001-02 ചെലവ് | 2-14 | 2005-06 | അദ്ധ്യായം 3.4.1 | ടാർ വാങ്ങിയതിലെ അപാകതകൾ | ഖണ്ഡിക നിലനിൽക്കുന്നു. |
| 10 | 2001-02 ചെലവ് | 2-17 | 2005-06 | അദ്ധ്യായം 3.4.2 | കരാറുകാരന്റെ സ്വന്തം മണ്ണിന് അധികനിരക്ക് | ഖണ്ഡിക നിലനിൽക്കുന്നു. |
| 11 | 2001-02 (ചെലവ്) | 2-22 | 2005-06 | അദ്ധ്യായം 3.4.3 | മൊബൈൽ ഫോൺ ചാർജ്ജ് കോർപ്പറേഷൻ ഫണ്ടിൽ നിന്ന് | ഖണ്ഡിക നിലനിൽക്കുന്നു. |
| 12 | 2002-03 (ചെലവ്) | 2.31 | 2005-06 | അദ്ധ്യായം 4.4.2 | കാർ വാടകയ്ക്ക് എടുത്തതിന് ചെലവായത് -നഷ്ടം വരുത്തിയ തുക തിരിച്ചുപിടിച്ചില്ല | ഖണ്ഡിക നിലനിൽക്കുന്നു. |
| 13 | 2002-03 (ചെലവ്) | 2.46 | 2005-06 | അദ്ധ്യായം 4.4.3 | ചിപ്പിംഗ് കാർപ്പെറ്റിന് അധികനിരക്ക് നൽകി | ഖണ്ഡിക നിലനിൽക്കുന്നു. |
| 14 | 2002-03 (ചെലവ്) | 2.4.7 | 2006-07 | അദ്ധ്യായം 4.4.4 | കരാറുകാരന്റെ സ്വന്തം മണ്ണിന് അധികനിരക്ക് നൽകിയത് നിരാകരിക്കുന്നു | ഖണ്ഡിക നിലനിൽക്കുന്നു |
| 15 | 2005-06 | 2-12 | 2009-10 | അദ്ധ്യായം 3.1.6(i) | നഗരസഭ വക കെട്ടിടം - ബിനി ടൂറിസ്റ്റ് ഹോം ലൈസൻസ് വ്യവസ്ഥയിൽ നൽകിയതിലെ അപാകതകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-19) 22-ാമത് റിപ്പോർട്ട് ഖണ്ഡിക 45. നഗരസഭയുടെ ടൂറിസ്റ്റ് ഹോം ടെണ്ടർ നടപടികളിലെ വീഴ്ചകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ഗൗരവപൂർണ്ണമായ അന്വേഷണം നടത്തി നിയമാനുസൃത മായി സ്വീകരിച്ച നടപടി |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള വിശദീകരണവും നൽകുവാൻ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. തുടർനടപടി കളുണ്ടായിട്ടില്ല. |
| 16 | 2006-07 | 3.30 | 2010-11 | അദ്ധ്യായം 5.2.19(1) | സ്ത്രീപദവിപഠനം - 4,26,580/- രൂപ പാഴായി | തൃശ്ശൂർ നഗരസഭ സ്വീകരിച്ച ഓഡിറ്റ് ന്യൂനതാ പരിഹാരനടപടികളുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് LFTRC8 -279/2014 Dt.7.7.14 പ്രകാരം അയച്ചു |
| 17 | 2007-08 | 3.4 | 2010-11 | അദ്ധ്യായം 5.2.19(2) | നീന്തൽക്കുളത്തിന് സ്ഥലം ഏറ്റെടുത്തതിൽ 83 ലക്ഷത്തിന്റെ ബാധ്യത | തൃശ്ശൂർ നഗരസഭ സ്വീകരിച്ച ഓഡിറ്റ് ന്യൂനതാ പരിഹാരനടപടികളുടെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട് LFTRC8 -279/2014 Dt.7.7.14 പ്രകാരം അയച്ചു |
| 18 | 2008-09 | 2-12 ഇ 3-24 | 2011-12 | 4.13 | വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനസജ്ജമായില്ല - നിഷ്ക്രിയ നിക്ഷേപം 10,97,913/- | ഖണ്ഡിക നിലനിൽക്കുന്നു. |
| 19 | 2009-10 (പ്രവർത്തനാവലോകന റിപ്പോർട്ട്) | - | 2011-12 | 3-2 | തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളിലെ റോഡ് പ്രവൃത്തികൾ | ഖണ്ഡിക നിലനിൽക്കുന്നു. |
| 20 | 2009-10 (പ്രവർത്തനാവലോകന റിപ്പോർട്ട്) | - | 2011-12 | 3-1 | കാർഷികപദ്ധതികളും കൃഷിഭവനം | ഖണ്ഡിക നിലനിൽക്കുന്നു. |
| 21 | 2009-10 (പ്രവർത്തനാവലോകന റിപ്പോർട്ട്) | - | 2011-12 | 3-3 | ശിശുക്ഷേമപദ്ധതികളും അംഗനവാടികളും | ഖണ്ഡിക നിലനിൽക്കുന്നു. |
| 22 | 2008-09 | 3.24 | 2011-12 | 4.14 | പൊളിച്ചുമാറ്റിയ കെട്ടിടത്തിന് സംരക്ഷണ പദ്ധതി | ഖണ്ഡിക നിലനിൽക്കുന്നു. |
| 23 | 2009-10 (പ്രവർത്തനാവലോകന റിപ്പോർട്ട്) | 7-5 | 2012-13 | 3-1 | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഖരമാലിന്യപരിപാലനം | ഖണ്ഡിക നിലനിൽക്കുന്നു. |
| 24 | 2009-10 | 7-4 | 2012-13 | 3.3 | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ആരോഗ്യമേഖലയും | ഖണ്ഡിക നിലനിൽക്കുന്നു. |
| 25 | 0.00% | 3-44.1 | 2014-15 | 6-10 | ആശ്രയ ഭവനപദ്ധതി - ലക്ഷ്യം പൂർത്തീകരിച്ചില്ല | ഖണ്ഡിക നിലനിൽക്കുന്നു. |
| 26 | 2011-12 (ചെലവ്) | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2013-14 | | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | ഖണ്ഡിക നിലനിൽക്കുന്നു. |
| 27 | 2012-13 | പ്രവർത്തനക്ഷമതാ റിപ്പോർട്ടുകൾ | 2014-15 | | അധികാരവികേന്ദ്രീകരണവും മൃഗസംരക്ഷണ ക്ഷീരവികസന മേഖലയും, കേന്ദ്രാവിഷ്കൃത പദ്ധതികൾ, നിഷ്ക്രിയാസ്തികൾ | ഖണ്ഡിക നിലനിൽക്കുന്നു. |
| 28 | 2016-17 | 3-25 | 2017-18 | അദ്ധ്യായം 1-8 | ഐ.എച്ച്.എസ്.ഡി.പി. പദ്ധതി - കാലാവധി കഴിഞ്ഞെങ്കിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | ഖണ്ഡിക നിലനിൽക്കുന്നു. |
| 29 | 2017-18 | 3-28 | 2018-19 | - | വെന്റേജ് മാർക്കറ്റ് - നിഷ്ക്രിയ ആസ്തി - നഗരസഭയ്ക്ക് 1,25,45,484/- രൂപ നഷ്ടം | ഖണ്ഡിക നിലനിൽക്കുന്നു. |
| 30 | 2017-18 | 3-42 | 2018-19 | | -മലിനജലസംസ്കരണത്തിനായി സ്ഥലം വാങ്ങൽ - 2,15,71,588/- രൂപ പാഴ്ച്ചെലവ് | ഖണ്ഡിക നിലനിൽക്കുന്നു |

## 4-9. ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-10. ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 179,92,29,732/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 198,06,60,458/- |
| വരവിനങ്ങളിലുള്ള നഷ്ടം | 3,79,179/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30520 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,11,52,598/- |

ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | വരവ് നഷ്ടം | ചെലവ് നഷ്ടം | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | കുറിപ്പ് |
|---|---|---|---|---|---|---|
| 2-1 | എ)7516/-<br>ബി)18,683/- | | | | എ)259/- ശ്രീ.പി.എസ്.ബാബുരാജ്, കോർപ്പറേഷൻ എഞ്ചിനീയർ 821/- ശ്രീമതി.ഷൈബി ജോർജ്ജ്, കോർപ്പറേഷൻഎഞ്ചിനീയർ 2418/- ശ്രീ .സന്ദീപ് കെ.ജി, കോർപ്പറേഷൻ എഞ്ചിനീയർ 1918/- ശ്രീമതി.ഐഡ ഫ്രാൻസിസ്, കോർപ്പറേഷൻ എഞ്ചിനീയർ<br>1050/- ശ്രീ. സിറിൽ വിമൽ മെന്റസ് ,എക്സിക്യൂട്ടീവ്എഞ്ചിനീയർ 1050/- ശ്രീ.പി.രാധാകൃഷ്ണൻ, സെക്രട്ടറി<br>ബി) ശ്രീമതി.ദൃശ്യ.ടി.മനോഹർ , അസിസ്റ്റന്റ്എഞ്ചിനീയർ കൂർക്കഞ്ചേരിമേഖല | |
| 2-2 | 55000/- | | | | ശ്രീ.വി.അച്യുതൻ ഡെപ്യൂട്ടി സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | |

| | | | | | | |
|---|---|---|---|---|---|---|
| 2-3 | 1230/- | | | | ശ്രീ.വി.അച്യുതൻ<br>ഡെപ്യൂട്ടി സെക്രട്ടറി, തൃശ്ശൂർ<br>കോർപ്പറേഷൻ | |
| 2-4 | 2,96,750/- | | | | ശ്രീ.വി.അച്യുതൻ<br>ഡെപ്യൂട്ടി സെക്രട്ടറി, തൃശ്ശൂർ<br>കോർപ്പറേഷൻ | |
| 3-1 | | 18,800/-<br>11,720/ | | | ഡോ.അശ്വിൻ.സി.പി. 18800/-<br>(14900ഖ.(എ) + 3900ഖ.(ബി))<br>ഡോ.മുഹമ്മദ് യൂസഫ്.പി.സി, 11720/-<br>9790ഖ.(എ) + 1930ഖ.(ബി) | |
| ആകെ | 3,79,179/- | 30,520/- | | | | |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-55 | 4,22,43,041/- | ശ്രീമതി. അനുജ.എ.എസ്,<br>സെക്രട്ടറി |
| | 7,17,085 /- | ശ്രീ. പി. രാധാകൃഷ്ണൻ<br>സെക്രട്ടറി |
| 1-56 | 15,00,000/- | ശ്രീ. പി. രാധാകൃഷ്ണൻ<br>സെക്രട്ടറി |
| 1-57 | 4,20,000 /- | ശ്രീ. പി. രാധാകൃഷ്ണൻ<br>സെക്രട്ടറി |
| 1-59 | 90,000/- | ശ്രീമതി. ഷൈനി ജേക്കബ്<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ |
| 1-62(1) | 5,55,480/- | ഡോ. സുധീഷ്<br>സീനിയർ വെറ്ററിനറി സർജൻ, വിൽവട്ടം |
| 1-66 | 9,600/- | ശ്രീ. ഭരതരാജൻ.കെ.എസ്.<br>പ്രിൻസിപ്പൽ,<br>ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പൂങ്കുന്നം |
| 1-67(2) | 5,57,400/- | ശ്രീ. ജയരാജൻ.വി.സി.<br>പ്രിൻസിപ്പൽ, |

| | | |
|---|---|---|
| | | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പൂങ്കുന്നം |
| 1-68 | 5,25,004/- | ശ്രീ. ഭരതരാജൻ.കെ.എസ്.<br>പ്രിൻസിപ്പൽ,<br>ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, പൂങ്കുന്നം |
| 1-73 | 7,80,000/- | ശ്രീ. മാധവൻ.കെ.സി.<br>ഹെൽത്ത് ഓഫീസർ |
| 1-74 | 12,54,988/- | ശ്രീ. മാധവൻ.കെ.സി.<br>ഹെൽത്ത് ഓഫീസർ |
| 1-75 | 25,00,000/- | ശ്രീ. മാധവൻ.കെ.സി.<br>ഹെൽത്ത് ഓഫീസർ |
| ആകെ | 5,11,52,598/- | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സം/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനുജ.എ.എസ്<br>സെക്രട്ടറി | സെക്രട്ടറി, തൃശ്ശൂർ<br>കോർപ്പറേഷൻ | അനുഗ്രഹ,<br>ടി.സി.15/25/(1)<br>ഇ.എസ്എം. നഗർ,<br>ശാസ്തമംഗലം പി.ഒ,<br>തിരുവനന്തപുരം-10 |
| ശ്രീ. പി. രാധാകൃഷ്ണൻ<br>സെക്രട്ടറി | സെക്രട്ടറി, തൃശ്ശൂർ<br>കോർപ്പറേഷൻ | പൂജ,<br>ഒ.എൻ.വി റോഡ്,<br>തൃച്ചംബരം, തളിപറമ്പ്,<br>കണ്ണൂർ |
| ശ്രീ. മാധവൻ.കെ.സി.<br>ഹെൽത്ത് ഓഫീസർ | ഹെൽത്ത് സൂപ്പർവൈസർ,<br>തൃശ്ശൂർ കോർപ്പറേഷൻ | ചാല,<br>കോവിലകം കുണ്ട്,<br>മഞ്ചേരി, |

| | | |
|---|---|---|
| | | മലപ്പുറം |
| ശ്രീ. ഭരതരാജൻ.കെ.എസ്.<br>പ്രിൻസിപ്പൽ,<br>ഗവൺമെന്റ് ഹയർ<br>സെക്കന്ററി സ്കൂൾ | പ്രിൻസിപ്പൽ,<br>ഗവൺമെന്റ് ഹയർ<br>സെക്കന്ററി സ്കൂൾ, പൂങ്കുന്നം | കണിയമംഗലം,<br>പേരാമംഗലം പി.ഒ<br>680545 |
| ശ്രീ. ജയരാജൻ.വി.സി.<br>പ്രിൻസിപ്പൽ,<br>ഗവൺമെന്റ് ഹയർ<br>സെക്കന്ററി സ്കൂൾ, പൂങ്കുന്നം | വിരമിച്ച | വലിയപുരയ്ക്കൽ<br>വെളുത്തൂർ പി.ഒ<br>680012 |
| ഡോ. സുധീഷ്<br>സീനിയർ വെറ്ററിനറി<br>സർജൻ,<br>വിൽവട്ടം | സീനിയർ വെറ്ററിനറി<br>സർജൻ,<br>വിൽവട്ടം | ഐനിപ്പുള്ളി ഹൗസ്,<br>മുല്ലക്കര,<br>മണ്ണുത്തി- 680651 |
| ശ്രീമതി. ഷൈനി ജേക്കബ്<br>കൃഷി ഡെപ്യൂട്ടി ഡയറക്ടർ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ<br>പ്രിൻസിപ്പൽ കൃഷി<br>ഓഫീസ്, ചെമ്പൂക്കാവ്. | ബെഥേൽ ഹൗസ്,<br>ബന്ദിനഗർ,<br>മണ്ണുത്തി പി.ഒ,<br>തൃശ്ശൂർ -680651 |
| ഡോ.അശ്വിൻ സി.പി | അസിസ്റ്റന്റ്<br>സർജൻ,സി.എച്ച്.സി, ഒല്ലൂർ | ദേവി കൃപ<br>അമ്മൻകുഴി<br>കോഞ്ചേരി റോഡ്<br>എം.ജി കാവ് പി.ഒ<br>തൃശ്ശൂർ- 680581 |
| ഡോ.മുഹമ്മദ് യൂസഫ് | സിവിൽ സർജൻ,<br>എഫ്.എച്ച്.സി, പുത്തൂർ,<br>പാലക്കാട് | പുളിയഞ്ചാലി ഹൗസ്<br>തൃക്കലങ്ങോട് പി.ഒ<br>മലപ്പുറം-676123 |
| ശ്രീ.പി.എസ്. ബാബുരാജ്,<br>കോർപ്പറേഷൻ എഞ്ചിനീയർ | വിരമിച്ച | പുരണ്ടേക്കാട്ടിൽ ഹൗസ്,<br>110KV സബ്സ്റ്റേഷൻ റോഡ്<br>ഒറ്റപ്പാലം-679103 |
| ശ്രീമതി.ഷൈബി ജോർജ്ജ്,<br>കോർപ്പറേഷൻഎഞ്ചിനീയർ | കോർപ്പറേഷൻഎഞ്ചിനീയർ | സി 10,കാളിന്ദി<br>റസിഡൻസി,സ്വിമ്മിങ്പൂൾ<br>റോഡ്-680020 |
| ശ്രീ .സന്ദീപ് കെ.ജി,<br>കോർപ്പറേഷൻ എഞ്ചിനീയർ | സൂപ്രണ്ടിംഗ് എഞ്ചിനീയർ<br>എൽ.ഐ.ഡി.&<br>ഇ.ഡബ്ലിയു.നോർത്ത്<br>സർക്കിൾ | കിഴക്കെതൊടിയിൽ ,നിയർ<br>സി.എച്ച്.സി. മുക്കം,<br>കോഴിക്കോട്-673602 |

| | | |
|---|---|---|
| | പി.ഡബ്ലിയു.ഡി കോപ്ലക്സ് | |
| ശ്രീമതി.ഐഡ ഫ്രാൻസിസ്, കോർപ്പറേഷൻ എഞ്ചിനീയർ | വിരമിച്ച | കൊള്ളന്നൂർ ഹൗസ്, വെട്ടിക്കൽ, മണ്ണുത്തി- 680651 |
| ശ്രീ. സിറിൽ വിമൽ മെന്റസ്, എക്സിക്യൂട്ടീവ്എഞ്ചിനീയർ | വിരമിച്ച | വലിയക്കാട്ടിൽ, ഭഗത് സിംഗ് റോഡ്,പേട്ട പി.ഒ, തിരുവനന്തപുരം-695024 |
| ദ്രശ്യ.ടി.മനോഹർ , അസിസ്റ്റന്റ് എഞ്ചിനീയർ ഖുർക്കഞ്ചേരിമേഖല | അസിസ്റ്റന്റ് എഞ്ചിനീയർ തൃശ്ശൂർ കോർപ്പറേഷൻ | ഉഷസ്സ് ഹൗസ് നമ്പർ 41 കോർപ്പറേറ്റീവ് റോഡ് ചെമ്പൂക്കാവ് പി.ഒ തൃശ്ശൂർ -680001 |
| വി.അച്യുതൻ, ഡെപ്യൂട്ടി സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ | വിരമിച്ച | നിർമ്മാല്യം പള്ളത്തേരി ഹൗസ്, എരട്ടയാൽ, പാലക്കാട് – 678007 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1991-1992 | എൽ.എഫ്.ടി.എം. 4-223/2000 തീയതി:15.05.2000/24.07.2000 | |
| 1996-1997 | എൽ.എഫ്.ടി.ആർ.സി.4-531/2007 തീയതി: 15.11.2007 | |
| 1997-1998 | എൽ.എഫ്.ടി.ആർ.സി.4-538/2007 തീയതി: 15.11.2007 | |
| 1998-1999 | എൽ.എഫ്.ടി.ആർ.സി.4-578/2007 തീയതി: 11.03.2008/24.04.2008 | |
| 1999-2000 | എൽ.എഫ്.ടി.ആർ.സി.4-428/2008 തീയതി: 24.04.2009/23.05.2009 | |
| 2000-2001 | എൽ.എഫ്.ടി.ആർ.സി.4-439/2008 തീയതി: 25.04.2009/29.05.2009 | |
| 2001-2002 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-450/2008 | |

| | | |
|---|---|---|
| | തീയതി: 05.03.2010/15.03.2010 | |
| 2001-2002 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-227/2005<br>തീയതി: 23.09.2005/30.11.2005 | |
| 2001-2002<br>(ജനകീയാസൂത്രണം) | എൽ.എഫ്.ടി.ആർ.സി.4-556/2003<br>തീയതി: 11.12.2003/04.02.2004 | |
| 2002-2003 | എൽ.എഫ്.ടി.ആർ.സി.4-507/2008<br>തീയതി: 23.10.2009/24.11.2009 | |
| 2003-2004 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-508/2008<br>തീയതി: 05-03-2010 | |
| 2003-2004 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-179/2008<br>തീയതി: 08-08-2008 | |
| 2004-2005 (വരവ്) | എൽ.എഫ്.ടി.ആർ.സി.4-509/2008<br>തീയതി: 05.03.2010/15.03.2010 | |
| 2004-2005 (ചെലവ്) | എൽ.എഫ്.ടി.ആർ.സി.4-138/2009<br>തീയതി: 23.06.2009/26.06.2009 | |
| 2005-2006 | എൽ.എഫ്.ടി.ആർ.സി. 4-442/2008<br>തീയതി: 05-03-2010 | |
| 2006-2007 | എൽ.എഫ്.ടി.ആർ.സി. 4-13/2011<br>തീയതി: 04.08.2011 | |
| 2007-2008 | എൽ.എഫ്.ടി.ആർ.സി. 4-174/2010<br>തീയതി:25.09.2010 | |
| 2008-2009 | എൽ.എഫ്.ടി.ആർ.സി. 4-133/2011<br>തീയതി: 28.10.2011/23.12.2011 | |
| 2009-2010 | എൽ.എഫ്.ടി.ആർ.സി. 4-356/2012<br>തീയതി: 20.12.2012 | |
| 2010-2011 | എൽ.എഫ്.ടി.ആർ.സി. 4-314/2014<br>തീയതി: 21-04-2015 | |
| 2011-2012 (ചെലവ്) | എൽ.എഫ്.ടി.ആർ.സി. 4-560/2014<br>തീയതി: 01.12.2014/18.12.2014 | |
| 2011-2012 (വരവ്) | എൽ.എഫ്.ടി.ആർ.സി. 4-35/2015<br>തീയതി: 05.04.2016 | |
| 2012-2013 | എൽ.എഫ്.ടി.ആർ.സി. 4-58/2015 | |

| | | |
|---|---|---|
| | തീയതി: 17.10.2016 | |
| 2013-2014 | കെ.എസ്.എ.ടി.എസ്.സി 4-810/2015<br>തീയതി :01.07.2016 / 19.07.2016 | |
| 2014-2015 | കെ.എസ്.എ.ടി.എസ്.സി 4-195/2018<br>തീയതി : 16.03.2018 | |
| 2015-2016 | കെ.എസ്.എ.ടി.എസ്.സി 4-194/2018<br>തീയതി : 20.03.2018 | |
| 2016-2017 | കെ.എസ്.എ.ടി.എസ്.സി 4-249/2018<br>തീയതി : 27.03.2018 | |
| 2017-2018 | കെ.എസ്.എ.ടി.എസ്.സി 4-1155/2018<br>തീയതി : 22.07.2019 | |
| 2018-19 | കെ.എസ്.എ.ടി.എസ്.സി 4-100/2020<br>തീയതി : 30.07.2020 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ കോർപ്പറേഷന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1

## ജെന്റർ ഓഡിറ്റ് - അവലോകനം.

കേരള സംസ്ഥാനം രൂപം കൊണ്ടതിന് ശേഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെയും നയപരമായ പ്രവൃത്തികളുടെയും ഫലമായി കേരളം, മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച്, സാമൂഹ്യപരമായി വളരെ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ വികസനപ്രക്രിയയിൽ സ്ത്രീകളുടെ ആരോഗ്യം, ജീവിതശൈലി, വിദ്യാഭ്യാസം, ജീവിതദൈർഘ്യം, സാക്ഷരത തുടങ്ങിയ വികസന സൂചികകൾ ശ്രദ്ധേയമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. എന്നാൽ, ഒരു വശത്ത് ഇത്തരം മുന്നേറ്റങ്ങൾ കൈവരിക്കുന്നുവെങ്കിലും സ്ത്രീകളുടെ സാമൂഹ്യപങ്കാളിത്തം, തൊഴിൽ പങ്കാളിത്തം എന്നിവയുടെ നിരക്ക് കുറയുകയും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ തോത് വർദ്ധിക്കുകയും സ്ത്രീധനം പോലെയുള്ള സാമൂഹ്യവിപത്തുകൾ വ്യാപകമാകുകയും ചെയ്യുവെന്നത് ഈ മുന്നേറ്റത്തെ ഇകഴ്ത്തുന്നുണ്ട്.

ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ രൂപമെടുത്ത സ്ത്രീസ്വാതന്ത്ര്യ പ്രവർത്തനങ്ങൾ, സമ്പൂർണ്ണ സാക്ഷരതാ യജ്ഞം എന്നീ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ശ്രദ്ധേയമായി വർദ്ധിച്ചിരുന്നു. 1996 ൽ ജനകീയാസൂത്രണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 33% സ്ത്രീ സംവരണത്തോടു കൂടിയ ഭരണ പങ്കാളിത്തവും ഉറപ്പ് വരുത്തിയതോടെ നേതൃപരമായ സ്ഥാനമാനങ്ങളിലും സ്ത്രീകൾ ഇടപെട്ടു തുടങ്ങി. 1998 ൽ ദാരിദ്ര്യലഘൂകരണവും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച കുടുംബശ്രീ മിഷന്റെ പ്രവർത്തനം ഇന്ന് സ്ത്രീകളുടെ ഏറ്റവും വലിയ ശക്തമായ സംഘടനയായി വളർന്നിരിക്കുന്നു. 2015ലാണ് ട്രാൻസ് ജെന്റർ പോളിസി അംഗീകരിച്ചത്. പിന്നീട് 2017ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50% സ്ത്രീ സംവരണം നടപ്പിലാക്കുകയും, വിവിധ സർക്കാർ വകുപ്പുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നതിക്കായി നടന്നുവരുന്ന പദ്ധതികൾ ഏകോപിപ്പിക്കുവാൻ വനിത ശിശുവികസന വകുപ്പ് നിലവിൽ വരുകയും ചെയ്തു. അതേ വർഷം തന്നെ ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ മാറ്റങ്ങൾ കൊണ്ടു വരാൻ ജെന്റർ അഡ്വൈസറി ബോർഡും ട്രാൻസ് ജെന്റർ ബോർഡും നിലവിൽ വന്നു.

ലിംഗനീതി, ലിംഗ സൗഹൃദം - തൃശ്ശൂർ കോർപറേഷൻ

2019 – 20 സാമ്പത്തിക വർഷത്തിൽ, തൃശ്ശൂർ കോർപ്പറേഷനിലെ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിൽ വരുത്തിയ വിവിധ പദ്ധതികളുടെ ഫയൽ പരിശോധനയിൽ, പൊതുവിഭാഗത്തിലുള്ളവരും മറ്റുള്ളവരും (വനിതകൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ) ഉൾപ്പെടുന്ന ഗുണഭോക്താക്കളെ ആധാരമാക്കി നടത്തിയ പഠനത്തിൽ ചുവടെ ചേർക്കുന്ന വിവരങ്ങളാണ് ലഭിച്ചത്.

ആകെ ഡിവിഷൻ - 55

കൗൺസിലർമാർ 55 (28 സ്ത്രീ സംവരണസീറ്റുകൾ)

| പുരുഷൻ | സ്ത്രീ | ഭിന്നലിംഗക്കാർ | ഭിന്നശേഷിക്കാർ |
|---|---|---|---|
| 24 | 31 | ഇല്ല | ഇല്ല |

തൃശ്ശൂർ കോർപറേഷൻ കൗൺസിലിൽ, സ്ത്രീ സംവരണ സീറ്റുകൾ കൂടാതെ 3 സീറ്റുകളിൽ കൂടി വനിതാ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ട്.

കോർപ്പറേഷൻ ജീവനക്കാർ

സ്ഥിരം ജീവനക്കാർ - ആകെ - 214

| പുരുഷൻ | സ്ത്രീ | ഭിന്നശേഷിക്കാർ | ഭിന്നലിംഗക്കാർ |
|---|---|---|---|
| 141 | 73 | 13 | ഇല്ല |

കണ്ടിൻജന്റ് ജീവനക്കാർ - ആകെ - 228

| പുരുഷൻ | സ്ത്രീ | ഭിന്നശേഷിക്കാർ | ഭിന്നലിംഗക്കാർ |
|---|---|---|---|
| 154 | 74 | 1 | ഇല്ല |

2019 – 20 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ കോർപ്പറേഷൻ നടപ്പിൽ വരുത്തിയ വിവിധ പദ്ധതികളുടെ ഫലപ്രാപ്തിയെ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. കോർപ്പറേഷനിലെ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിൽ വരുത്തിയ വിവിധ പദ്ധതികളുടെ ഫയൽ പരിശോധനയിൽ, പൊതുവിഭാഗത്തിലുള്ളവരും മറ്റുള്ളവരും (വനിതകൾ, ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ) ഉൾപ്പെടുന്ന ഗുണഭോക്താക്കളെ ആധാരമാക്കി നടത്തിയ പഠനത്തിൽ ലഭിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.

1. ഡെപ്യൂട്ടി ഡയറക്ടർ, അഗ്രിക്കൾച്ചർ

| പദ്ധതിയുടെ പേര് | ആകെ തുക | ചെലവഴിച്ചത് | ഭിന്നശേഷിക്കാർ/ ഭിന്നലിംഗക്കാർ |
|---|---|---|---|
| 159-സമഗ്ര നെൽകൃഷി വികസനം | 39284454 | 6074741 | ഇല്ല |
| 160- സമഗ്ര കേരകൃഷി വികസനം | 1910760 | 643425 | ഇല്ല |
| 161- ഇടവിള കൃശി വികസനം | 420000 | 35000 | ഇല്ല |
| 162- സമഗ്ര വാഴകൃഷി വികസനം | 899972 | 331209 | ഇല്ല |
| 399- സമഗ്ര പച്ചക്കറി വികസനം | 354000 | 143000 | ഇല്ല |
| 406- മട്ടുപ്പാവിലെ കൃഷി | 120000 | 90000 | ഇല്ല |

2. സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

| പദ്ധതിയുടെ പേര് | തുക | ചെലവഴിച്ചത് |
|---|---|---|
| 220- മത്സ്യവിൽപ്പനയ്ക്കായി ഐസ് ബാഗ് സഹിതം ഓട്ടോറിക്ഷ | 500000 | 0 |

3. പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജന സെൽ

| പ്രൊജക്ട് നം./പദ്ധതിയുടെ പേര് | തുക | ചെലവഴിച്ചത് | ഭിന്നശേഷിക്കാർ/ ഭിന്നലിംഗക്കാർ |
|---|---|---|---|
| 56വീട് വാസ യോഗ്യമാക്കൽ (പട്ടികജാതി വിഭാഗം) | 24750000 | 17625000 | ഇല്ല |
| 54 – വീട് വാസയോഗ്യമാക്കൽ | 16500000 | 13400000 | ഇല്ല |
| 326 - ലക്ഷംവീട് ഒറ്റവീട് ആക്കൽ | 22082632 | 18560000 | ഇല്ല |
| 563ലൈഫ് ഭവനപദ്ധതി-(എസ്സ്സി) | 4772131 | 1785040 | ഇല്ല |
| 564 വീട് വാസയോഗ്യമാക്കൽ | 1050000 | 1050000 | ഇല്ല |
| 565-വീട് വാസയോഗ്യമാക്കൽ (എസ്സ്സി) | 5450000 | 3125000 | ഇല്ല |
| 592-മേൽക്കൂര മാറ്റൽ | 85000 | 40000 | ഇല്ല |
| 595- പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണം | 5772110 | 880000 | ഇല്ല |
| 598- ഭവന നിർമ്മാണം (വനിത) | 11896640 | 160000 | ഇല്ല |
| 601- വീട് മേൽക്കൂര | 50000 | 50000 | ഇല്ല |

| | | | |
|---|---|---|---|
| മാറ്റൽ | | | |
| 602- പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 300000 | 200000 | ഇല്ല |
| 603- വീട് വാസയോഗ്യമാക്കൽ | 50000 | 50000 | ഇല്ല |

4. പട്ടികജാതി വികസന ഓഫീസർ

| പ്രൊജക്റ്റ് നം./പദ്ധതിയുടെ പേര് | തുക | ചെലവഴിച്ചത് | ഭിന്നശേഷിക്കാർ/ ഭിന്നലിംഗക്കാർ |
|---|---|---|---|
| 210- വിവാഹ ധന സഹായം (പട്ടികജാതി) | 6825000 | 4575000 | ഇല്ല |
| 213- ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്. (പട്ടികജാതി) | 1200000 | 770000 | ഇല്ല |
| 215- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 9800000 | 2900000 | ഇല്ല |
| 419- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 2772200 | 1401939 | ഇല്ല |
| 421- പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര | 800000 | 0 | ഇല്ല |
| 479- പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ | 671499 | 144495 | ഇല്ല |
| 573- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 1734300 | 85314 | ഇല്ല |
| 574- പട്ടികജാതി | 3000000 | 763462 | ഇല്ല |

| | | | |
|---|---|---|---|
| വിദ്യാർത്ഥികൾക്ക് മേശ കസേര | | | |
| 575- ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് | 105000 | 20000 | ഇല്ല |
| 806- പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം. | 1000000 | 174782 | ഇല്ല |
| പിഎസ്സ്സി കോച്ചിംഗ് സെന്റർ | 27800 | 0 | ഇല്ല |

മേൽപറഞ്ഞ പട്ടികയിൽ പദ്ധതി നം. 421, 574 എന്നിവ രണ്ടും ഒരേ ലക്ഷ്യം കൈവരിക്കുന്നതിനായുണ്ടാക്കിയ പ്രൊജക്ടുകളാണ്. ആകെ (3000000 + 800000) 38,00,000/- വകയിരുത്തിയ പദ്ധതിയിൽ ചെലവ് ചെയ്തത് 7,63,462/-മാത്രമാണ്. പ്രൊജക്ടിൽ ഭിന്നശേഷിക്കാരോ ഭിന്നലിംഗക്കാരോ ആയ വിദ്യാർത്ഥികൾ ഉൾപ്പെട്ടിട്ടില്ല.

5. പ്രിൻസിപ്പാൾ,ഗവ. ഹയർ സെക്കന്ററി സ്കൂൾ

| പ്രൊജക്ട് നം./ പദ്ധതിയുടെ പേര് | തുക | ചെലവഴിച്ചതുക | ഗുണഭോക്താക്കൾ | ഭിന്നശേഷിക്കാർ/ ഭിന്നലിംഗക്കാർ |
|---|---|---|---|---|
| 438- വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ്,യോഗ | 200000 | 9600 | ഒരു ആൺകുട്ടി (24 ക്ലാസ്സുകൾ x400) | ഇല്ല. |
| 570- സമഗ്ര വിദ്യാഭ്യാസം | 10,00,000 | 907505<br>92495(18-19) | 18 സ്കൂളുകൾ | ഇല്ല |
| 571- ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 561728 | 557400 | | 85 കുട്ടികൾ |
| 880- കലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ്. | 840000 | 341440 | | ഇല്ല |

ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ, യോഗ -കൗൺസിലിംഗ് പദ്ധതിയിൽ ഒരു വിദ്യാർത്ഥിക്ക് പദ്ധതി കൊണ്ട് പ്രയോജനമുണ്ടായിട്ടുണ്ട് (പദ്ധതി നം.438). ഭിന്നശേഷിക്കാരായ 85 വിദ്യാർത്ഥികൾക്ക് പ്രത്യേക പദ്ധതിയിൽ ഉൾപെടുത്തി (പദ്ധതി നം.571) സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എത്ര പെൺകുട്ടികൾക്ക് ഈ ആനുകൂല്യം ലഭിച്ചുവെന്നത് കൃത്യമായ വിവരം ലഭിച്ചിട്ടില്ല. സ്കോളർഷിപ്പ് ഒഴികെ മറ്റ് പദ്ധതികളിലൊന്നും തന്നെ ഭിന്നശേഷിക്കാരോ

ഭിന്നലിംഗക്കാരോ ഉൾപ്പെട്ടിട്ടില്ല. എസ് 570 പദ്ധതിയിൽ കഴിഞ്ഞ വർഷം 92495രൂപ ചെലവഴിച്ച് വിജ്ഞാനോത്സവം നടത്തുകയും 2019 – 20ൽ സമഗ്രവിദ്യാഭ്യാസത്തിന് 907505രൂപ സദ്ഗമയ എന്ന പരിപാടിയും നടത്തിയിട്ടുണ്ട്.

6. സീനിയർ വെറ്ററിനറി സർജൻ

| പ്രൊജക്ട് നം./പദ്ധതിയുടെ പേര് | തുക | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ | ഭിന്നശേഷിക്കാർ/ ഭിന്നലിംഗക്കാർ |
|---|---|---|---|---|
| 443- കന്നുകുട്ടി പരിപാലനം | 1000000 | 500000 | 40 | ഇല്ല |
| 444- മുട്ടക്കോഴി വിതരണം വനിതകൾക്ക് | 1100000 | 104500 | 580 വനിതകൾ | ഇല്ല |
| 445- ആട് വളർത്തൽ വനിതകൾക്ക് | 2000000 | 30000 | 6 വനിതകൾ | ഇല്ല |
| 446- ക്ഷീരകർഷകർക്ക് പാൽ സബ്സിഡി | 500000 | 269448 | 40 | ഇല്ല. |

വനിതകൾക്കായി വിഭാവനം ചെയ്ത പ്രത്യേക പ്രൊജക്ടിൽ (444, 445എന്നിവ) രേഖകൾ പ്രകാരം 586വനിതകൾക്ക് ആനുകൂല്യം ലഭിച്ചതായി കാണുന്നുണ്ട്. വെറ്ററിനറി സർജന്റെ പദ്ധതികളിലൊന്നും തന്നെ ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ എന്നിവർ ഗുണഭോക്താക്കളായിട്ടില്ല.

7. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രൊജക്ട് നം./പദ്ധതിയുടെ പേര് | തുക | ചെലവഴിച്ച തുക | ഭിന്നശേഷിക്കാർ/ ഭിന്നലിംഗക്കാർ |
|---|---|---|---|
| 513- പട്ടികജാതിക്കാർക്ക് ഇരുചക്രവാഹനം | 265806 | 41223 | ഇല്ല. |
| 604- പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ/പിക്ക്അപ്പ് ടാക്സി(വ്യക്തിഗതം) | 60000 | 60000 | ഇല്ല. |

പട്ടികജാതിക്കാർക്കായുള്ള മേൽപറഞ്ഞ വ്യക്തിഗത പദ്ധതികളിൽ, എത്ര സ്ത്രീകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ല. ഭിന്നശേഷിക്കാർ, ഭിന്നലിംഗക്കാർ എന്നിവരെ ഉൾപ്പെടുത്തിയിട്ടില്ല.

8. ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

| പ്രൊജക്ട് നം./പദ്ധതിയുടെ പേര് | തുക | ചെലവഴിച്ച തുക |
|---|---|---|
| 8- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(അർബൻ) | 10350000 | 9480050 (92%) |
| 9- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 8550000 | 8054000 (94%) |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ ഉന്നമനത്തി നായുള്ള രണ്ട് പദ്ധതികളിൽ 90 ശതമാനത്തിലേറെ തുക ചെലവഴിച്ചിട്ടുണ്ടെന്നതും ടി മേഘലയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായിരുന്നുവെന്നതും ശ്ലാഘനീയമാണ്. എന്നാൽ, താഴെ ചേർക്കുന്ന പട്ടികയിലെ എല്ലാ പദ്ധതികളിലും വകയിരുത്തിയ തുക ഒട്ടും തന്നെ ചെലവഴിച്ചില്ല.

തുക വകയിരുത്തിയിരുന്നുവെങ്കിലും ഒട്ടും ചെലവ് ചെയ്യാത്ത പദ്ധതികൾ

1. ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

| പ്രൊജക്ട് നം./പദ്ധതി | തുക | ചെലവഴിച്ച തുക |
|---|---|---|
| 10- വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ICDS)അർബൻ 1 | 1305000 | 0 |
| 11- വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ICDS)അർബൻ 2 | 1305000 | 0 |
| 12- ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ അർബൻ-1 | 3000000 | 0 |
| 13 -ഭിന്നശേഷിക്കാർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ അർബൻ-2 | 3000000 | 0 |

| | | |
|---|---|---|
| 432- പകൽവീട് - കെയർടേക്കർ | 120000 | 0 |
| 822- കോക്ലിയ ഇംപ്ലാന്റ് മെയിൻറ്റനൻസ് | 350000 | 0 |
| ആകെ | 90,80,000/- | 0 |

മേൽ കാണിച്ച എല്ലാ പദ്ധതികളും നിരാലംബരായ വയോധികർക്കും, സമൂഹത്തിൽ ഒറ്റപ്പെട്ടു പോകുന്ന ഭിന്നശേഷിക്കാർക്കും വേണ്ടിയുള്ള പദ്ധതികളാണ്. ഒരു കോടിക്കടുത്ത് തുക വകയിരുത്തിയിരുന്നുവെങ്കിലും ഒരു രൂപ പോലും ചെലവഴിച്ചില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.കൂടാതെ ഭിന്നലിംഗക്കാരെ മേൽ പദ്ധതികളിലൊന്നും തന്നെ പരിഗണിച്ചിട്ടുമില്ല.

2. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രൊജക്റ്റ് നം./പദ്ധതി | തുക | ചെലവഴിച്ചത് |
|---|---|---|
| 867-വനിതകൾക്ക് തുണിസഞ്ചി നിർമ്മാണം - സബ്സിഡി | 300000 | 0 |

വനിതകൾക്കായി മാത്രം തയ്യാറാക്കിയ പദ്ധതിയാണ് സബ്സിഡിയോടു കൂടിയ തുണിസഞ്ചി നിർമ്മാണ പദ്ധതി. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സ്വന്തമായ വരുമാനമുണ്ടാക്കുന്നതിനും സഹായിക്കുന്ന പദ്ധതി കൂടിയായിരുന്നു ഇത്. എന്നാൽ, വേണ്ടത്ര പ്രചാരം കൊടുക്കാത്തതോ, ബോധവത്ക്കരണം ഇല്ലാതിരുന്നതിനാലോ, പദ്ധതി നടപ്പിലാക്കിയില്ല.ഈ പദ്ധതി രൂപികരിച്ചതിലും ഭിന്നലിംഗക്കാരെ പരിഗണിച്ചതായി കാണുന്നില്ല.

3. മെമ്പർ സെക്രട്ടറി

| പ്രൊജക്റ്റ് നം./പദ്ധതി | തുക | ചെലവഴിച്ച തുക |
|---|---|---|
| 935- കോർപ്പറേഷൻ ബഡ്സ് സ്കൂൾ പ്രവർത്തനം | 546743 | 0 |

സെക്രട്ടറിയുടെ ഈ പദ്ധതിയിലൂടെ ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് 5,46,743/-രൂപ നീക്കി വച്ചിരുന്നത് ചെലവഴിച്ചില്ല. പദ്ധതി നടപ്പിലാക്കിയിട്ടുമില്ല.

4. കോർപ്പറേഷൻ എഞ്ചിനീയർ

| ഇനം | തുക | ചെലവഴിച്ച തുക |
|---|---|---|
| പൊതുസ്ഥലങ്ങളിൽ ടോയ് ലറ്റ് | 1000000 | 0 |

| | | |
|---|---|---|
| സ്ത്രീകളുടെ ഫീഡിംഗ് റൂം | 100000 | 0 |

പൊതു സ്ഥലങ്ങളിൽ ശുചിത്വവും സുരക്ഷിതവുമായ ശൗചാലയങ്ങൾ ഉണ്ടാവേണ്ടത് ആരോഗ്യമുള്ള ഒരു ജനതയ്ക്ക് അത്യന്താപേക്ഷിതമാണ്. പുതിയ കാലഘട്ടത്തിൽ, പുരുഷനോടൊപ്പം സ്ത്രീയും സമൂഹത്തിൽ എല്ലാ മേഖലകളിലും ജോലി ചെയ്യാൻ സന്നദ്ധരാണെന്നതിനാൽ,കൂടാതെ ഭിന്നലിംഗക്കാരും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ അവർക്ക് കൂടി അനുയോജ്യമാകുംവിധത്തിൽ പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ട ചുമതല തദ്ദേശങ്ങളിലെ ഭരണസംവിധാനത്തിനുണ്ട്. ഭിന്നശേഷിക്കാരായവർക്കും, ഇതിനായി പ്രത്യേക സൗകര്യമൊരുക്കുന്നതിന് പുറമെ, പൊതു ഉപയോഗത്തിനുള്ള കെട്ടിടങ്ങളിലെല്ലാം തന്നെ അനായാസം കയറാനും ഇറങ്ങാനും റാമ്പുകൾ ലിഫ്റ്റുകൾ അഥവാ മറ്റ് സംവിധാനങ്ങൾ ഒരുക്കേണ്ട ചുമതലയും തദ്ദേശ സ്ഥാപനങ്ങൾക്കുണ്ട്. 2019-20 കാലയളവിൽ, 11,00,000/-രൂപ പൊതു ഇടങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി വകയിരുത്തിയിരുന്നുവെങ്കിലും ചെലവഴിച്ചിട്ടില്ല. അക്കൗണ്ട്സ് പ്രകാരം പൊതു ശൗചാലയങ്ങളുടെ അറ്റകുറ്റപണികൾ നടത്താനും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുമായി 1,80,75,85/- രൂപ ചെലവഴിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ

സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവർക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും പീഢനങ്ങളും തടയുന്നതിനും, അവർക്കുണ്ടാകുന്ന പ്രശ്നങ്ങളിൽ അവരുടെ പക്ഷത്ത് നിന്നുകൊണ്ട് തന്നെപരിഹാരം ഉണ്ടാക്കിയെടുക്കുന്നതിനും വേണ്ടിയുള്ള സംവിധാനമാണ് ജാഗ്രതാസമിതി. ഇതിനായി സാമൂഹ്യക്ഷേമ വകുപ്പ് പ്രത്യേക മാർഗ്ഗരേഖ ഉണ്ടാക്കിയിട്ടുമുണ്ട്. 26.3.2007ലെ (എം എസ്) 31/07 നമ്പർ സർക്കാർ ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജാഗ്രതാസമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രധാന ചുമതലകളിൽ ഒന്നാണ്. ഇവിടെയും ഭിന്നലിംഗത്തിൽ നിന്നുള്ള സ്ത്രീകൾക്ക് ഇടം നല്കുന്നതായോ,അവരുടെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതായോ കാണുന്നില്ല.ഓരോ സമിതിയിലും വാർഡ് മെമ്പർ ഒരു അംഗമായിരിക്കും. അങ്കണവാടി വർക്കർ, ആരോഗ്യ വിഭാഗത്തിലെ ഒരു പ്രതിനിധി, എസ്എസ്സി എസ് ടി വിഭാഗത്തിലെ രണ്ട് പ്രതിനിധികൾ, ഒരു വനിതാ ഡോക്ടർ, ഡിവൈഎസ്പി എന്നിവർ ഉൾപ്പെടെ സമിതിയിൽ 11 അംഗങ്ങളുണ്ടായിരിക്കേണ്ടതാണ്.ഭിന്നലിംഗക്കാരായവരിൽ നിന്നുള്ള ഒരു പ്രതിനിധിയും ഉണ്ടായിരിക്കുന്നത് അഭികാമ്യമാണ്. നിയമസഹായം വേണ്ടിവരുന്ന പക്ഷം ആയതിന് വക്കീലന്മാർ ഉൾപ്പെടുന്ന ഒരു നിയമസഹായസമിതിയും ഉണ്ടായിരിക്കണമെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. മാസത്തിലൊരിക്കൽ ജാഗ്രതാസമിതികൾ യോഗം കൂടുകയും സമിതിയുടെ പരിധിയിലുള്ള പരാതികൾ, പ്രശ്നങ്ങൾ എന്നിവ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ എടുക്കുകയും വേണം.

തൃശ്ശൂർ കോർപ്പറേഷനിലെ 55ഡിവിഷനുകളിലും ജാഗ്രതാസമിതികൾ രൂപവത്കരിച്ചിട്ടുണ്ട്. ജാഗ്രതാസമിതിയുടെ മിനുട്ട്സ് ബുക്ക് പരിശോധിച്ചതിൽ, സമിതികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമല്ലായെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പല ഡിവിഷനുകളിലും വർഷത്തിൽ ഒരു തവണ എന്ന തോതിലാണ് സമിതി യോഗം ചേർന്നിട്ടുള്ളത്. ചില സമിതികൾ ചർച്ചകളും ബോധവത്ക്കരണ ക്ലാസ്സുകളും ഉൾപ്പെടെ വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുമുണ്ട് എന്നത് ശ്ലാഘനീയമാണ്.ഭിന്നലിംഗക്കാർ,ഭിന്നശേഷിക്കാരായ സ്ത്രീകൾ എന്നിങ്ങനെ സമൂഹത്തിൽ ഒറ്റപ്പെടുന്നവരുടെയും

പാർശ്വവത്ക്കരിക്കപ്പെടുന്നവരുടെയും ഉന്നമനത്തിനും കൂടി പ്രവർത്തിക്കേണ്ടത് ജാഗ്രതാ സമിതികളുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടേണ്ടത് ഉചിതമായിരിക്കുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനും ശ്രേയസ്സിനും സുരക്ഷയ്ക്കും വിവിധ വകുപ്പുകളുടെ സഹായത്തോടെ പദ്ധതികൾ രൂപവത്ക്കരിക്കുക, ഭിന്നലിംഗക്കാരായവരുടെ സുരക്ഷയും പൊതുവായ പ്രശ്നങ്ങളും പരിഹരിക്കാൻ സഹായിക്കുക,ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനാവശ്യമായ പിന്തുണയും സഹായവും ചെയ്ത് കൊടുക്കുക, ജാഗ്രതാ സമിതികളും വിവിധ സർക്കാർ വകുപ്പുകളുമായുള്ള ബന്ധം സുദൃഢമാക്കുക എന്നിങ്ങനെ എല്ലാ ജാഗ്രതാസമിതികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടു പോകുകയും ചെയ്യേണ്ടത് ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രദമായി നേടിയെടുക്കുവാൻ അത്യന്താപേക്ഷിതമാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 2

## അങ്കണവാടികൾ - അവലോകനം

1. ആമുഖം

ഭാരതത്തിലെ ഏറ്റവും ബൃഹത്തും സാമൂഹ്യാധിഷ്ഠിതവുമായ പദ്ധതിയാണ് സംയോജിത ശിശുവികസനപദ്ധതി. വനിതാ ശിശുവികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 106-ാം ജന്മദിനമായ 1975 ഒക്ടോബർ 2ന് ICDS നിലവിൽ വന്നു.

ശിശുപരിപാലനത്തിനും വികസനത്തിനും വേണ്ടി ആവിഷ്കരിക്കപ്പെട്ട സമാനതകളില്ലാത്ത ഈ പദ്ധതിയുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ഗ്രാമ/ നഗരപ്രദേശങ്ങളിലേയും ആദിവാസി പ്രദേശങ്ങളിലേയും 6 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ വികസനത്തിനു വേണ്ടിയുള്ള സമഗ്രസേവനങ്ങൾ ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ, 15നും 45 വയസ്സിനും ഇടയ്ക്കുള്ള സ്ത്രീകൾ എന്നിവരാണ് ICDS ന്റെ ഗുണഭോക്താക്കൾ.

അനുപൂരക പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യപരിശോധന പരാമർശ സേവനങ്ങൾ, അനൗപചാരിക വിദ്യാഭ്യാസം, വളർച്ചാ നിരീക്ഷണം, ആരോഗ്യപോഷണ വിദ്യാഭ്യാസം എന്നിവയാണ് ICDSന്റെ സേവനങ്ങൾ

3 വയസ്സിനും 6 വയസ്സും ഇടയിലുള്ള കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയാണ് അങ്കണവാടികളിലെ പ്രീസ്കൂൾ വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്.

ഓഡിറ്റിന്റെ വ്യാപ്തി

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ ശിശുക്ഷേമ പദ്ധതികളുടേയും അങ്കണവാടികളുടേയും നടത്തിപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 2019-20 തൃശ്ശൂർ നഗരസഭ ഓഡിറ്റിന്റെ ഭാഗമായി തൃശ്ശൂർ

നഗരസഭയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി. സി.ഡി.പി.ഒ.മാരിൽ നിന്നുള്ള വിവരശേഖരണം, ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, അങ്കണവാടികളിൽ നേരിട്ടുള്ള സന്ദർശനം ആയതിന്റെ അടിസ്ഥാന ത്തിലുള്ള എന്നിങ്ങനെ ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് ലക്ഷ്യങ്ങൾ

1. തൃശ്ശൂർ നഗരസഭയിൽ ശിശുക്ഷേമ പദ്ധതികൾ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനവും ചെലവഴിച്ച പണത്തിന്റെ ലക്ഷ്യപ്രാപ്തി പരിശോധിക്കുക.

2. നഗരസഭാ പരിധിയിലെ അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങളായ കെട്ടിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിൽ നഗരസഭ എത്രത്തോളം വിജയിച്ചു എന്നു വിലയിരുത്തുക.

3. 6 വയസ്സിനു താഴെ പ്രായമായ കുട്ടികൾക്കുള്ള പോഷകാഹാര പരിപാടിയുടെ നടത്തിപ്പ് ഫലപ്രദമാണോയെന്ന് വിലയിരുത്തുക.

4. ശിശുക്ഷേമ പദ്ധതിപ്രകാരം നഗരസഭ ഏറ്റെടുത്ത പ്രോജക്ടുകളുടെ നിർവ്വഹണം, ലക്ഷ്യപ്രാപ്തി എന്നിവ വിലയിരുത്തുക.

5. നഗരസഭയിലെ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം അവയുടെ പ്രവർത്തനം എന്നിവ ഉറപ്പു വരുത്തുക

6. നഗരസഭാ പരിധിയിലെ പ്രീ സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുക

ഓഡിറ്റ് മാനദണ്ഡങ്ങൾ

താഴെ പ്പറയുന്ന നിയമങ്ങളും ഉത്തരവുകളും അടിസ്ഥാനമാക്കിയാണ് അവലോകനം തയ്യാറാക്കിയത് .

(1) 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് 1-ാം പട്ടിക.

(2) 25.10.2006ലെ (ജി.ഒ.) 242/06/ത.സ്വ.ഭ.വ. THRS പുതുക്കിയ മാർഗ്ഗരേഖ.

(3) 04.05.2011ലെ 54814/ഡി.സി.2/2010/ത.സ്വ.ഭ.വ. അങ്കണവാടികൾക്ക്

ആവശ്യമായ ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നത് സംബന്ധിച്ച്.

(4) മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും 13-ാം പഞ്ചവത്സരപദ്ധതി

യിലെ അവശേഷിക്കുന്ന വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ.

(5) ലോക്കൽ ഫണ്ട് ഓഡിറ്റ് അക്കൗണ്ട്സ് കമ്മറ്റി 66-ാമത് റിപ്പോർട്ട്.

കണ്ടെത്തലുകൾ

1. ഭൗതികസാഹചര്യങ്ങൾ

നഗരസഭയിലെ പുഴക്കൽ അഡീഷണൽ അർബൻ I,ഒല്ലൂക്കര അർബൻ II എന്നിങ്ങനെ രണ്ട് വിഭാഗമായി പ്രവർത്തിക്കുന്ന സി.ഡി.പി.ഒ ഓഫീസിനു കീഴിലുള്ള അംഗനവാടികളുടെ ഭൗതിക സാഹചര്യം താഴെ ചേർക്കുന്നു.

**A)** ഒല്ലൂക്കര അഡീഷണൽ

| ക്രമ നമ്പർ | വിശദാംശങ്ങൾ | |
|---|---|---|
| 1 | ആകെ അംഗനവാടികളുടെ എണ്ണം | 116 |
| 2 | അംഗനവാടി കുട്ടികളുടെ എണ്ണം | 6676 |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 91 |
| 4 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 25 |
| 5 | അംഗനവാടി കെട്ടിടം സുരക്ഷിതമാണെന്ന് എൽ.എസ്. ജി.ഡി.എഞ്ചിനീയർ ഓവർസിയർ സാക്ഷ്യപ്പെടുത്തിയവ | 0 |
| 6 | ശൗചാലയങ്ങൾ ഉള്ളവ | 116 |
| 7 | ചുറ്റുമതിൽ ഉള്ളവ | 95 |
| 8 | വൈദ്യതീകരിച്ചത് | 109 |
| 9 | വാട്ടർ കണക്ഷൻ ഉള്ളത് | 98 |
| 10 | ധാന്യ സംഭരണി ഉള്ളത് | 116 |
| 11 | എൽ.പി.ജി.കണക്ഷൻ ഉള്ളത് | 116 |
| 12 | ബേബി ഫ്രണ്ട് ലി ആയത് | 0 |
| 13 | നിരീക്ഷണ കമ്മറ്റി രൂപീകരിച്ച അംഗനവാടികളുടെ എണ്ണം | 116 |
| 14 | നിരീക്ഷണകമ്മറ്റി യോഗങ്ങളുടെ എണ്ണം | 232 |
| 15 | പോഷകാഹാര വിതരണം സംബന്ധിച്ച് നിരീക്ഷണകമ്മറ്റി പരാതി എന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല |

B) പുഴയ്ക്കൽ അഡീഷണൽ

| ക്രമ നമ്പർ | വിശദാംശങ്ങൾ | |
|---|---|---|
| 1 | ആകെ അംഗനവാടികളുടെ എണ്ണം | 137 |
| 2 | അംഗനവാടി കുട്ടികളുടെ എണ്ണം | 1068 |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 67 |
| 4 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 62 |
| 5 | അംഗനവാടി കെട്ടിടം സുരക്ഷിതമാണെന്ന് എൽ.എസ്. | 0 |

| | | |
|---|---|---|
| | ജി.ഡി.എഞ്ചിനീയർ ഓവർസിയർ സാക്ഷ്യപ്പെടുത്തിയവ | |
| 6 | ശൗചാലയങ്ങൾ ഉള്ളവ | 137 |
| 7 | ചുറ്റുമതിൽ ഉള്ളവ | 90 |
| 8 | വൈദ്യതീകരിച്ചത് | 135 ,2 |
| 9 | വാട്ടർകണക്ഷൻ ഉള്ളത് | 97-പൈപ്പ്<br>25- കിണർ<br>15മറ്റുള്ളവ |
| 10 | ധാന്യ സംഭരണി ഉള്ളത് | 137 |
| 11 | എൽ.പി.ജി.കണക്ഷൻ ഉള്ളത് | 137 |
| 12 | ബേബി ഫ്രണ്ട് ലി ആയത് | - |
| 13 | നിരീക്ഷണ കമ്മറ്റി രൂപീകരിച്ച അംഗനവാടികളുടെ എണ്ണം | 137 |
| 14 | നിരീക്ഷണകമ്മറ്റി യോഗങ്ങളുടെ എണ്ണം | |
| 15 | പോഷകാഹാര വിതരണം സംബന്ധിച്ച് നിരീക്ഷണകമ്മറ്റി പരാതി എന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | |

2) 2019-20 കാലയളവിൽ 87അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ പലപ്പോഴും ഭൗതിക സാഹചര്യങ്ങൾ പരിമിതമാണ്. വർഷംതോറും ഇവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്ന തിലും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. കുടിവെള്ള ലഭ്യത ടോയ്‌ലറ്റ് സൗകര്യം വൈദ്യുതി കണക്ഷൻ ചുറ്റുമതിൽ എന്നീ സൗകര്യങ്ങൾ ഉള്ള വാടക കെട്ടിടത്തിൽ കുറഞ്ഞ വാടകയ്ക്ക് ലഭിക്കുക എന്നത് ദുഷ്കരമാണ്. മുനിസിപ്പാലിറ്റികൾക്ക് വാടകയിനത്തിൽ 3000 രൂപയാണ് പരമാവധി വകുപ്പിൽ നിന്നും സർക്കാർ നൽകുന്നത്. സ്വന്തമായി ഭൂമി ഉണ്ടായിട്ടും കെട്ടിടനിർമ്മാണം പൂർത്തിയാക്കാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉണ്ട്

3) 65-ാം നമ്പർ അംഗൻവാടി വാടകയ്ക്കാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടം പണിതീർന്നിട്ടുണ്ട്.ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധന നടത്തിയപ്പോൾ ആകെ വെള്ളക്കെട്ടായ ഒരു ചതുപ്പ് നിലത്താണ് കെട്ടിടം പണിതിരിക്കുന്നതെന്നും വഴി, ചുറ്റുമതിൽ എന്നിവ ഇല്ലാത്തതായും കാണുകയുണ്ടായി. കൂടാതെ കെട്ടിടത്തിന്റെ പുറകു വശത്ത് ഒരു വലിയ കുളം ഉണ്ട്. ചെറിയ കുട്ടികൾ പഠിക്കുന്നത് കൊണ്ട് കുട്ടികളുടെ ജീവനു അപായമുണ്ടാകാൻ സാധ്യതയുള്ളതിനാൽ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

4) 71-ാം നമ്പർ അങ്കണവാടി ഒല്ലൂക്കര പറവട്ടാനി 14-ാം ഡിവിഷനിലാണ് സ്ഥിതി ചെയ്യുന്നത്. 2000 ജൂൺ 1 മുതൽ പ്രവർത്തനം തുടങ്ങിയ അംഗനവാടിയാണിത്. ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ഓടുമേഞ്ഞ കെട്ടിടം മേൽക്കൂരയിലെ പട്ടികയെല്ലാം ചിതലരിച്ച് ഏപ്പോൾ വേണമെങ്കിലും വീഴാവുന്ന അവസ്ഥയിലാണ്. കൂടാതെ അംഗനവാടിയുടെ മുകളിലൂടെ വൈദ്യുതി ലൈൻ കടന്നുപോകുന്നു. അംഗൻ വാടിയുടെ തൊട്ടു പുറകിലാണ് ട്രാൻസ്ഫോർമർ

നിൽക്കുന്നത്. കൂടാതെ തിരക്കേറിയ റോഡിന്റെ സൈഡിൽ ചുറ്റുമതിലില്ലാതെയാണ് ഈ അംഗനവാടി പ്രവർത്തിക്കുന്നത്. മറ്റുള്ള അംഗനവാടികളെ അപേക്ഷിച്ച് കൂടുതൽ കുട്ടികൾ പഠിക്കുന്ന ഈ അംഗനവാടിയിൽ പുതിയ കെട്ടിടവും അടിസ്ഥാനസൗകര്യവും ഒരുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) ആകെ 253 അംഗനവാടികൾ ഉള്ളതിൽ 185 അംഗനവാടികൾക്കാണ് ചുറ്റുമതിലുള്ളത്. തീരെ ചെറിയ കുട്ടികൾ പഠിക്കുന്ന അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ലാത്തത് ഒട്ടും സുരക്ഷിതമല്ല.

കൃഷ്ണാപുരത്ത് 62നമ്പർ അംഗനവാടിയ്ക്ക് ചുറ്റുമതിലില്ലാതെ പ്രവർത്തിക്കുന്നു. ഈ അംഗനവാടി ഒല്ലൂക്കര തിരുവാണിക്കാവ് റോഡ് സൈഡിലും റോഡ് ഒരു കർവ് പോലെയുമാണ്. പെട്ടെന്ന് കുട്ടികൾ റോഡിൽ ഇറങ്ങിയാൽ വാഹനം വരുന്നത് കാണാൻ സാധിക്കുകയില്ലാത്തതിനാൽ അപകടമുണ്ടാകാൻ സാധ്യതയുണ്ട്.

6) ആകെ അംഗനവാടികളിൽ 9 അംഗനവാടികൾ കൂടി വൈദ്യുതീകരിക്കേണ്ടതുണ്ട്.

ആകെ 253 അംഗൻവാടികൾ ഉള്ളതിൽ 195അംഗനവാടികളിലാണ് വാട്ടർകണക്ഷൻ ഉള്ളത്.

7) അങ്കണവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണ കേന്ദ്രങ്ങളായ മാവേലി സ്റ്റോർ ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമേ നീതി/സഹകരണ സ്റ്റോറുകളിൽ നിന്നോ തീര മൈത്രി സൂപ്പർമാർക്കറ്റിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവ വാങ്ങാൻ പാടുള്ളൂ എന്ന് 04.05.2011ൽ 54814/ഡി.സി.2/2010/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിലെ പരിശോധനയിൽ മേൽ സർക്കുലർ പാലിക്കുന്നുണ്ട്. ഇവയുടെ സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുമുണ്ട്.

8) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 8.5.2017ലെ ഐ.സി.ഡി.എസ് ബി ICDS/B3-4187/17നമ്പർ കത്തിലെ നിർദ്ദേശപ്രകാരം ഭക്ഷ്യമിശ്രിതം പരിശോധനയ്ക്ക് അയക്കാറുണ്ട്. 2019-20 സാമ്പത്തിക വർഷം പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

9) 22.03.2011ലെ സർക്കുലർ 31055/ഡി.സി.2/2011 പ്രകാരവും എല്ലാ വർഷവും മേയ് 10നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും പരിശോധിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തികവർഷം അംഗനവാടികൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല.

10) അംഗൻവാടി വെൽഫെയർ കമ്മറ്റികൾ യോഗം ചേരുകയും കമ്മറ്റിയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്.ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം അവയുടെ കാര്യക്ഷമമായ വിനിയോഗം എന്നിവ ഉറപ്പ് വരുത്തുന്നതിൽ കമ്മറ്റികൾ ശ്രദ്ധ ചെലുത്തുന്നുണ്ട്.

നിഗമനങ്ങൾ

1) നഗരസഭയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്ക് അങ്കണവാടികൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്.

2) നഗരസഭയിലെ എല്ലാ അങ്കണവാടികളിലും മാനസിക ഉല്ലാസത്തിനും ശാരീരിക ഉല്ലാസത്തിനു മുള്ള കളിപ്പാട്ടങ്ങൾ,

വിശ്രമസൗകര്യം ,ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് എന്നിവ ലഭ്യമല്ല.

3)നഗരസഭ പരിധിയിലെ 6 വയസ്സ വരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുവാൻ അങ്കണവാടി മുഖേനയുള്ള പോഷകാഹാര വിതരണത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസനം പൂർണ്ണരീതിയിൽ നടപ്പാക്കാൻ സാധിക്കാത്തതുമൂലം അങ്കണവാടി പ്രവർത്തനങ്ങളിൽ പ്രതീക്ഷിക്കുന്നത്ര ലക്ഷ്യം കൈവരിച്ചോയെന്ന കാര്യത്തിൽ സംശയമുണ്ട്.

4) റവന്യൂ ഭൂമിയുൾപ്പെടെയുള്ള സ്ഥലസൗകര്യങ്ങൾ കണ്ടെത്തി സ്വന്തം കെട്ടിടങ്ങളിൽ അംഗനവാടികൾ പ്രവർത്തിപ്പിക്കുന്നതിനും, എല്ലാ അംഗനവാടികളുടെയും അടിസ്ഥാന സൗകര്യ വികസനം ഉറപ്പ് വരുത്തുന്നതിനും അംഗനവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനം ബദ്ധ ശ്രദ്ധ ചെലുത്തേണ്ടതാണ്.

5) അംഗൻ വാടികൾ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയിലാണെങ്കിലും ലഭിച്ച കേന്ദ്രസഹായം പൂർണ്ണമായും അടിസ്ഥാന സൗകര്യ വികസനത്തിനായി വിനിയോഗിക്കുന്നതിൽ വിജയിച്ചിട്ടില്ല.

6) സ്വകാര്യ മേഖലയിൽ പ്രധാനമായും നഗരപ്രദേശങ്ങളിൽ ഉയർന്നു വരുന്ന നഴ്സറി സ്ഥാപനങ്ങളുടെ സാന്നിദ്ധ്യവും അംഗനവാടികളിലെ അടിസ്ഥാനസൗകര്യത്തിന്റെ കുറവും കുട്ടികളെ അംഗനവാടികളിൽ അയക്കുന്നതിൽ നിന്നും രക്ഷിതാക്കളെ പിന്തിരിപ്പിക്കുന്നു.

നിർദ്ദേശങ്ങൾ / ശുപാർശകൾ

1) 10.12.2010ലെ ജി.ഒ.(എം.എസ്.) 300/2010/തസ്വഭവ പ്രകാരം വികസന ഫണ്ട്, റോഡിതര സംരക്ഷണ ഗ്രാന്റ് എന്നിവ അങ്കണവാടികളിലെ കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് സൗകര്യം, മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാൻ വിനിയോഗിക്കാവുന്നതാണ്.

2) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ 39033/ഡി.സി.2/2010 പ്രകാരം കേന്ദ്രസഹായം ലഭിച്ചിട്ടുള്ളതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുക സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിനും ഉപയോഗിക്കാം എന്ന നിർദ്ദേശമുണ്ട്. കൂടാതെ റവന്യൂ വകുപ്പിന്റെ 16.01.2004ലെ സർക്കുലർ നമ്പർ 62671/യു.3/02 റവന്യൂപ്രകാരം മറ്റ് ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടില്ലാത്തതും സർക്കാരിന്റെ ഭാവി വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്തതു മായ റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അത് അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി കൈമാറുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഭൂമി കണ്ടെത്തുന്നതിനും കെട്ടിട നിർമ്മാണത്തിനും നഗരസഭ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3) 11-ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടി നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറഞ്ഞത് 5 സെന്റ് ഭൂമി എങ്കിലും ലഭ്യമാക്കണം എന്നും നിർദ്ദേശം നടപ്പിലാക്കേണ്ടതും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് തൊട്ടടുത്ത സർക്കാർ സ്കൂളിൽ കെട്ടിടം/ക്ലാസ്സ് റൂം ഒഴിവുണ്ടെങ്കിൽ അങ്കണവാടി അവിടേക്ക് മാറ്റാം എന്ന് സർക്കാർ ഉത്തരവിൻ പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കാവുന്നതുമാണ്.

(സ.ഉ.നം. 3737/07/പൊ. വി./10.08.2007).

